The inauguration of P S C examination coaching classes was held on 2-10-2012. Rev. Fr. John Paliakkara, College Manager was the chief guest. Classes were held on 2-10-2012, 6-10-2012, 13-10-2012. Dr. Nishant P S Supdt, Custom Division, Ernakulam and Management Trainee and Shri K J Ambadi, Guest Faculty (Constitution) in civil service academyy, Trivandrum were the resource person. A class on "Global fixing and Attitude" was organized jointly with Junior Chamber International (JCI) Irinjalakuda Chapter on 17-9-2012 for the benefit of first year science degee students. Shri. Kabir, JCI trainer was the resource person.

Wipro technologies conducted a campus recruitment drive in our college on 17-18 for the under graduate students of various colleges of Thrissur district. The selection process was to the three placement guaranteed programmes (WASE, WISTA, WISTA with Mathematics) offered by them. Prajwel P J Tessy Paul, John Baby, Thancy Shamsudheen, Vysakh M, Edwin Jose (All Physics), Anjaly K (Maths) and Vishnu K Menon (Chemistry).

South Indian Bank Ltd conducted campus recruitment event to the clerical cadre for the final year graduate and postgraduate students on 13-12-'12 in our College and ten students got selection. Anoop K G, Rani George Akkara, Mary Midhu Davis, Nair Sarika Narayanan (All M Com) Charles Martin, Delphy T D, Karthika Jayaram, Febin Jose, Rinoy Joy, Andrin Anto (All B Com) The goan Institute of Communicative English organized a placement drive for the post of communicative English Faculty on 11-1.2013 and the following students were selected. Abhijith V, Anjali S, AMritha Thomas, Aparna KK, Chinchu GEorge, Sanya Tony, Reshma S (All Fun. Eng), Vysakh M, George Victor Emmanual, Thancy Shamsudheen, Goutham Varma, Tessy Paul (All Physics) Ayarin C M, Jebin K Davis (both Com.O and Meera David (Zoo)

XVI. *Extension activities of faculty members*

Prof. K J Thomas Department of Physical Education was elected as the secretary of District Athletics Association under the sports council of Kerala Government.

Dr. Joshi C O has been selected as member to the District level technical support group to support the Biodiversity Management Committee in the Grama Panchayath level by the Kerala State Bio diversity Board.

Prof. E J Vincent, Department of Botany was elected as the membr of the social welfare committee of 12th five year plan formed by the Irinjalakuda Muncipality.

Dr. K J Varghese was nominated as the member of syllabus framing committee of M.A.English with specialization if CALT at Sree Sankaracharya University of Sanskrit, Kalady held on 29, June 2012. He also acted as a resource person for a one day workshop on 'English Proficiency through Language Lab' for the faculty and students of MBA of MSN College of Management at Kollam on 6-10-2003.

Dr. S. Sreekumar acted as a resource person in the orientation programme for Assistant Professors organized by the Academic Staff College, University of calicut on 3-8-2012. He also delivered the Keynote address on "degrading Environment of Kerala" in the seminar on "Environment Today" organized by Al-Ameen College, ALuva on 17th July 2012. He was also a resource person on 5th October in the refresher course for College teachers organized by the Academic Staff College, University of Calicut. He was also a resource person in the refresher course for College teachers organized by the Academic Staff College, Kerala University, on 10th October 2012, and in the refresher course organised by the Department of Environmental Sciences, Central University Kasargod, on 24th Nov. 2012.

Dr. Davis Antony Mundassery delivered an invited lecture on "Computational Tools of MATHCAD" in connection with the inauguration of the Mathematics Association of SNM College Maliankara.

Dr. Balu T Kuzhivelil Inaugurated Biovision 2012 - a National Level Paper Presentation Competition organized by Mercy College, Pallakkad on 19-September. 2012. He presented a paper entitled "Environmental Biomarkers". He acted also as judge during the paper presentation competition session.

Dr. V D John, department of Chemistry attended the doctoral Committee meeting of the research Centre in CHemistry, organized by the department of CHemistry, St. Thomas College, Thrissur.

Shri Sony John, Acted as resource person in Sport Psychology for the refresher course organised by Kerala State Sports Council, Thiruvananthapuram, for the coaches of different sports during April/May 2012. He also acted as resource person in sport Psychology for the oeientation program organized by Kerala Cricket Association for the coaches of association's academies on 3-6-2012. He delivered a talk on Psychology of adolescence in Sports. He also participated in the national coerence organized by school of physical education and sport sciences of Knnur University on 22 and 23 of June, 2012 on Sport Psychology as an invited lead slpeaker on the topic 'imagery in sport'.

Ms Ramya P P (III BPE, No 474) acted in the capacity of Electoral Roll Ambassador for the enrollment of students during the SPecial Summary Revision - 2013 of the ELectoral Roll conducted by Election Commission of India on 25th Januaray 2013.

XVII. *Extra curricular Activities*

The Inauguration of Adventure Club was held on 8th August 2012. Mr. M M Raveendran, Kerala Sahisikan inaugurated the adventure Club. Mr. Xaviour Elthuruthu, wild life specialist, was a special guest in the inaugural function. He presented a snake show after the iaugural programme. Debate Club organized the final rounds of Shri. K.L.FRANCIS Memorial Debate Competition. On 15-10-2012. The Drawing and Painting Club organized pencil drawing competition and water colour competition. The Inauguration of Film Club was done by Shri Sunny wayne, Film Actor (Second Show and Thattahin Marayath fame) on 16th October 2012. Shri Sunil Abraham, Director of the feature film "Chapters" released five short films "College Canteen" produced by students of our College. In Connection with the campus "Filmotsav" two films were sreened 1. Life of Pi and 2. Kuttichodyam. Women's cell organised a talk on "Women Empowerment in Kerala" on 17-9-2012. Smt. Rosakutty, Chairperson, Kerala state women's commission was the resource person. The women's cell organized an intercollegiate quiz competition on 12-10-12. Women's development cell organized a Presentaions contest on 11.1.2013. In view of the Delhi incident, the women's development cell organized a meeting to express the protest against increasing atrocities against women on 1-1-2013. Dr. Sreevidya V , Department of History delivered a talk on "Women and Society". A Pledge was taken against human rights violation and harassment against women by the students and teachers in that occasion. International women's day Celebrated on 8-3-2013. Adv. Alphonsa Antony delivered a talk on "Domestic Violence Act". Drawing and Painting Club organized Painting, Drawing and Handicraft exhibition jointly with women's development cell. In connection with the celebrations of international women's day. The handicrafts and tailoring classes offered for the girl students by the Women's cell started on 16th August 2012. Dr. Sreevidya V, Departent of History conducted Workshops on Doll, Bag, and Greeting card making.

XVIII. PTA *programmes*

The meeting of Patent Teacher Association was held on 16-1-2013. Rev. Fr. Raju Akkara delivered a talk on "Good Parenting" in the inaugural session. The class teacher, taught and parent interface for all classes was held in the afternoon session. The new office bearers were elected in the meeting. President - Rev. Dr. Jose Thekkan CMI, VIce PResident - Shri Shibu C J, Exe. committee; Mr. Sunny P T, Mr. Aravindakshan K R, Mrs. Valsa Varghese, Mrs. Betty John, Mrs. Shaly Rajan

XIX. *Alumni Meet*

Alumni Meeting of our College was held on 9th March 2013. Dr. B Narayanan, Registraar of Mangalore University and winner of best research award was honoured in the meeting./

XX. *Infra structural developments*

The 2nd Floor in Chemistry and Geology Block both sides construction complted and occupied. New three stories building (Back side of Zoology dept) in progress. Installed IQAC News Board to display various programmes conducting in the College adjacent to Principal's office. Installed mounted LCD projector in Language Lab. Smart Class romm facility with LED TV in Physics, Zoology, Geology and Chemistry. Installed Solar panels. Inaugurated full fledged water analysis lab and made available for the use of pub lic. WIFI facility in Zoology, Commerce, Physics, Economics, Botany and Geology Departments. Installed new power generator with UGC fund. Construction of UGC funded day care centre completed and ready to occupy. Library Proceured 415 Books during 2012-13. Total numbers of books in the library now is 68004. 129 periodicals and more than 500 CDs are also available. Renewed annual membership on INFLIBNET and DEL NET Repainting of book racks was done during 2012-13.

Conclusion

Let me wind up this report with a note of gratitude. I than ALmightly God for the great things. He has done for ou college and to me. Then it is you, my dear staff member and it is you, my dear students whom I thank sicerely Whatever we have achieved, is through the combined an collective efforts of staff and students. Let us stand unite for a better future of our college. I had support from th management, the college council, the staff advisor, Dr. V D John, the Discipline COmmittee Chairman, Dr. C J Unn the Admission committee convener Shri. E J Vincent th examination chiefs, Dr. V D John, Shri V P Anto Shri George Colengadan and Dr. Davis Antony Mundassery, the return ing offier Dr. K. Chandran, the office supdt. Shri V D Varghese and every member of the staff. I thank the coor dinator, Internal Quality Assurance Cell (IQAC) for prepar ing this Annual Report (2012-13). Let there be constructive criticism, affectionate correction and cooperative encour agement. We should make sincere introspection to find ou where we are strong and where we are wrong. wrongs should rectified, strengths should entail better results in respective fields. THen we will march a head, with pride in what we are, to achieve what we have not and to elevate our colleve to the level of a University where academic pur suit will be the sole agenda.

With a heart, full of thanks to God almighty, whose only son Christ Jesus is the patron of this college, I submit this report before you.

Thank you,

Fr. Dr Jose Thekkan CMI
Principal
Christ College
Irinjalakuda

IQAC Report 2012-13

The National Assessment and Accreditation Council (NAAC) is an autonomous body established by the University Grants Commission (UGC) of India to assess and accredit institutions of higher education in the country. It aims at sustaining and promoting a quality culture in higher educational institutions. As a post-accreditation quality sustenance measure, NAAC proposes to establish Internal Quality Assurance Cell (IQAC) in every accredited colleges. The basic purpose of establishment of IQAC is to develop a system for conscious, consistent and catalyetic action to improve the academic and administrative performance of the institution and to assure all the stake holders about the quality and capacity building programmes which are provided in the institution. Our College had constituted IQAC on 20th November 2003. It has a clear vision and mission and has been evaluating, refining and auditing the quality assurance mechanism of the college since its inception.

Meetings of the IQAC members were held twice during last year apart from the periodical meetings with principal to check the quality parameters of the college and the effective functioning of the cell in order to fulfill its objectives and functions. IQAC prepared and circulated detailed general academic calendar to departments giving all academic activities included in a semester. It included the specific dates for all important meetings, conduct of examinations, submission of mark lists, assignments and seminars to be completed before the mid semester examinations, conduct of co curricular and extracurricular activities by all departments. Parent's meetings, tutorial classes etc. Teachers were requested to prepare individual academic calendar according to the syllabus in par with this general academic calendar.

As a part of the easy documentation process of various activities being organized in the College, IQAC published the news letter entitled "News from IQAC DESK" in every month. Nine issuesof the news letter were published during last year. Moreover news board was installed in the key position of the college to display all the achievements of students and teachers, programmes organized by the departments other information to be communicated to the students with relevant photographs.

The Annual Quality Assurance Report (2012-13) prepared in detail and submitted to NAAC online timely. The Data Capture Format (DCE II) to be prepared in connection with the All India Survey on Higher Education was prepared by IQAC and submitted to the University. The questionnaire regarding the was filled up by IQAC and submitted. (The proposal for starting new career oriented add on courses with financial support of UGC). The Internal Quality Assurance Cell and Patent Information Centre - Kerala KSCSTE jointly organized a one day workshop on "Intellectual Property Rights" on 5th December 2012. Dr. Suresh Nair, Chief Technology Officer, SFO Technologies (NeSt Group Company) inaugurated the seminar. Shri. V.P.Balagangadharan, Advisor (former Prof. Brahmaprakash Scientist), Shri. Aravind K.J.. Project Officer, IPFC for MSME, KSCSTE and Adv. Febin James, Trademark Attorney Legalities IP Services, Thrissur were the resource persons. The workshop was attended by approximately 100 participants consisting of industrialists, educationlists, teacers, researchers and post graduate students of Thrissur and neighboring districts.

A proposal to conduct a two day state level seminar on "Community Colleges: Scope, Challenges and Prospects in Indian Scenario" was submitted to UGC for financial support. The internal quality assurance cell assisted a committee to prepare the proposal for the financial support offered by FIST and supplied relevant documents to submit. A proposal for the establishment of Instrumentation Maintenance Facility Centre (IMF) for the year 2012--13 under the respective scheme for XII Plan was prepared and submitted to UGC on 22-2-2013,. The proforma sent to the colleges for suggestion for Reforms improvement in the affiliating system was filled up and submitted. The proposal to start new career oriented Add on courses by various departments was prepared and submitted to UGC. The proforma for enrolment of institutions in the Additional acquisition Programme during 2013-14 was prepared by IQAC and submitted to the Govt. of Kerala. The programme is aimed at equipping selected college students with skills in communication, IT and selected areas of industry and service sectors.

The internet connectivity with LAN facility was installed in all departments. Using the LAN facility among the departments, IQAC decided to prepare the progress report of all undergraduate students and send to the parents at the end of all semesters. The proposal to display the activities of the college in LEDTV at a key place is in progress.

I express sincere gratitude to the Manager, the Principal, IQAC members, staff and students for their support and valuable suggestions.

Dr Davis Antony Mundassery
IQAC Coordinator

BEST WISHES


DAPPER DUDE
GENTZ WORK SHOP
KAIPAMANGALAM,KALAMURI
PH:8089 174774
let go
SMOKE
VODKA

'വെറുതെ വിടുമ്പോഴാണ് ഭൂതകാലത്തിനുഭംഗി'
-ആമി

പുഴകളുടെ സംരക്ഷണത്തിന്

കെട്ടിടങ്ങളുടെ കരുത്തിന്

തോംസൺ

ഗ്രാനൈറ്റ്സ് (പ്രൈ.) ലിമിറ്റഡ്

ദൃഢമേറിയ പാറകളിൽ നിന്നും അത്യാധുനിക നിർമ്മാണ പ്രക്രിയകളിലൂടെ (സ്ക്രൂ ക്ലാസിഫയർ) ഉൽപാദിപ്പിക്കുന്ന നിർമ്മിത മണൽ, കോൺക്രീറ്റ് പണികൾക്കും, കെട്ടിടം തേപ്പിനും അനുയോജ്യമാണ്. കഴുകുകയോ അരിക്കുകയോ വേണ്ടാത്ത നിർമ്മിത മണൽ ഒട്ടും പാഴാക്കാതെ 100 ശതമാനവും സിമന്റിനോടൊപ്പം നേരിട്ട് ചേർക്കാം.

Manufactured by

തോംസൺ ഗ്രാനൈറ്റ്
പ്രൈവറ്റ് ലിമിറ്റഡ്
മുല്ലക്കര, മണ്ണുത്തി പി. ഒ.

സാങ്കേതിക സഹായം
V.L.B.Janakiammal College
Engineering & Technology
Kovaipudar, Coimbatore



കെട്ടിടനിർമ്മാണത്തിനാവശ്യമായ മെറ്റൽ, ബേബി മെറ്റൽ, നിർമ്മിത മണൽ എന്നിവ കൃത്യമായ അളവിൽ ഡോർ ഡെലിവറി നൽകുന്നതാണ്

പുഴകളുടെ പരിരക്ഷയ്ക്കും, കെട്ടിടങ്ങളുടെ കരുത്തിനും തോംസൺ നിർമ്മിത മണൽ ഉപയോഗിക്കുക.

താരതമ്യം

പ്രത്യേകതകൾ	ആറ്റുമണൽ	പാറപ്പൊടി	നിർമ്മിത മണൽ
ഉറവിടം	പുഴകളുടെ അടിത്തട്ടിൽ നിന്ന്	കരിങ്കൽ ക്വാറികളിലെ ഗുണനിലവാരമില്ലാത്ത ഉപോൽപ്പന്നം	ആറ്റുമണലിന് പകരം ഉപയോഗിക്കുവാൻ ദൃഢമേറിയ കരിങ്കല്ലിൽ നിന്നും നിൽമിക്കുന്നത്
ഗുണനിലവാരം	ദൗർലഭ്യം മൂലം നാൾക്കുനാൾ മോശമായി വരുന്നു.	കൃത്യമായ ഗുണനിലവാരം ഇല്ല	V.L.B. Janakiammal College of Engineering & Technology, Coimbatore ന്റെ ഗുണമേന്മ നിഷ്കർഷയോടെ ഉൽപാദിപ്പിക്കുന്നത്
ശുദ്ധി	ചേറും, ജൈവാവശിഷ്ടങ്ങളും ചേർന്നത്	കഴുകി, അരിച്ച് ഉപയോഗിക്കണം	കഴുകി, അരിച്ച് 100 ശതമാനം ഉപയോഗിക്കാവുന്ന വിധം ലഭിക്കുന്നു.
ശക്തി	ശരാശരി	ശരാശരിയിലും കുറവ്	ശരാശരിക്കുമുകളിൽ

കൂടുതൽ വിവരങ്ങൾക്ക് Ph: 9447871300, 9495916301, 0487 6541297, 0487 3299151

തോംസൺ ടയേഴ്സ്, ആമ്പല്ലൂർ
MRF Exclusive T & S Showroom
& Computerised wheel alignment & Balancing
(German Technology)
Phone : 0480 - 2658043

തോംസൺ ഓട്ടോ മൊബൈൽസ്
ചാലക്കുടി & കൊമ്പിടിഞ്ഞാമാക്കൽ
എല്ലാവിധ വാഹനങ്ങളുടെയും
ഒറിജിനൽ പാർട്സ് ലഭിക്കുന്നതാണ്.
0480 - 2789718, 0480 - 3246490


സോഫിനുപേര് ചന്ദ്രിക
ചന്ദനത്തിരിക്ക് പേര് സന്ധ്യ
അലിഞ്ഞുതീരുന്നതിനും
എരിഞ്ഞൊടുങ്ങുന്നതിനും
പെൺപേരുതന്നെ ശരണം
ശ്രീജിത്ത് അരിയല്ലൂർ


www.itcbank.co
Together we create
a better future
Better Banking Better Life
Accounts & Deposits
Business Loan
Gold Loan
Home Loan
ITCBank
IRINJALAKUDA TOWN CO-OPERATIVE BANK
IRINJALAKUDA TOWN CO-OPERATIVE BANK. RBI Licensed Urban Bank
M.P. Jackson - Chairman, T.K. Dileep Kumar - General Manager



തിരഞ്ഞെറിയ നാൽക്കവലയെ
അനുസ്മരിപ്പിക്കും വിധം ആകർഷണീയത നിറഞ്ഞ
അനേകം വിൽപ്പനച്ചരക്കുകൾ
വ്യവഹരിക്കപ്പെടുന്ന പോർട്ടിക്കോ.
ഇവിടെ വിൽക്കപ്പെടുന്ന
ഓരോ സാധന സാമഗ്രികൾക്കും
അടിസ്ഥാന ഫലകമായി വന്നത് 'ചിന്ത'യെന്ന
മൂല്യാധിത വസ്തു.
അവയ്ക്കകമ്പടിയായ് തത്ത്വചിന്തകളും
മേമ്പൊടിയായ് പ്രത്യയശാസ്ത്രങ്ങളും
നിലയ്ക്കാത്ത ശബ്ദഘോഷത്തിലും
ഈ നിശ്ചിത മേഖലയെ
ഒരു പോസ്റ്റുമോർട്ടത്തിനു വിധേയമാക്കുകയാണെങ്കിൽ
പ്രഥമ ദർശനത്തിൽ തെളിയുന്നത്
പ്രണയ-വിരഹ- സൗന്ദര്യാസ്വാദക മനസ്സുകളുടെ
പ്രേതങ്ങളെയാണ്.
കൈവിരലുകളിലെ തിരുമുറിവ്
മറച്ചുവെക്കപ്പെടാതെ ഇന്നും
ആ ബിംബം ദൈന്യതയോടെ വീക്ഷിക്കുന്നു.

പ്രണയം

പഴയൊരീ ചുടലപറമ്പിൽ
ഇരുട്ടിന്റെ ലാളനയിൽ
നിലാകുളിരേറ്റ് വിഷം കുടിച്ചിരിക്കുമ്പോൾ
ചിരിക്കുന്നു കൂട്ടത്തിലാരൊക്കയോ
വിതുമ്പുന്നയെന്നെ നോക്കി
വിണ്ണിലമ്പിളി കുമ്പിളിൽ കണ്ണീർ
ചൊരിഞ്ഞങ്ങു നിൽക്കവേ,
ധമനിയിൽ നിറയുന്ന വിഷത്തിന്റെ
ലഹരിയിലും ഓർക്കുന്നു നിന്നെ
അന്നൊരു നാളിൽ നിന്റെ കണ്ണിൻ
ചുവപ്പിലൂടെ അറിഞ്ഞു ഞാൻ
നിന്റെ സിരയിൽ തുടിച്ചൊരാ
ലഹരി തൻ വിഭ്രാന്തി
ഓർക്കുന്നു ഞാനിന്നും പണ്ട്
നമ്മളൊന്നിച്ചു പാടിയപാട്ടുകൾ
പഴയൊരാ സന്ധ്യയിൽ നീ
തന്ന മുറിബീഡി വലിച്ചെന്റെ
ചങ്കിന്റെ ചുഴികളിൽ
കറപിടിക്കുമ്പോഴും
ഞാനെടുത്ത ഓരോ പുകയ്ക്കുള്ളിലും
ഒളിപ്പിച്ചു വച്ചുനീ എന്റെ
ചങ്കിലെ ചുടുചോര തോൽ-
ക്കുന്ന സ്നേഹം.
നീയില്ലാത്തൊരോ ദിനങ്ങളും
ആത്മാവിൽ വ്യണങ്ങളായിരുന്നു
ചോര മണക്കുന്ന വ്യണങ്ങളിൽ
പറന്നടുത്തൂ കൂനിച്ചകൾ ഓർമ്മകളായ്
നീറിനീറി നാറുന്ന വ്യണങ്ങളിൽ
ചിരിയുടെ നഖങ്ങളാഴ്ത്തുന്നു ആരോ
സമാഗതമീ സുദിനം ആനന്ദമെങ്കിലും
ഈ വേദന എന്റെ മാത്രം
എന്റെ പ്രിയ സഖാവെ
സൗഹൃദത്തിന്റെ കനലിൽ
ചവുട്ടി നാം തേടി നടന്നത്
പാപമോ നാശമോ?

പറയാൻ മറന്നെന്റെ പ്രണയമേ
നിനക്കായ് കുറിക്കാം അവസാനമായ്
പ്രണയാർദ്രമാം പദങ്ങൾ
കഴിയുവതല്ലിനി പറയുവാനെനിക്കീ പ്രണയ
അറിയു നീ ഞാൻ കുറിക്കുമീ വരികളിലൂ
ഞാൻ പ്രണയിച്ചു നിന്നെയും
നിന്നിലെ എന്നെയും
ഏതോ, ഒരു സമരചൂടിൽ
വെന്തുരുകി ഞാൻ നിൽക്കുമ്പോൾ
പെയ്തു നിന്റെ നോട്ടങ്ങൾ
എന്നിലൊരു മഴത്തുള്ളിയായ്
ഞാൻ പ്രണയിച്ചു നിന്റെ
നെറ്റിത്തടത്തിലെ ചന്ദനക്കുറിയേയും
നിന്റെ മുടിയിഴത്തളിരുകളേയും
താമരമിഴികളേയും പൂനിലാവ്
തോൽക്കുമാ ചിരിയേയും
ഹൃദയത്തിലാകെ നീ വിരഹ-
ത്തിൻ ചന്ദനം തൂകി
നഷ്ടസ്വപ്നങ്ങളുടെ ഭാരവുമായ്
ഈ വിരഹ പ്രണയത്തൂവലുമായ്
ഞാൻ യാത്രയാകുന്നു
ഇനി നമുക്കാവുമോ ഈ
ഇടനാഴികളിലായ് നിശബ്ദം
നമ്മുടെ പ്രണയം പങ്കുവെയ്ക്കുവാൻ
ഭാവിയുടെ തീരത്തിരുന്നി നീ
ഭൂതത്തെ ചികയുന്നനേരത്ത്
നിന്റെ കളിയോടത്തെ
ഓർമ്മതൻ ഓളങ്ങൾ തള്ളി നീക്കുമ്പോൾ
ആ ഓളപ്പരപ്പിൻ ആഴങ്ങളിൽ
എന്റെ നോവുന്ന പ്രണയത്തിൻ
ആത്മാവ് നീ കാണും.

അനുമോദ് സി.എസ്.
3-ാം വർഷ ബി.എ. ഇക്കണോമിക്സ്



കളളവും ചിരിയും

പേഴ്സിലെ അവസാന അഞ്ചുരൂപയ്ക്കും ചൂടുചായ വാങ്ങി കപ്പ് ചുണ്ടോടപ്പിക്കുമ്പോൾ അയാളുടെ നാക്കൊന്നു പൊളളി. വലിയൊരു ദുരന്തത്തിനു മുൻപുളള തീപ്പൊരിയാകാം അതെന്ന് അയാൾ നിനച്ചു. ചായക്കടയിൽ വച്ചിരിക്കുന്ന ടി.വി.യിൽ സ്വർണ്ണക്കടയുടെ പരസ്യം ശ്രദ്ധിക്കുന്നതിനിടയിൽ പിന്നിൽ നിന്നും മോഹനാ എന്ന വിളി. അയാളുടെ കാതുകളിൽ മുഴങ്ങി . മുഷിഞ്ഞ മുഖവുമായ് തിരിഞ്ഞു നോക്കിയപ്പോൾ അയാളൊന്നു ഞെട്ടി. അഞ്ചാംതരം വരെ സഹപാഠിയായിരുന്ന തിലകനായിരുന്നു ആ വിളിയുടെ ഉടമ സാമാന്യം മെലിഞ്ഞ് മിതമായ വസ്ത്രധാരണമുളള അയാൾ മോഹനന്റെ അടുത്തു വന്നിരുന്നു. എന്തൊക്കെയുണ്ട് സുഹൃത്തേ വിശേഷങ്ങൾ എന്നു ചോദിച്ച് ചിരിക്കുന്നതിനിടയിൽ അയാളുടെ ചുണ്ടിലെ മുറിവ് മോഹനൻ ശ്രദ്ധിച്ചു. സുഖമായിരിക്കുന്നു മോഹനൻ മറുപടി പറഞ്ഞു. എന്നാലും ചുമ്മാ വിടാൻ മനസ്സില്ലെന്ന ഭാവത്തോടെ എന്താണ് മുഖത്തൊരു വിഷാദം എന്ന് തിലകന്റെ മറുചോദ്യം. ഗതികെട്ടപ്പോൾ തനിക്കുണ്ടായ രണ്ട് ലക്ഷം രൂപയുടെ കടക്കെണിയും മോഹനന് വിവരിക്കേണ്ടതായി വന്നു. വേറെ വഴിയൊന്നുമില്ലേ എന്ന തിലകന്റെ ചോദ്യത്തിന് ഇല്ല എന്ന് മോഹനൻ പറഞ്ഞതും പോയി ബാങ്ക് കുത്തിത്തുറക്കെടാ എന്ന ആക്രോശത്തോടെ ചിരിച്ചെഴുന്നേറ്റുകൊണ്ട് അയാൾ മോഹനനോട് യാത്ര പറഞ്ഞുപോയി. പണം ആദ്യം കൊടുത്ത് ചായ വാങ്ങിയതിനാൽ പണമുണ്ടാകില്ലെന്നറിയാമെങ്കിലും അയാൾ വെറുതെയൊന്നു പോക്കറ്റ് തപ്പി. അതാ പോക്കറ്റ് ശൂന്യം, പേഴ്സില്ല, തന്നെയാരോ പോക്കറ്റടിച്ചിരിക്കുന്നു എന്ന സത്യം വൈകിയാണെങ്കിലും അയാൾ മനസ്സിലാക്കി ഇതിനുത്തരവാദിയെ മനസ്സിലാക്കാൻ അധികനേരമൊന്നും വേണ്ടിവന്നില്ലയാൾക്ക്. മാന്യനായ ആ പെരുങ്കളളൻ തന്റെ സതീർത്ഥനാണെന്നു അയാൾ തിരിച്ചറിഞ്ഞു. എന്നാൽ ചെറിയൊരു ദു:ഖവും ചെറിയൊരു സന്തോഷവും അയാൾ ആ നേരമനുഭവിച്ചു. ആദ്യം ദുഃഖമെന്തെന്നാൽ ഇത്രയും പാപ്പരായ തന്നെയാണല്ലോ അവൻ ലക്ഷ്യം വെച്ചത് എന്നോർത്തും, സന്തോഷം അവനു നേട്ടമുണ്ടായില്ലല്ലോ എന്നോർത്തുമാണ്. പിന്നെ അവന്റെ ചുണ്ടിലെ തിരുമുറിവിന്റെ മൂലകാരണം ഏതെങ്കിലും പിടിക്കപ്പെട്ട സന്ദർഭത്തിൽ നാട്ടുകാരുടെ പാരിതോഷികമാകാം എന്നയാൾ ചിന്തിച്ചു.

മോഷണം തന്നെ അടിയന്തിര പരിഹാരം എന്ന തിരിച്ചറിവോടെ മോഹനൻ ചെന്നത് ഒരു പഞ്ചനക്ഷത്രബാറിലേക്കാണ്. അവിടെ ചെന്നതും മോഹനൻ തന്റെ കണ്ണുപായിച്ചത് ജുബ്ബയും മുണ്ടും ധരിച്ച് പ്രമാണിയായ ഒരു മധ്യവയസ്കനിലാണ് അപ്പോൾ അയാളുടെ കൈയിൽ ഒരു ചെറിയ ഹാൻഡ് ബാഗുണ്ടായിരുന്നു. എന്തിനും തയ്യാറായിരിക്കുന്ന മോഹനൻ ആ ബാഗ് വളരെ സൂക്ഷമതയോടെ കൈക്കലാക്കി തെല്ലും കുറ്റബോധമില്ലാതെ മന:സാക്ഷിയെ മാറ്റിനിർത്തിയതുകൊണ്ടാകാം അയാൾ എല്ലാം അടക്കിപ്പിടിച്ചു ഒന്നു പഞ്ചിരിച്ചത്. പുറത്തിറങ്ങി തുടങ്ങിയ സ്ഥലത്തെ ഒരു വഴിയിൽ വച്ച് അയാളാബാഗ് തുറന്നു. ബാഗിൽ ഒരു കവറുണ്ടായിരുന്നു. കവറിനു പുറത്ത് മൂന്നുലക്ഷം എന്ന് അക്കത്തിൽ എഴുതിയത് മോഹനന്റെ ശ്രദ്ധയിൽപെട്ടു. കവറുപൊട്ടിച്ചപ്പോൾ മൂന്നു നോട്ടുകെട്ടുകൾ അതും ആയിരത്തിന്റെ മാത്രം മോഹനന്റെ കണ്ണുനിറഞ്ഞു. ഇതിനിടയിൽ മോഹനാ എന്ന് പുറത്ത് തട്ടി വിളിക്കുന്നത് കേട്ട് അയാൾ പെട്ടെന്ന് ഞെട്ടിയുണർന്നു. മോഹനൻ കണ്ണുതുറന്നപ്പോൾ അതാ നിൽക്കുന്നു. തിലകൻ പെട്ടെന്ന് തന്നെ അവന്റെ ചോദ്യം ചായക്കടയിൽ ഇരുന്നുറങ്ങാതെ നിനക്കു വീട്ടിൽ പോയികിടന്നുറങ്ങിക്കൂടെ എന്റെ മോഹനാ....

അപ്പോഴും തിലകന്റെ ചിരിയിൽ അവന്റെ ചുണ്ടിലെ തിരുമുറിവ് മോഹനൻ ശ്രദ്ധിച്ചു.

വിജിത്ത് പി.ബി.
രണ്ടാം വർഷ ബി.കോം

കാലഹരണപ്പെട്ട തത്വശാസ്ത്രം?

കാലത്തിന്റെ കടലാസു വഞ്ചിയിൽ മനുഷ്യൻ എത്രയോ കാലം പിന്നിട്ടു. മനുഷ്യായുസ്സിന്റെ ആരംഭ ദിശമുതൽ പ്രാചീന ചിന്തകൻമാരുടെ മനസ്സിൽ വരെ ഉടലെടുത്ത ഒരു ആശയമുണ്ട്. സാധാരണക്കാരനായ ഓരോ മനുഷ്യനും മനസ്സിൽ വിഭാവനം ചെയ്യുന്ന ഒരാശയം അധികാരത്തിന്റെ മേൽത്തട്ടിൽ അതിന്റെ എല്ലാ സുഖഭോഗങ്ങളും അറിഞ്ഞവനു മുതൽ വരേണ്യ വർഗത്തിന്റെ കടുത്ത പീഠനങ്ങൾ അനുഭവിച്ച സാധാരണക്കാരനു വരെ മനസ്സിൽ പല ഘട്ടങ്ങളിൽ ഉരുത്തിരിഞ്ഞുവന്ന പ്രത്യയശാസ്ത്രം. കാൾമാർക്സ് എന്ന മഹാനായ താത്വികൻ തന്റെ കൈപ്പടയിൽ ചില ഗ്രന്ഥങ്ങൾ രചിച്ചതോടെ സമത്വത്തിന്റെ പ്രത്യയ ശാസ്ത്രത്തിന് പേര് വീണു മാർക്സിസം.

മതങ്ങൾ മരണാനന്തരമുള്ള സ്വർഗത്തെപ്പറ്റി പ്രഖ്യാപിക്കുന്നു. ആ സ്വർഗത്തിനു വേണ്ടി നന്മചെയ്യാൻ ആവശ്യപ്പെടുന്നു. ജീവിക്കാനുള്ള ഊർജ്ജം നൽകുന്നു. കാരണം മതം മുന്നോട്ടു വയ്ക്കുന്ന ആശയത്തിൽ മരണാനന്തര ജീവിതത്തെക്കുറിച്ചുള്ള ആഗ്രഹങ്ങളുണ്

പ്രതീക്ഷകളുണ്ട്.

തിരഞ്ഞെടുക്കപ്പെടുന്ന ഗവൺമെന്റ് രാഷ്ട്ര പരിധിയിലുള്ള പൗരന്റെ മുഴുവൻ സാമ്പത്തിക സ്ഥിതിയും നിയന്ത്രിക്കുകയും തികച്ചും തുല്യതയുള്ള ഒരു സമൂഹത്തെ വർഗഭേദമന്യേ സൃഷ്ടിക്കുകയും ചെയ്യുന്ന സോഷ്യലിസമത്രെ മാർക്കിസ്റ്റ് ചിന്തകളുടെ അടിസ്ഥാനം, നിലനിൽപ്പിന് വേണ്ടി എല്ലുമുറിയെ പണിയെടുക്കാനും അവനെ നിയന്ത്രിക്കുന്ന മുതലാളിമാരുടെ അടിയേറ്റ് ചോര തുപ്പാനും വരെ വിധിക്കപ്പെട്ട മർദ്ദിതരും പീഠിതരുമായ തൊഴിലാളിവർഗ്ഗം അവന്റെ അധ്വാനംകൊണ്ട് ഉത്പാദിപ്പിക്കപ്പെട്ട എല്ലാം തന്റെ സുഖഭോഗങ്ങൾക്ക് ഉപയോഗിക്കാനും അതിന് ശേഷം അവരെയെല്ലാം ചവിട്ടിത്തേക്കാനും മടിയില്ലാത്ത മുതലാളി വർഗ്ഗം, ഇത് രണ്ടും കൂടി ചേരുമ്പോൾ സുഹം പൂർത്തിയാകുന്നു. അടിസ്ഥാന വർഗത്തിന്റെ വിയർപ്പിൽ മാത്രം ചോറുണ്ണുന്ന മുതലാളി വർഗത്തിന്റെ നയങ്ങളെ പ്രത്യയശാസ്ത്രം ചോദ്യം ചെയ്തു.

മാർക്സിന്റെ ഗ്രന്ഥങ്ങളാൽ പ്രചോദനം ഉൾക്കൊണ്ടത് പലരുമായിരുന്നു. മുതലാളി വർഗത്തിൽ ജനിക്കുകയും ജീവിക്കുകയും ചെയ്ത ഫ്രെഡറിക് ഏംഗൽസ് ആയിരുന്നു മാർക്സിസ്റ്റ് തത്വശാസ്ത്രത്തിന്റെ പ്രചാരകൻ. ചൂഷണം ചെയ്യപ്പെടുന്നവരും ചെയ്യുന്നവരും തമ്മിൽ സംഘട്ടനമുണ്ടാകുമെന്നും എണ്ണംകൊണ്ടും കരുത്ത്കൊണ്ടും ശക്തരായ ചൂഷിതവർഗ്ഗം മുതലാളിത്തത്തെ പരാചയപ്പെടുത്തുമെന്നും മാർക്സിസ്റ്റ് നേതാക്കൾ ഉറച്ചു വിശ്വസിക്കുന്നു.

മാർക്സിയൻ ചിന്തകളാൽ ആകൃഷ്ടരായത് കേരളത്തിലെയും, ബംഗാളിലെയും ത്രിപുരയിലെയും കുറെ വിപ്ലവകാരികൾ മാത്രമാണെന്നാണ് പൊതു വിജ്ഞാനം വേണ്ടത്ര തീണ്ടാത്ത ചിലരുടെ വിചാരം. കരീബിയൻ ദ്വീപുകളിലും ലാറ്റിനമേരിക്കയിലും ലോക ജനസംഖ്യയുടെ ഏറ്റവും കൂടുതൽ വരുന്ന ചൈനയിലും വരെ വിപ്ലവം വന്നിട്ട് കാലമേറെയായി. സോവിയറ്റ് യൂണിയന്റെ പരാജയം ചൂണ്ടിക്കാട്ടി കമ്മ്യൂണിസം കാലഹരണപ്പെട്ടെന്നു പ്രസ്താവിച്ച ചിലർ അറിയുന്നില്ല മൂന്നു വിരലുകൾ മുതലാളിത്തത്തിനു നേരെ തിരിച്ചു ചൂണ്ടുന്നു എന്നത്. പൊതുജനത്തിന് വേണ്ടി നല്ല ഭരണം കാഴ്ചവച്ച ഭരണകർത്താവിനെ ചൂണ്ടിക്കാട്ടുവാൻ മുതലാളിത്തത്തിന് കഴിയുകയില്ല എന്നത് യാഥാർത്ഥ്യം. മറിച്ച് ആര് ചോദിച്ചാലും അങ്ങ് ലാറ്റിനമേരിക്കൻ രാജ്യമായ ക്യൂബയിലും, ബൊളിവിയയിലും മുതൽ ഈ കൊച്ചു കേരളത്തിൽ വരെ ജനഹൃദയങ്ങളിൽ ജീവിക്കുന്ന കമ്മ്യൂണിസ്റ്റ് നേതാക്കളുണ്ട്. ക്യൂബൻ വിപ്ലവത്തിന് ശേഷം ഫിദൽ കാസ്ട്രോ വച്ച് നീട്ടിയ അധികാരം ഉപേക്ഷിച്ച് കർഷകർക്ക് വേണ്ടി ബൊളീവിയൻ കാടുകളിൽ പോരാട്ടം നടത്തിയ ചെ ഏണസ്റ്റോ ഗുവേര, അധികാരം സഹോദരനും വിപ്ലവകാരിയുമായ റൗൾകാസ്ട്രോയ്ക്ക് നൽകി വിശ്രമ ജീവിതം നയിക്കുമ്പോഴും ജനഹൃദയങ്ങളിൽ ജീവിക്കുന്ന ഫിദൽകാസ്ട്രോ എന്റെ ജീവിതം രാജ്യത്തെ ജനങ്ങൾക്കു വേണ്ടി ത്യജിക്കണമെന്ന് പ്രസ്ഥാവിക്കുകയും ബ്രിട്ടീഷ് ഗവൺമെന്റിന്റെ കൊലമരത്തിൽ പ്രാണൻ വിട്ടൊഴിയുകയും ചെയ്ത സർദ്ദാർ ഭഗത് സിങ്ങും കൂട്ടരും, ചൈനയെന്ന രാഷ്ട്രത്തെ വളർത്തി വലുതാക്കി ലോകത്തിലെ ഏറ്റവും വലിയ ശക്തികളിലൊന്നാക്കി മാറ്റിയ മാവോ സെ തുങ് എന്നിങ്ങനെ തുടങ്ങി.. ഇവിടെ കേരളത്തിൽ പതിഥനും പാമരനുമായ ദരിദ്ര കർഷകർക്കുവേണ്ടി ജീവിച്ചു മരിച്ച പല നേതാക്കളും ഈ പട്ടികയിലുണ്ട്.

വിലമതിക്കാനാകാത്ത പലരെയും വിട്ടു പോയിട്ടുണ്ടെന്നറിയാം, എനിക്കനുവദിച്ച പരിമിതമായ സ്ഥലത്ത് പരിമിതമായ കാര്യങ്ങൾ കുറിക്കുന്നതിനിടയിൽ ചിലതൊക്കെ പറഞ്ഞെന്നുമാത്രം. വിദ്യാർത്ഥിയെന്ന നിലയിൽ വിദ്യാർത്ഥി സമൂഹത്തിനുവേണ്ടി രക്തം നൽകിയ രക്തസാക്ഷികളെയും സ്മരിക്കുന്നു.

വിഷ്ണുപ്രസാദ്
2-ാം വർഷ എക്കണോമിക്സ്

ചുരുട്ട്

"പതിനഞ്ചു വർഷം പള്ളിക്കൂടം കയറിയിറങ്ങിയിട്ട് എന്ത് നേടി?"
ഉത്തരമില്ലാത്ത ചോദ്യം ഇടയ്ക്കിടെ തലപൊക്കി! എന്റെ സഹപാഠികൾ,
സുഹൃത്തുക്കൾ, നഷ്ടപ്പെട്ട പ്രണയം, പലതും ഓർമ്മയിലെത്തി. എന്നിട്ടും നേടിയ
അറിവിനെ പറ്റി ഓർത്തില്ല. അതിനു ശ്രമിച്ചില്ല...
മറ്റൊന്നുമല്ല പെട്ടെന്ന് ചോദിച്ചാൽ പറയാൻ ഉത്തരമെന്റെ കയ്യിലില്ല.
മെല്ലിച്ചു നീണ്ട വിരലുകളുള്ള സുന്ദരി അപ്പോഴും ഓർമ്മയിൽ നിഴലിച്ചു നിന്നു.
പഠനം എന്റെ വിളിപ്പാടകലെ മാറി നിന്നു. ഒരു വ്യാഴവട്ടത്തിൽ കൂടുതൽ ഇരുന്നും
കിടന്നും തല്ലുകൂടിയും നടന്നത് നാവു പിഴക്കാതെ പറയും. എന്നെ അറിയുന്നവർക്ക്
എന്നെ അറിയും, അല്ലാത്തവന് പുല്ലുവില.
ചിരിയൊതുക്കിയിട്ടും പഠിപ്പിക്കുന്ന മുടിയെപ്പറ്റി പറയാനാളുണ്ട്. ചിരിയെപ്പറ്റി
പറയാനാളുണ്ട്, കൂടെയിരുന്ന് ലഹരി നുണയാനാളുണ്ട്, എന്നിട്ടും ഒരു വാക്കിന്റെ
വ്യാപ്തി അറിയണമെങ്കിൽ തടിച്ച പുസ്തകം തെരയണം.
മരണക്കിടക്കയിൽ സുഹൃത്തിനെക്കാണാൻ എൻട്രൻസ് പുസ്തകവുമായി വന്നവനെ
പുളിച്ചതുപറയാൻ പൊങ്ങിയ നാവ് പലയിടത്തും തോറ്റുപോയി. മെല്ലെ
കണ്ണാകണമെന്നു പഠിപ്പിച്ചു. ആശാനെപ്പോലും ചവച്ചു തുപ്പി. യൗവനം
അതർവത്തിനടിപ്പെട്ടു. ചോരച്ചൂടുപിടിപ്പിച്ചു. മുഷ്ടി ചുരുട്ടി വാനിലേക്കുയർത്തി,
എതിരാളിയെ വാക്കുകൾകൊണ്ട് പ്രഹരിച്ചു, പച്ചതെറി വിളിക്കുന്ന
നായകനുള്ളപ്പോൾ എനിക്കെന്തുകൊണ്ടായിക്കൂടാ, ഊതിക്കളഞ്ഞപുക ബലൂൺ
പറത്താനുള്ളതുണ്ട്. എന്നിട്ടും പലതിനും ഉത്തരമില്ല.
അവൻ പഴഞ്ചനാ, അതെ അതിലെന്താ ഇത്ര വല്യ തെറ്റ്; കടികണ്ടുവച്ച
പടിപ്രീക്കാനെക്കാൾ അവൻ തന്നെ നല്ലത്; മുഖത്ത് നോക്കി ചിരിച്ച് പിന്നിൽ നിന്ന്
കുത്തുന്നവനെക്കാൾ എത്രയോ നല്ലത്.
ഇപ്പോഴല്ലേ സ്വയം പൊക്കാനും വാടിക്കാനും പറ്റൂ. നാളെ അതെങ്കിലും ആയാൽ
പിന്നെ നാട്ടുകാർ പൊക്കിക്കോളും മാനംമുട്ടെ...പിന്നെപിന്നെ പെട്ടെന്ന് താഴെയിടും
നട്ടെല്ലു തകരും വിധം.
ഏച്ചു കെട്ടിയാൽ മുഴച്ചിരിക്കും അതുകൊണ്ട് നിർത്തുന്നു.

വിവേക് പടിയൂർ,
മൂന്നാം വർഷ ബി.കോം

THE KERALA STATE FINANCIAL ENTERPRISES LIMITED

KSFE

(A Government of Kerala Undertaking)
Corporate Office: "Bhadratha", Thrissur - 680020
Ph: 0487 - 2332255, Fax: 0487-2336232
Email: ksfeplg@gmail.com

Best Compliments from

The Taste of Fresh Milk Cream

FEEL THE DIFFERENCE !

ice cream
Vesta
ICE CREAM

KSE LIMITED
DAIRY DIVISION

Manufactured by:
Diary Division, Konikkara, Marathakkara p.o
Thrissur - 680 320, kerala ph. 0487-2356394
2351501, fax 0487 2356394

Best Compliments...

TRENDS UNLIMITED....

STEP UP

Ground Floor, City Tower,
Near Traffic Signal, Tana, Junction
Irinjalakuda
Mob: 9539339957



വിഷം

കുറവുകളെല്ലാം എന്റേതു മാത്രമാകട്ടെ
എന്റെ കണ്ണുകളുടെ വരാന്തയിൽ നിന്നും
അവൾ നടന്നകലുകയാണ്
ഇനിയെന്റെ പകലുകൾ കറുത്തതാണ്
അവളുടെ നിറപുഞ്ചിരിക്കായ് കയറിയിറങ്ങിയ
വഴിയമ്പലങ്ങളിൽ ഇന്നു ബിംബങ്ങൾ
മരിച്ചിരിക്കും
ശരീരം ഒരു വലിയ കള്ളമാണെന്നറിവിൽ
ആത്മഹത്യചെയ്യാനും വയ്യ
ചലനമറ്റ എന്റെ ബുദ്ധികളിൽ
തെല്ലൊരോർമ്മപോലും പുക്കുന്നില്ല
ജീർണ്ണിച്ചഴുകലാണുതകമെന്ന
സത്യത്തിൽ ഞാൻ ജീവിക്കുന്നു
മജ്ജയിൽ നിത്യ വസന്തമായ്
നിൽക്കുന്ന അമ്മയുടെ വാക്കുകൾ
എന്റെ സിരകളിൽ
അണപൊട്ടിയൊഴുകുകയാണ്
മദ്യം വിഷമാണുണ്ണീ.....

വിവിൻ വി. രവി
IIIrd DC Physics

ഐശ്വര്യ ടി.ആർ.
രണ്ടാം വർഷ കെമിസ്ട്രി

കാത്തുവെപ്പ്

ചിതയുയർന്നൊരു കൊടുംതീയായ് വരട്ടെ...
എന്റെ ഇടനെഞ്ചുകത്തി പൊലിഞ്ഞു പോകട്ടെ,
ഓർമ്മകളിലൊത്തിരി അനന്തമായ്-
നീയെന്റെ ആഷാഢബിംബത്തിനർത്ഥം കുറിക്കുമോ...?
സ്വപ്നങ്ങളെല്ലാം കരിഞ്ഞു തീരട്ടെ,
ദു:ഖഭാണ്ഡങ്ങൾ പെറുക്കി ഞാൻ
അലതല്ലിയാർത്തു പൊങ്ങുന്ന
നിമിഷങ്ങളോരോന്നു ചികഞ്ഞു ചികഞ്ഞെന്നരി-
കിലെത്തവെ...!
ശിഷ്ടകാലത്തിന്റെ-
കൂർത്തഭ്രാന്തിന്റെ ഇടയിൽ ഞാൻ
ചെങ്കണ്ണു ഭാവിച്ചു മാറി നിൽക്കണോ?
അർത്ഥവ്യത്യാസം....പലകുറി മുഴങ്ങവെ,
ആർത്താർത്തു കരയണോ?
ദിഗന്തങ്ങളിടറുന്ന ഭാവത്തിൽ
പുലമ്പി ചിരിക്കണോ?



വാടകയ്ക്കെടുത്തുകൊണ്ടാകാം
ഈ വീട്ടിലെ കുളിമുറിയും
വഴിയമ്പലമായത്
നിത്യദർശനത്തിനു എത്ര പേർ
വന്നു പോകുന്നു!
പെമ്പൻപാറ്റ, പല്ലി, പച്ചതവള,.....
28,30,32,34....?
പുറ്റിലും വിടരുന്ന കണ്ണുകൾ
തെല്ലു നാണവും കൂടാതെ
അളവെടുത്തുകൊണ്ടേയിരിക്കുന്നു
അരണ്ടവെളിച്ചത്തിൽ ഈ
നിലകണ്ണാടിക്കു മുന്നിൽ എന്റെ
നഗ്നത പരന്നു കൊണ്ടേയിരുന്നു
എന്റെ മുലകളുടെ വളർച്ചയിൽ
പല്ലി നെടുവീർപ്പിട്ടു

എന്റെ കുളിമുറി

ഗാസയിലെ കുഞ്ഞുങ്ങളുടെ
തുറന്നവായിൽ നിനക്കിതു
തിരുകി വെച്ചാലെന്ത്...?
പാറ്റയും വിട്ടുനിന്നില്ല
സൊമാലിയയിലെ മാതൃശരീരങ്ങൾക്ക്
നിനക്കിവ കടം കൊടുത്താലെന്ത്?
എന്റെ ആർത്തവത്തിൽ പേടിച്ച്
തവളയുടെ കണ്ണുകൾ കുണ്ഠിതപ്പെട്ടു
ഇനിയൊരു ഭോപ്പാലിനുള്ള
ശുക്ലബീജങ്ങൾ പാഞ്ഞടുക്കുന്നു
എന്റെ നാഭിച്ചുഴിയിൽ നിന്ന്
ഒരാൽമരം മുളച്ചുപൊന്തി
തയമ്പിച്ച അതിന്റെ ചില്ലകളാൽ
എന്റെ കുളിമുറിയുടെ സർവ്വപൊത്തും
അടയ്ക്കപ്പെട്ടു.
സകലമാനങ്ങളായ എന്റേയും
ദ്വാരങ്ങൾ അടഞ്ഞു
ഞാൻ..,
ഞാൻ നിലനിൽക്കുന്നില്ല.

അഞ്ജു ശരൺ

കരിനിഴൽ പടർന്ന മനുഷ്യജീവിതങ്ങൾ



ആർത്തിയേറുന്നൊരു മാനവാ....
നിൻ കരങ്ങളിലാണീ പാവനമാം ഭൂമി
ക്രൂരമാം മാനവചെയ്ടകൾ ഓർത്തിടവേ
മിഴിനീരുപൊടിയും എൻ നയനങ്ങളിലന്നു.
കരിനിഴൽ പടരുമോ ജീവിതത്തിലെങ്ങുമൊന്നൊരാ-
ശങ്കയില്ലാതെ ചെയ്തിടുന്നവനാ നീചകൃത്യങ്ങൾ
ഒരു കൊച്ചുപക്ഷിതൻ ദയനീയമാം രോദനം
എന്നുമെൻ മനസ്സിലൊരു തേങ്ങലായി നീറിടുന്നു.
ജീവന്റെ തുടിപ്പിനായ് ചിറകടിക്കുന്നൊരാ-
പക്ഷിയെൻ മനസ്സിനെ പിടിച്ചുലച്ചു
വിവേകശൂന്യമാം മനുഷ്യകരങ്ങളാൽ വെട്ടിമാറ്റുന്നിതാ-
പച്ചമരങ്ങളൊരോന്നായ്
മാമാങ്കം കൊണ്ടാടും നദിയുടെ തീരത്ത്
പായുന്നിതാ ലോറികൾ രാപ്പകൽ ഭേദമന്യേ
കാടിനും നാടിനും സ്വാന്ത്വനമേകിയ തണ്ണീർത്തടങ്ങൾ
മൃത്യുവിൻ പിടിയിലാണ്.
മാലിന്യം പേറുന്ന ഈ ജലാശയങ്ങൾ
ഇന്നിതാ ഭൂമിയ്ക്കൊരലങ്കാരമായിടുന്നു
ഭൂമിതൻ അന്ധകനായി വർത്തിക്കുന്നതോ.
മനുഷ്യൻ നെഞ്ചിലേറ്റിയ പ്ലാസ്റ്റിക് എന്ന വിരുതൻ
രാഷ്ട്രീയമൊന്നൊരു നാടകമതിൻ മറയിലായ്
അരങ്ങേറുന്നിതാ ഏറെ അക്രമങ്ങളും
എത്രയോ ചേതനയറ്റ മനുഷ്യശരീരത്തിൽ
ഉത്തരവാദികളോ ഉറ്റവർതന്നെ
ഇന്നിന്റെ മക്കളാൽ നശിച്ചീടുമീ മണ്ണിൻ-
രോദനമെൻ കാതിലായി അലയടിച്ചീടുന്നു.
ആർത്തിയേറുന്ന മനുഷ്യാ...ഓർത്തീടുക
നിൻ നാശത്തിൻ വേര് അടുത്തീടുന്നു.

നിവിയ
ഒന്നാം വർഷ ഡിഗ്രി
മാത്തമാറ്റിക്സ്

റോസമ്മയുടെ ഡയറി

എന്റെ ആത്മാവ് പൂറ്റിക്കുടിച്ചു. ജീവന്റെ പരിഗണന കാർന്നുതിന്നു. എന്നിട്ടും ആ വണ്ട് ചുറ്റിത്തിരിയുകയാണ്. തേനും പൂമ്പൊടിയും നഷ്ടപ്പെട്ട് ഞാനിപ്പോഴും ജീവിക്കുന്നു. ഒരു വ്യാഴവട്ടക്കാലമൊന്നുമല്ല, പുലർ മഞ്ഞിനെ മാറ്റി സൂര്യൻ ഉദിക്കുന്നതുമുതൽ നീല നിലാവെളിച്ചം സൂര്യനെ കടലിൽ താഴ്ത്തുന്നതു വരെ. ഏതാനും നിമിഷങ്ങൾ, ശരിയാണ്, ഏതാനും നിമിഷങ്ങൾ. പക്ഷേ എനിക്കത് വെറും നിമിഷങ്ങൾ മാത്രമല്ല ആയുസ്സാണ്.

സ്വയം രക്ഷിക്ക് വാളേന്തി നിൽക്കുന്ന വനിതയെ പോലെ മുൾവലയത്തിനാൽ സംരക്ഷിക്കപ്പെട്ട്, സുന്ദരിയത്താൽ അഹങ്കാരപ്പെട്ട് ഞാനെന്റെ ആയുസ്സാരംഭിച്ചു. നികൃഷ്ടമായ ആ പ്രാണി വന്നെന്നെ ആദ്യം ചവിട്ടിയരച്ചു. നീരു വലിച്ചെടുത്തു. നിസ്സഹായയായ ഞാനോർത്തു അന്യരിൽ നിന്ന് രക്ഷപ്പെടാൻ ദൈവം എനിക്കെന്തിനീ മുള്ളുകൾ തന്നു. മൂർച്ചയില്ലാ വാളേന്തി യുദ്ധക്കളത്തിലിറങ്ങിയ ഞാൻ മണ്ടി.

വണ്ട് പോയി.....അതാ മറ്റൊരുത്തൻ, ഇനി അവനെന്താ വേണ്ടത്. തേനില്ലാത്ത എനിക്ക് അവന് കൊടുക്കാൻ കഴിയുക എന്റെ ഇതളുകൾ മാത്രമാണ്. അവനത് ഭക്ഷിക്കുമോ? ഇല്ല മാംസം ഭക്ഷിക്കാൻ അവനാകില്ല. ഇതളുകളാണെന്റെ മാംസം എന്തേ അതാർക്കും വേണ്ട. അവനും പറന്നു മറ്റൊരു റോസ തേടി. അവിടെയും നിരാശയാണെങ്കിൽ അവന്റെ കാര്യം കഷ്ടം തന്നെ.

അതാ അവൻ, ആദ്യം വന്നവൻ എന്റെ ജീവിതം ഒറ്റ നിമിഷം കൊണ്ട് തല്ലിക്കെടുത്തിയവൻ. തേൻ കുടിച്ചവൻ മത്തുപിടിച്ചോ? അവനറിഞ്ഞു കൂടെ എനിക്ക് വെറും ഇതളുകളുടെ ശോഭ മാത്രമേ ഉള്ളൂവെന്ന്!

പക്ഷേ എന്റെ ധാരണ തെറ്റിച്ചുകൊണ്ട് എന്തോ കീഴടക്കിയ അനുഭൂതിയിൽ അവൻ പറന്നകന്നു.

നിലാവെളിച്ചം പരന്നു തുടങ്ങാറായതും, സൂര്യന്റെ അഭാവവും അവനെ എന്നിൽ നിന്ന് അകറ്റുകയും അടുപ്പിക്കയും ചെയ്തുകൊണ്ടിരുന്നു.

കാലന്റെ വിളി വന്നു. എന്റെ ആയുസ്സവസാനിച്ചു.

അശുഭം:-

ശാലിനി സദാനന്ദൻ
2-ാം വർഷ സുവോളജി

ഞാൻ കാണുന്നത്

ഒരു സ്വപ്നം ഒരു നിറം
കാലയവനികയ്ക്കുള്ളിൽ ഞെരുങ്ങുന്നവ
കണ്ണിനു കാണാൻ കഴിയുന്നവയാണ്-
എന്റെ സ്വപ്നങ്ങൾ
നേർകാഴ്ചകൾ ഒരു കൂമ്പാരമായ്-
മനസ്സിൽ തങ്ങിനിൽക്കുന്നു.
വീർപ്പുമുട്ടിക്കാതെ എരിയട്ടെ
എന്റെ കനൽകാറ്റനു തണലേകാൻ-
ഒരു ചെറു പുഞ്ചിരി മാത്രം
നിറഞ്ഞ മൗനം പതയുന്ന-
രാത്രികൾക്കു സ്വസ്ഥത
വെറും സങ്കൽപം മാത്രം
ഞാൻ കാണുന്ന നക്ഷത്രം-
ഇമ ചിമ്മാതെ നിന്നുരുന്നു.
നിന്റെ നിശബ്ദ എനിക്ക് തേങ്ങലാണ്
ചുറ്റും നിറയുന്ന ഇരുട്ട്-
ഏകാന്തപഥികനായ് നീങ്ങുന്നു
അകലെനിന്നുള്ള ശബ്ദമാണ്
കാറ്റിനു കൂട്ടായ് വന്നതെ-
ന്നോതി മറഞ്ഞ കവിതയ്ക്കു
പിന്നിലെ മായാത്തനിനവിന്റെ
നേർകാഴ്ചയായ് പയ്യച്ക്കു
കത്തുന്ന സ്വപ്നമാണെൻ ചിന്തകൾ

കാവ്യാഞ്ജലി കെ.വി.
മൂന്നാം വർഷം ജിയോളജി



അന്ന്, ഇന്ന്

റോഷിൻ സി.കെ.
മൂന്നാം വർഷ മാത്തമാറ്റിക്സ്

അന്ന്,
മുഖത്ത് രോമം കിളിർക്കാത്ത ബാല്യം
ചുവന്ന ചുണ്ടുകൾ
ചെളിപിടിച്ച കൽമതിലുകൾ
മഴ പ്രസവിച്ച പൂപ്പലുകളെ
പോലെയായിരുന്നു എന്റെ പ്രണയം
പെയ്തൊഴിഞ്ഞ തുള്ളികളുടെ
അടയാളങ്ങളായ് നാട്ടുവഴിയിലെ
വേലിപടർപ്പിലെ പുൽനാമ്പിന്റെ
ഹൃദയത്തിൽ നിന്നും അവൾ
പിഴുതെടുത്ത് കണ്ണിലൊഴിച്ച
കണ്ണാന്തളികളുടെ പരിശുദ്ധിയും
പവിത്രതയുമുണ്ടായിരുന്നെന്റെ
പ്രണയത്തിന്...
മഷിത്തണ്ടുകളും വെള്ളാരം കല്ലുകളു-
മായിരുന്നെന്റെ പ്രണയോപഹാരങ്ങൾ
ഇന്ന്,
രോമകൂപമായ മുഖത്തെ
കറുത്ത ചുണ്ടിലേക്ക്
ആരൊക്കെയോ പകർന്നു തന്ന
ചവർപ്പുലായനിയിലെ വിഷമെന്റെ
പ്രണയത്തിലും പടർന്നിരിക്കുന്നു.

ഗ്രന്ഥശാല

തെന്നലിൻ തലോടലേറ്റു പുസ്തകങ്ങൾ
ചിട്ടയായി ഇരിപ്പവെ ഗ്രന്ഥശാലയിൽ
തൊട്ടുപഴകിയ പുസ്തകങ്ങളേറെ
ഇടയിൽ, കരസ്പർശം ഏൽക്കാത്ത
എന്നെ.....ആർക്കും വേണ്ടെന്നോ??
സൂര്യാസ്തമനങ്ങൾ പാഞ്ഞു നീങ്ങി
പലരും എന്നിൽ നിന്നും അകലെയായ്
ഒടുവിലൊരുവൻ എന്നരികിലണഞ്ഞു
ആ വിരലുകൾ എൻ നേർക്കു നീങ്ങവേ
എൻ ഹൃദയം ആനന്ദത്താൽ തുടിച്ചു
എങ്കിലും! തോഴരെ പിരിയുന്ന വേളയിൽ
തളർന്നെൻ മനമെനിക്കേകുന്നു
തിരികെയെത്തുന്ന വിശ്വാസം....
അത് എൻ ആശ്വാസം.....

ദൃശ്യ ഡേവിസ്
M.Sc കെമിസ്ട്രി

അവൾ

ആണാവുകയാണ്

ഞാനൊരു ആണാണ്....
അവൾ സ്വയം പറഞ്ഞുകൊണ്ടേയിരുന്നു
കണ്ണിലെ മഷികറുപ്പും നെറ്റിയിലെ ചന്ദനവും ഓടി മറഞ്ഞു
ചുണ്ടിലെ ചുവപ്പിനെ ആട്ടിയോടിച്ചു
കവിളിലെ തുടിപ്പിനോട് മുഖം തിരിച്ചു
മുറ്റത്തെ അഴയിൽ സാരിയും ബ്ലൗസും പിണങ്ങിക്കിടന്നു
അവിടെ പാന്റും വരയൻ ഷർട്ടും ചിരിച്ചുനിന്നു
പിന്നിയിട്ട മുടിയിഴകൾ കേട്ടു മറന്ന കടംങ്കഥയായി
എല്ലാവരും പറഞ്ഞു അവൾ ആണാവുകയാണ്....
എന്തിന്? അറിഞ്ഞുകൂടാ....ഓരോ ഭ്രാന്ത്....
എന്നിട്ടും ഒരു ദിവസം അവൾ വാർത്തയായി
അറിയാത്ത മുഖങ്ങളും കേൾക്കാത്ത കഥകളും
തിരക്കിനിടയിൽ മുറിഞ്ഞചുണ്ടുകൾ
പിറുപിറുത്തുകൊണ്ടിരുന്നു
ആ നശിച്ച കണ്ണുകളാണ് എല്ലാത്തിനും കാരണം
ഇരുട്ടിൽ കണ്ണിലെ ഭീതി അവളെ
ഒറ്റിക്കൊടുക്കുകയായിരുന്നുവത്രേ....!

ശാലുമോൾ ടി.എസ്.
രണ്ടാം വർഷ ജിയോളജി





ഒരിടത്ത്
ഒരു മകളുണ്ടായിരുന്നു.
അച്ഛനാരെന്നറിയില്ല.
അമ്മയെ കണ്ടിട്ടില്ല.
ഒരാൾ കുരുന്നു കൈ പിടിച്ച്
ഒരു തെരുവിലേക്ക്
കൊണ്ടുപോയ്
ആ തെരുവിന്റെ പേരിന്ന്
ചുവന്നതെരുവ്

എ അയ്യപ്പൻ

Outgoing Batches

B.Sc Zoology

B.Sc Mathematics

B.P.E

ചർക്കതിരിച്ച കൈകൊണ്ട്
മേഴ്സിഡസ്
ഓടിക്കുവാനുള്ള സ്വാതന്ത്ര്യമോ ?
അഴിമതികളിലൂടെ നേടിയ
കോടികൾകൊണ്ട്
ഖദർ കുപ്പായത്തിന്റെ കീശകൾ
നിറക്കാനുള്ള സ്വാതന്ത്ര്യമോ?
കൊന്നും കൊള്ളയടിച്ചും
ജാതിയുടെയും മതത്തി-
ന്റെയും തീ ആളിക്കത്തിച്ചും അധികാരം
നിലനിർത്തുവാനുള്ള സ്വാതന്ത്ര്യമോ?
അതെ, ഈ സ്വാതന്ത്ര്യമാണ്
നമുക്കുമുമ്പേ
പോയവർ നമുക്കുനേടിതന്നത്

(കേശവന്റെ വിലാപം)

Outgoing Batch

B.Com Self

B.Com Regular

B.Sc Geology

വീണ്ടും
കാണുക
എന്നൊന്നുണ്ടാവില്ല
നീ മരിച്ചതായി
ഞാനും
ഞാൻ
മരിച്ചതായി
നീയും
കണക്കാക്കുക
ചുംബിച്ച
ചുണ്ടുകൾക്ക്
വിട
തരിക.

ലോല
പി.പത്മരാജൻ

Outgoing Batches

B.Sc Chemistry

B.Sc Physics

B.A Functional English

പറയാതെ പോയ വാക്ക്,
ഒരു തുള്ളി കണ്ണീർ,
ഒരു ദീർഘനിശ്വാസം
ഇവയെല്ലാം പ്രതികരണങ്ങളാണ്.

കെ.ഇ.എൻ

Retired Staffs

Prof. T I Johnson
Chemistry



Prof. P G Thomas
Commerce

Dr. C J Unny
Economics

Prof. E J Vincent
Botany

Dr. K J Antony
Chemistry

Prof. N K Sudhakaran
Statistics

Prof. K J Babu
Chemistry

Ph.D Awarded Teachers

Vineetha E.
Department of Sanskrit

Tessy Paul P.
Department of B

Advertisement Committe

Paul P.
nt of Bo

പൗഹൃദം മണക്കുന്ന
ഈ ഇടനാഴികൾക്ക് കഥ പറയാനുള്ളത്
കാലത്തിനോടാണ്.
ഈ വരാന്തകളിലൂടെ
നടക്കുമ്പോൾ കാലം ചെയ്തുപോയ
പ്രണയാർദ്രമായ ഓർമ്മകൾ ചുവരുകളിൽ
വന്നു നിറയുകയായിരുന്നു.
തൂണുകളെല്ലാം ഞെതിനു വേണ്ട
പശ്ചാത്തലമൊരുക്കുകയായിരുന്നു.
ഞാനും പ്രണയിച്ചു. ഞെതിന് വെള്ളക്കൊടിയുടെ
പരിശുദ്ധിയുണ്ട്.
ഞെതിലെ രക്തനക്ഷത്രത്തിന്റെ
ആത്മാർത്ഥതയുണ്ട്.
കുടിക്കും തോറും ദാഹമേറിവരുന്ന
പ്രണയത്തിന് ഒരു വർഷം മുമ്പുവരെ
പ്രകാരൃതയുണ്ടായിരുന്നു.
ഇന്നെന്റെ പ്രണയത്തെ ഒളിഞ്ഞു നോക്കാൻ
ചുവരുകൾക്കു മീതെ യന്ത്രകണ്ണുകളുണ്ട്.
ഞെതിനുമപ്പുറം ജീവനുള്ള
ഞെനകം കണ്ണുകൾ...

പത്മരാജന്റെ രാജാവ്

മലയാളിയുടെ ഭാവനാലോകത്ത് നിറങ്ങൾ ചാലിച്ചെഴുതിയ കഥാകാരനാണ് പത്മരാജൻ. മുൻധാരണ കളെ പൊളിച്ചെഴുതി ജീവിതത്തിന്റെ തീക്ഷ്ണഭാവങ്ങളെ അദ്ദേഹം അക്ഷരങ്ങളിൽ ആവാഹിച്ചു. അതുകൊണ്ടു തന്നെയാണ് പത്മരാജൻ സൃഷ്ടികൾ നമ്മുടെ സാഹിത്യ ലോകത്ത് നിത്യ ഹരിതമായി നിലനിൽക്കുന്നത്. ജീവിത ഗന്ധിയായ രതിയും മരണവും പ്രണയവുമെല്ലാം അതിന്റെ നഗ്നലാവണ്യത്തോടെ അദ്ദേഹത്തിന്റെ രചനകളിൽ നമുക്ക് ദർശിക്കാനാകുന്നു.

പ്രകൃതി തന്നെ പത്മരാജന്റെ സൃഷ്ടികളിൽ ഒരു മുഖ്യ കഥാപാത്രമായി കടന്നുവരാറുണ്ട്. ഇടവപ്പാതിയും തുലാവർഷവു മെല്ലാം പെയ്തിറങ്ങുന്ന മലയാളി മനസ്സിലേക്ക് മഴ ഒരു അനുഭൂതിയായി തീർക്കുകയായിരുന്നു പത്മരാജൻ തന്റെ 'തൂവാനത്തുമ്പികൾ' എന്ന ചിത്രത്തിലൂടെ. അദ്ദേഹത്തിന്റെ ചലച്ചിത്രങ്ങളെ കുറിച്ചാണ് കൂടുതലും ചർച്ചകൾ നടക്കുന്നത്. അത് പലപ്പോഴും സംഭവിച്ചു പോകുന്നതാകാം. കാരണം വേറൊന്നുമല്ല സിനിമ എന്ന മാധ്യമത്തിന് ജനമനസ്സുകളിൽ ഉള്ള സ്വീകാര്യത സാഹിത്യം പലപ്പോഴും പാർശ്വവത്ക്കരിക്ക പ്പെടുന്നു. സിനിമയേയും സാഹിത്യത്തേയും ഒരു പോലെ വരുതിയിലാക്കാൻ കഴിഞ്ഞ രണ്ട് വ്യക്തികളെ മലയാളത്തിൽ ഉണ്ടാകൂ. ഒരാൾ എം.ടി.യും അപരൻ പത്മരാജനുമാണ്. പത്മരാജൻ തിരക്കഥാ രചനയിലും സംവിധാനത്തിലും ഒരേ നിർമ്മാണ വേഗം പുലർത്തി. സിനിമാരചന സാഹിത്യരചനയിൽ നിന്നും അദ്ദേഹത്തെ അകറ്റിയില്ല. ഉള്ളടക്കത്തിലും ആവിഷ്കരണ ശൈലിയിലും പത്മരാജന്റെ സാഹിത്യവും സിനിമയും ഒരേ സ്വഭാവം പുലർത്തുന്നു.

ആവിഷ്ക്കരണ സ്വാതന്ത്യത്തിന്റെ പരിമിതികൾ മറികടന്ന് അനുവാചകനെ മറ്റൊരു ലോകത്തേക്ക് കൊണ്ടു പോകുന്നവയാണ് അദ്ദേഹത്തിന്റെ ചെറുകഥകൾ. ഗ്രീൻ ബുക്ക്സ് അടുത്തിടെ പത്മരാജന്റെ ചെറുകഥകൾ തെരഞ്ഞെടുത്ത് 'മലയാളത്തിന്റെ സുവർണ്ണ കഥകൾ', എന്ന പേരിൽ പുറത്തിറക്കിയിരുന്നു.. കഥകൾ തെരഞ്ഞെടുത്തത് അദ്ദേഹത്തിന്റെ മകനും എഴുത്തുകാരനുമായ അനന്ത പത്മനാഭനായിരുന്നു..

'ലോല' എന്ന കഥയിലെ പ്രമേയം ഇന്നലെയേ ക്കാൾ ഇന്നും നാളെയും അരങ്ങേറാവുന്നവയാണ്."നീ മരിച്ചതായി ഞാനും ഞാൻ മരിച്ചതായി നീയും കണക്കാക്കുക. ചുംബിച്ച ചുണ്ടുകൾക്കും വിടതരിക". എന്ന് വായിക്കപ്പെടു മ്പോൾ പത്മരാജൻ വായനക്കാരന് പ്രണയത്തിന്റെ മറ്റൊരു മാസ്മരിക ഭാവമാണ് പകർന്നു നൽകുന്നത്. ഒരേ ചന്ദ്രൻ, ജീവിതചര്യ, റാണിമാരുടെ കുടുംബം എന്നിവയിലെ പുരുഷകഥാപാത്രങ്ങൾ പത്മരാജന്റെ കുട്ടിക്കാല ത്തെ നാട്ടിൻപുറങ്ങളിലേ കാണു.

ഒരു എഴുത്തുകാരന്റെ പ്രകൃതിയോടുള്ള അഭിനി വേശവും നിരീക്ഷണപാടവും വ്യക്തമായി കാണാൻ കഴിയുന്ന സൃഷ്ടിയാണ് 'ചുണ്ടൽ'. പ്രകൃതിയേ മാത്രമല്ല ഒരു വ്യക്തിയുടെ ഏകാന്തത യിൽ അയാളുടെ മനോനില കൂടി വരച്ചു കാട്ടുന്നു.

പത്മരാജന്റെ ചെറുകഥകൾ വായിക്കു മ്പോൾ അദ്ദേഹം തന്നെ സംവിധാനം ചെയ്ത ഒരു സിനിമ കാണുന്ന അനുഭവം നമുക്ക് ഉണ്ടായേ ക്കാം. അത് കാര്യമായി പ്രകടമാകുന്നത് 'ഒരു സ്ത്രീ ഒരു പുരുഷൻ' 'മഴ', 'ഓർമ്മ', 'നിശാശലഭം' തുടങ്ങിയവയിലാണ്.

'ഒരു സ്ത്രീ ഒരു പുരുഷൻ' എന്ന കഥയ്ക്ക് അദ്ദേഹത്തിന്റെ സിനിമയാ 'പെരുവഴിയമ്പലവു'മായി എവിടയൊക്കെയോ ഒ ബന്ധം അല്ലെങ്കിൽ സാമ്യം തോന്നാം. കാരണം ഇ രണ്ട് മാധ്യമങ്ങളുടെയും കഥാപാത്ര സൃഷ്ടിയു പശ്ചാത്തലവുമാണ്. അതുപോലെ തന്നെ 'മഴ' എ ചെറുകഥയിലെ സുധീന്ദ്രൻ 'മുന്നാംപക്ക സിനിമയിൽ ജയറാം അവതരിപ്പിച്ച ഭാസി എ കഥാപാത്രത്തോട് സാമ്യമുണ്ട്. പക്ഷേ ചെറുകഥയിലുടനീളം മഴയുടെ ആവിഷ്ക്കാര മാ നമുക്ക് കാണാനാകുക. ഇവിടെ മഴ അക്ഷരങ്ങളിലൂ ഒരു അനുഭവവും അനുഭൂതിയു സമ്മാനിക്കപ്പെടുമ്പോൾ കഥാപാത്ര സൃഷ്ടിയു പകർപ്പിനെകുറിച്ച് നാം മറന്നു പോകുന്നു. വിമർശനാത്മകമായി വായിക്കുന്ന വരുടെ ഉള്ളിൽ ഇത്തരം സംശയങ്ങൾ ഉടലെടുക്കു. പക്ഷേ ഇവി വിമർശനം ഒരിക്കലും തലപൊക്കില്ല, മറി അത്ഭുതമായിരിക്കും. അതാണ് പത്മരാജൻ എ എഴുത്തുകാരന്റെ ശക്തി. ഇത്തരത്തിലൊരു സംശയ നമ്മളിൽ ഉണ്ടാക്കുന്ന മറ്റൊരു കഥയാണ് **'ഓർമ്മ'** ഈ കഥ ഓർമ്മ മരിച്ച് അവസാനം മരണത്തിൽ ഒഴുകിയെത്തുന്ന ശങ്കരനാരായണപ്പിള്ള എ വ്യക്തിയേ കുറിച്ചാണ്. പത്മരാജന്റെ ശിഷ്യനാ സംവിധായകൻ ബ്ലസ്സിയുടെ തന്മാത്രയിൽ മോഹൻലാൽ അവതരിപ്പിച്ച കഥാപാത്ര ശങ്കരനാരായണപിള്ളയുടെ തനിപകർപ്പാണ്.

ക്രൂരമായ ആനന്ദം കണ്ടെത്താൻ ശ്രമിക്കുന്ന കഥാപാത്രങ്ങളെ നമുക്ക് കാണാൻ സാധിക്കുന്നത് 'അമൃതേത്ത' എന്ന കഥയിലാണ്. ഇടയ്ക്കു വീണു കിട്ടിയ ഇരയെ ആർത്തിയോടെ കടിച്ചുകീറുന്ന വന്യമൃഗത്തിന്റെ ശൗര്യത്തോടെ മൃഗീയമായ രീതിയിൽ രതി അനുഭവിക്കുക യാണ് സക്കറിയായും

കൃഷ്ണനും. മനുഷ്യനിൽ അടങ്ങിയ മൃഗവാസന വിടെ ദൃശ്യമാകുന്നു. ഈ കഥയിലെ രതി എന്ന നുഭവം അനുവാചകനിൽ വെറുപ്പുളവാക്കി യേക്കാം.

വ്യത്യസ്തമായ ശൈലി സ്വീകരിച്ച നയാണ് 'നിശാശലഭം'. ഒരേ ഭൂതകാലത്തിന്റെ രണ്ട് ശങ്ങളാണ് രണ്ട് കഥാപാത്രങ്ങളും. പൂർവ്വകാലത്ത് ചെയ്ത ഹീനമായ ക്രീഡയുടെ പരിണിതഫലമായി സ്വന്തം ചോരയെ മരണത്തിലേക്ക് ആനയിക്കുന്ന നായകകഥാ പാത്രം, ഒരു വേള ക്രൂരനായും നിസ്സഹായനായും കാണാം. ഒരു വ്യക്തിയുടെ തന്നെരണ്ട് ഭാവങ്ങളാണ് ആവിഷ്കരിച്ചിരിക്കുന്നത്.

ചാർളി എന്ന കഥാപാത്രം (നിങ്ങളുടെ താവളങ്ങൾ നിങ്ങൾക്ക്) അനുവാചകന് സമ്മാനിക്കുന്നത് ഒരു വ്യക്തിയും മനോനിലയിലു നിയുള്ള പ്രേത ദർശനമാണ്. ചുള്ളിക്കാടിന്റെ ബാധ എന്ന കവിതയിലെ പോലെ.

പത്മരാജൻ ലോക കഥകളുടെയും ചിന്താഗതി കളുടെയും മാറ്റത്തെ പിൻതുടർ ന്നറിഞ്ഞ ആളായിരുന്നു. സാഹിത്യത്തോട് പൂർണ്ണമായും നീതി പുലർത്തുന്നവയാണ് അദ്ദേഹത്തിന്റെ സൃഷ്ടികൾ. അദ്ദേഹത്തെ പലരും വാഴ്ത്തിപാടുന്നത് ഗന്ധർവ്വനായിട്ടാണ്. പക്ഷേ പത്മരാജന്റെ സിംഹഭാഗം സൃഷ്ടികളും മായികലോക ത്തേക്ക് ആനയിക്കുന്നതല്ല. അദ്ദേഹത്തിന്റെ സൃഷ്ടികളിൽ കാൽപനികത യേക്കാളേറെ ദർശിക്കാനാകുന്നത് പച്ചയായ ജീവിതമാണ്.

രാഹുൽ കെ.ആർ.
മൂന്നാം വർഷ ജിയോളജി



ഋതുപർണഘോഷ്

ആ രറയടിയുയരത്തിൽ, പരുക്കൻ ശബ്ദത്തിൽ, കത്തുന്ന സിഗരറ്റിൽ മനോഹര ഇംഗ്ലീഷിൽ സത്യജിത്റായ പടുത്തുയർത്തിയ ബംഗാളി സിനിമയുടെ ആണത്തത്തിന്റെ ഋതുപർണഘോഷ് എന്ന അഭ്രപാളിയിലെ ധിക്കാരി കുടഞ്ഞെറിഞ്ഞു. സിനിമ എന്ന മാധ്യമത്തിന്റെ വ്യവസ്ഥാപിതമായ ചട്ടകൂടുകളെ തന്റെ ലൈംഗിക സത്യത്തിലൂന്നികൊണ്ട് അദ്ദേഹം വെല്ലുവിളിക്കുകയായിരുന്നു.

അമ്മയുടെ മരണം വലിച്ചിഴച്ച ഏകാന്തതയിലാണ് തന്റെ വേറിട്ട ലിംഗപദവി സമൂഹത്തിനു മുന്നിൽ തുറന്നു പറയാൻ അദ്ദേഹം തീരുമാനിച്ചത്. നിഷേധാത്മകമായ നിലപാടുകളായിട്ടാണ് ഋതുപർണഘോഷിന്റെ ചെയ്തികളെ ബംഗാളി സംസ്ക്കാരം (ഭദ്രലോക്) നോക്കി കണ്ടത് ഇത് അവർക്ക് ദൈവ നിന്ദയിൽ കുറഞ്ഞൊന്നുമായിരുന്നില്ല. "എന്റെ നഗരത്തിന് എന്നെ ഒരിക്കലും അവഗണിക്കാനോ അംഗീകരിക്കാനോ പറ്റില്ല" എന്ന് അദ്ദേഹം തന്നെ അവസാന നാളുകളിൽ പറഞ്ഞിട്ടുണ്ട്.

പന്ത്രണ്ടോളം ദേശീയ പുരസ്കാരങ്ങൾ തന്റെ ചിത്രങ്ങളിലൂടെ ബംഗാളി സിനിമാലോകത്തിന് സമ്മാനിച്ചതിനാലാണ് അവർക്ക് അദ്ദേഹത്തിനെ അംഗീകരിക്കാനായത്. പിന്നീട് അങ്ങോട്ട് ഒഴിച്ചുകൂടാനാവാത്ത കാഴ്ചയുടെ നിത്യവസന്തമായി മാറി ഋതുപർണഘോഷ്. വ്യക്തവും സ്പഷ്ടവുമായ തന്റെ നിലപാടുകളിൽ ഉറച്ചുകൊണ്ടാണ് അദ്ദേഹം ഓരോ വേദികളിലും അവതരിച്ചത്.

ഋതുപർണ സിനിമകളുടെ ഓരോ ഫ്രെയിമും ആവിഷ്ക്കാര സ്വാതന്ത്ര്യത്തിന്റെ അതിരുകൾ കടന്ന് സ്ത്രീ ജീവിതത്തെ നമ്മിലേക്ക് കൂടുതൽ അടുപ്പിക്കുകയായിരുന്നു.

ഏറെ ചർച്ച ചെയ്യപ്പെട്ട ഒന്നായിരുന്നു സ്ത്രൈണാഭിമുഖ്യമുള്ളതാണ് തന്റെ ലൈംഗികമായ അസ്തിത്വമെന്ന ഋതുവിന്റെ വെളിപ്പെടുത്തൽ ലിംഗപദവിയുടെ അതിർവരമ്പുകളിൽ സ്വന്തം ജീവിതം കൊണ്ടും സിനിമകൊണ്ടും ഒരു വിപ്ലവം തന്നെ സൃഷ്ടിക്കുകയായിരുന്നു. ഋതുപർണ തന്റെ നിലപാടുകളിലൂടെയും സിനിമകളിലൂടെയും സ്വന്തം ലിംഗപദവി എന്നത് അവനവന്റെ തിരഞ്ഞെടുപ്പ് കൂടിയാണെന്ന് അദ്ദേഹം വരച്ചുകാട്ടിയിട്ടുണ്ട്. അത് ഒരേ സമയം ഒന്നും രണ്ടും ചേർന്ന് മൂന്നായും അതിനുമപ്പുറത്തേക്കുമായി വളർത്തിയെടുക്കാവുന്നതാണ് എന്ന കാഴ്ചപ്പാടായിരുന്നു അദ്ദേഹത്തിന്. എന്നാൽ മൂന്നാം ലിംഗമെന്ന് വിളിക്കുന്നത് അദ്ദേഹത്തെ തീർത്തും താഴ്ത്തികെട്ടലാകും.

അദ്ദേഹത്തിന്റെ സ്വത്വത്തെ, സിനിമയെ, ജീവിതത്തെ പെട്ടെന്ന് മനസ്സിലാക്കപ്പെടാതെ തെറ്റി വായിക്കപ്പെട്ടിട്ടുണ്ട്. കാരണം ചലച്ചിത്ര വായനയും നിർമ്മാണം എന്ന പോലെ ആൺനോട്ട പ്രത്യയശാസ്ത്രങ്ങളാൽ രൂഢമായിപോയതാണ്. ഭിന്ന ലൈംഗികതകളെ പൊതു സമൂഹം അതിന്റെ മനശാസ്ത്രവും മുദ്രകുത്തി ഓരങ്ങളിലേക്ക് ഒതുക്കുന്നതുപോലുള്ള വായനകൾ ഋതുപർണഘോഷ് പ്രതിഭാസത്തിനും ആ പ്രതിഭ മരിച്ചിട്ടും നേരിടേണ്ടി വന്നിട്ടുണ്ടെന്ന് പലവായനകളും തെളിവു നൽകും.

ഋതു ആണോ പെണ്ണോ, അതോ മൂന്നാമതൊരു ലിംഗമോ എന്ന നീഗൂഢമായ മൃതദേഹ പരിശോധനയായിരുന്ന മരണാനന്തരം പുറത്തുവന്ന പല കഥകളും.



UNHEARD HOWLS

At a dark night, in a lonely street
she is born, born to live.
She is not an orphan
But she is alone, she has to be.
Grew where is born
For her, herself is unknown.
Whatever she saw was worse
Whatever she heard was absurd-
Yet she moulded herself
Because she is born to live.
Tears were her companions
Infact, tears guarded her,
Got whips of hatred
From her " beloved" fellows.
she was sure of herself
But not believed others.
Once she was attached
With all her might, she resisted
"But it's invain dear truly invan
That's the power of devilish man"
She was left where she was born
Now, she is feeling the worst
To whom to complain?
To another devil of same sort
Her mind cried badly
To end herself in a minute
"No, I am not a coward
Because I am born to live"

Misfortune

Misfortune is like a ghost
Which attacks in the dark
It welcomes me as host
to it's own world of sorrows

It follows me on studies
And throws me into worries
It follows my dreams
and gives a lot of sorrows

It becomes my new friend
Which defeats every new trend
Don't know how t avoid it
But it knows how to destroy me

It teaches me to cry
And makes my throat dry
Takes me to the hill of death
As I lose my mind

Suraj.T.D
Ist DC, Functional English



അന്തിക്രിസ്തു

മകരമാസത്തിലെ കുളിരുകോരുന്ന രാത്രിയിലും അന്ത്രോ അസ്വസ്ഥനായി കാണപ്പെട്ടു. ചെമ്മണാകുന്നിന്റെ വിജനതയിൽ, പ്രായാധിക്യം ദിഗംബരയാക്കിയ പേരാലിനു കീഴേ, അയാൾ ഉടുത്തിരിക്കുന്ന കീറിയ ഒറ്റത്തോർത്തിൽ തഴമ്പിച്ച കൈപ്പത്തികൾ ഗാഢമായി ഉരസിക്കൊണ്ടിരുന്നു.

"നാശം! അന്തി വീണപ്പോൾ മുതൽ തുടങ്ങിയതാണ് ഇപ്പോഴും അതേ തീവ്രതയിൽ-ഇല്ല- പോയിട്ടില്ല"

തലമുറകളായ് കാലം മരവിപ്പിക്കുന്ന മനുഷ്യക്കോലങ്ങൾക്ക് അന്ത്രോ മൺകിടക്കകൾ ഒരുക്കുന്നു. അന്തി വീണു നാലു നാഴിക കഴിഞ്ഞാൻ പള്ളിമേടയിൽ മനുഷ്യമാംസം ഇഴുകിച്ചേർന്ന മരവിച്ച മണ്ണിലേക്ക് അന്ത്രോയുടെ പിക്കാസ് പലകുറി ആഴ്ന്നിറങ്ങും. ജീവിതമെന്നാൽ ജനനമരണങ്ങളുടെ സംക്രമണം മാത്രമായ ചെമ്മണാംകുന്നിന് ഇത് രാത്രിയുടെ ഹൃദയമിടിപ്പാകും.

"രക്തം രക്തം തന്നെ! തുടുത്ത മണ്ണിരയെപ്പോലെ അരിച്ചിറങ്ങുന്ന കൈപ്പത്തികളിൽ തളം കെട്ടി നിൽക്കുന്നു!"

അന്ത്രോ കൈത്തടങ്ങൾ മൂക്കോടു ചേർത്തു. പച്ച മാംസത്തിന്റെ രൂക്ഷഗന്ധം മൂക്കിലേക്ക് ഇരച്ചു കയറി.

"അന്തോ....കർത്താവിന്റെ വിളികേൾക്കുക മേടയുടെ തെക്ക്.... ഏലിയാമ്മയ്ക്കടുത്ത്....! അന്ത്രോ..."

അന്തിയുടെ മൂന്നാം നാഴികയിൽ ഇരുട്ടിലേക്ക് പടർന്നുകയറിയ പേരാലിനു കീഴെ, കൈയിൽ ഒരു പൊതി ചോറുമായി, കണ്ണിൽ ഭീതിയുമായി സ്കറിയാ-

"അന്ത്രോ...അവൻ-അന്തി ക്രിസ്തു!"

മൂന്നര വെളുപ്പിന് ശ്മശാനഭൂമിയിൽ ഇരുട്ടിനെ സാക്ഷിയാക്കി ഗർത്തങ്ങൾ സൃഷ്ടിക്കുമ്പോൾ അന്ത്രോയ്ക്ക് മനം നിറഞ്ഞ കൃതജ്ഞതയാണ്. അഗാധ ഗർത്തങ്ങൾ പേറിയ ഒരു മനുഷ്യനെക്കു താനും തന്റെ പിക്കാസും ചേർന്ന് മണ്ണാക്കുന്നു. പിന്നീട്, ഗർത്തങ്ങൾക്കതീതമായി മണ്ണും മണ്ണും ചേർന്ന് പുതിയ മനുഷ്യൻ പിറക്കുന്നു.

സ്കറിയായുടെ കുഴി വെട്ടിയപ്പോൾ കിട്ടിയത് ഒരു തേഞ്ഞ എല്ലിൻ കഷ്ണമാണ്. ആരും കാണാതെ അന്ത്രോ അതു തന്റെ മടിശ്ശീലയിൽ സൂക്ഷിച്ചു. അത് ഏലിയാമ്മയുടേതോ, അതിനും മുമ്പ് അവിടെക്കിടന്ന് മണ്ണായ ഔസേപ്പച്ചന്റേതോ ആയിരിക്കും.

പിറ്റേന്ന് പള്ളിമേടയിൽ ആളുകൾ കൂടി.

മണ്ണാവാൻ കാത്ത് മരവിച്ച സ്കറിയായും മണ്ണാക്കുവാൻ വെമ്പി അന്ത്രോയും

"കിടപ്പിലായിട്ട് ആണ്ട് രണ്ടായി"

"വലിക്കാണ്ട് പോയത് ചെയ്ത്തിന്റെ കൊണം".

കുഴി മൂടിയപ്പോൾ അന്ത്രോ തന്റെ കൈവശമിരുന്ന എല്ലിൻ കഷ്ണം അതിൽ സശ്രദ്ധം നിക്ഷേപിച്ചു. അസ്ഥികൾ പേറുന്ന മണ്ണിനേ അസ്ഥിത്വമുണ്ടാകൂ. രാത്രി പേരാലിൻ പടർപ്പിലൂടെ ആകാശം കണ്ടു കിടക്കവേ, എന്തിന്റേയോ രൂക്ഷഗന്ധം മൂക്കിൽ ഇരച്ചു കയറി.

"രക്തം! അതുതന്നെ! തുടുത്ത മണ്ണിരയെപ്പോലെ...."

ഗത്യന്തരമില്ലാതെ, അന്ത്രോ എഴുന്നേറ്റു നടന്നു. ഋതുവിന്റെ ഇരുൾപോരാളികൾ ആയിരം സൂചിമുനകളാൽ അയാളെ കുത്തി നോവിച്ചു. പകൽ സന്യാസിമാർ തുറിച്ചുനോക്കി. ചീവീടുകൾ അടക്കം പറഞ്ഞു. ഇരുട്ടു വഴിഞ്ഞൊഴുകുന്ന ഇടവഴികളിലൂടെ അയാൾ മുന്നോട്ടു മാത്രം നടന്നു. വഴിയിൽ നൂറുപേർ വിളിച്ചു.

"അന്ത്രോ.....അന്ത്രോ...!"

ശ്മശാനത്തിൽ, തെക്കേവശത്ത് പള്ളിയോട് ചേർന്ന് - ഒരാൾ.

"അന്ത്രോ...ഇവിടെ-ഇവിടെത്തന്നെ!

അന്ത്രോ....ഞാനാന്ന്, അവൻ!"

സമയം രാത്രി കഴിഞ്ഞ് നാലു നാഴിക. അന്ത്രോയുടെ പിക്കാസ് അപരൻ പറഞ്ഞ സ്ഥാനത്ത് ആഞ്ഞടിച്ചു. വീണ്ടും-വീണ്ടും. മണ്ണിനടിയിൽ നിന്ന് ആ രൂക്ഷഗന്ധം പുറപ്പെട്ടു. വീണ്ടും കുഴിക്കെ, ഒരു മാംസപിണ്ഡം കാണപ്പെട്ടു. അന്ത്രോ അതു കൈയിലെടുത്തു. തുടുത്ത മണ്ണിരകളെ പ്പോലെ രക്തം അയാളുടെ കൈത്തടത്തി ലേക്ക് വാർന്നൊഴുകി പച്ചമാംസത്തിന്റെ ഗന്ധം മൂക്കിലേക്കിരച്ചു കയറി

"അന്ത്രോ...!അന്ത്രോ...!" അപരൻ വിളിച്ചു "ഇതാ-ഇതു വഴിയെ..." അയാൾ നടന്നു നീങ്ങി. അന്ത്രോ പിക്കാസു താഴെയിട്ട് അയാളെ പിൻ തുടർന്നു. രക്തത്തേയും മാംസപിണ്ഡത്തേയും വലിച്ചെറിഞ്ഞ്.

കിഴക്കു മലയിൽ ഇരുന്ന് വില്ലികൾ മുറുക്കിത്തുപ്പിയപ്പോൾ ആളുകൾ ശ്മശാനത്തിൽ തടിച്ചുകൂടി, മണ്ണാക്കു വാൻ വെമ്പി അന്ത്രോയും.

ചെമ്മണാംകുന്നിലെ, നിഴൽ മാത്രമായ പേരാലും, ജീവിതഗർത്തത്തിൽ അകപ്പെട്ട നാട്ടുകാരും പിന്നെയും വിളിച്ചുകൊണ്ടേ യിരുന്നു.

"അന്ത്രോ....! അന്ത്രോ...!

അനഘ

2-ാം വർഷ എഫ്.ഇ

പ്രളയം

അന്ന് ദൈവം
ഭൂമിയിൽ പ്രളയം സൃഷ്ടിച്ചു
പുതിയ മനുഷ്യൻ തന്മൂലം അവതരിച്ചു.

ഇന്ന് മനുഷ്യൻ
ഭൂമിയിൽ പ്രളയം സൃഷ്ടിക്കുന്നു
പഴയ വീഞ്ഞ് പുതിയ കുപ്പിയിലിറക്കുന്നു
പഴയ മനുഷ്യൻ വീണ്ടും അവതരിച്ചു.

അവൻ നീതിക്കുവേണ്ടി ദാഹിക്കുന്നു
നൽകുന്നില്ല
മറ്റുള്ളവരിൽ നിന്ന് നന്മ പ്രതീക്ഷിക്കുന്നു
സ്വയം വഞ്ചിക്കുന്നു
അനീതിക്കെതിരെ പ്രതിക്രിക്കുന്നില്ല
പ്രതികരിക്കുന്നവനു നേരെയാണ് അവന്റെ പ്രതികരണം
മൊഴിക്ക് വിപരീതം പ്രവർത്തിയാൽ കാട്ടുന്നു
(തനിക്കുശേഷം പ്രളയമാണല്ലോ?)

നാളെ ദൈവം
കാത്തിരിക്കുക....
ഇനി ദൈവത്തിന്റെ ഊഴം.

പിൻകുറിപ്പ്
ഭൂമിയിൽ മഴവില്ല് ഇനി എത്രനാൾകൂടി!

ഫ്രാങ്ക്
മൂന്നാം വർഷം ബി.കോം

ചെരുപ്പ്



പൊട്ടിയ ചെരുപ്പേ,
നിന്നെ വലിച്ചെറിയുന്നു ഞാൻ
അന്ത്യവിശ്രമം കൊള്ളട്ടെ നിന്റെയൊപ്പം
പോയ കാലത്തിന്റെ പൂർവ്വ സ്മൃതികളും
ശാപത്തിന്റെ കനലിലൂടെ നടക്കുമ്പോഴും
നീയായിരുന്നു കൂട്ടിനായി
പ്രണയത്തിന്റെ മുള്ളുകൾ
കാലിൽ തറച്ചെപ്പൊഴും നീ മാത്ര
മായിരുന്നു തുണയ്ക്ക്
എന്നെയും പേറി നീ നടന്നു
ലഹരി തൻ പെരുമഴ പെയ്യുന്ന
മദ്യശാലകളിൽ, രാത്രിയിൽ
മുല്ലപ്പൂ വിടരുന്ന നഗരത്തിന്റെ നഗ്നതയിൽ
കവിതകൾ ഉറങ്ങുന്ന കുന്നിൽ ചെരുവുകളിൽ
വിപ്ലവം വിൽക്കുന്ന കാലിചന്തകളിൽ
എന്റെ ഉമിനീരു കിനിഞ്ഞ
ബീഡിക്കുറ്റിയെ കൊല്ലുന്നതും നീയായിരുന്നു
നിനക്ക് ഇഷ്ടമല്ലെങ്കിലും
അപ്പോഴൊന്നും നിന്നെ കുറിച്ചോർത്തില്ല
ഇപ്പോഴും നിന്നോടൊന്നും പറഞ്ഞില്ല
നാശം എന്നു ശപിച്ച്
ഇന്നു വലിച്ചെറിയുമ്പോഴും നിന്റെ
സമ്മതം വാങ്ങിയില്ല ഞാൻ
മാപ്പ്, നിന്റെ ഓർമ്മയ്ക്കായ്
ബാക്കി വെക്കുന്നു ഞാൻ
ആരുടെയൊക്കയോ മനസ്സിൽ
ചവിട്ടി നടന്ന ചെളിയുടെ പാടുകൾ

തസ്നി ജാബു
രണ്ടാം വർഷ ജിയോളജി



"നിങ്ങളുടെ മതവികാരം വ്രണപ്പെടുന്നില്ലെങ്കിൽ
ഞാൻ ഒന്നു തുമ്മിക്കോട്ടെ"

www.southindianbank.com

Interest Rates SLASHED to 10.50%*

*conditions apply

Now Own your Dream Home through SIB HOME LOANS

Hassle free home loans

Salient Features

- Simple Documentation procedures
- No prepayment Penalty*
- Flexible repayment options
- Repayment facility up to 20 years
- Special Schemes for NRIs
- Income Tax benefits for interest up to Rs 1.50 lakhs
- Income Tax Rebate up to Rs 100000 under 80C for principal repaid
- Online repayment facility from other bank accounts
- Low Processing Fees
- No Hidden Charges
- Flexible & Fixed Interest options*
- Repayment holiday for house construction loans
- **Life Insurance of borrower** can be opted to cover unforeseen happenings
- Additional loans for extension/repairs.

SOUTH INDIAN Bank

Experience Next Generation Banking

The South Indian Bank Ltd., Regd. Office: SIB House, Mission Quarters, Thrissur, Kerala, Pin - 680 001.
Toll free: 1800 8431800,1800 425 1809. Tel : 0484-2365657 e mail sibcorporate@sib.co.in, www.southindianbank.com

LIFE CYCLE BANKING

For further details please contact your nearest branch

കനറാ ബാങ്ക് Canara Bank

Together We Can

Toll Free: 1800 425 0018 Save Trees. Save Water. Save Environment. www.canarabank

FOR YOU AND YOUR FAMILY- A SMARTER SAVINGS ACCOUNT FOR A BRIGHTER TOMORROW FROM CANARA BANK

ENJOY MANY FABULOUS ADVANTAGES WITH EVERY SAVINGS ACCOUNT

ഗുജറാത്തിൽനിന്നും മടങ്ങുമ്പോൾ
കൊച്ചിയിൽ കച്ചവടത്തിനുപോകുന്ന
ഗുജറാത്തിയുമായി ട്രെയിനിൽവെച്ച്
ഞാൻ പരിചയപ്പെട്ടു.
"താങ്കളുടെ ശുഭനാമം എന്താകുന്നു?"
അയാൾ ചോദിച്ചു.
"രാമകൃഷ്ണൻ" ഞാൻ പറഞ്ഞു.
"റാംകിഷൻ ! റാംകിഷൻ ! റാം റാം"
എന്നഭിനന്ദിച്ചുകൊണ്ട് അയാൾ
എന്നിലേക്കേറെ അടുത്തിരുന്നു.
"താങ്കൾ മാംസഭുക്കാണോ ?" അയാൾ ചോദിച്ചു.
"അങ്ങനെയൊന്നുമില്ല", ഞാൻ പറഞ്ഞു.
" താങ്കളോ ?" ഞാൻ ചോദിച്ചു.
" ഞങ്ങൾ വൈഷ്ണവജനത
ശുദ്ധസസ്യഭുക്കുകളാണ്"
തെല്ലഭിമാനത്തോടെ അയാൾ പറഞ്ഞു.
"നിങ്ങൾ ചില പുല്ലുതീനികൾ
പൂർണ്ണഗർഭിണിയുടെ വയറു കീറി
കുട്ടിയെ വെളിയിൽ എടുത്തുതിന്നതോ ?
തള്ളയേയും" ഞാൻ പെട്ടെന്നു ചോദിച്ചുപോയി.
ഒരു വികൃതജന്തുവായി രൂപം മാറിയ അയാൾ
കോമ്പല്ലുകൾ കാട്ടി
പുരികത്തിൽ വില്ലുകുലച്ചുകൊണ്ട്
എന്റെ നേരെ മുരണ്ടു
"ക്യാ ?"

കടമ്മനിട്ട

OUR OWN MARBLE HOUSE

P.O. Irinjalakuda,
Thrissur Dist. Kerala - 680 125
e-mail-ourownmarbles@gmail.com

Thomas P.K.
Mob: 9846044654
9495883173
9946625579
(Off) : 0480 2826976
(Off) : 0480 2821588
Fax : 0480 2826976

Authorised Dealers in:

RAK CERAMICS · JOHNSON Not just tiles. Lifestyles. · Marbonite · SWASTIK WALL & FLOOR TILES · Kajaria Ceramic, Vitro · Spānis'o · BALENDURA · CERA BATHWARE

All Kinds of Marbiles, Marbles, Granites, Vetrified, Ceramic Tiles & Sanitary Wares

തലമുറകൾ കൈമാറിയ കേരളത്തിന്റെ പുണ്യം

De-aerated De-moisturised Roasting

KPL® SHUDHI COCONUT OIL
As pure as nature

Manufactured by: KPL Oil Mills (P) Ltd.
P.B. No. 2, Kodungallur Road, Irinjalakuda - 680 121, Kerala, India. Ph: 0480 2825222
Email: marketing@kplindia.com | www.kplindia.com
AN ISO 9001 : 2008 CERTIFIED COMPANY

BEST COMPLIMENTS FROM...

Silicon Valley
DIGITAL SUPER MARKET
Opp SBI, Main Road, Irinjalakuda-1.

NOKIA SONY SAMSUNG hp htc HCL Kodak Canon Nikon Panasonic SENNHEISER ASUS ball & many more . .

നിങ്ങളിപ്പോൾ ഉള്ളത് ദൈവത്തിന്റെ സ്വന്തം നാട്ടിലാണല്ലോ? ക്ഷമിക്കണം, എനിക്ക് തിരിവരുന്നു, ഞാനൊരു ചെറിയകുട്ടിയാണല്ലോ ചിലപ്പോൾ അതുകൊണ്ടാവാം.

ഒരു പാട് കവികളുടെയും എഴുത്തുകാരുടേയും ചിന്തകളാൽ സമ്പന്നമായ ഈ കോളേജ് മാഗസിനിൽ ഒരു പിഞ്ചിരിപെണ്ണിന്റെ വാക്കുകൾക്ക് സ്ഥാനം കൊടുത്തത് തരാടാ....എന്നല്ലേ ഇപ്പോൾ നിങ്ങളുടെ മനസ്സിൽ; ആരേയും ചീത്ത പറയണ്ട. നിങ്ങളുടെ എഡിറ്ററുടെ കൈയിൽ സ്ഥാനം മാറി എത്തിയതായിരിക്കാമിത്. എന്തായാലും ഞാനേറെ സന്തോഷവതിയാണ് അവകാശങ്ങൾ നിഷേധിക്കപ്പെട്ട ഒരു പിഞ്ചു കുഞ്ഞിന്റെ വാക്കുകൾക്ക് ക്രൈസ്റ്റ് പോലൊരു കലാലയത്തിന്റെ മാഗസിനിൽ സ്ഥാനം ലഭിച്ചല്ലോ.

ചിരിയടക്കിപ്പിടിച്ചാണ് ഞാനിത്ര നേരം പ്രസാരിച്ചത്. ഇവിടെ ചിലയിടത്ത് ഒക്കെ എഴുതിവച്ചിരിക്കുന്നത് കണ്ടു. "GODS OWN COUNTRY" എന്ന് എന്നാൽ ചിലർ പറയുന്നു ദൈവത്തിന്റെ സ്വന്തം നാട്. എനിക്ക് മനസ്സിലാവാത്ത ചില കാര്യങ്ങളുണ്ടിതിൽ. അവിടുന്ന് തന്നെ തുടങ്ങാം.

കഴിഞ്ഞ ദിവസം സ്കൂളിൽ ലോക രാജ്യങ്ങളുടെ പട്ടിക ഞാൻ കണ്ടു. ആ പട്ടികയിൽ നിങ്ങളുടെ ദൈവത്തിന്റെ സ്വന്തം COUNTRY ഞാൻ കണ്ടില്ലല്ലോ (മൂവർണക്കൊടി പക്ഷേ അവിടെയുണ്ടായി). ഞങ്ങൾക്കിത് ദൈവത്തിന്റെ സ്വന്തം നാട്.

കുറച്ചുമുമ്പെ എന്റെ അവകാശങ്ങൾ നിഷേധിക്കപ്പെട്ട കാര്യം പറഞ്ഞപ്പൊ നിങ്ങളാലും ചോദിച്ചില്ല, എന്തവകാശമാണ് എനിക്ക് നിഷേധിക്കപ്പെട്ടതെന്ന്.....അതിലെനിക്കൊരു വിഷമം തോന്നി. എന്നാലും എനിക്ക് പറയാനുള്ളത് ഞാൻ പറയും.

എന്റെയീ മുടി കണ്ടോ നിങ്ങൾ? ഈ മുടി ഇങ്ങനെയല്ലായിരുന്നു. ദാ, ആ ചേച്ചീടെ പോലെ നീണ്ട മുടിയായിരുന്നു. ഇതിനെന്തുപറ്റിയെന്നോ? എന്റെ ടീച്ചർമാർ മുറിച്ചുകളഞ്ഞതാ. എന്തിനാണെന്നറിയോ? എന്നെ തിരിച്ചറിയാൻ...എന്റെ മാത്രമല്ല, എന്റെ കൂടെയുണ്ടായ എന്റെ കൂട്ടുകാരുടെയും മുടി അവരു മുറിച്ചു. ഞങ്ങൾക്ക് സ്കൂളിൽ അഡ്മിഷൻ കിട്ടിയതെങ്ങനെയെന്നറിയാമോ? വലിയ ഫീസ് ഒക്കെ കെട്ടി പഠിക്കാനുള്ള സാമ്പത്തികമൊന്നും എന്റെ അച്ഛനുണ്ടായില്ല. അച്ഛൻ, വിദ്യാഭ്യാസ അവകാശനിയമം (Right to Education) മൂലം ആവശ്യപ്പെട്ട് പ്രവേശനം നേടിത്തന്നതാ....ആദ്യ ദിവസം അവർ ഞങ്ങളെ മുടിമുറിച്ചുകളഞ്ഞു. ഞങ്ങൾ താഴ്ന്ന ജാതീല് പെട്ടതാണത്രേ...

എനിക്ക് മനസിലായില്ല, ഞാൻ കുറെ കരഞ്ഞു അച്ഛനോട് ഞാൻ ചോദിച്ചു. എന്താ ഈ ജാതി എന്ന്, അച്ഛൻ ചിരിച്ചു. അമ്മയോട് ഞാൻ ചോദിച്ചു, എന്താ ഈ ജാതി എന്ന് അമ്മയും ചിരിച്ചു.

മനസിലായില്ല. ഒടുക്കം ഞാനെന്റെ ക്ലാസിൽ പഠിക്കുന്ന കൂട്ടികാരനോട് ചോദിച്ചു. എന്താ ഈ ജാതി? എന്ന്. അതൊരു സംവിധാനമാണത്രേ. ഹിന്ദുമതത്തിലെ സംവിധാനം. ഉയർന്ന ജാതിയും താഴ്ന്ന ജാതിയും എനിക്കൊന്നും മനസിലായില്ല. ഹിന്ദുവെന്നാലെന്താ? അവൻ പറഞ്ഞു ഞാൻ ഹിന്ദുവാണെന്ന്. ഞാൻ താഴ്ന്ന ജാതിക്കാരിയാണെന്ന്. അവനെന്നെ കളിയാക്കി എനിക്കൊന്നും അറിയില്ലെന്നും പറഞ്ഞു.

ഞാനച്ഛനോട് പോയി ചോദിച്ചു. എന്താണീ ഹിന്ദു? എന്താണ് മതം എന്നൊക്കെ? അച്ഛൻ ചിരിച്ചുകൊണ്ടു പറഞ്ഞു. നീ ഹിന്ദുവുമല്ല, മുസ്ലീമുമല്ല, ക്രിസ്ത്യാനിയുമല്ല.

അപ്പോഴും കുറെ സംശയങ്ങൾ ഹിന്ദു, മുസ്ലീം, ക്രിസ്ത്യാനി? ഒടുക്കം എന്റെ അച്ഛൻ എനിക്കു പറഞ്ഞുതരാമെന്നേറ്റു. ഒരു ദിവസം അച്ഛൻ എനിക്കു പറഞ്ഞുതന്നു മതമെന്തെന്നും ജാതിയെന്തെന്നും. ഓരോ കാലഘട്ടത്തിൽ ജീവിച്ചിരുന്ന കുറെ മഹാരഥൻമാരുണ്ടായിരുന്നു. യേശു, നബി, രാമൻ, കൃഷ്ണൻ എന്നിവരൊക്കെ ആ കൂട്ടത്തിൽപെട്ടവരായിരുന്നു. ബുദ്ധനും മഹാവീരനുമൊക്കെ അങ്ങനെ ചിലരായിരുന്നു.

യേശു സാധാരണക്കാരനുവേണ്ടി ജീവിച്ചു. അവനുവേണ്ടി ജീവിതം ഉഴിഞ്ഞുവെച്ചു. യേശു മുന്നോട്ടു വച്ചത് പതിതനും പാമരനും വേണ്ട ജീവിതമായിരുന്നു. യേശുവിന്റെ കാലശേഷം ക്രിസ്തുവിന്റെ മതമെന്ന പേരിൽ ക്രിസ്തുമതം രൂപപ്പെട്ടു. പിൽക്കാലത്ത് ജീവിച്ച മറ്റൊരു മഹാനായ മനുഷ്യനുണ്ടായി . അദ്ദേഹത്തിന്റെ പേര് മുഹമ്മദ് അദ്ദേഹവും സാധാരണക്കാർക്ക് വേണ്ടി ജീവിച്ചുമരിച്ചു.

അങ്ങനെ ജീവിച്ച മനുഷ്യരെല്ലാം പിൽക്കാലത്ത് ആരാധിക്കപ്പെട്ടു. അവരിലെ മഹത്വം, അമാനുഷികമെന്ന് ആർക്ക് വേണ്ടി അവരൊക്കെ ജീവിച്ചുവോ, അവരെല്ലാം വിളിച്ചു. ഓരോരുത്തരുടെയും പേരിൽ മതങ്ങൾ ഉണ്ടായി. അതൊരു ജീവിതരീതിയായി ജനങ്ങൾ കരുതി. അങ്ങനെ അവരൊക്കെ ദൈവമെന്ന

ഇല്ലാത്ത ശക്തിയെ ഉണ്ടാക്കി.

അച്ഛനീ പറഞ്ഞതെല്ലാം അത്ഭുത്തോടെ നോക്കി നിന്നു. ഇതെല്ലാം എനിക്ക് പുതിയ അറിവായിരുന്നു. സംശയങ്ങൾ ഒരിക്കലും തീരാത്തതായിരുന്നു. എന്റെ അച്ഛൻ എനിക്ക് വഴികാട്ടിയായി. അദ്ദേഹത്തിന്റെ വാക്കുകൾക്ക് ഞാൻ വീണ്ടും കൊതിച്ചു.

മതങ്ങൾ മനുഷ്യന് ഇന്നുമെയ്ക്കുമരുന്നാണെന്ന് അച്ഛൻ പറയുന്നു. മതത്തിന്റെ പേരിൽ ജനങ്ങൾ പരസ്പരം കൊല്ലുന്നു. ഇന്ത്യയെന്ന ഈ രാജ്യത്തു തന്നെ പലഭാഗങ്ങളിലായി വർഗീയത വിളയാടുന്നു. മതത്തിന്റെ പേരിൽ ഭരണം വരെ നടക്കുന്നു. കുറച്ചു പേരുള്ള മതങ്ങൾ ന്യൂനപക്ഷമതമെന്നു പറയുന്നു. കൂടുതലുള്ളത് ഭൂരിപക്ഷ മതവും, ന്യൂനപക്ഷക്കാർ ന്യൂനപക്ഷ തീവ്രവാദം നടത്തുന്നു. ഭൂരിപക്ഷക്കാൻ ഭൂരിപക്ഷ തീവ്രവാദം നടത്തുന്നു.

അറിയേണ്ടെന്ന് തോന്നിപ്പോയി എനിക്ക് കേട്ടോ? വേറൊരു കാര്യംകൂടി അച്ഛൻപറഞ്ഞു. മതം നോക്കിയാണത്രേ മനുഷ്യൻ വിവാഹംപോലും കഴിക്കുന്നത്. അല്ല കൂട്ടരേ, കല്യാണം കഴിക്കാനെന്തിനാ മതം നോക്കുന്നെ?

ഓ...മുട്ടേന്നു വിരിയും മുമ്പേ, അവളുടെ വർത്താനം നോക്കിയേ എന്നല്ലേ!

അതൊക്കെ തിരിച്ചറിയാനുള്ള പ്രായം എനിക്കുണ്ട്. കല്യാണം കഴിക്കുന്നതിൽ മതത്തിനെന്ത് പങ്കെന്ന് നിങ്ങൾ പറ. മനസ്സിന്റെ അടുപ്പവും യോജിപ്പുമല്ലേ ഒരു വിവാഹബന്ധം ഉണ്ടാകാൻ അനിവാര്യം. ഹിന്ദുമതക്കാർ ജാതിയും കൂടി നോക്കുമത്രേ..ജാതിനോക്കുമ്പോൾ ഉയർന്നജാതിക്കാരൻ ഉയർന്നജാതിയെ മാത്രമേ കല്യാണം കഴിക്കൂ....

നല്ല തമാശ അല്ലേ....

ജാതിയും മതവും....

എനിക്കിഷ്ടമുള്ളവരെ ഞാൻ കല്യാണം കഴിക്കും....

അത്രമാത്രം പോരെ, നിയമങ്ങൾ....

എന്തിനാ അനാവശ്യമായ ഇടപെടലുകൾ

മതം മനുഷ്യനിൽ നടത്തുന്നേ?

ഇതെന്നല്ല മതം ഉണ്ടാക്കിയവന് ആ മതം കൊള്ളാം

എന്റെ മതം ഞാൻ തീരുമാനിക്കുമ്പോൾ എന്റെ മതമായി. അല്ലാതെ അതിന് പേരൊന്നുമില്ല. പ്രായം തികയുന്നനാൾവരെ എനിക്കെന്റെ അച്ഛൻ ഭക്ഷണം തരും, അഭയവും. അതിന് ശേഷം ഞാൻ അദ്ധ്വാനിക്കണം.

എന്റെ ജീവിതം....

ഇതെന്റെ സ്വാർത്ഥതയാണോ എന്നെ നിക്കറിയില്ല

സമൂഹത്തിലെ അനാവശ്യമായ കുറെ വേലിക്കെട്ടുകളുണ്ട്, കുറെ സദാചാരക്കാരും... നിങ്ങടെ കോളേജിലും കാണും കുറെ സദാചാരക്കാർ, ചിലർ നിങ്ങൾക്കിടയിൽ തന്നെയും.

ഒരിക്കൽ ഞാനൊരു പത്രവാർത്തവായിച്ചു. ഒരു ഹിന്ദു പയ്യനും മുസ്ലീം പെൺകുട്ടിയും ഒരുമിച്ചു സംസാരിച്ചുനടക്കുന്നത് കണ്ടിട്ട് പെണ്ണിനെപ്പിടിച്ച് വീട്ടിൽ കൊണ്ടുപോവുകയും പയ്യനെ ക്രൂരമായി മർദ്ധിക്കുകയും ചെയ്ത വാർത്ത കുപ്രസിദ്ധിയാർജ്ജിച്ച ഒരു വർഗ്ഗീയ സംഘടനയുടെ വക്താക്കളാണിത് ചെയ്തത്

ഇവിടെ നമ്മൾ മനസിലാക്കാതെപോയ കാര്യമെന്താണെന്നോ?

ഇന്ത്യാക്കാരന്റെ സ്വാതന്ത്ര്യം എന്തായാലും ഞാനൊന്നും കൂടുതൽ പറയുന്നില്ല. ഒരു കുളത്തെ ജാതിക്കനുസരിച്ച് വേർതിരിക്കുന്ന നിങ്ങളുടെ അടുത്ത് സദാചാരത്തിനെതിരെ ഒച്ചയിട്ടിട്ടെന്താ?

ഇത്രയൊക്കെ പറഞ്ഞസ്ഥിതിക്ക് ഒന്നു കൂടി പറയട്ടെ നിങ്ങടെ നാടിനെ നിങ്ങൾ സന്തോഷത്തോ വിളിക്കുന്ന പേരുണ്ടല്ലോ...ദൈവത്തിന്റെ സ്വന്തം നാട് ലോകത്ത് ദൈവത്തിന് ഇങ്ങനെ കുറെ നാടുണ്ട് കേ ഈ കേരളത്തിന്റെ അതിരുവിട്ടാൽ നിങ്ങൾ ഞങ്ങൾ ദൈവത്തിന്റെ സ്വന്തം കുട്ടികളൊന്നുമല്ല... ബ്ലഡ്ഡി മല്ല അല്ലെങ്കിൽ Dirty South Indian തന്നെയാ...അത്കൊ നല്ലതിന് വേണ്ടി പറയുവാ ഇനിയെങ്കിലും ഇല്ലാ ദൈവത്തിന്റെ സ്വന്തം നാടിനെപ്പറ്റി വെറുതെ എഴു വിഡ്ഢികളാകല്ലെ

ഞാനവസാനിപ്പിക്കുകയാണ്. നിങ്ങളിപ്പോ ഈ പറയുന്നതൊക്കെ ആരാണെന്ന് തിരയുന്നുണ്ടാക ആദ്യം ഞാനും കരുതിയതാ അവസാനം എ പേരിവിടെ എഴുതിച്ചേർക്കണമെന്ന് പക്ഷേ പേരെഴുതാ ധൈര്യമില്ല. എന്താ പരിഹസിക്കുകയാണോ, അതൊ നിങ്ങടെ ഇഷ്ടം ഇതെഴുതിയതിന്റെ പേരിൽ നാളെ എ കയ്യോ കാലോ വെട്ടാൻ ആരെങ്കിലും വന്നാലോ, കഷ് എന്ന് പറഞ്ഞ് മൂക്കത്ത് വിരൽ വെക്കും നിങ്ങൾ പി ഒറ്റക്കാലോ, ഒറ്റകയ്യോകൊണ്ട് ഞാൻ തന്നെ ജീവിക്കേ വരില്ലേ. അത്കൊണ്ട് ഒരു പേരിലെന്തിരിക്കുന്നു എ കരുതിയങ്ങ് വിട്ടേക്ക്.

എന്ന്,

പേരറിയാത്തൊര പെൺകിടാ



പ്രതിച്ഛായ

എന്റെ പേര്...അത് നിങ്ങൾക്ക് ഒരിക്കലും ഉപയോഗം വരില്ല! എങ്കിലും വേണമെങ്കിൽ നിങ്ങൾക്ക് എന്നെ സിദ്ധാർത്ഥൻ എന്നു വിളിക്കാം. അല്ലെങ്കിൽ സിദ്ധൻ, സിദ്ധു... എന്നു വിളിക്കാം. നിങ്ങളുടെ ഇഷ്ടം എന്നാൽ നിങ്ങൾ എന്നെ ഒന്നും വിളിക്കില്ല എന്ന് എനിക്ക് നന്നായി അറിയാം. കഴിഞ്ഞ എത്രയോ കൊല്ലമായി ഞാൻ മുടങ്ങാതെ നിങ്ങളോട് സംസാരിക്കുന്നു. തിരിച്ച് ചില ഭാവമാറ്റങ്ങൾ അല്ലാതെ ഒരു ഉത്തരവും നിങ്ങൾ എനിക്ക് തന്നിട്ടില്ല. നിങ്ങളെ ഒരു പക്ഷേ സമൂഹം 'എന്റെ പ്രതിച്ഛായ' എന്ന് വിളിച്ചേക്കും. കണ്ണാടി എന്നു പേരിട്ടു വിളിക്കുന്ന ഒരു വസ്തുവിൽ പ്രതിഫലിക്കുന്നതിനെ പ്രതിച്ഛായ എന്നു പറയുന്നു.

എന്നാൽ ഞാൻ നിങ്ങളെ ആ മുദ്രയിൽ നിന്നു മാറ്റുന്നു. നിങ്ങൾ എങ്ങനെ എന്റെ പ്രതിച്ഛായ ആകും? എന്റെ മനസ്സിനെ പ്രതിഫലിപ്പിച്ചാലല്ലേ, അത് പ്രതിച്ഛായ ആകുന്നുള്ളൂ. തൽക്കാലം, ഞാൻ നിങ്ങളെ ''പ്രകാശൻ'' എന്നു വിളിക്കാം. നിങ്ങൾ പ്രകാശം പരത്തുന്നതുകൊണ്ടൊന്നുമല്ല പ്രകാശത്തിൽ മാത്രം പ്രത്യക്ഷപ്പെടുന്നവൻ, "പ്രകാശൻ".

മിസ്റ്റർ പ്രകാശൻ, ഇന്ന് അമ്മ പറയുന്നു എന്റെ സമയം ശരിയല്ല. ശുക്രനും, ബുധനുമൊക്കെ എന്തോ പറ്റിയിരിക്കുകയാണന്നോ മറ്റോ..കഷ്ടം! അല്ലേ? നാലുകെട്ടായിരുന്ന തറവാട് ഇത്രയും ഭംഗിയായി കാലത്തിനനുസരിച്ച് മാറ്റിയിട്ടും അമ്മയ്ക്ക് അത് മനസ്സിലായിട്ടില്ല എന്നു തോന്നുന്നു എന്തിന്? അമ്പലത്തിൽ പോകുവാൻ കൂടി എനിക്ക് താത്പര്യമില്ലാത്തത് ഏതോ ഒരു ''ഗ്രഹത്തിന്റെ'' പ്രശ്നമാണ്, അപ്പോൾ എനിക്ക് പോകുവാൻ സമയമായി. പിന്നീടു കാണാം!

മിസ്റ്റർ പ്രകാശൻ, ആ....നിങ്ങളും ദേഷ്യത്തിലാണോ? ഞാനും അങ്ങനെ തന്നെ.. അമ്മയെക്കൊണ്ട് വയ്യ, ജാതകം നോക്കലും ബഹളവും 21-ാം നൂറ്റാണ്ടിൽ ജീവിക്കുന്ന, യുക്തിവാദിയായ എന്റെ ജാതകം നോക്കുന്നു, പോരാത്തതിന് ഇനി പൂജ, വഴിപാട്, ശയനപ്രദക്ഷിണം...! എത്ര പറഞ്ഞഇട്ടും മനസ്സിലാകുന്നില്ല, നിരാഹാരവും, കരച്ചിലും! എന്തെങ്കിലുമാകട്ടെ പോകാമെന്ന് ഏറ്റിട്ടുണ്ട് ഞാൻ. അമ്മ വരുന്നുണ്ട്. നിങ്ങൾക്ക് ഒരു പക്ഷേ വാഗ്വാദത്തിന് സാക്ഷിയാകേണ്ടിവരും.

മോനേ.....അമ്മയോട് ദേഷ്യം ഉണ്ടോ നിനക്ക്?

ഇല്ല! അമ്മ പോയ്ക്കോളൂ, ഞാൻ വരാം

നിന്റെ നന്മയ്ക്ക് വേണ്ടിയല്ലേ...ഞാൻ ഈ പറയണത്?

അമ്മ പോയിക്കോളൂ...ഞാൻ വരാമെന്ന് പറഞ്ഞില്ലേ?

ദൈവം ഇല്ല്യാന്ന് ഒന്നും പറയരുത്, വിശ്വാസം അത് വേണം..ദൈവം.....

അമ്മ ഒന്ന് നിർത്തുന്നുണ്ടോ???

"പ്രാർത്ഥിച്ചു പ്രാർത്ഥിച്ചു പാഴാക്കിടാതൊറി-
മാത്രയുമത്രയ്ക്കു ധന്യമീ ജീവിതം
വേദന മുറ്റിത്തഴത്തൊരീ വിസ്മയം
സ്നേഹിച്ചു സ്നേഹിച്ചു സാർഥമാക്കണം"

ഇങ്ങനെയാണ് വിവരമുള്ള കവികൾ എഴുതിവച്ചിരിക്കുന്നത്. സീരിയലും മറ്റും കണ്ട് എല്ലാവർക്കും ഇപ്പോൾ പ്രാന്താ....ഞാൻ വരാം....ഉരുളനോ, നോക്കാനോ എന്തിനാണെങ്കിലും, ഞാൻ ഇനി ഒന്നും പറയണില്ല, എല്ലാം സമയത്തിന്റെയാ ക്ഷമിക്കണം മിസ്റ്റർ, ഇതിനൊക്കെ പിന്നെ എന്താ പറയാ? ഞാൻ ഒന്നു താഴെ പോകട്ടെ, പാവം വിഷമിച്ചു കാണും.

ഹ,ഹ...കേൾക്കണോ മിസ്റ്റർ, കഴിഞ്ഞ ജന്മത്തിൽ ഞാൻ ഒരു ബ്രാഹ്മണൻ ആയിരുന്നു എന്ന്. ആ തിരുമേനി പറഞ്ഞതോ എന്തോ ഭസ്മം കഴിച്ചാൽ

ഭൂതം പറയാമെന്ന് പറഞ്ഞു, വിശ്വാമുണ്ടായിട്ടല്ല, ഒരു രസത്തിന് ഇരുന്നു കൊടുത്തു. അപ്പോഴാണ് ഈ തമാശ, ബ്രാഹ്മണൻ, ഞാൻ! അതാണത്രേ ഈ ജന്മത്തിൽ മത്സ്യം, മാംസം എനിക്ക് താൽപര്യമില്ലാത്തത്! അല്ല അത് അയാൾ എങ്ങനെ അറിഞ്ഞോ ആവോ? വെറും നമ്പറുകൾ അല്ലാതെന്ത്?

ഇന്നു സംസാരിക്കുവാൻ വയ്യ, 3 അമ്പല ത്തിലാണ് പോയത്, വയ്യാതായി, പക്ഷേ അമ്മ പറഞ്ഞതുപോലെ ഒരു മനസ്സുഖം ഉണ്ട്, പക്ഷേ അവിടെ ഈശ്വരനും മറ്റും ഒന്നും അല്ല കാരണം അവിടത്തെ അന്തരീക്ഷം, തീർത്തും നിശബ്ദം, പ്രകൃതി അതൊക്കെയാണ്, അല്ലാതെ വിശ്വാസവും മണ്ണാങ്കട്ടയു മൊന്നുമല്ല. ഞാൻ കിടക്കട്ടെ നാളെ ബ്രഹ്മമുഹൂർത്ത ത്തിനു മുമ്പ് ഉണർണം അല്ലെങ്കിൽ ശുക്രൻ കൊത്തി ക്കൊണ്ട് പോകുമത്രേ, ക്ഷ്ടം! ഇതിനൊന്നും സമ്മതിക്കേണ്ടായിരുന്നു.

ഇത്രയും വ്യത്തികെട്ട ഒരു ദിവസം, ശ്ശേ! നിങ്ങളോട് പറഞ്ഞിട്ടെന്താ? ഒന്നിനും ഉത്തരമില്ലാതെ നിൽക്കും. ഒരു കാര്യവും മര്യാദക്കു നടന്നില്ല. അതിനു അമ്മയുടെ ന്യായം, അമ്പലം, പൂജ, വേണ്ടായിരുന്നു. ഭ്രാന്തുപിടിക്കുന്നു. എന്നെക്കൊണ്ട് എന്തൊക്കെയാണ് ചെയ്യിക്കുന്നത്? യുക്തിവാദിയായ ഞാൻ ഇതെല്ലാം ചെയ്യുന്നുവെന്ന് പുറത്തറിഞ്ഞാൽ, ഇത്രയും നാണക്കേട് വേറെ എന്തുണ്ട്? അമ്മയ്ക്ക് അത് മനസ്സിലാകുമോ? ഞാൻ വിശ്വാസിയല്ല, അല്ല, അല്ല!

നിങ്ങളുടെ മുഖത്ത് എന്താണ് ഹേ...ഒരു പുച്ഛം? സത്യമായും ഞാൻ വിശ്വാസിയല്ല, എല്ലാം അമ്മയുടെ സന്തോഷത്തിനുവേണ്ടി പകുതിക്കുവെച്ച് പോകാൻ അറിയാഞ്ഞിട്ടല്ല, പോരാത്തതിന് ഇനനലെ ജോലിയിൽ കയറ്റംകിട്ടി, ഏലസ്സിന്റെ ഗുണമാണെന്നാ വാദം, എന്തെങ്കിലുമാകട്ടെ. (താങ്കൾ കേൾക്കുന്നുണ്ടോ? എനിക്ക് ഭയമാകുന്നു, ഞാൻ ഞാനല്ലാതാകുന്നതുപോലെ... ഞാൻ ഒരു യുക്തിവാദിയാണ് അല്ലേ? അതെ..ഞാൻ വിശ്വാസിയല്ല...)

മിസ്റ്റർ പ്രകാശൻ, നിങ്ങൾ എന്നെ ഇത്തര ത്തിൽ നോക്കണ്ട കാര്യമില്ല. പഴനിയിൽ പോകുന്നത് അമ്മയുടെ ആശ്വാസത്തിനാണ്. അല്ലാതെ നിങ്ങൾക്ക് അറിഞ്ഞുകൂടെ ഞാൻ വിശ്വാസിയല്ല പിന്നെ പഴനിയൊക്കെ ഒന്ന് കാണാമല്ലോ? അത്രേ ഉള്ളൂ...

മിസ്റ്റർ സിദ്ധാർത്ഥൻ, ഇന്ന് നിങ്ങൾ നിശബ്ദനാണ്, നിങ്ങൾ എങ്ങനെ സംസാരിക്കും? സകവിളിലും നാക്കിലും ശൂലം കുത്തി തുളച്ചിരിക്കുക യാണല്ലേ? ഇന്ന് ഞഅൻ സംസാരിക്കാം, ക്ഷമിക്കണം 'അടിയൻ' സംസാരിക്കാം. നിങ്ങൾ ബ്രാഹ്മണൻ ആണല്ലോ. നിങ്ങൾ നിങ്ങളുടെ നാലുകെട്ട് പൊളിച്ചു പണിതു, ശരിതന്നെ എന്നാൽ നിങ്ങളുടെ മനസ്സിലെ നാലുകെട്ടിനുള്ളിലെ ഒരു അറയി മന്ത്രച്ചരടുകൾകൊണ്ട് നിങ്ങൾ ബന്ധിച്ചിട്ടിരു നിങ്ങളുടെ വിശ്വാസം, വിശ്വാസി അല്ല എന്ന് ഊണി ഉറക്കത്തിലും ആ മന്ത്രച്ചരടിന്റെ ശക്തിയെ നിശ്വസിച്ചാ പറഞ്ഞിരുന്നത്. എന്നാൽ അതിന്റെ ശക് ക്ഷയിച്ചിരിക്കുന്നു. അതിലെ രക്ഷസ്സ് നിങ്ങ പൂർണമായും ബാധിച്ചിരിക്കുന്നു. നിങ്ങൾ ബ്രാഹ്മണ ആണ് എന്ന് തമാശയായിട്ടല്ല എന്നോട് പറഞ്ഞ നിങ്ങൾ അമ്പലത്തിൽ പോകുന്നത് പ്രാർത്ഥിക്കാനാ രാവിലെ ഉണരുന്നത് ശുക്രനെ ഭയന്നിട്ടാണ് ഏലസ്സി ശക്തിയിലാണ് നിങ്ങൾ ജീവിക്കുന്നത്. ഇങ്ങനെ കോലവും വിശ്വാസം മാത്രമാണ്.

മറ്റുള്ളവരിൽ നിന്ന് നിങ്ങൾക്ക് രക്ഷപ്പെടാ എന്നാൽ ജനിച്ച നാൾ മുതൽ നിങ്ങ അറിയുന്നവനാണു ഞാൻ, സമൂഹം പ്രതിച്ഛായ എ എന്നെ വിളിച്ചു. എന്നാൽ ഞാൻ നിങ്ങളുടെ പ്രതിച്ഛാ അല്ല, ഞാൻ നീ തന്നെയാണ്, നീ വിശ്വാസിയാണ് ഞാ പ്രകാശനല്ല, സിദ്ധാർത്ഥനാണ്, എന്റെ പ്രകാശം നിന്നി പതിക്കുമ്പോൾ നിങ്ങൾ സിദ്ധാർത്ഥനാകുന്നു.

ആര്യ പി.രാജ്
രണ്ടാം വർഷം ഫിസിക്സ്

Best compliments from

Laurel
Fashion World
LADIES & KIDS
KATTOOR ROAD
NEAR BUS STAND
IRINJALAKUDA
Mob : 09605216000

ചുരിദാറുകൾ, ചുരിദാർ മെറ്റീരിയലുകൾ
മിഡികൾ, ടോപ്പുകൾ, ജീൻസ്, കുർത്തി
ലോഡീസ് ഇന്നർവെയേഴ്സ് &
കിഡ്സ് വെയേഴ്സ്


കെണി തന്നെ,
യെന്നറിയാം.
പണി നിന്റെ
തെന്നറിയാം.
പക്ഷെ, വിശപ്പിനേക്കാളും
വലുതല്ലല്ലോ മരണം!
പവിത്രൻ തീക്കുനി

DZONE INTERZONE



Vishnu K.S
Violin (eastern)

Pooja Anilkumar
Best Actress (eng)

Best Actor

Anoesh K.R
Hindi Versification

Deepak Parlose
Cartoon Making

Anjii Menon
Best Actress (hindi)

ഡി സോൺ

ലക്ഷ്മി

കലാതിലകം

ക്രൈസ്റ്റിന് കിരീടം

Pookalam
Sreenath
Amjatha
Sivarnalatha
clay modelling
Vishnu K.R
General Quiz
Jibisha K.P

Athira Santhosh
Folk Dance
Yadukul Muralidharan
Midangam
Reshma N.K
embroidery
Sherin Thomas
Elocution 2nd
S.Lakshmi(Kalathilakam)
Kavya K.P
(Kathakali, Keralanada

സർഗ്ഗവീര്യം

യൗവനങ്ങളുടെ വസന്തോത്സവം

"മാറാത്തത് ഒന്നേ ഉള്ളൂ മാറ്റം" എന്ന് മാർക്സ് പണ്ട് പ്രസ്താവിച്ചിട്ടുണ്ട്. അതായത് കാലാനുസൃതമായ മാറ്റം അനിവാര്യമാണ് അത് പൂർണമായും ചരിത്രത്തോട് ബന്ധപ്പെട്ടിരിക്കുന്നു. ചിലപ്പോൾ ചരിത്രം തന്നെ മാറ്റി രചിക്കപ്പെട്ടേക്കാം, എന്നത് സത്യമാണ്. കാലത്തിന്റെ കെടാവിളക്കിൽ ഇന്നലെകൾ വായിക്കപ്പെടുമ്പോൾ ഏറുന്ന ഒന്നാണ് ഇത്തവണത്തെ കോളേജ് യൂണിയന്റെ പ്രവർത്തനത്തെ വിലയിരുത്തുമ്പോൾ ശ്രീമാൻ തോപ്പിൽ ഭാസിയുടെ ഒളിവിലെ ഓർമ്മകളിലെ വാചകമാണ് ഓർമ്മവരുന്നത്. 'കുറച്ചറിയുക കൂടുതൽ ചെയ്യുക' ഇതു തന്നെയാണ് പരമാർത്ഥം. കുറച്ച് സമയത്തിനുള്ളിൽ വളരെ കൂടുതൽ കാര്യങ്ങൾ ചെയ്യാൻ ഞങ്ങൾക്ക് സാധിച്ചിട്ടുണ്ട്.

പ്രഹസനങ്ങൾക്കും ആശങ്കകൾക്കുമൊടുവിൽ അവിചാരിത മായാണ് ഇത്തവണ കോളേജ് യൂണിയൻ തിരഞ്ഞെടുപ്പ് വന്നെത്തിയത്.

നഷ്ടപ്പെട്ട യൂണിയൻ തിരിച്ചു പിടിക്കുക എന്ന ഭാരിച്ച ജോലി ഞങ്ങൾക്കും യൂണിറ്റിനും ഉണ്ടായിരുന്നു. ശരിക്കു പറഞ്ഞാൽ അതിനു വേണ്ടിയുള്ള പരിശ്രമം കനൽ വഴിയിലൂടെ നഗ്നപാദം കൊണ്ടുള്ള നടത്തത്തിന് സമമായിരുന്നു.

പ്രവർത്തനങ്ങൾക്ക് ചുക്കാൻ പിടിച്ചിരുന്നത് യൂണിറ്റ് സെക്രട്ടറി സച്ചു ആയിരുന്നു. വെല്ലുവിളികളും, പരിഹാസങ്ങളും പോരുകളും എങ്കിലും എതിരെ പാഞ്ഞുവന്ന അസ്ത്രങ്ങളെയെല്ലാം ഞങ്ങൾ നെഞ്ചുവിരിച്ച് മുണ്ട് മടക്കി കുത്തി മുഷ്ടിചുരുട്ടി പ്രതികരിക്കേണ്ടിടത്ത് പ്രതികരിച്ചു. എന്നും അതാണല്ലോ ഞങ്ങളുടെ പാരമ്പര്യം.

ഇലക്ഷന്റെ നൂലാമാലകളും നിബന്ധനകളും മൂലം മുഖ്യധാരാ കാലായല രാഷ്ട്രീയത്തിന്റെ സജീവ സാന്നിദ്ധ്യങ്ങളായിരുന്ന പലർക്കും തിരഞ്ഞെടുപ്പിൽ മത്സരിക്കാനായില്ല. (അതായിരിക്കാം ഫൈൻ ആർട്സ് സെക്രട്ടറി സ്ഥാനം എന്നിലേക്ക് വന്നുചേർന്നത്)

ഇലക്ഷൻ കൊഴുപ്പ് കൂട്ടികൊണ്ട് പ്രചരണവും, ചർച്ചകളും സംവാദങ്ങളും പ്രസംഗങ്ങളും, ചെറിയ സംഘട്ടനങ്ങളും കടന്നുപോയി.

ഒടുവിൽ രാഷ്ട്രീയ കപടനാട്യ ഭാവങ്ങളുടെ മുഖത്തേക്ക് കാറിതുപ്പികൊണ്ട് 'സതീശൻ കഞ്ഞിക്കുഴി'മാരുടെ തലയും വാലുമില്ലാത്ത ആദർശങ്ങളെ കാറ്റിൽ പറത്തി, വസൂരി പേറിയ ശരീരങ്ങളുടെ രോദനങ്ങൾക്ക് മൂകസാക്ഷിയായ മങ്ങാടികുന്നിൽ പകല് കറുത്തു തുടങ്ങിയപ്പോൾ അസ്തമയ സൂര്യൻ മുങ്ങിതാഴുന്ന പടിഞ്ഞാറൻ ചക്രവാളത്തെ ഭേദിച്ചുകൊണ്ട് ക്രൈസ്റ്റിന്റെ മണ്ണിൽ ഇൻകിലാബ് മുഴങ്ങി...

പിന്നീട് അങ്ങോട്ടുള്ള ദിനങ്ങൾ ഓർമ്മിക്കപ്പെടുമ്പോൾ കൈയും മെയ്യും മറന്നുള്ള പ്രവർത്തനങ്ങളായിരുന്നു.

Oppana(Women) I ⌘ Folk Orchestra I ⌘ Kathakalisangeetham I ⌘ Cartoon Making I ⌘ Mal. Elocution II ⌘ Violin I ⌘ Pookalam II ⌘ English Drama II

ഉത്സവപ്പറമ്പിൽ അവിചാരിതമായി എത്തപ്പെട്ട കൊച്ചു കുട്ടിയുടെ അവസ്ഥ യായിരുന്നു എന്റേത്. വളരെ ദുർഘടവും വിഷമവും പിടിച്ച പണിയായിരുന്നു എനിക്ക്. മൂലധനമായി ഉണ്ടായിരുന്നത് എന്റെ അറിവില്ലായ്മ മാത്രമായിരുന്നു. താങ്ങും തണലുമായി നിന്നത് കൂട്ടുകാർ തന്നെ യായിരുന്നു.

ഇലക്ഷൻ പ്രചരണത്തിന്റെ മുഖ്യ അജണ്ട കോളേജിന്റെ നഷ്ടപ്പെട്ടുപോയ ഡിസോൺ കിരീടം നേടിയെടുക്കുക എന്നതായിരുന്നു. എവിടെ തുടങ്ങണം എങ്ങനെ വേണമെന്ന് ആശങ്കയായിരുന്നു (മുൻ വർഷത്തെ യൂണിയൻ ക്രൈസ്റ്റിന് ചാർത്തികൊടുത്തത് ഡിസോൺ കലാത്സവത്തിൽ 7-ാം സ്ഥാന മായിരുന്നു. ഇന്റർസോണിന്റെ കാര്യം പിന്നെ പറയേണ്ടതില്ലല്ലോ). കഴിഞ്ഞ വർഷത്തെ അപേക്ഷിച്ച് ഒരു പാട് കഴിവുള്ള കുട്ടികളെ കണ്ടെത്താനും പങ്കെടുപ്പിക്കാനും സാധിച്ചു എന്നുള്ളത് വലിയ കാര്യമാണ്. ജാതി മത ഭേദമില്ലാതെ, രാഷ്ട്രീയം കലർത്താതെ കുട്ടികളെ കലാപരി പാടികൾക്കായി അണിയിച്ചൊരു ക്കുന്നതിൽ വിജയിച്ചു. അതിനുവേണ്ടി അറിയപ്പെടാത്തതും അല്ലാത്തതുമായ ഒരുപാട് വിദ്യാർത്ഥി വിദ്യാർത്ഥിനി സുഹൃത്തുക്കൾ സഹായിച്ചു.

തെരഞ്ഞെടുപ്പ് കാലഘട്ടത്തിൽ ഞങ്ങൾ ഉയിർത്തിപ്പിടിച്ച 'ജനകീയ വിദ്യാഭ്യാസം മതനിരപേക്ഷ ക്യാംപസ്' എന്ന മുദ്രാവാക്യം അർത്ഥവത്തായി തോന്നിയത് ഡിസോൺ കാലയളവിലാണ്

കഴിഞ്ഞ വർഷത്തിൽ നിന്നും വിഭിന്നമായി രചനാ ഇനങ്ങളിൽ വേണ്ടത്ര ശ്രദ്ധ ഞങ്ങൾ നൽകിയിരുന്നു. അതിന്റെ ഫലമായി ഓഫ് സ്റ്റേജ് ഇനങ്ങളിൽ നല്ല രീതിയിൽ പോയിന്റുകൾ നേടാൻ കഴിഞ്ഞു.

പ്രണയവും സൗഹൃദവും നർമ്മവും ആവേശവുമെല്ലാം പൂവിടുന്ന കലോത്സവത്തിന് സാക്ഷ്യം വഹിച്ചത് സാംസ്കാരിക നഗരത്തിലെ കലാലയ രാഷ്ട്രീയത്തിന്റെ ഈറ്റില്ലമായ ശ്രീ കേരളവർമ്മയായിരുന്നു. കലോത്സവത്തിന്റെ ഭാഗമായി അവിടെ ഓടിനടന്ന ദിനരാത്രങ്ങൾ ആർക്കാണ് മറക്കാനാകുക. ഒരു ബുദ്ധിമുട്ടും കാട്ടാതെ വേഗത്തിൽ കാര്യങ്ങൾ നടത്തിയ ഞങ്ങളുടെ ക്രൈസ്റ്റ് കോളേജ് യൂണിറ്റ് കമ്മറ്റി അംഗങ്ങൾ, വിശപ്പിന്റെ വിളികൾക്ക് കാതോർത്തിരുന്ന കൂട്ടുകാരൻ 'ബോംബെ' മുഴുവൻ സമയവും ഞങ്ങളുടെ കൂടെ ഉണ്ടായിരുന്ന സോഹദരിമാർ വീണ, അപർണ, സയന അവരുടെ പരിമിതികൾക്കപ്പുറത്തുള്ള സഹായഹസ്തങ്ങൾ അതെല്ലാം ആർക്കാണ് തിരസ്ക്കരിക്കാനാകുക? അതുപോലെ തന്നെ ഞങ്ങളുടെ പ്രിയപ്പെട്ട റമീസ് അമ്പാടി ഒന്നാം വർഷ ബി.കോം വിദ്യാർത്ഥിയായ വിഷ്ണു ഗോപി, ഞങ്ങളോട് സഹകരിച്ച അദ്ധ്യാപകരായ ചിത്ര മിസ്, വിനീത മിസ്, ടോം സാർ, നിഷ മിസ്, വി.ഡി.ജോൺ സാർ, ജയകൃഷ്ണൻ സാർ, തങ്കച്ചൻ സാർ, അങ്ങനെ എത്രയോ പേർ...

ഇതിന്റെയെല്ലാം പരിണിതഫലമായി കേരളവർമ്മയുടെ കവിതകൾചൊല്ലു ചുവരുകളിൽ നിന്ന് പ്രണയം നിറഞ്ഞ ഇടനാഴികളിൽ നിന്ന് സമര പാദുകങ്ങളാ കലുഷിതമായ ചുവന്ന മണ്ണിൽ നിന്ന് ക്രൈസ്റ്റിന ശിരസ്സിലേക്ക് ഡിസോൺ കിരീടം സമ്മാനിക്കാ ഞങ്ങൾക്ക് സാധിച്ചു.

കേരളവർമയുമായുള്ള ഇഞ്ചോടിഞ പോരാട്ടത്തിൽ ഒരു പക്ഷേ നമ്മൾ രണ്ടാ സ്ഥാനത്തേക്ക് പുറംതള്ളപ്പെടുമായിരുന്നു പക്ഷേ അവിടേയും ഞങ്ങൾക്ക് തുണയാ നിന്നത് ഞങ്ങളുടെ ഒരു സുഹൃത്ത് തന്നെ യായിരുന്നു, സിഖിൽ.

സിഖിലിന്റെയും സംഘത്തിന്റെയും നാടൻപാട്ട് തുടർച്ചയായി മൂന്നാം തവണയും ഒന്നാം സ്ഥാനം കരസ്ഥമാക്കി എന്നുള്ളത ഞങ്ങളെ സംബന്ധിച്ചിടത്തോളം അഭിമാനവും ആവേശകരവുമായിരുന്നു അതിലേറെ സന്തോഷവും. പാടുമ്പോൾ സവർണ്ണന്റെ പ്രഹരങ്ങളേറ്റുവാങ്ങി പാടത്തും വരമ്പത്തും ചോരയും നീരും വാർന്നുപോയ മൺമറഞ്ഞ അടിയാളരായ മണ്ണിന്റെ മക്കളുടെ പ്രതിഷേധവും പ്രതീക്ഷയും ആ ചെറിയ ശരീരത്തിലെ വലിയ ശബ്ദത്തിൽ ആവാഹിച്ചതായി തോന്നിപ്പോയി...

പോയ്മറഞ്ഞ കാലഘട്ടത്തിന്റെ അടയാളങ്ങൾ എന്നപോലെ....മനുഷ്യനെ മുച്ചൂ മുടിച്ച് ആനന്ദിച്ച സവർണ്ണകലകളുടെ ആധിപത്യത്തിന്റെ അടിത്തറയിളക്കാൻ ത്രാണിയുള്ളതാണ് നാടൻപാട്ട്, കാരണം അതിന് ജീവൻ നൽകുന്നത് മണ്ണിന്റെ ഗന്ധവും

കുത്തവന്റെ വിയർപ്പുമാണ്. തൃശ്ശൂർപൂരത്തെ ഓർമ്മിപ്പിക്കും വിധമുള്ളതായിരുന്നു ഡിസോൺ സമാപനദിനം, കാരണം കേരളവർമ്മയുടെ ചെണ്ടയും ക്രൈസ്റ്റിന്റെ ചുവന്ന കാവൽക്കാരും പരസ്പരം അഭിവാദ്യങ്ങൾ മുഴക്കിയാണ് സമാപനവേദയിലേക്ക് പോയത്. ആ സമാപന വേദിയിൽ വച്ച് വർഗീയ ശക്തിയുടെ കാപാലികരുടെ ക്രൂര വിനോദത്തിന് ഇരയായ സഖാവ് എ.ബി.ബിജേഷിന്റെ നാമധേയ ത്തിലുള്ള ഡിസോൺ ഓവറോൾ കിരീടം ക്രൈസ്റ്റിനു വേണ്ടി ഞങ്ങൾ ഏറ്റു വാങ്ങുമ്പോൾ പ്രണയം ആ മൃതയെ കാവ്യാത്മകമാക്കികൊണ്ട് മലയാള ത്തിന്റെ പ്രിയ കവി ഏങ്ങണ്ടിയൂർ ചന്ദ്രശേഖരൻ മാഷിന്റെ സാന്നിദ്ധ്യവും വേദിയിൽ ഉണ്ടായി രുന്നു.

ഡിസോൺ കഴിഞ്ഞു ഇന്റർസോൺ നടന്നത് കലാകാരൻമാരുടെ നഗരമായ ബാബുക്കായുടെ നാടായ കോഴിക്കോടിന്റെ മണ്ണിലെ മീൻചന്ത ഗവൺമെന്റ് ആർട്സ് ആന്റ് സയൻസ് കോളേജിലായിരുന്നു. കലാകാരന്മാരെ എന്നും അംഗീകരിക്കുകയും അഭിനന്ദിക്കുകയും ചെയ്യുന്ന നഗരമാണ് കോഴിക്കോട്. അതിനാൽ തന്നെ കലോത്സവം അവിടെ ആയതുകൊണ്ട് മനസ്സ് ഏറെ സന്തോഷിച്ചിരുന്നു അവിടെയും എന്നെ സഹായിക്കാൻ എന്റെ സുഹൃത്തുക്കളാ യിരുന്നു ഉണ്ടായിരുന്നത്. പക്ഷേ ദിവസങ്ങളുടെ എണ്ണവും സമയവും വളരെ കുറവായിരുന്നതിനാൽ കുട്ടികളുടെ പ്രാക്ടീസും ഒരുക്കവും വളരെ പരുങ്ങലിലായിരുന്നു. എങ്കിലും ഇന്റർസോണിൽ നാലാം സ്ഥാനം നേടിയെടുക്കാൻ നമ്മുടെ കോളേജിന് സാധിച്ചു. ഹിന്ദി നാടകത്തിൽ നല്ല പ്രകടനം കാഴ്ചവയ്ക്കാൻ കഴിഞ്ഞു. ഇന്റർസോണിൽ പങ്കെടുക്കാൻ സാധിച്ചതുമൂലം ഒരു മഹാദൃശ്യം വീണുകിട്ടി. അതായത് നാടകലോകത്തുനിന്നും സിനിമയുടെ അപ്പോളിയിലേക്ക് മാറ്റത്തിന്റെ വെള്ളിവെളിച്ചം വീശിയ 'ബ്യാരി' എന്ന ചിത്രത്തിന്റെ സംവിധായകൻ സുവീരനെ അടുത്തുകാണാൻ സാധിച്ചു. വളരെ വ്യത്യസ്തമായ ഒരു അനുഭവമായിരുന്നു. അവിടെ വച്ച് സംഗീതത്തോട് കമ്പമുള്ള സുഹൃത്തുക്കളെ പലരേയും ഒരു ബാബുരാജ് ഹാങ്ങ്ഓവർ പിടികൂടിയിരുന്നു അതായിരിക്കാം കോഴിക്കോട്ടു നിന്നുള്ള യാത്രയിൽ ബസ്സിന്റെ പിൻസീറ്റിൽ നിന്നും കേട്ട ശബ്ദങ്ങളുടെ ജീവൻ ബാബുരാജിന്റെ പാട്ടുകളായിരുന്നു.

കൊയ്തെടുത്ത വിജയങ്ങൾ ആരുടെയും ഒറ്റക്കുള്ള പ്രവർത്തനങ്ങളായിരുന്നില്ല. അത് പൂർണമായും കൂട്ടായ്മയുടെ ഫലമായിരുന്നു, അതിന്റെ ഓർമ്മയ്ക്കായ് ഞങ്ങൾ ഊണും ഉറക്കവും കളഞ്ഞ് അലഞ്ഞ ദിനരാത്രികളുടെ ഓർമ്മയ്ക്കു വേണ്ടി മാത്രമാണ് ഞാനീ ലേഖനം എഴുതിയത് ...ഞങ്ങൾ അല്ല നമ്മൾ നേടിയെടുത്ത ഈ വിജയം ഇനിയും ആവർത്തിക്കട്ടെ എന്ന് ആശംസിച്ചുകൊണ്ട് വയലാറിന്റെ വരികളെ ഞാൻ കുറിച്ചിടുന്നു.

"ഈശ്വരനല്ല മാന്ത്രികനല്ല ഞാൻ പച്ചമണ്ണിൻ മനുഷ്യത്വമാണു ഞാൻ ദിഗ്വിജയത്തിനെൻ സർഗശക്തിയാ- മിക്കുതരയേ വിട്ടയക്കുന്നു ഞാൻ."

നസീം അബ്ദ
ഫൈൻ ആർട്

മീര സുരേ
ഒന്നാം വർഷ ബി.കോ
റെഗുല

ഉയർത്തെഴുന്നേല്പ്പ്

എന്റെ മനസ്സ് ഒരു ശവപറമ്പായി മാറിയിരിക്കുന്നു.
പല മുഖങ്ങളും ഞാനതിൽ കുഴിച്ചിട്ടു.
പല ആശകളും
പല സ്വപ്നങ്ങളും ഞാനതിൽ കുഴിച്ചിട്ടു.
എന്നിട്ടും ഭയമെന്നിൽ വിട്ടൊഴിഞ്ഞില്ല.
ഒരു നാൾ അവർ ഉയർത്തെഴുന്നേറ്റ് എ
കുഴിച്ചിടുമോ?

അവൻ

ഏകാന്ത രാവുകളിൽ നാമറിയാതെ നമ്മെ പൊതിയുന്ന തണുപ്പിന് മരണത്തിന്റെ ഗന്ധമുണ്ട്. ആരും പക്ഷെ അത് തിരിച്ചറിയാറില്ല. മരണത്തെ കാത്തിരിക്കുന്നവർക്ക് അറിയാം. അതവരെ കൂടുതൽ ഭീതിപ്പെടുത്തുന്നു. മരണത്തിന്റെ ദൂതനായി ആ തണുപ്പ് മാറുകയാണ്. തണുപ്പ് ജീവിതവുമായി നാം പുലർത്തുന്ന ആ ചരടിനെ ഇല്ലാതാക്കുന്നു.

നമ്മളിൽ ആ തണുപ്പ് ചൂഴ്ന്നിറങ്ങുമ്പോൾ അറിയുന്നുണ്ടോ മരണം എന്ന അതിഥി നമ്മളിൽ എത്തികഴിഞ്ഞെന്ന്...??

വിശ്വാസം അവിശ്വാസം

കണ്ണുകൾ അടയ്ക്കുമ്പോൾ അനുഭവപ്പെടുന്ന നിശബ്ദതയിൽ മിന്നിമറയുന്ന ഒരു പാട് ചിത്രങ്ങൾ ഞാൻ കണ്ടു. ഒരുപാട് മുഖങ്ങളും. അവ ജീവിതത്തിൽ പലയിടങ്ങളിലായി പല സമയത്തായി വന്നു പോയിരുന്നു. ഒന്നും വ്യകതതയോടെയായിരുന്നില്ല പ്രത്യക്ഷപ്പെട്ടത്. യഥാർത്ഥലോകത്തും ആ മുഖങ്ങൾ അങ്ങനെ തന്നെയായിരുന്നോ എന്ന് ഞാൻ ഇപ്പോൾ സംശയിക്കുന്നു.

രാവും പകലും

ഏകാന്തതയെ ഇഷ്ടപ്പെട്ടു തുടങ്ങുമ്പോൾ അത് നമ്മളിൽ നിന്നും അകലുന്നു. അതിനെ കൈയെത്തി പിടിക്കുന്തോറും മറ്റുള്ളവരാൽ നാം കൂടുതൽ ചുറ്റപ്പെടുന്നു. എന്നാൽ ഏകാന്തതയെ വെറുക്കുമ്പോൾ അത് നമ്മളെ തേടിയെത്തുന്നു. അതിനെ നിരസിക്കുവാനുള്ള എല്ലാ ശ്രമങ്ങളും വിഫലമാവുന്നു. അത് നമ്മളിലേക്ക് കൂടുതൽ ചൂഴ്ന്നിറങ്ങുന്നു. നിലനിൽക്കുന്ന അവസ്ഥയെ അംഗീകരിക്കുക എന്നതല്ലാതെ മറ്റൊരു വഴിയും സ്വീകാര്യമായി കാണപ്പെടുന്നില്ല.

...പിച്ചളപ്പാത്രം

ഡോ. ഷഹീദ് അമാനുല്ല

(ഡയറക്ടർ, ഗവ. ആയുർവേദ കോളേജ്, തിരുവനന്തപുരം)

ഇന്ത്യയിലെ ഏറ്റവും പഴക്കമുള്ള ആയുർവേദ കോളേജുകളിൽ ഒന്നായ തിരുവനന്തപുരം ഗവ. ആയുർവേദ കോളേജിന്റെ ചരിത്രത്തിന് 150 വർഷത്തിലധികം പഴക്കമുണ്ട്. 1866-ൽ തിരുവിതാംകൂർ മഹാരാജാവ് ആയില്യം തിരുനാൾ രാമവർമ്മയുടെ കാലത്ത് ആരംഭിച്ച ഈ സ്ഥാപനം, ഇന്ന് ആയിരക്കണക്കിന് വിദ്യാർത്ഥികൾക്ക് ആയുർവേദ വിദ്യാഭ്യാസം നൽകുന്ന പ്രമുഖ കേന്ദ്രമാണ്. ഈ നീണ്ട കാലയളവിൽ കോളേജിന്റെ ഭൗതിക സാഹചര്യങ്ങളിലും പഠന രീതികളിലും ഒട്ടേറെ മാറ്റങ്ങൾ വന്നിട്ടുണ്ട്. എന്നാൽ, ഈ മാറ്റങ്ങൾക്കിടയിലും കോളേജിന്റെ ഹൃദയമായി നിലകൊണ്ടിരുന്ന ഒരിടമുണ്ട് – കാന്റീൻ. ഇവിടുത്തെ ഭക്ഷണവും അതിനായി ഉപയോഗിച്ചിരുന്ന പാത്രങ്ങളും തലമുറകളുടെ ഓർമ്മകളിൽ ഇന്നും സജീവമാണ്.

കാന്റീനിൽ ഒരു കാലത്ത് ഭക്ഷണം വിളമ്പിയിരുന്നത് പിച്ചള പാത്രങ്ങളിലായിരുന്നു. ഇലയിൽ വിളമ്പുന്ന രീതിയിൽ നിന്നും മാറി, ഓരോ വിദ്യാർത്ഥിക്കും സ്വന്തമായി ഒരു പിച്ചള പാത്രം നൽകുന്ന രീതി ആരംഭിച്ചത് എന്നാണെന്ന് കൃത്യമായി പറയാൻ പ്രയാസമാണ്. എങ്കിലും, പഴമക്കാരുടെ ഓർമ്മകളിൽ ഈ പാത്രങ്ങൾക്ക് വലിയ സ്ഥാനമുണ്ട്. ഏകദേശം 1950-കളുടെ അവസാനത്തോടെയോ 1960-കളുടെ തുടക്കത്തിലോ ആകാം ഇത് പ്രചാരത്തിൽ വന്നതെന്ന് കരുതപ്പെടുന്നു. അക്കാലത്ത് കോളേജിലെ ഹോസ്റ്റൽ അന്തേവാസികൾക്കും ഡേ സ്കോളർമാർക്കും ഒരുപോലെ ഈ പാത്രങ്ങൾ ഉപയോഗിച്ചിരുന്നു.

പിച്ചള പാത്രങ്ങൾക്ക് അവയുടേതായ പ്രത്യേകതകളുണ്ടായിരുന്നു. ഭക്ഷണം കഴിഞ്ഞ് പാത്രം നന്നായി കഴുകിയാൽ അതിന് ലഭിക്കുന്ന തിളക്കം ഏറെ പ്രശസ്തമായിരുന്നു. ചിലർ പാത്രത്തിന്റെ അടിഭാഗത്ത് തങ്ങളുടെ പേരോ രജിസ്റ്റർ നമ്പറോ കൊത്തിവെക്കുമായിരുന്നു. ഇത് പാത്രങ്ങൾ മാറിപ്പോകുന്നത് തടയാൻ സഹായിച്ചു. കൂടാതെ, പാത്രത്തിന്റെ ഉറപ്പും ഈടും കാരണം വർഷങ്ങളോളം ഇവ കേടുകൂടാതെ നിലനിന്നു. ഒരു പാത്രം നഷ്ടപ്പെട്ടാൽ പകരം വാങ്ങുന്നതിന് വിദ്യാർത്ഥികൾ നൽകേണ്ടിയിരുന്ന തുക അക്കാലത്ത് വലിയൊരു തുകയായിരുന്നു.

കാന്റീനിലെ ഭക്ഷണത്തിന്റെ രുചിയും പിച്ചള പാത്രങ്ങളുടെ പ്രത്യേകതയും പഴയ വിദ്യാർത്ഥികൾ ഇന്നും ഓർത്തെടുക്കുന്നു. ചോറിനൊപ്പം വിളമ്പുന്ന സാമ്പാറിനും കറികൾക്കും പ്രത്യേക രുചിയുണ്ടായിരുന്നു എന്ന് പലരും പറയുന്നു. പാത്രങ്ങൾ കഴുകുന്നതിനായി കോളേജിന് പുറത്ത് ഒരു കിണറും അതിനോട് ചേർന്ന് വലിയ കല്ലുകളും ഉണ്ടായിരുന്നു. വിദ്യാർത്ഥികൾ ഊഴമിട്ട് ഇവിടെയെത്തി പാത്രങ്ങൾ കഴുകി വൃത്തിയാക്കുമായിരുന്നു. ഈ കിണറും കല്ലുകളും ഇന്ന് ഓർമ്മകളിൽ മാത്രമാണ്.

കാലം മാറിയപ്പോൾ പിച്ചള പാത്രങ്ങൾക്ക് പകരം സ്റ്റീൽ പാത്രങ്ങൾ വന്നു. ഭാരം കുറഞ്ഞതും പരിപാലിക്കാൻ എളുപ്പമുള്ളതുമായ സ്റ്റീൽ പാത്രങ്ങളോടായിരുന്നു പുതിയ തലമുറയ്ക്ക് താൽപ്പര്യം. ഏകദേശം 1980-കളുടെ അവസാനത്തോടെയോ 1990-കളുടെ തുടക്കത്തിലോ പിച്ചള പാത്രങ്ങൾ പൂർണ്ണമായും ഉപയോഗത്തിൽ നിന്നും ഒഴിവായി. എങ്കിലും, ഈ പാത്രങ്ങൾ കോളേജിന്റെ ചരിത്രത്തിന്റെ ഭാഗമായി ഇന്നും നിലനിൽക്കുന്നു. പഴയ വിദ്യാർത്ഥികളുടെ ഓർമ്മകളിലും കോളേജിന്റെ പഴയ ചിത്രങ്ങളിലും ഈ പിച്ചള പാത്രങ്ങൾ ഒരു നൊസ്റ്റാൾജിയയായി നിറഞ്ഞുനിൽക്കുന്നു.



'നിശ്ശബ്ദ വസന്തത്തിന് അരനൂറ്റാണ്ട്'

ഇരുപതാം നൂറ്റാണ്ടിൽ പരിസ്ഥിതി പ്രസ്ഥാനത്തിന് ഊർജ്ജം നൽകിയ ഒരു പ്രധാന കൃതിയാണ് റേച്ചൽ കാഴ്സന്റെ നിശ്ശബ്ദ വസന്തം (Silent Spring) ആയുധത്തേക്കാൾ ശക്തി തൂലികയ്ക്കുണ്ടെന്ന് തെളിയിക്കുക മാത്രമല്ല സ്ത്രീകൾക്കും പോരാടാനും നേടാനും കഴിയും എന്ന് വിളിച്ചറിയിക്കുന്ന ഒരു കൃതികൂടിയാണിത്. അമേരിക്കയിൽ മാത്രമല്ല ലോകമെമ്പാടും അതിന്റെ പ്രസക്തി തെളിയിക്കപ്പെട്ടു. ലാഭം കൊയ്യാൻ പ്രകൃതി വിഭവങ്ങളെ ചൂഷണം ചെയ്യുന്നതിൽ തെറ്റില്ലെന്ന് മനുഷ്യൻ വിശ്വസിക്കാൻ തുടങ്ങിയ ഒരു വേളയിൽ, വ്യവസായികളുടെ അമിത ലാഭാർത്തിയും തെറ്റായ ഉപഭോഗ സംസ്ക്കാരവും ഭൂമിയെന്ന വാസഗൃഹത്തെ അപകടത്തിലെത്തിക്കുമെന്ന് തിരിച്ചറിഞ്ഞ് അതിനെതിരെ പോരാടാൻ റേച്ചൽ കാഴ്സൺ തുടക്കമിട്ടു. മനുഷ്യന്റെ തല തിരിഞ്ഞ് പ്രവർത്തനങ്ങൾ ഭൂമിയെ നാശത്തിലെത്തിക്കുമെന്ന് മുന്നറിയിപ്പ് നൽകുകയും അതോടൊപ്പം അതിനുള്ള പോംവഴികൾ എന്താവണം എന്ന് നിശ്ശബ്ദ വസന്തം വരച്ചുകാട്ടുന്നു. 1962 സെപ്തംബർ 27ന് പ്രസിദ്ധീകരിച്ച ഈ കൃതിയുടെ പ്രസക്തി 50 വർഷം പിന്നിട്ടിട്ടും തെല്ലും കുറയുന്നില്ല. പരിസ്ഥിതി ദുരന്തത്തിന്റെ ഗതി വിവരിക്കുന്ന ഈ കൃതി നമ്മുടെ ഭൂമി നിലനിൽക്കണമെന്ന് ആഗ്രഹിക്കുന്ന ഏതൊരാളും കൃതജ്ഞതപൂർവ്വം സ്മരിച്ചു പോരുന്നത് സ്വാഭാവികം മാത്രം.

ഭൂമി ഉണ്ടായതുമുതൽ ഇന്നുവരെയുണ്ടായിട്ടുള്ള ജീവജാലങ്ങളുടെ വികാസ പരിണാമ ചരിത്രം പരിശോധിച്ചാൽ നശീകരിക്കാനുള്ള മനുഷ്യന്റെ പ്രവണത കുറയും എന്നു ഉറക്കെ വിശ്വസിച്ച വ്യക്തിയാണ് റേച്ചൽ കാഴ്സൺ. ഭൂമിയുടെ നിഗൂഢതയും ജൈവവൈവിദ്ധ്യവും ജലസമൃദ്ധിയും ഒക്കെ ആസ്വദിക്കുമ്പോൾ തന്നെ മനുഷ്യൻ എത്രയോ സമ്പന്നനാണ് എന്ന് സ്വയം തിരിച്ചറിയുന്നില്ല. പ്രകൃതിയിലെ ഓരോ ജീവനും എത്ര വില കല്പിച്ചാലും മതിയാവില്ല എന്നാണ് നിശബ്ദവസന്തത്തിൽ കൂടി അവർ തുറന്നുകാട്ടുന്നത്. കീടനാശിനി നിരോധിക്കണമെന്നുള്ള ധിക്കാരമല്ല അത് മറിച്ച് ഒരു അത്ഭുത വസ്തുവായി സ്തുതി പാടപ്പുകഴ്ത്തുന്ന ഡി.ഡി.ടി പോലുള്ള കീടനാശിനിയുടെ അമിതോപയോഗംകൊണ്ട് പ്രകൃതി സന്തുലനത്തേയും ജീവ ശൃംഖലയേയും അതുവഴി ഭക്ഷ്യശൃംഖലയേയും തകിടം മറിച്ച് മാനവരാശിയെ വലിയ ഒരു വിപത്തിലേക്ക് ആനയിക്കുമെന്ന് മുൻകൂട്ടി പറയുകയാണ് ചെയ്തത്.

'നിശബ്ദ വസന്തം'

ജനപക്ഷത്തുനിന്നുള്ള ചെറുത്തുനില്പ്

രണ്ടാം ലോക മഹായുദ്ധത്തിനു ശേഷം അമേരിക്കയിൽ രൂപംകൊണ്ട സവിശേഷമായ സംസ്ക്കാരം റേച്ചൽ കാൾസണിൽ നിരവധി ആശങ്കകൾ ഉണർത്തിയിരുന്നു. രാസവസ്തുക്കളുടെ നിർമ്മാണം 1940കളിൽ ആരംഭിച്ചിരുന്നെങ്കിലും യുദ്ധാന്തരമാണ് അതിന്റെ വിപുലമായത് മലേറിയ, മന്ത്, ടൈഫസ് രോഗം, പ്ലേഗ്, മഞ്ഞപ്പനി തുടങ്ങിയ പകർച്ചവ്യാധികളുടേയും ചെള്ള്, പാറ്റ, ഈച്ച, കൊതുക് തുടങ്ങിയ കീടങ്ങളുടേയും നിവാരണത്തിനായി ഡി.ഡി.ടി ഒരൊറ്റമൂലിയായി അംഗീകരിക്കുകയും വൻ പ്രചാരണം ലഭിക്കുകയും ചെയ്തു. നിരവധി കീടങ്ങളെ ഒന്നിച്ച് ഇല്ലാതാക്കാൻ കഴിയുമെന്നതിനാൽ സാധാരണക്കാരും അത് വ്യാപകമായി ഉപയോഗിച്ചു. എന്നാൽ അതിന്റെ വിഷാംശത്തെക്കുറിച്ചോ ഉപയോഗം ഉണ്ടാക്കാവുന്ന ആരോഗ്യപ്രശ്നങ്ങളെക്കുറിച്ചോ ശരിയായ പഠനവും ഗവേഷണവും നടക്കാത്ത സാഹചര്യത്തിൽ വിവേചനമില്ലാതെ അതുപയോഗി ക്കുന്നതിനെക്കുറിച്ച് റേച്ചലിന് സംശയങ്ങൾ തോന്നിയിരുന്നു. ഇങ്ങനെ കൂട്ടത്തോടെ ജീവികളെകൊന്നൊടുക്കുന്നത് പ്രകൃതിയുടെ സന്തുലിതാവസ്ഥയിൽ പാകപ്പിഴകൾ ഉണ്ടാക്കുമെന്നും മനുഷ്യന് തന്നെ വിനാശമാകുമെന്നും മനസ്സിലാക്കാനോ അതിന്റെ പ്രയോഗം നിരുത്സാഹപ്പെടുത്താനോ ആരും മുന്നോട്ടു വന്നില്ല. മുൻ പന്തിയിൽ നിൽക്കുന്ന മാദ്ധ്യമങ്ങൾ പോലും റേച്ചൽ കാഴ്സന്റെ വേറിട്ട ശബ്ദം കേട്ടതായി ഭാവിച്ചില്ല. അവൻ എന്നിട്ടും

പോരാട്ടത്തിൽ നിന്നും പിൻമാറാതെ പഠനങ്ങളും ഗവേഷണങ്ങളും തുടർന്നു വന്നു. യുദ്ധത്തിനുശേഷം രാസവസ്തു വ്യവസായത്തെ പിന്തുണയ്ക്കാൻ സർക്കാർ തയ്യാറായതോടെ പ്രശ്നം രൂക്ഷമാവുകയാണ് എന്ന് റേച്ചലിന് ബോധ്യമായി.

1957ലാണ് കൃഷിവകുപ്പ് Fire Ant Eradication പദ്ധതിയിലാക്കിയത്. ഇതനുസരിച്ച് ഇന്ധന എണ്ണയിൽ ഡി.ഡി.ടി യും മറ്റു ചില കീടനാശിനികളും ചേർത്ത് ആകാശത്തുനിന്നും തളിക്കും. പൊതു-സ്വകാര്യ ഭൂമികളിലെല്ലാം ഈ മാർഗ്ഗം അവലംബിച്ച് കീടനാശിനി തളിച്ചു. ഇതിന് എതിരെ പരിസരവാസികൾ കോടതിയെ സമീപിച്ചെങ്കിലും ആ നിയമയുദ്ധത്തിൽ രാസവസ്തു ലോബി തന്നെ വിജയിച്ചു. പക്ഷെ പരിസ്ഥിതിക്ക് കോട്ടം വരുത്തുന്ന സർക്കാർ തീരുമാനങ്ങൾക്കെതിരെ നിരോധന ഉത്തരവുകൾ നേടി എടുക്കാനുള്ള അവകാശം പൊതുജനങ്ങൾക്കുണ്ടെന്ന് സുപ്രീം കോടതി വിധിച്ചു. തുടർന്ന് Audubon Society കീടനാശിനി പ്രയോഗവും അതുണ്ടാക്കുന്ന ഭവിഷത്തുക്കളെപ്പറ്റിയും കൂടുതൽ പഠിക്കാനായി റേച്ചലിനെ സമീപിച്ചു. പ്രസ്തുത പഠനങ്ങൾ സർക്കാരും കൃത്രിമ രാസവസ്തു നിർമ്മാതാക്കളും തമ്മിലുള്ള അവിശുദ്ധമായ ബന്ധത്തിന്റെ ഞെട്ടിപ്പിക്കുന്ന വസ്തുതകൾ മനസ്സിലാക്കാൻ അവർക്ക് അവസരം നൽകി.

1958ൽ റേച്ചൽ കാഴ്സൺ സുഹൃത്തായ ഓൾഗ ഹാക്കിൻസിൽ നിന്നും ലഭിച്ച ഒരു കത്താണ് യഥാർത്ഥത്തിൽ സംഭവങ്ങളുടെ ഗതിമാറ്റി മറിച്ചത് എന്നു പറയാം. കേപ്പ് കോഡിലുള്ള ഓൾഗയുടെ പക്ഷി സങ്കേതത്തിൽ മരുന്നുതളിമൂലം പക്ഷികളുടെ എണ്ണം ഗണ്യമായി കുറഞ്ഞിരിക്കുന്നെന്നും അടിയന്തിരമായി ഈ മരുന്നുതളി നിർത്തിവെയ്ക്കാൻ ആവശ്യപ്പെടണമെന്നുള്ളതായിരുന്നു ഈ കത്തിന്റെ രത്നചുരുക്കം.

റേച്ചൽ ഇതിനുവേണ്ടി പ്രയത്നിച്ചെങ്കിലും ഒരു ഫലവുമുണ്ടായില്ല. എന്നാൽ പക്ഷികൾ നിശബ്ദമാക്കപ്പെടുന്നതെന്തുകൊണ്ട് എന്ന ഒരു ലേഖനം വാഷിംഗ്ടൺ പോസ്റ്റിൽ പ്രസിദ്ധീകരിച്ചു. ഏതാണ്ട് ഈ സമയത്തുതന്നെ നാഷണൽ കാൻസർ റിസർച്ച് ഇൻസ്റ്റിറ്റ്യൂട്ടിന്റെ സ്ഥാപക ഡയറക്ടറായ വിൽഹം ഹ്യൂപ്പർ പല കീടനാശിനികളും അർബുദബാധയുണ്ടാക്കാൻ ശേഷിയുള്ളതാണെന്ന് വിശദീകരിച്ച് ഒരു പഠന റിപ്പോർട്ട് പ്രസിദ്ധപ്പെടുത്തിയത്. എന്നിട്ടും നിർമ്മാണ കമ്പിനികൾക്കെതിരെ ശബ്ദമുയർത്താൻ ആരും മുന്നോട്ടുവന്നില്ല. ഒപ്പം ആരുമില്ലെങ്കിലും ശക്തമായി പടപൊരുതുവാൻ അവർ തീരുമാനിക്കുകയായിരുന്നു.

ഗാർഹികമായ നിരവധി സമ്മർദ്ദങ്ങളുടേയും ആരോഗ്യപരമായ പ്രശ്നങ്ങളുടേയും നടുവിൽ നിന്നുകൊണ്ട്, നാലുകൊല്ലത്തെ ഗവേഷണ-പഠനത്തിലൂടെയാണ് നിശ്ശബ്ദ വസന്തം പ്രസിദ്ധീകരിച്ചത്. പുസ്തക പ്രസിദ്ധീകരണത്തിനു മുൻപായി 1962 ജൂണിൽ പുസ്തകത്തിന്റെ ചില ഭാഗങ്ങൾ ന്യൂയോർക്ക് ടൈംസിൽ പ്രസിദ്ധീകരിക്കപ്പെട്ടു. ഇതു കണ്ടമാത്രെ രാസനിർമ്മാണ ലോബിയുടെ ശക്തമായ എതിർപ്പുകൾ വന്നുതുടങ്ങി. ഇതിനു പ്രയോജനം വലുതാണെന്നും, റേച്ചലിനെ കളിയാക്കുകയും പരസ്യമായി പൊതു വേദികളിൽ അവഹേളിക്കുവാനും ചില രാഷ്ട്രീയക്കാർ തയ്യാറായി. ഈ കോളിളക്കത്തിനിടയിൽ 1962 സെപ്തംബറിൽ പുസ്തകം പ്രകാശനം ചെയ്യപ്പെട്ടു. പുസ്തകത്തിന്റെ ഏതാണ്ട് മുഴുവൻ കോപ്പികളും പ്രസിദ്ധീകരണത്തിനു മുൻപുതന്നെ വിറ്റഴിഞ്ഞിരുന്നു.

ഇരുപതാംനൂറ്റാണ്ടിലെ മികച്ച പുസ്തകങ്ങളുടെ പട്ടികയിലും, മികച്ച 25 ശാസ്ത്ര ഗ്രന്ഥങ്ങൾക്കിടയിലും നിശ്ശബ്ദ വസന്തത്തിനു ഇടം നേടിക്കൊടുത്തത് സത്യത്തെ അനാവരണം ചെയ്യുന്നതിൽ റേച്ചൽ കാണിച്ച അസാമാന്യമായ ധൈര്യമാണ്.

കീടനാശിനികളുടെ അമിതോപയോഗം സൃഷ്ടിക്കുന്ന ജീവശാസ്ത്രപരമായ വിപുലീകരണങ്ങൾ, പാരിസ്ഥിതിക ആഘാതങ്ങൾ എന്നിങ്ങനെയുള്ള സത്യങ്ങൾ സാധാരണക്കാർക്ക് ഗ്രഹിക്കാൻ പാകത്തിൽ റേച്ചൽ തന്റെ പുസ്തകത്തിൽ അവതരിപ്പിച്ചു. കീടനാശിനികൾ പൂർണമായും നിരോധിക്കണമെന്ന് ഒരിടത്തും അവർ ആവശ്യപ്പെട്ടിട്ടില്ല. അതിന്റെ ഉപയോഗം വിവേചന പൂർണ്ണമാകണമെന്ന് നിർദ്ദേശിക്കുക മാത്രമേ അവർ ചെയ്തിട്ടുള്ളൂ.

ഇന്നത്തെ പ്രസക്തി

കേരളത്തിനും ഒരു പാഠം ഉൾക്കൊള്ളാൻ ഈ ഗ്രന്ഥം സഹായിക്കും. കാസർകോഡ് ജില്ലയിലെ എൻമകജെ എന്ന പഞ്ചായത്തിലെ കശുവണ്ടിതോട്ടങ്ങളിൽ 1976 മുതൽ 24 കൊല്ലക്കാലം പ്ലാന്റേഷൻ കോർപ്പറേഷൻ ഓഫ് കേരള മുൻകരുതലുകളെടുക്കാതെ എൻഡോസൾഫോൻ എന്ന രാസ വിഷം ഹെലികോപ്ടറിൽ വന്ന് അന്തരീക്ഷത്തിൽ തളിച്ചു. ഇതേ തുടർന്ന് പ്രദേശത്തെ ജീവിച്ചുപോന്ന നിരവധി ജനങ്ങൾക്ക് ആരോഗ്യപരമായും ജനിതകപരമായും പ്രശ്നങ്ങളുണ്ടാക്കി എന്ന് ഇന്ന് നമുക്ക് മനസ്സിലാകും.

1979 ഓടുകൂടി ഇതിന്റെ പ്രത്യാഘാതങ്ങൾ കണ്ടുതുടങ്ങിയതാണ്. ഒറ്റപ്പെട്ട ഇടപെടലുകൾ ഉയർന്നുവെങ്കിലും ആരും ഗൗനിച്ചില്ല. കേരളത്തിൽ വളരെ വൈകിയാണെങ്കിലും 2012ൽ എൻഡോസൾഫോൻ തളിക്കുന്ന നടപടിക്ക് നിരോധനം ഏർപ്പെടുത്തി. ഇപ്പോഴും ഇരയായവർക്ക് നഷ്ടപരിഹാരം പൂർണമായും നൽകിയിട്ടില്ല. ഭൂമിയിലെ ജൈവവൈവിദ്ധ്യശൃംഖലയിലെ ഒരു കണ്ണിമാത്രമാണ് മനുഷ്യനെന്ന സത്യം വിസ്മരിച്ചുകൊണ്ട് സ്വാർത്ഥമായ താത്പര്യങ്ങൾക്കായി പരിസ്ഥിതിയെ തകിടം മറിക്കുന്ന പ്രവർത്തനങ്ങൾ മനുഷ്യന്റെ തന്നെ വിനാശത്തിലേക്ക് വഴി തെളിക്കും എന്ന് അവർ ഓർമ്മിപ്പിക്കുന്നു. ജനപക്ഷത്തുനിന്നുമുള്ള പോരാട്ടങ്ങൾക്ക് ഏറെ പ്രസക്തി ഇന്നുണ്ടെന്ന് അരനൂറ്റാണ്ടിനു മുൻപ് റെയ്ച്ചൽ കാൾസൺ ചെയ്തുകാണിച്ചുതന്നു.

ഡോ. എസ്. ശ്രീകുമാർ
ഭൗമ-പരിസ്ഥിതി വകുപ്പ്



മുഴങ്ങുന്ന വിപ്ലവത്തിന്റെ ശബ്ദം

കാലവും അറിവും മാറും തോറും നമ്മൾ മനസ്സിൽ നിർമ്മിച്ചെടുത്തിട്ടുള്ള പല സങ്കൽപ്പങ്ങളും മാറി മറിയും. ഇത്തരത്തിൽ പല മാറ്റങ്ങളും മനുഷ്യനുണ്ടാകാറുണ്ട്. ഈയിടെയായി വിദ്യാർത്ഥിതല മുറിയിൽ ഉണ്ടാകുന്ന മാറ്റമാണ് ഗാന്ധിജിയിൽ നിന്ന് ഭഗത്സിങ്ങിലേക്കുണ്ടാകുന്ന ബഹുമാനത്തിന്റെ മാറ്റം.

മുതലാളിത്തത്തോട് ആഭിമുഖ്യമുള്ള ഒരു ഭരണത്തിന്റെ സ്വാധീനംകൊണ്ടാകണം, നമ്മുടെ വിദ്യാഭ്യാസ സംവിധാനം ചരിത്രം രചിച്ചിരിക്കുന്നത് ഇന്ത്യൻ നാഷണൽ കോൺഗ്രസിന്റെ പക്ഷം ചേർന്നാണ്. അതുകൊണ്ട് തന്നെ ചരിത്രം രചിച്ചവന്റെ പക്ഷം ചേർന്നേ പലപ്പോഴും അത് വായിക്കപ്പെട്ടിട്ടുള്ളൂ. ഐ.എൻ.സിയുടെ ചേരിയിലില്ലാത്ത സമരങ്ങളും.

പോരാട്ടങ്ങളും പലപ്പോഴും തള്ളപ്പെട്ടു. ചരിത്രത്തിന്റെ ചവറ്റുകൊട്ടയിൽ നിന്ന് അവയെല്ലാം വ്യത്തിയാക്കി വേർതിരിക്കാനായില്ലെങ്കിലും ചിലതെല്ലാം ആരൊക്കെയോ, റീസൈക്കിൾ ചെയ്തെടുത്തു.

അക്കൂട്ടത്തിൽ പെടുന്നതാണ് ഷഹീദ് ഭഗത്സിങ്ങിന്റെ ജീവിതവും, എന്നാണ് ഞാൻ മനസിലാക്കിയിട്ടുള്ളത്, ചോര പുരണ്ട ഒരു പിടി മണ്ണ് നെഞ്ചോട് ചേർത്ത് പ്രതിജ്ഞ ചെയ്ത ഒരു ബാലന്റെ കഥയായി മാത്രം, നമ്മുടെ വിദ്യാഭ്യാസ സംവിധാനത്തിൽ ഭഗത് സിംഗ് ഒതുങ്ങിയിരിക്കുന്നു. ഏറ്റവും കൂടിയത് കോടതിയിൽ ബോംബോറ് നടത്തി പിടിയിലാക്കുകയും തൂക്കിലേറ്റപ്പെടുകയും ചെയ്ത സ്വാതന്ത്രസമരസേനാനി ഇത്രയും അദ്ദേഹം പലപ്പോഴും ഒതുക്കപ്പെട്ടു.

അടുത്തിടെ എന്റെ ഒരു സുഹൃത്തിൽ നിന്നാണ് ഭഗത് സിങ്ങിനെപ്പറ്റി കുറെകൂടി എനിക്ക് മനസിലാക്കാനായത്, 'നിങ്ങൾ എന്നെ നിരീശ്വരവാദിയാക്കി' എന്ന അദ്ദേഹത്തിന്റെ ഒരു പുസ്തകവും ഞാൻ വായിക്കുകയുണ്ടായി. ഭാരതത്തിലെ പ്രമുഖമായ മതങ്ങളോടെല്ലാം, ഉത്തരം മുട്ടിക്കുന്ന ചോദ്യങ്ങളുടെ ശരങ്ങൾ അദ്ദേഹം പ്രസ്തുത പുസ്തകത്തിൽ ഉദ്ദരിക്കുന്നുണ്ട്.

ഇന്ത്യയുടെ രാഷ്ട്രപിതാവ് എന്ന് വിളിക്കപ്പെടാൻ ഗാന്ധിജിക്കുള്ള യോഗ്യത അദ്ദേഹത്തിന്റെ സമരരീതികൾ മാത്രമായിരിക്കണം.

നമ്മളെല്ലാം ആകൃഷ്ടരായപോലെ സർദാർ ഭഗത് സിങ്ങും ഗാന്ധിയൻ സമരരീതികളിൽ വളരെയധികം ആകൃഷ്ടനായിരുന്നു എന്നതാണ് വസ്തുത. നിസ്സഹകരണ പ്രസ്ഥാനവുമായി ബന്ധപ്പെട്ട് ആവേശത്തോടെ പ്രവർത്തിച്ച കുഞ്ഞു ഭഗതിന്റെ കഥ ശ്രദ്ധനേടേണ്ടതാണ്.

സ്വാതന്ത്ര്യം നേടാൻ രാജ്യത്തിന് പകയല്ല എന്ന ന്യായവുമായി സമരരീതി പിൻവലിച്ചത് ഭഗതിന് ആഘാതമായി

പിന്നീട് ഭഗത് സിങിന് നേരിന്റെ വഴി തെളിയുകയായിരുന്നു. അറിവിന്റെ ഗ്രന്ഥങ്ങൾ വായനക്കുവിധേയമാക്കിയ ഭഗത് സിംങ് കണ്ടത് മാർക്സിയൻ ചിന്തകളായിരുന്നു. ഇടതുപക്ഷ ചിന്താഗതികളോട് അദ്ദേഹം പ്രകടിപ്പിച്ച ആഭിമുഖ്യം പട്ടിണികിടക്കുന്നവന്റെയും പാവപ്പെട്ടവന്റെയും പക്ഷം ചേർന്ന് നിൽക്കുവാൻ അദ്ദേഹത്തെ പ്രാപ്തനാക്കി.

ഇന്ന് ഇദ്ദേഹത്തിന് വേണ്ടി അവകാശവാദം മുന്നയിക്കാൻ രാഷ്ട്രീയ പ്രസ്ഥാനങ്ങൾ ഏറെയുണ്ട്. കപട ഇടതുപക്ഷ വാദികളും കാക്കിയിട്ട വർഗീയ വാദികളും വരെ ഭഗത് സിംങിനെ തങ്ങളുടെ നേതാവായി കണക്കാക്കുന്നു. ഇന്ന് നിലനിൽക്കുന്ന ഒരു പ്രസ്ഥാനത്തിനും സർദാർ ഭഗത്സിങ്ങിന്റെ അവകാശ വാദം ഉന്നയിക്കാൻ കഴിയില്ല. ഇന്ത്യയിൽ വന്ന് ഇവിടുത്തെ ഭരണ ഏറ്റെടുത്ത് ഇവിടുത്തെ ജനങ്ങളെ മർദ്ദിച്ചിരുന്ന വെള്ളക്കാരനെ അദ്ദേഹം വെറുത്തു. നമ്മെ ഇഷ്ടപ്പെട്ട വെള്ളക്കാരനെ അദ്ദേഹം ഇഷ്ടപ്പെട്ടു

ലാലാലജ്പത്റോയിയുടെ മരണത്തിന് കാരണക്കാരനായ സോണ്ടേഴ്സ് എന്ന പോലീസിന്റെ മരണമാണ് ഭഗത് സിങ്ങും കൂട്ടരും ചെയ്തെന്നു പറയുന്ന ഹിംസ. ഒരു കരണത്തെ തല്ലിയാൽ മറുകരണം കാണിച്ചുകൊടുക്കാൻ ആവശ്യപ്പെടുന്നത് ബൈബിളാണ്. മാന്ത്രികതയും അതിശയോക്തിയും നിറഞ്ഞ ബൈബിളിൽ പറയുന്ന കാര്യങ്ങൾ പ്രവാചകൻമാർക്കും യേശുക്രിസ്തുവിനും ദൈവങ്ങൾക്കും വിധിച്ചതാണ്.

ഭഗത് സിങ് മനുഷ്യനായിരുന്നു. വേദനയുള്ള

സിരയിൽ രക്തമുള്ള മനുഷ്യൻ....

ലാലാ ലജ്പത് റായിയുടെ മരണത്തിന് ഭഗത് സിങ്ങിന്റെ ഹിന്ദുസ്ഥാൻ സോഷ്യലിസ്റ്റ് റിപ്പബ്ലിക്കൽ ആർമി പ്രതികാരം ചെയ്തു. മാർക്സിയൻ വിപ്ലവകാരിയും സോഷ്യലിസ്റ്റ് നേതാവുമായിരുന്ന ഭഗത് സിങ്ങിന്റെ മനസ്സിൽ മാതൃഭൂമിയിലെ വിപ്ലവം ജ്വലിക്കുവാൻ മണ്ണിന് വേണ്ടി താൻ മരിക്കണം എന്നായിരുന്നു.

ലാഹോർ ഗൂഢാലോചനക്കേസിൽ അറസ്റ്റ് ചെയ്തുവരിച്ച ഭഗത് സിങിനെ തന്റെ സഹപ്രവർത്തകരും ധീരവിപ്ലവകാരികളുമായ സുഖദേവിനും രാജഗുരുവിനുമൊപ്പം 1931 മാർച്ച് 23-ാം തിയ്യതി സോണ്ടേഴ്സ് വധക്കേസിൽ തൂക്കിലേറ്റി. ഇത്രയും പറഞ്ഞത് എഴുതപ്പെട്ട ചരിത്രം. ഈ ചരിത്രത്തിനപ്പുറം വേറെ ചിലതും നമ്മൾ കാണേണ്ടതുണ്ട്. ഇന്ത്യിലെ വിദ്യാഭ്യാസ സമ്പ്രദായം നമ്മുടെ നെഞ്ചിൽ മഹാപരിവേഷം നൽകി വാഴ്ത്തിയ ഗാന്ധിജിയും അദ്ദേഹത്തിന്റെ ഇന്ത്യൻ നാഷണൽ കോൾഗ്രസും ഭഗത് സിങിനെയും അദ്ദേഹത്തിന്റെ തീവ്ര ഇടതുപക്ഷ ആഭിമുഖ്യത്തേയും തള്ളിപ്പറഞ്ഞിരുന്നു.

ഇതിനപ്പുറം മറ്റു ചിലതുകൂടി നാം ചിന്തിക്കണം. രാഷ്ട്രീയ തടവുകാരന് അതിനനുസരിച്ചുള്ള സൗകര്യങ്ങൾ നൽകണമെന്നാവശ്യപ്പെട്ട് ഭഗത്സിങും കൂട്ടരും തടവറയിൽ നിരാഹാരസമരം ചെയ്തു. മാന്യമായ ഭക്ഷണത്തിനും വസ്ത്രത്തിനും വേണ്ടി അവർ നയിച്ച, വിഖ്യാതമായ 64 ദിവസം നീണ്ട നിരാഹാര സമരം ചരിത്രത്തിൽ ഇടം നേടിയിട്ടുണ്ട്. സമരം ചെയ്തിരുന്ന വിപ്ലവകാരികളിൽ ജതീന്ദനാഥദാസിന്റെ മരണത്തോടെ തടവറയിലെ പട്ടിണി സമരം രാജ്യമൊട്ടുക്കും വൻ ശ്രദ്ധ പിടിച്ചുപറ്റി. വെള്ളക്കാരന്റെ കിടപ്പറയിൽ പോലും ഭഗത് സിങും അദ്ദേഹത്തിന്റെ മാന്യമായ സമരരീതിയും ചർച്ചാവിഷയമായി. ഇതോടെ സർദ്ദാർ ഭഗത്സിംഗ് ഇന്ത്യയിലെ ജനകീയ വിപ്ലവകാരിയായി മാറി. 1931 മാർച്ച് 24നാണ് ഭഗത് സിങിനെയും കൂട്ടരെയും വധശിക്ഷക്ക് വിധിച്ചിരുന്നതെങ്കിലും ജനരോഷം ഭയന്ന്, ശിക്ഷ ഒരു ദിവസം നേരത്തെ, അതീവ രഹസ്യമായി നടപ്പാക്കുകയായിരുന്നു. കണ്ണ് ഈറനണിയിച്ച ഈ ചരിത്രം കേട്ടപ്പോൾ ഗാന്ധിജിയോടുള്ള ബഹുമാനം ഇടിയുകയായിരുന്നു. കാരണ ചരിത്രത്തിലൂടെ ഞാൻ അറിയാതെ തന്നെ ഇഷ്ടപ്പെട്ടുപോയ ഈ വിപ്ലവകാരിയുടെ ജീവൻ ഗാന്ധിജി അല്പം നിർബന്ധം പിടിച്ചിരുന്നെങ്കിൽ രക്ഷപ്പെടുമായിരുന്നു. 1931 ഫെബ്രുവരിയിൽ നടന്ന ഗാന്ധി ഇർവിൻ സംഭാഷണത്തിൽ അദ്ദേഹം വധശിക്ഷ ഒഴിവാക്കാനാവശ്യപ്പെടുന്നതിനു പകരം നീട്ടിവെക്കാനാണ് ആവശ്യപ്പെട്ടത്.

ഭഗത് സിങിന്റെ ആദർശത്തെയും വിപ്ലവത്തെയുമല്ല മറിച്ച് അദ്ദേഹത്തിന്റെ ജനകീയതയെയാണ് കോൺഗ്രസ് ഭയപ്പെട്ടത് എന്നു വേണം കരുതാൻ, മരണത്തോടുള്ള ഭയമില്ലായ്മയെയും ധീരതയെയും ഞങ്ങൾ ആദരിക്കുന്നു എങ്കിലും അദ്ദേഹത്തിന്റെ ഹിംസ ഉൾക്കൊള്ളുന്ന സമരം ഞങ്ങൾ വെറുക്കുന്നു എന്നായിരുന്നു കോൺഗ്രസിന്റെ ഭാഷ്യം. എന്നാൽ ഷഹീദ് ഭഗത് സിംഗിന്റെ മരണത്തിന് നാല് വർഷത്തിന് ശേഷം ഇന്റലിജൻ ബ്യൂറോ ഡയറക്ടർ സർ ഹെറേഡ് വിൽസൺ എഴുതിയത് നോക്കുക.

"His photograph (Bagatsingh's) was on sale in every city and township and for a time rivalled in popularity even that of Mr. Gandhi himself."

ഈയൊരറ്റ കാരണംകൊണ്ടാണ് ഭഗത് സിങിന്റെ ശിക്ഷയിലെ ഇളവിന് വേണ്ടി കോൺഗ്രസ് വാദിക്കാതിരുന്നതെന്ന്, ഞങ്ങൾ, ഇന്നത്തെ വിപ്ലവ വിദ്യാർത്ഥികൾ തിരിച്ചറിയുന്നു.

പൊതു സമൂഹത്തോട് ഞങ്ങൾക്ക് പറയുവാനുള്ളത് ഭഗത് സിങ് തീവ്രവാദിയായ കമ്മ്യൂണിസ്റ്റായിരുന്നു എന്നത് കോൺഗ്രസിന്റെ പ്രചരണം മാത്രമായിരുന്നു. അദ്ദേഹം ചെയ്ത ഹിംസ സോണ്ടേഴ്സ് വധം മാത്രമാണ്. രാജ്യദ്രോഹിയായ അജ്മൽ കസബിനെ തൂക്കി കൊന്നതിന് തുല്യമായ ഒന്ന് എന്ന് മനസ്സിലാക്കാവുന്നതേയുള്ളൂ.

അദ്ദേഹം അറസ്റ്റിലായത് പോലും പാർലമെന്റിലെ ഒഴിഞ്ഞ ബെഞ്ചിലേക്ക് ശബ്ദമുണ്ടാക്കുന്ന ബോംബ് എറിഞ്ഞ്കൊണ്ടാണ്. അതാകട്ടെ സാധാരണക്കാരന്റെയും പട്ടിണിപാവങ്ങളുടെയും ജീവിത പ്രശ്നങ്ങൾ അധികാരവർഗത്തിന്റെ കൈകളിലെത്തിക്കാൻ ലഘുലേഖ വിതരണം ചെയ്തുകൊണ്ടും.

ഞങ്ങൾ വിപ്ലവനായകൻ സർദാർ ഭഗത് സിംങിന്റെ പിന്മുറക്കാരാണ്....

ഞങ്ങളുടെ നാവിലുള്ളത് ഇൻകിലാബ് സിന്ദാബാദ് ആണ്.

ലിജേഷ് എൻ.വി.
ജനറൽ സെക്രട്ടറി

Biennale to ബിനാലെ

A journey to the saga of art







'ബിനാലെ എന്ന വാക്ക് ഞാൻ ആദ്യമായി കേൾക്കുന്നത് ഒക്ടോബർ നവംബർ മാസങ്ങളിലെ ദൃശ്യമാധ്യമങ്ങളിലൂടെയാണ്....പിന്നെ വിവാദങ്ങളും അതിനു ശേഷം കുറെ രാഷ്ട്രിയ 'കലാ'പകാരികളുടെ പ്രസ്താവനകളും കൂടിയായപ്പോൾ ബിനാലെ എന്ന വാക്ക് മലയാളിക്കു സുപരിചിതമായ വാക്കായി അങ്ങനെ ഡിസംബർ 12.12.12 ന് ഫോർട്ട് കൊച്ചിയിൽ ഇന്ത്യയിലെ ആദ്യത്തെ ബിനാലെക്ക് തിരിതെളിഞ്ഞു.

ലോകമെമ്പാടുമുള്ള കലാകാരന്മാരുടെ ഒരു സംഗമഭൂമിയായി മാറി നമ്മുടെ കൊച്ചി. 13 വേദികളിലായി ഒട്ടേറെ കലാപ്രതിഭകളുടെ മനോഹരമായ സൃഷ്ടികൾ...എല്ലാം ഒന്നിനൊന്നു മെച്ചം.. വ്യത്യസ്തം. അതിലേറെ മനോഹരം.. എല്ലാ ദിവസവും 'ടൈംസ് ഓഫ് ഇന്ത്യ' ദിനപത്രത്തിൽ ബിനാലെയെക്കുറിച്ചു ഫീച്ചേഴ്സ് വന്നുകൊണ്ടേയിരുന്നു. ഈ വാർത്തകളാകും എന്നെ ബിനാലെ കാണാൻ പ്രേരിപ്പിച്ചത്.

എം.എ ഇക്കണോമിക്സ് പരീക്ഷയുടെ ഡേറ്റ് വരും-മാറും എന്ന സ്ഥിതിയായിരുന്നു ജനുവരി-ഫെബ്രുവരി മാസങ്ങളിൽ അതുമൂലം ബിനാലെ കാണുവാൻ പറ്റുമോ എന്ന ആശങ്കയിലായി. അങ്ങനെ നീണ്ടുപോയ ഫസ്റ്റ് സെമസ്റ്റർ എക്സാം ഫെബ്രുവരി അവസാനയാഴ്ച തുടങ്ങി. എന്നാൽ ഏതോ ഒരു കോളേജിൽ ചോദ്യപ്പേപ്പർ മാറി എന്ന കാരണത്താൽ അവസാനത്തെ പരീക്ഷ രണ്ടാഴ്ചത്തേക്കു നീട്ടി. ഇതറിഞ്ഞ ഉടനെ ക്രൈസ്റ്റ് കോളേജിൽ വച്ചു സുഹൃത്തായ 'പാലാക്കാരൻ ജോയലിനെ വിളിച്ചു 'ടാ, മാർച്ച് 2-ാം തിയ്യതി ബിനാലെക്കു പോകാം'. ആദ്യം ചില ഒഴിവുകൾ അവൻ പറഞ്ഞെങ്കിലും എന്റെ നിർബന്ധത്തിനു വഴങ്ങി അവൻ സിവിൽ എൻജിനീയറിങ്ങ് ക്ലാസ്സ് കട്ട് ചെയ്ത് ഏറ്റുമാനൂരിൽ നിന്നും എറണാകുളത്തേക്ക് വണ്ടികയറി. ഞാൻ ഇരിങ്ങാലക്കുടയിൽ നിന്നും.

സൂപ്പർ ഫാസ്റ്റ് ബസ്സിന്റെ സീറ്റിൽ ഇരുന്നപ്പോൾ തൊട്ടടുത്തിരുന്ന ഒരു മദ്ധ്യവയസ്കൻ Frontline മാഗസിൻ നോക്കുന്നു. അയാൾ നോക്കുന്ന കൂട്ടത്തിൽ Kochi Muziris Binnale യെകുറിച്ച് ഒരു ലേഖനം ഞാൻ കണ്ടു. അയാൾ വായിച്ചു കഴിഞ്ഞതിനു ശേഷം ഉടൻതന്നെ ഞാൻ ആ ലേഖനം വായിച്ചു. അതിലെ മനോഹരമായ ഫോട്ടോഗ്രാഫ് എന്റെ മനസ്സിനെ ബിനാലെ കാണുവാൻ ഉള്ള വ്യഗ്രത കൂട്ടി. ആ ലേഖനം എഴുതിയത് ക്രൈസ്റ്റ് കോളേജിലെ പൂർവ്വ അദ്ധ്യാപകരന്മാരിൽ ഒരാളായ സച്ചിദാനന്ദൻ സാറായിരുന്നു.

അങ്ങനെ ഒട്ടേറെ ട്രാഫിക് ബ്ലോക്കുകൾക്കു ശേഷം മേനക ജംഗ്ഷനിൽ വച്ച് ജോയലിനെയും കൂട്ടി ഫോർട്ട് കൊച്ചി (The Main Venue of Binale) ലേക്ക് യാത്ര തുടർന്നു. ഉച്ചവെയിലിനു കാഠിന്യം കൂടിക്കൂടി വന്നു. എന്നിരുന്നാലും ബിനാലെയിലെ കാഴ്ചകൾ ഞങ്ങളുടെ മനസ്സിനെ ശക്തിപ്പെടുത്തി. പോകും വഴി ഒട്ടേറെ കാഴ്ചകൾ ഞങ്ങളുടെ നേത്രങ്ങൾക്കും മനസ്സിനും കുളിർമ നൽകി. ഒട്ടേറെ പുതിയ സിനിമ പോസ്റ്റേഴ്സ്, കായൽ ഫോറിൻ ടൂറിസ്റ്റ്സ്, ഷോപ്പിങ്ങ് മാൾസ്, കൂടെ ഇന്ത്യയിലെ 'Marine Geophysicst' കളെ വാർത്തെടുക്കുന്ന കുസാറ്റിന്റെ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് മറൈൻ ജിയോഫിസിക്സും ആ കാഴ്ചകൾ മനസ്സിൽ പൊടിപറ്റിയ സ്വീറ്റ് ഓർമ്മകളെ ചികഞ്ഞെടുത്തു. ഫോർട്ട് കൊ എത്തും മുൻപു തന്നെ ബിനാലെയിലെ പ ആർട്ടിസ്റ്റുകളുടെയും ഫ്ളക്സ് ബോർഡുകൾ ഇലക്ട്രി പോസ്റ്റുകളിൽ കാണുവാൻ സാധിച്ചു. ഏതാന മിനിട്ടുകൾക്കകം ഞങ്ങൾ ബിനാലെയുടെ പ്രധാ വേദിയായ Aspin Wall House ൽ എത്തി. അവി കോളേജിലെ ഐഡികാർഡ് കാണിച്ച് രണ്ട് ടിക്ക എടുത്തു. ബിനാലെയിലെ ആദ്യത്തെ കലാ സൃഷ്ടി മുൻപിൽ എത്തി. 'കളം'-കേരളീയ പഴമ വിളിച്ചോതു ഒരു നാടൻ കലാ സൃഷ്ടി. അവ തീർത്തും പ്രകൃ വിഭവങ്ങൾകൊണ്ട് വരച്ചിരിക്കുന്നത്. Terra Art Tea ആണ് ഇത് നിർമ്മിച്ചത്.

ഈ ലേഖനത്തിൽ ബിനാലെയിലെ ചി ആകർഷകമായ കലാ സൃഷ്ടികൾ മാത്രമേ ഞാ ഉൾക്കൊള്ളിക്കുന്നുള്ളു. എല്ലാം കൂടി എഴുതുവാ തുടങ്ങിയാൽ മിനിമം 10 പേജ് വരും അതുകൊണ്ട് ചി സൃഷ്ടികൾ. So lets start our journey.

കളം കണ്ടതിനുശേഷം Aspin Wall

Kochi Muziris Biennale 2012

ആദ്യത്തെ സൃഷ്ടിക്കുമുന്നിൽ - ഒരു ഇരുണ്ട മുറിയിൽ കേറി ഏതാനും നിമിഷം കഴിയുമ്പോൾ ഭും, ഭും...എന്നു എക്കോ 'Done & Dusted' എന്ന സൃഷ്ടിയായിരുന്നു അത്. വലിയ സ്പീക്കറിന് ഒപ്പം കറുത്ത നിറത്തിലുള്ള വലിയ ഡ്രംസ് സൂക്കിയിട്ടിരിക്കുന്നു. ആദ്യം ആ ഒച്ച കേൾക്കുമ്പോൾ നമുക്ക് ചെറുതായിട്ട് ഒന്ന് നെഞ്ചിടിക്കുമെങ്കിലും പിന്നീട് അത് പമ്പകടക്കും. ജസ്റ്റിൻ പൊൻമണി എന്ന കലാകരന്റെ ഒരു സൃഷ്ടി archaeology യുടേയും മിത്തോളജിയുടേയും സംഗമം എന്നാണ് കലാകാരൻ അതിനെ വിശേഷിപ്പിച്ചിരിക്കുന്നത്.

ആ ഇരുണ്ട മുറിയിൽ നിന്നും ഇറങ്ങി അടുത്ത സൃഷ്ടിക്കുമുന്നിൽ വിവേക് വിലാസിനി എന്ന കലാകാരന്റെ ഗ്രേസെമിൽ വിരിഞ്ഞ അത്ഭുതാ വഹമായ ചിത്രങ്ങൾ ഗാന്ധിജി, മദർതെരേസ, ലെനിൻ, ചെ...തുടങ്ങിയവരുടെ 3ഡി ചിത്രങ്ങൾ, ഒപ്പം തന്നെ "Last Supper Gaza". എന്റെ മനസ്സിൽ ഇപ്പോഴും തങ്ങി നിൽക്കുന്ന ഒരു ചിത്രമാണത്; കാരണം ഡാവിഞ്ചിയുടെ 'അന്ത്യത്താഴം' എന്ന ചിത്രത്തിനു ഒരു പുതിയ ഭാവം നൽകി ചിത്രകാരൻ ഇവിടെ. പർദ്ദയിട്ട മുസ്ലീം സ്ത്രീകൾ യേശുവിനെയും 12 ശിഷ്യൻമാരെയും പ്രതിനിധാനം ചെയ്തു. അപ്പോൾ ഒരു കാര്യം മനസ്സിൽ മിന്നിമറഞ്ഞു "What an idea Sirji" കാരണം 'ക്രിസ്തുവിന്റെ അന്ത്യഅത്താഴം' എന്ന ചിത്രത്തിന് ഇതുപോലെ ഒരു പരിണാമം നൽകുവാൻ പറ്റും എന്നു ഡാവിഞ്ചിപോലും വിചാരിച്ചിട്ടുണ്ടാവില്ല....

ഏതാനും ചില Art works കണ്ടതിനു ശേഷം അടുത്തതായി ഞങ്ങൾ പോയത് ഒരു മുറിയിലേക്കാണ്. 'Keep your footwear out' എന്നൊരു ബോർഡ് റൂമിനു വെളിയിൽ ഷൂസ് പുറത്തിവച്ചിട്ട് റൂമിനുള്ളിൽ പ്രവേശിച്ചു. ഉടനെ ചെറിയ ഒരു സൗണ്ട് എവിടുന്നാണ് വന്നത് എന്ന് തിരയാൻ വേണ്ടി അവിടെ തൂക്കിയിട്ടിരുന്ന ഒരു കുപ്പിയിൽ തൊട്ടപ്പോൾ മനോഹരമായ ശബ്ദം. അങ്ങനെ ആ മുറിക്കുള്ളിലെ ഓരോ വസ്തുക്കളെയും തൊടുമ്പോൾ പല തരത്തിലുള്ള ശബ്ദങ്ങൾ. എല്ലാം വ്യത്യസ്തമായത് ഇതുപോലുള്ള ഒരു സൃഷ്ടി ഇതിനു മുമ്പൊരിക്കലും ഞങ്ങൾ കേട്ടിട്ടില്ല. "സൗണ്ട് ട്രാക്ക് കൊച്ചി" എന്നാണ് ഈ സൃഷ്ടിയുടെ പേര്. ഇതിന്റെ നിർമ്മാതാവ് Dylon Mastorelli എന്ന ഇറ്റലിക്കാരനും. നേരം കളയാതെ ഞങ്ങൾ അടുത്ത കലാസൃഷ്ടി തേടി യാത്ര തുടങ്ങി.

നടക്കുന്ന വഴിക്ക് ഒട്ടേറെ ചിത്രങ്ങളും ശിൽപങ്ങളും പോകുന്ന വഴി മനോഹരമാക്കി. അന്യനാട്ടിൽ നിന്നുള്ള ഒട്ടേറെ വിദേശ സഞ്ചാരികളെയും ഞങ്ങൾ കണ്ടു. ചിലർ തങ്ങളുടെ ക്യാമറകൊണ്ട് ഓരോ ശിൽപത്തിന്റെയും മനോഹരങ്ങളായ ചിത്രങ്ങൾ പകർത്തുമ്പോൾ മറ്റു ചിലർ കലകളെയും അവയുടെ ഭാവിയെകുറിച്ചും, ചിത്രകാരന്മാരുമായി ചർച്ച നടത്തുന്നു. മറ്റു ചിലർ വെറുതെ അവിടെയും ഇവിടെയും നോക്കി അലസമായി നിന്നു സമയം കളയുന്നു.

നേരം 1 മണിയായി....രാവിലെ ഒന്നും തന്നെ ആമാശയത്തെ സ്വാന്തനിപ്പിക്കാൻ ചെന്നിട്ടില്ല. വിശപ്പിന്റെ കാഠിന്യം ഏറിവന്നു. അപ്പോൾ ഞാൻ ജോയലിനോട് പറഞ്ഞു..."ടാ വിശപ്പ് എല്ലാ ദിവസവും വരും but binale വരില്ലല്ലോ...." ഇതുകേട്ട് അവന് അരിശം വന്നെങ്കിലും അത് ഉള്ളിലൊതുക്കി ഞങ്ങൾ ഷീല ഗൗഡയുടേയും ക്രിസ്റ്റഫർ സ്റ്റേർസിന്റെയും കലാസൃഷികളുടെ മുൻപിലെത്തി. അവ നോക്കുമ്പോഴോ...? കായലിലേക്ക് ചെല്ലുംവിധം പല രീതിയിലും വലുപ്പത്തിലും ഒതുക്കി വച്ചിരിക്കുന്ന ഉരലുകൾ...ഞാൻ വിചാരിച്ചു ഇതെന്തു കൂത്ത്..കുറെ ഉരലുകൾ അവിടെയും ഇവിടെയും എന്താണോ ആവോ...ഒന്നും മനസ്സിലാകാതെ ഞങ്ങൾ നടന്നു പോകും വഴി കായലിനോട് ചേർന്നുള്ള ആസ്പിൻ വാളിന്റെ മതിലിനോട് ചേർന്ന് ഒരു കൊളാറ്ററൽ കൊച്ചി കായലിൽ മുങ്ങിമരിച്ച മീൻപിടുത്തക്കാരെ അനുസ്മരിക്കുന്നതിനായി ബിനാലെ വളണ്ടിയേഴ്സ് ഉണ്ടാക്കിയതാണത്. അതിന്റെ പ്രത്യേകത എന്തെന്നു വെച്ചാൽ ആ കൊളാറ്ററൽ വെള്ളത്തിൽ പൊങ്ങി കിടക്കുന്നതായിരുന്നു.

അന്നന്നുവേണ്ട ആഹാരത്തിനായുള്ള ഓട്ടത്തിൽ അറിയാതെ കാൽ തെറ്റി വീണ അദ്ധ്വാനശീലരായ തൊഴിലാളികളെയും അനുസ്മരിച്ച് ഞങ്ങൾ അടുത്ത കലാസൃഷ്ടിയുടെ വേദിയിലേക്ക്.

പോരും വഴി പിന്നെയും പല വേദികൾ അവയിൽ ഭൂരിഭാഗവും പല ജീവിത മൂല്യങ്ങളെയും ഉയർത്തിപ്പിടിക്കുന്ന നിശബ്ദ ചിത്രങ്ങൾ പ്രദർശിപ്പിക്കുന്നു. അതിൽ ഞങ്ങളെ ഏറ്റവും കൂടുതൽ ആകർഷിച്ചത് ക്യാപ്പിറ്റലിസത്തിന്റെ തകർച്ചയെ കാണിക്കുന്ന ചിത്രമായിരുന്നു. ആദ്യം എനിക്കതു മനസ്സിലായില്ലെങ്കിലും ജോയൽ അതിന്റെ തീം വിശദീകരിച്ചപ്പോൾ എനിക്ക് അതെന്താണെന്ന് മനസ്സിലായി.

അടുത്തതായി ഞങ്ങളെ വളരെയധികം ആകർഷിച്ചത് സുബോദ് ഗുപ്ത എന്ന കാലകാരന്റെ സൃഷ്ടിയായിരുന്നു. ഒരു സാധാരണ വഞ്ചി. അതിൽ ഒരു വീട്ടിലേക്ക് ആവശ്യമായ എല്ലാ സാധനങ്ങളും നിറച്ചു വച്ചിരിക്കുന്നു. ടി.വി, സൈക്കിൾ, പാത്രങ്ങൾ തുടങ്ങി ഒരു വീട്ടിൽ ഉപയോഗിക്കുന്നവയെല്ലാം. നമ്മുടെ ജീവിതയാത്രയെ ഒരു വഞ്ചിയോട് ഉപമിക്കുകയാണ് കലാകാരൻ ഇവിടെ ചെയ്തിരിക്കുന്നത്. അതിനു ശേഷം ഞങ്ങൾ കണ്ടത് തലൂർ എൽ.എൻ എന്ന കലാകാരൻ നിർമ്മിച്ച പായ് വഞ്ചിയും ഒരു കപ്പലുമാണ്. കേരളത്തിൽ നിന്നുള്ള സുഗന്ധവ്യജ്ഞനങ്ങളുടെ കയറ്റുമതിയെ സൂചിപ്പിക്കുന്നതായിരുന്നു ആ കപ്പൽ വലിയ കണ്ടൈനറുകളിൽ ജാതി, ഇഞ്ചി, മഞ്ഞൾ, ചന്ദനം, ഏലയ്ക്ക തുടങ്ങിയവയുടെ കയറ്റുമതി സൂചിപ്പിക്കുന്നതായിരുന്നു അത്.

അവിടുന്ന് ഞങ്ങൾ പോയത് Atul Dodiya യുടെ Celebrate in Laboratory എന്ന ചിത്രത്തിന്റെ പ്രദർശനം കാണുവാനാണ് ഇന്ത്യയുടെ Modern and Comtemperory Style of Art രൂപം നൽകിയവരുടെ ചിത്രങ്ങളായിരുന്നവയിൽ ഭൂരിഭാഗവും Vincent Vangogh, Mother Teresa, Wild Life Fmour Quotat" തുടങ്ങിയ ചിത്രങ്ങളും അവയിൽ ഉൾപ്പെടുത്തി ഒരു സെലിബ്രേഷൻ തന്നെയാണ് ഡോഡിയ അവിടെ ഒരുക്കിയിരുന്നത്.

കുറെ ഒന്നും മനസ്സിലാവാത്ത നിശബ്ദ ചിത്രങ്ങളും കലാസൃഷ്ടികളും കണ്ട് ആസ്പിൻ വാളിന്റെ അവസാനത്തെ 2 സൃഷ്ടിക്കു മുന്നിൽ എത്തി.

ഒന്നാമത്തേത് ശ്രീനിവാസ പ്രസാദിന്റെ 'Elase' എന്ന വർക്കായിരുന്നു. രണ്ടു തെങ്ങുകൾക്കിടയിൽ ബാംബൂ ബുഷുകൾകൊണ്ടുണ്ടാക്കിയ ഒരു വലിയ കൊക്കൂൺ. കൊക്കൂണിന്റെ വായ തുറന്നിരിക്കുന്നു. സന്ദർശകർക്ക് "താഴെ കൂട്ടിയിട്ടിരിക്കുന്ന ചാക്കു കെട്ടുകൾക്കുമീതെ നടന്നുകൊണ്ട് കൊക്കൂണിന്റെ അടുത്തു ചെല്ലാം. അവിടെ ചെന്ന് നമ്മുടെ പരാതികളും വിഷമങ്ങളും വായുവിലേക്ക്/ലോകത്തോട് പറയാം...." എന്നാണ് ബിനാലെയിലെ ഒരു വളണ്ടിയർ ഈ കലാസൃഷ്ടിയെക്കുറിച്ച് ഞങ്ങളോട് പറഞ്ഞത്.

Kochi Muziris Biennale 2012

എന്തൊരു വിചിത്രമായ സങ്കൽപം!

രണ്ടാമതായി ഞങ്ങൾ കണ്ടത് ബിനാലെയുടെ സംഘാടകരായ ബോസ് കൃഷ്ണമാചാരിയും റിയാസ് കോമു വും ചേർന്ന് പെയിന്റ് ചെയ്ത ടാടാ നാനോ കാറാണ്. കണ്ടാൽ ഒരു ഫ്രീക് ലുക്ക്. ആദ്യമായിട്ടാണ് ഇത്ര അടിപൊളി നാനോകാർ കാണുന്നത്.

സമയം 3 മണി വിശപ്പും തലവേദനയും ഞങ്ങളെ പിടിച്ചു കുലുക്കി.... ആസ്പിൻ വാളിന്റെ മുന്നിൽ കണ്ട ചായക്കടയിൽ നിന്നു ലഘുഭക്ഷണം കഴിച്ചു. അതിനു ശേഷം ഞാൻ ചോദിച്ചു "ടാ പെപ്പർ ഹൗസ് കാണാൻ പോയാലോ?"

ഇതുകേട്ട പാടെ അവൻ പറഞ്ഞു "5.30 ആകുമ്പോൾ വീട്ടിൽ കേറണം...ഞാനെ കോളേജിലേക്കാ പോന്നതി...മനസ്സിലായോ.." ഓ OK. OK . അങ്ങനെ അന്നത്തെ യാത്ര ഞങ്ങൾ അവസാനിപ്പിച്ചു. ഗുഡ്ബൈ പറഞ്ഞു..... മി ടു ഇരിങ്ങാലക്കുട ജോയൽ ടു കോട്ടയം ബസ്സിൽ ഇരുന്നപ്പോൾ എന്റെ മനസ്സിൽ എന്നാകും ബാക്കിയുള്ള Venues കാണുവാൻ പറ്റുക എന്നായിരുന്നു. 13.03.2012 അവസാനിക്കുകയും ചെയ്യും... പരീക്ഷയും വരും ദൈവമേ ഒന്നു സഹായിക്കണേ.....

പാർട്ട് 2

10.3.2012 ൽ പത്രത്തിൽ വന്ന വാർത്ത ബിനാലെ 17.03.2012 വരെ എക്സ്റ്റന്റ് ചെയ്തിരിക്കുന്നു എക്സാം 15ന് അവസാനിക്കും. Done 16ന് പോയി പറ്റാവുന്ന എല്ലാ Venues ലും പറ്റുമെങ്കിൽ ബോസ് കൃഷ്ണ മാച്ചേരി ആന്റ് റിയാസ് കൊമു നെയും കണ്ട് ഒരു ഷേയ്ക്ക്ഹാന്റ് കൊടുക്കണം. ഇതുപോലെ ഒരു പരിപാടി നമ്മുടെ നാട്ടിൽ സംഘടിപ്പിച്ചതിന്.

16-ാം തിയ്യതിയിലെ യാത്രക്ക് ഞാൻ മാത്രമേ ഉണ്ടായിരുന്നുള്ളൂ. ജോയലിന് ബിനാലെ മടുത്തിരുന്നു. എറണാകുളം സൗത്ത് റെയിൽവേ സ്റ്റേഷനിൽ നിന്നും ഞാൻ ആദ്യം പോയത് ദർബാർ ഹാളിലേക്കാണ്. അവിടെ ഫോട്ടോ പ്രദർശനമായിരുന്നു (As part of Binale) ലോകത്തിന്റെ പല ഭാഗങ്ങളിലെ ദൃശ്യമനോഹരങ്ങളായ കാഴ്ചകൾ ഒപ്പിയെടുത്ത് ഫ്രയിമിൽ ഒതുക്കിയ ഫോട്ടോഗ്രാഫർമാർക്കു സലാം പറഞ്ഞുകൊണ്ട് ആദ്യത്തെ എന്റെ ടാസ്ക് പൂർത്തിയായി. അടുത്തത് ഞാൻ പോയത് ഫോർട്ട്കൊച്ചിക്കാണ്. അവിടെയാണ് Islamic Violins ഉള്ളത് @ Pepper House.

Satchidanandan സാറിന്റെ ലേഖനത്തിൽ എന്നെ ഏറ്റവും കൂടുതൽ ആകർഷിച്ച കലാസൃഷ്ടി.

Aspin Wall ലെ ബിനാലെ ഓഫീസിൽ നിന്നും റൂട്ട് മാപ്പ് വാങ്ങി.... അവിടെ നിന്നും 0.7 കിലോ മീറ്റർ to Pepper House. വെയിൽ കത്തി നിൽക്കുന്നു തലയിൽ ഒരു ടവൽ കെട്ടി ഞാൻ പെപ്പർ ഹൗസിലേക്ക് നടന്നു. 'അതിവേഗം ബഹുദൂരം' ...മിനിട്ടുകൾക്കുള്ളിൽ പ്രവേശനകവാടത്തിന്റെ മുന്നിൽ എത്തി. ചെക്കിങ്ങ് കഴിഞ്ഞ് അകത്തു കയറിയപ്പോൾ പെപ്പർ ഹൗസിന്റെ നടുമുറ്റത്ത് ആകാശംതൊട്ട് ഉയർന്നു നിൽക്കുന്ന ഒരു 'Harpoon' Alex Mathew എന്ന കലാകാരൻ 'Untitled' എന്ന പേരും അതിനു നൽകിയിരുന്നു. എന്തിനാണ്, ഇങ്ങനെ ഒരു പേര് ഈ സൃഷ്ടിക്കു നൽകിയത് എന്ന് ബിനാലെ വളണ്ടിയേഴ്സിനോട് ചോദിച്ചപ്പോൾ ആ പയ്യന് അറിയില്ല.....എന്നാണ് എനിക്ക് ലഭിച്ച മറുപടി.

പോകും വഴി കുറെ പെയ്ന്റിംഗ്സ്, മരത്തിൽ കൊത്തിവച്ച മഹാന്മാരുടെ ശിൽപങ്ങൾ, കൂടെ സാധാരണക്കാരന് ഒട്ടും പിടികിട്ടാത്ത കുറെ കലാസൃഷ്ടിക്കുമുന്നിൽ എത്തി വെള്ള പെയിന്റ് പുശിയ 30 Violins arranged in a straightline order ശരിക്കും ഒരു നയന മനോഹരമായ കാഴ്ചയായിരുന്നു അത്.

ഇബ്രാഹിം ഖുറേഷി എന്ന ടർക്കിക്കാരന്റെ കരവിരുതാണ് ഇസ്ലാമിക് വയലിൻസ് 1960ൽ രൂപംകൊണ്ട Flexus movement ന്റെ സ്മരണയ്ക്കായിട്ടാണ് ഖുറേഷി വയലിൻ നിർമിച്ചിരിക്കുന്നത്.

അതിനുശേഷം പെപ്പർ ഹൗസിന് ഗുഡ്ബൈ പറഞ്ഞ് അടുത്ത വെന്യൂ വിലേക്ക് ഞാൻ നടന്നു. ഫോർട്ട് കൊച്ചി ബീച്ചിലേക്ക് പോകും വഴി മതിലുകളിൽ മനുഷ്യരുടെ ചരായ ചിത്രങ്ങൾ വളരെ മനോഹരമായി കലാകാരന്മാർ വരിച്ചിരുന്നു..... വിധി യെന്നു പറയട്ടെ ബീച്ചിൽ ചെന്നപ്പോൾ അവിടെ ഒരു കൊളാറ്ററൽ മാത്രം എന്താണ് അതുകൊണ്ട് ഉദ്ദേശിക്കുന്നത് എന്ന് അതിന്റെ സൃഷ്ടാവിനു മാത്രം അറിയാം.

അടുത്ത വെന്യൂവിലേക്ക് പോകാം എന വിചാരിച്ചു. but time was 4 p.m....അതിവേഗം ബഹുദൂ എന്ന എന്റെ നടത്തം എന്നെ തീർത്തും അവശനാക ഞാൻ എറണാകുളെ കെ.എസ്.ആർ.ടി.സി. സ്റ്റാന്റിലേ വണ്ടികയറി. ബസ്സിൽ ഇരുന്നപ്പോൾ എനിക്കു Moidu Heritage, Rigo 23, Einesto Netto യുടെ Brgili Graumen Life നെ പ്രതിനിധീകരിക്കുന്ന Mod Zangcheir's Paintings ഒന്നും കാണുവാ പറ്റിയില്ലല്ലോ എന്ന വസ്തുത എന്നെ അലട്ടി. എന്നിരുന്നാലും ഇന്ത്യയിലെ ആദ്യത്തെ ബിനാലെയിൽ 3 വെന്യൂ കാണുവാൻ പറ്റിയല്ലോ. താങ്ക് ഗോഡ്..അങ്ങനെ ബിനാലെ - വിട അടുത്ത 2014-15 ബിനാലെ വരെ വ അതെ വഴി കുസാറ്റിന്റെ അതെ ക്യാമ്പസ്, അതെ പരസ്യങ്ങൾ....the journey ends @ my home.

Jestin Thom

Kochi-Muziris Biennale 2012

Intramurals

Kites 2013

ടിന്റു V/S ശാലു

ഇന്നു ടീവിയിൽ
ടിന്റു ലൂക്കയുടെ ഭവനം കാണിച്ചു.
ഉരുൾപൊട്ടലിന്റെ ഭീഷണിയിൽ കഴിയുന്ന,
ചെത്തി തേക്കാത്ത ദരിദ്രഭവനം.
എങ്കിലും, ഒരു ജനതയുടെ
അഭിമാനത്തിന്റെ സ്മാരകം.

ഇന്നലെ ടീവിയിൽ കാണിച്ചത്
ശാലുമേനോന്റെ
കൊട്ടാരം പോലുള്ള വീടാണ്.
അതേജനതയാൽ
തിരഞ്ഞെടുക്കപ്പെട്ട ചിലരുടെ
അപരാധത്തിന്റെ സ്മാരകം

ബാലചന്ദ്രൻ ചുള്ളിക്കാട്

ചിന്തയും വിചിന്തനവും
ആഹരിക്കപ്പെടുന്ന ഒന്നുപോര,
ചിതലും നരനും ആർത്തിയോടെ
ഉപഭോഗം ചെയ്യപ്പടുന്ന പുസ്തക വിഭവങ്ങൾ,
ഇവിടുത്തെ സമൃദ്ധിക്ക് കൂടുതൽ രുചിയേകി.
പൊതുവിദ്യാർത്ഥി സമൂഹം
ഈ പുസ്തകശാലയെ ഉപമിച്ചത്
തികച്ചും മിഥ്യാധാരണയോടെയുള്ള
ബുദ്ധിജീവി സങ്കൽപ്പത്തോടാണ്.

ടി.ഡി. രാമകൃഷ്ണൻ

ഇട്ടിക്കോര എന്ന സത്യം

അഭിമുഖത്തിനായ് അനുവാദം വാങ്ങാൻ ശ്രീ രാമകൃഷ്ണൻ സാറിനെ വിളിച്ചപ്പോൾ ഒട്ടും മടിക്കാതെ തൃശ്ശൂർ കേച്ചേരിക്കടുത്തുള്ള "ഇയ്യാൽ" എന്ന സ്ഥലത്ത് എത്തിച്ചേരാനാണ് മറുപടി ലഭിച്ചത്. അത്ര നഗരവൽകൃതമല്ലാത്തതിനാൽ കേച്ചേരിയിൽ നിന്ന് ഇയ്യാലിലേക്ക് ബസുകൾ ഒന്നു തന്നെ ഉണ്ടായിരുന്നില്ല. ആയതിനാൽ സാധാരണക്കാരുടെ വാഹനമായ ഓട്ടോയിലാണ് അവിടേക്ക് ഞങ്ങളുടെ യാത്ര തുടർന്നത്. തികച്ചും ഗ്രാമത്തിന്റെ വശ്യ സൗന്ദര്യം തുളുമ്പുന്ന അന്തരീക്ഷമായിരുന്നു ആ യാത്രയിൽ ഞങ്ങൾക്കനുഭവപ്പെട്ടത്. ഓട്ടോയിൽ നിന്ന് ഇയ്യാൽ കിണറിന്റെ അരികിൽ ഇറങ്ങി ഞങ്ങൾ രാമകൃഷ്ണൻ സാറിന്റെ വീട്ടിലേക്കുള്ള വഴി അന്വേഷിച്ചു. കാണിച്ചു തന്ന വഴിയിലൂടെ ഞങ്ങൾ മുന്നോട്ട് നീങ്ങി. ഇട്ടിക്കോരയെന്ന നോവലിന്റെ നിഗൂഢതകൾ ആ വഴികളിൽ വ്യക്തമായിരുന്നു. മനുഷ്യന്റെ കൈകളാൽ ശല്യം ചെയ്യപ്പെടാത്ത വഴിയിലൂടെ അല്പം ഭീതിയോടുകൂടിയായിരുന്നു മുന്നോട്ട് നീങ്ങിയിരുന്നത്. കുന്ദംകുളത്തെ ഭൂഗർഭപാതകൾ കാലിനടിയിലൂടെ കടന്നുപോകുന്നുണ്ടാകാമെന്ന് മനസ് മന്ത്രിച്ചു. ഭൂഗർഭശാസ്ത്രജ്ഞരുടെ ഭാഷയിൽ ഈ സ്ഥലങ്ങളെല്ലാം മുൻപ് കടലായിരുന്നു. ഇന്ന് പക്ഷേ കടലില്ലെങ്കിലും അതൊക്കെ നമുക്ക് അനുഭവിച്ചറിയാൻ കഴിയും. ഇട്ടിക്കോരയുടെ മാത്രമല്ല ചരിത്രം വേറെയുമുണ്ട് ഇയ്യാലിനു പറയാനെന്നറിഞ്ഞത് മണ്ണുകൊണ്ട് പ്ലാസ്റ്റർ ചെയ്ത രാമകൃഷ്ണൻ സാറിന്റെ വീട്ടിലിരുന്ന് അദ്ദേഹത്തോട് സംസാരിക്കുമ്പോഴാണ്.

225 വർഷം മുൻപ് ടിപ്പു സുൽത്താന്റെ പട്ടാളക്കാർ ക്യാംപ് ചെയ്തിരുന്ന കോട്ട ഉണ്ടായിരുന്നു ഇയ്യാലിൽ. ചരിത്രത്തിൽ വേണ്ടത്ര അറിവില്ലാത്ത നമ്മുടെ സാധാരണക്കാർ അത് പൊളിച്ചുനീക്കി. ഇവിടെ നിന്നാണ് ഏറ്റവും പഴക്കമുള്ള റോമൻ നാണയങ്ങൾ കണ്ടെത്തിയിരിക്കുന്നത്. എ.ഡി.50ലെ നാണയങ്ങൾ വരെ കണ്ടെത്തിയിട്ടുണ്ട്.

ഇട്ടിക്കോരയിലെ സുന്ദരിയായ ഇയ്യാലിലെ കോതയെക്കുറിച്ച് ഓർത്തത് തിരിച്ചുപോരുമ്പോൾ മാത്രമാണ്. ഇയ്യായിലെ കോത. ഒരു സത്യമായിരുന്നെങ്കിൽ അവർക്ക് തീർച്ചയായും ഇയ്യായിലെ നിഗൂഢ സൗന്ദര്യത്തിന്റെ ഒരംശം ഉണ്ടായിരിക്കണം.

? ഫ്രാൻസിസ് ഇട്ടിക്കോര, ബ്രൗണിന്റെ ഡാവിഞ്ചി കോഡ് തുടങ്ങിയ നോവലുകളുമായി നല്ല സാമ്യം ഉണ്ടല്ലോ, ഈ കൃതികൾ എങ്ങനെയാണ് താങ്കളുടെ എഴുത്തിനെ സ്വാധീനിച്ചത്?

എക്കോവിന്റെ 'ഫൂക്കോസ് പെൻഡുലം' എന്ന പുസ്തകത്തിന്റെ ഒരു lighter version ആണ് ബ്രൗണിന്റെ പുസ്തകം. ആ പുസ്തകം എന്നെ വളരെയധികം സ്വാധീനിച്ചിട്ടുണ്ട്.

മലയാള സാഹിത്യത്തിൽ നിലനിന്നിരുന്ന രീതിയിൽ നിന്നും വ്യത്യസ്ഥമായി എഴുതുവാൻ ഞാൻ ആഗ്രഹിച്ചിരുന്നു. ഇതേ രീതി തുടർന്നുപോകുന്നതിൽ പ്രത്യേകിച്ച് അർത്ഥമില്ല. നോവൽ എന്നു പറയുന്ന സാഹിത്യ രൂപത്തിന്, വെറുതെ ഒരു കഥ പറയുക എന്നതിലും അപ്പുറം ഒരു പാട് സാധ്യതകളുണ്ട്. ഒരു എഴുത്തുകാരന് സമൂഹത്തോട് അനവധി കടമകളുണ്ട്. ഒരു എഴുത്തുകാരൻ പറയുവാൻ ആഗ്രഹിക്കുന്ന കാര്യങ്ങൾ അനുയോജ്യമായ കഥാപാത്രങ്ങളെ സൃഷ്ടിച്ച് അവരെകൊണ്ട് പറയിക്കുന്ന രീതിയോടാണ് എനിക്ക് താത്പര്യം. സമൂഹത്തിന്റെ കാര്യങ്ങളിൽ എഴുത്തുകാരൻ പ്രത്യേകിച്ച് Fiction എഴുതുന്ന ആൾ ഭാഷ ഉപയോഗിച്ച് നടത്തുന്ന ഒരു കലാ പ്രവർത്തനം സാഹിത്യത്തിനെ "Work of art" എന്ന രീതിയിലാണ് കണക്കാക്കുന്നത്. ആ കലാപരമായ സാധ്യതകളിലൂടെയാണ് ആശയങ്ങൾ വിനിമയം ചെയ്യേണ്ടത്.

"The purpose of art is to trigger discourse" കലയുടെ പ്രാഥമികമായ അല്ലെങ്കിൽ പരമമായ ലക്ഷ്യം വായിക്കുന്ന ആളിൽ സംവാദത്തിന് തിരികൊളുത്തുക എന്നാണ്. അതായത് സാമൂഹിക കാര്യങ്ങളിൽ കല നേരിട്ട് ഇടപെടുന്നില്ല. അതുകൊണ്ട് തന്നെ സാമൂഹിക പരിഷ്കർത്താവിന്റേയോ ചരിത്രകാരന്റെയോ അല്ലെങ്കിൽ ഒരു രാഷ്ട്രീയ പ്രവർത്തകന്റെയോ റോൾ അല്ല എഴുത്തുകാരനുള്ളത്. പ്രത്യേകിച്ച് നോവൽ എന്ന മാധ്യമം ഒരു പാട് സ്പെയ്സ് ഉണ്ടാക്കുന്നു. അതിന് പലതരം വിഷയങ്ങളെ കൈകാര്യം

ചെയ്യാൻ സാധിക്കും. ഇട്ടിക്കോര എന്ന കൃതിയിൽ ഗണിതം മുഖ്യ വിഷയമാണ് കൂടെ തന്നെ സമകാലിക രാഷ്ട്രീയവും അതുമായി ബന്ധപ്പെട്ട ശാസ്ത്രീയമായ സംവാദങ്ങളും ഇതിലുണ്ട്. വായക്കാരന്റെ മനസ്സിൽ ഒരു സംവാദത്തിനുള്ള വഴിയൊരുക്കുകയാണ് ഞാൻ ഇട്ടിക്കോരയിലൂടെ ചെയ്തത്. ഇത് മലയാളസാഹിത്യത്തിന് അത്ര പരിചിതമായ രീതിയല്ല. അതുകൊണ്ട് തന്നെ ഇതിൽ എന്റെ വ്യക്തിപരമായ നിലപാടുകളാണ് ഞാൻ മുന്നോട്ട് വയ്ക്കുന്നത് എന്ന തെറ്റിധാരണ പൊതുവിൽ ഉണ്ടായിട്ടുണ്ട്. ഈ കൃതിയുടെ ആദ്യാവസാനം ഒരു പ്ലാനിങ്ങോട് കൂടെയാണ് ചിട്ടപ്പെടുത്തിയത്. പല അദ്ധ്യായങ്ങളുടേയും ശീർഷകങ്ങൾ തന്നെ അത് വ്യക്തമാക്കുന്നു. അതിനാൽ ഈ കൃതിയിലൂടെ ഞാൻ സാഹിത്യരൂപത്തിന്റെ സാധ്യതകളെ ഉപയോഗിക്കാൻ ശ്രമിച്ചു എന്നു മാത്രം.

? ഇത്തരത്തിലുള്ള ഒരു ശൈലി തിരഞ്ഞെടുത്തതിലൂടെ എന്താണ് ഉദ്ദശിച്ചത്?

ഒരു യഥാർത്ഥത്തെ വായക്കാരെകൊണ്ട് തിരിച്ചും മറിച്ചും വായിപ്പിക്കാനുള്ള ശ്രമമാണ് എന്റെ എഴുത്തിലൂടെ ഞാൻ ഉദ്ദേശിച്ചത്. ഒരു റിയൽ ആയ കാര്യത്തെ നമ്മൾ യുക്തി ഉപയോഗിച്ച് പല കോണുകളിലൂടെ നോക്കണം. ഉദാ. വാസ്കോഡഗാമ ആദ്യമായി ഇന്ത്യയിലെത്തിയത് കെനിയയിലെ മെലിൻ എന്ന സ്ഥലത്ത് ഒരു ഗുജറാത്തി കച്ചവടക്കാരനെ വഴികാട്ടിയായി കൂടെ കൂട്ടിയതിനു ശേഷമാണ്. എന്നാൽ അതോടെ ഇന്ത്യയിലേക്കുള്ള കടൽമാർഗം കണ്ടുപിടിച്ചത് നാം ചരിത്രത്തിൽ കുറിച്ചിട്ടു. എന്നാൽ ഈ വസ്തുതയെ ചിന്തിക്കുകയാണെങ്കിൽ, ഒരു വഴികാട്ടിയെ കണ്ടുമുട്ടണമെങ്കിൽ അവിടെ നിലനിൽക്കുന്ന ഒരു മാർഗം ഉണ്ടായിരിക്കണമല്ലോ, ഈ മാർഗം ഇതിന് മുമ്പു തന്നെ ഇന്ത്യയിലെ കച്ചവടക്കാർ ഉപയോഗിച്ചിരുന്നു എന്നതിന് ഒരു തെളിവാണ്. ഇന്ന് വിശ്വസിച്ചുപോരുന്നതുപോലെ ഇന്ത്യൻ ജനത മറ്റു വംശക്കാരിൽ നിന്ന് ഒട്ടും ചെറുതല്ല. വിദേശികൾ അവകാശപ്പെടുന്ന പല അറിവുകളും എത്രയോ മുമ്പ് തന്നെ ഇവിടെ രൂപപ്പെട്ടിരുന്നു.

? ചരിത്രത്തെ മറ്റൊരു രീതിയിൽ എഴുതുകയാണല്ലോ നോവൽ ചെയ്യുന്നത്. ചരിത്രത്തേക്കാൾ വലിയ ശരി നോവലിലുണ്ട് എന്നതാണോ താങ്കളുടെ പക്ഷം.

It depends രാജൻ ഗുരുക്കൾ സർ എഴുതിയ ഒരു കൃത്യാണെന്ന് കരുതുക. അവിടെ ശരി ആധികാരികമായ ചരിത്ര ഗ്രന്ഥത്തിലാണ്. ഇട്ടിക്കരയിൽ തന്നെ പറയുന്നുണ്ട്. ചരിത്രമെപ്പോഴും അധികാരത്തോട് ചേർന്ന്, അധികാരത്തിന്റെ പുറത്ത് നിൽക്കുന്നവന്റെ ചരിത്രം രേഖപ്പെടുത്തുന്നില്ല. ഇത്തരത്തിൽ എഴുതപ്പെട്ട ചരിത്രത്തെ ഒരു സമ്പൂർണ ചരിത്രമായി നമ്മൾ അംഗീകരിക്കുന്ന അവസ്ഥയാണ് പലപ്പോഴും അധികാരത്തിലിരിക്കുന്നവന്റെ ചരിത്രം പോലും മാനിപ്പുലേറ്റഡ് ആണ്, ആൽഫയിലെ ചരിത്രപേടകം എന്ന അദ്ധ്യായത്തിൽ പറയുന്നത് ശരിക്കും നടന്ന ഒരു സംഭവം തന്നെയാണ് മാനിപ്പുലേറ്റഡ് ആയ ചരിത്രത്തെ റീ റൈറ്റ് ചെയ്യുകയാണ് നോവൽ.

? ഫ്രാൻസിസ് ഇട്ടിക്കോരക്ക് മുൻപ് താങ്കൾ എഴുതിയ നോവലാണല്ലോ, ആൽഫ. ഇട്ടിക്കോര പോലെ ആ നോവൽ വായിക്കപ്പെട്ടിട്ടില്ലെന്നു തോന്നുന്നു. ഇതേപ്പറ്റി താങ്കൾക്ക് എന്ത് തോന്നുന്നു?

ആൾഫ വീണ്ടും വായിച്ചപ്പോൾ കുറച്ചുകൂടി വിശദീകരണമാകാമായിരുന്നു എന്നാണ്. എങ്കിൽ അത് കൂടുതൽ സീരിയസ് ചർച്ചയിലേക്ക് വഴി തെളിച്ചേനെ. മനുഷ്യ വംശത്തിന്റെ ചരിത്രത്തിലുണ്ടായ ഏറ്റവും വലിയ അന്ത്രപോളജിക്കൾ എക്സ്പിരിമെന്റ്, സോഷ്യലിസത്തിന്റെ അല്ലെങ്കിൽ കമ്മ്യൂണിസത്തിന്റെ ആരംഭമാണ്. ബലമായി മനുഷ്യനെ ഒരു പ്രത്യേക രീതിയിൽ അവന്റെ സ്വാർത്ഥ താത്പര്യങ്ങളേയും മത വിശ്വാസങ്ങളെയും എല്ലാം പറിച്ചുമാറ്റി ജീവിക്കാൻ തയ്യാറാക്കി. വിപ്ലവത്തിലൂടെയാണ് ഇത് സാധ്യമായത്. അന്ന് ജനങ്ങൾ വിപ്ലവത്തിന് തയ്യാറായത് അവരുടെ ഗതികെട്ട ജീവിതാവസ്ഥ മൂലമാണ്. ജീവിതം കുറച്ചുകൂടി മെച്ചപ്പെടും എന്ന വിശ്വാസംകൊണ്ടാണ്. എന്നാൽ ഇന്ന് ഉള്ളതും കൂടി നഷ്ടപ്പെടുമോ എന്ന ഭയത്താൽ ഒരു പക്ഷേ ജനങ്ങൾ വിപ്ലവത്തിന് തയ്യാറാകില്ല. കമ്മ്യൂണിസം എന്ന പ്രത്യയശാസ്ത്രത്തിന്റെ പ്രയോഗമാണ് ആൽഫയിൽ പറയുന്നത്. പക്ഷേ സൂക്ഷമമായി വായിക്കുന്നവനേ അതു മനസ്സിലാവുകയുള്ളൂ. സാധാരണ വായനക്കാർ വെറും ഒരു നരവംശശാസ്ത്ര പഠനം എന്ന നിലയിൽ മാത്രമേ ഇതിനെ സമീപിക്കുന്നുള്ളൂ. എന്നാൽ ഇന്നേ വരെ ആ രീതിയിൽ അത് വയിക്കപ്പെട്ടിട്ടില്ല. ഇതാണ് ഈ പുസ്തകത്തിന്റെ പോരായ്മയായി കാണുന്നത്.

? ആൽഫയുമായി ബന്ധപ്പെടുത്തി പറയുമ്പോൾ സ്വാതന്ത്ര്യം എന്ന ആശയം എന്താണ്?

പരമമായ സ്വാതന്ത്ര്യം ഇല്ല, Freedom with responsibilites ആണ് വേണ്ടത്. മറ്റൊരു വ്യക്തിയുടെ സ്വാതന്ത്ര്യത്തെ അംഗീകരിക്കുവാനുള്ള മനസ്സ് എല്ലാ പ്രത്യയശാസ്ത്രങ്ങളുടെയും പരമമായ ലക്ഷ്യം അവനെ നല്ലവനാക്കുക എന്നതാണ്. അടിസ്ഥാനപരമായി മനുഷ്യൻ ഇതര ജീവികളെപ്പോലെ തന്നെയാണ്. ഏതു സംഘടനയുടേയും നിയന്ത്രണത്തിൽ അവൻ ഒതുങ്ങുന്നില്ല. മനുഷ്യൻ അടിസ്ഥാനപരമായി വളരെ നല്ലവനാണെന്നും സമൂഹമാണവനെ മലിനമാക്കുന്നതെന്നും ഒരു സിദ്ധാന്തമുണ്ട്. നേരെ മറിച്ച് ആൽഫയിലും ഇട്ടിക്കോരയിലും മുന്നോട്ടുവയ്ക്കുന്നത് മനുഷ്യൻ വളരെ ആർത്തി ഉള്ളവനും, ഹിംസാ പ്രവണതയുള്ള ഒരു ജീവിയാണെന്നും സാമൂഹ്യ നിയന്ത്രങ്ങൾ ഉള്ളതുകൊണ്ട് മാത്രമാണ് മനുഷ്യൻ കൺട്രോൾഡ് ആയി പോകുന്നത് എന്നുമാത്രമാണ്. അതുകൊണ്ട് തന്നെ ഈ 2 കൃതിയും Freedom with responsibilites എങ്ങനെ സാധ്യമാക്കാം എന്ന അന്വേഷണത്തിലാണ് വായനക്കാരനും, എഴുത്തുകാരനും ഒരേ പോലെ ചെന്നെത്തുന്നത്. Freedom എന്ന ആശയം വളരെ സങ്കീർണമാണ്. അവിടെ പലരീതിയിലുള്ള സാമൂഹികവും ർഷ്ട്രീയവും മതപരമായ പല നിയന്ത്രങ്ങളുമുണ്ട്.

? ധർമ്മ പുരാണം ഇട്ടിക്കോരയുടെ രചനയിൽ സ്വാധീനം ചേലുത്തിയിട്ടുണ്ടോ?

ഇട്ടിക്കോര എഴുതുന്നത് ഞാൻ 45 വയസ്സുള്ള കാലത്താണ്. അതുവരെ ഞാൻ ജീവിതത്തിൽ വായിച്ചിട്ടുള്ള എല്ലാ പുസ്തകങ്ങളും കണ്ടിട്ടുള്ള എല്ലാ സിനിമകളും, പരിചയപ്പെട്ട എല്ലാ വ്യക്തികളും എന്നെ സ്വാധീനിച്ചിട്ടുണ്ട്. മദ്രാസിലെ രാമാനുജൻ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് മാത്തമാറ്റിക്സിൽ പോൾ എർദോസ് എന്ന വ്യക്തി പ്രഭാഷണം നടത്തുമ്പോൾ ഞാൻ അവിടെ ഇരുന്ന് കേട്ടതാണ്, അത് കേൾക്കുന്ന സമയത്ത് ഇത്രയും കാലം

കഴിഞ്ഞ് ഇങ്ങനെ ഒരു നോവൽ എഴുതുമെന്ന് ഞാൻ ചിന്തിക്കുന്നേ ഇല്ല. അതുപോലെ തന്നെ മദ്രാസിലെ ദേവി തിയ്യറ്ററിൽ വച്ച് ഞാൻ കണ്ട John Nash കുറിച്ചുള്ള 'The beautiful mind' എന്ന പ്രസിദ്ധമായ സിനിമയും എന്നെ സ്വാധീനിച്ചിട്ടുണ്ട്. ധർമ്മപുരാണം തീർച്ചയായും ഉത്തേജനം തന്നെയാണ്. പക്ഷേ അതിൽ നിന്നും വളരെ വ്യത്യസ്ഥമായിട്ടാണ് ഇട്ടിക്കോര രചിക്കപ്പെട്ടിട്ടുള്ളത്. ഇട്ടിക്കോര എന്ന കൃതി Cannibalism എന്ന് തുടങ്ങിയ പല കാര്യങ്ങളേയും പ്രചരിപ്പിക്കുന്നു എന്ന ആരോപണങ്ങളുണ്ട്. എന്നാൽ, Cannibalism ഒരു Metaphor മാത്രമാണ് ഞാൻ ഉപയോഗിച്ചിരിക്കുന്നത് അതുപോലെ തന്നെ ഇറാക്കിലെ ഏറ്റവും ഹീനമായ യുദ്ധ പശ്ചാത്തലത്തിൽ നമ്മൾ കാണുന്നത് ഒരു വ്യക്ത് നടത്തുന്ന Cannibalism ത്തിൽ നിന്ന് ഒരു സമൂഹം നടത്തുന്ന Cannibalism ആയി മാറി മറ്റൊരു രാജ്യത്തെ മൊത്തമായി നശിപ്പിച്ച് കഴിയുന്നതാണ്.

? ഇന്നത്തെകാലത്തെ സോഷ്യലിസ്റ്റ് ചിന്താഗതിയിൽ ഒരുപാട് മാറ്റങ്ങൾ വന്നിട്ടുണ്ട്. താങ്കൾ അതിനെ എങ്ങനെ നോക്കികാണുന്നു.

ഈ മാറ്റത്തെ ഞാൻ നല്ല രീതിയിലാണ് നോക്കി കാണുന്നത്. എഴുത്തുകാരൻ എന്ന നിലയിലായാലും ഒരു വ്യക്തി എന്ന നിലയിലായാലും സമൂഹത്തിന്റെ ചിന്താഗതിയിൽ വരുന്ന മാറ്റങ്ങളെ പ്രത്യേകിച്ച് ഇടതുപക്ഷ ചിന്തകൾ അതിന്റെ കടും പിടുത്തങ്ങളെ വിട്ട് മാറുന്നതിനെ പോസിറ്റീവ് ആയിട്ടാണ് ഞാൻ കാണുന്നത്. യാഥാർത്ഥ്യങ്ങളെ തിരിച്ചറിഞ്ഞുകൊണ്ടുള്ള മാറ്റം. 1977 മുതൽ 87 വരെ ചൈനയിൽ നടപ്പിലാക്കിയ സാമ്പത്തിക പരിഷ്ക്കരണങ്ങൾ ഇതിന് ഉദാഹരണം. യാഥാർത്ഥ്യങ്ങൾ തിരിച്ചറിഞ്ഞുകൊണ്ട് ഏതൊരു മേഖലയിലും നടത്തുന്ന തിരുത്തൽ വാദത്തെയാണ് പുനർനവീകരണം എന്ന് പറയുന്നത്. ഏതൊരു സിദ്ധാന്തവും നിലനിൽക്കണമെങ്കിൽ ഈ പ്രക്രിയ അത്യാവശ്യമാണ്. ഇതിന് തയ്യാറാകാത്തവർ സ്വാഭാവികമായും പുറംതള്ളപ്പെടും ഈ പുനർ നവീകരണം സാഹിത്യത്തിൽപോലും കാണാം. "പുതിയ തലമുറ എപ്പോഴും സമൂഹത്തെ നല്ല രീതിയിൽ മുന്നോട്ട് നയിക്കുന്നു" എന്ന് ഞാൻ വിശ്വസിക്കുന്നു.

? പരമമായ സ്വാതന്ത്ര്യത്തിലൂടെ അസ്വാദ്യമായ വികസനം നേടിയെടുക്കാമെന്നുള്ള ചിന്തയുടെ പ്രായോഗികവൽക്കരണവും അതിന്റെ പരാജയവുമാണ് ആൽഫ. പരമമായ സ്വാതന്ത്ര്യത്തിന് സർവ്വതും ഉപേക്ഷിക്കുന്നതിനു പകരം ഭാഷയും ടെക്നോളജിയുമൊക്കെ നിലനിർത്തിയിരുന്നെങ്കിൽ പരീക്ഷണഫലം മറ്റൊന്നാകുമായിരുന്നില്ലേ?

ആൽഫ എന്നത് വെറും ഒരു 'വർക്ക് ഓഫ് ആർട്ട്' ആണ്. ഇത് ഒന്നിനും ഉത്തരമല്ല. ഒരു സാധ്യത മാത്രമാണ്. പരമമായ സ്വാതന്ത്ര്യം അത്യന്തികമായ ദുരന്തമാകുന്നമ്പോൾ ആ സ്വാതന്ത്ര്യത്തെ ഏതൊക്കെ തരത്തിൽ നിയന്ത്രിക്കുകയും അതിനെ നല്ല രീതിയിൽ മാറ്റിയെടുക്കാനായിട്ടുള്ള ബാധ്യത ഈ സ്വാതന്ത്ര്യത്തിനെ ഉപയോഗിക്കുന്ന ആളുകൾക്കുമുണ്ട് എന്ന ചിന്തിക്കുക. ആൽഫ വായനയിലൂടെ നിങ്ങൾ രൂപപ്പെടുത്തിയെടുക്കുന്ന ഏത് ആശയത്തേയും സ്വയം redifine ചെയ്യേണ്ടിവരും

? ആവിഷ്ക്കാര സ്വാതന്ത്ര്യത്തിൽ സാഹിത്യം ഒരു മാർഗമായി താങ്കൾ തിരഞ്ഞെടുക്കുവാനുള്ള കാരണം?

ഞാൻ ഒരു കേന്ദ്രസർക്കാർ ജീവനക്കാരനാണ് റെയിൽവേയിൽ ജോലി ചെയ്യുന്നു. ഒരു സ്ഥാപനത്തിൽ ജോലി ചെയ്യുമ്പോൾ ആ സ്ഥാപനത്തിന്റെ നിയമങ്ങൾ അനുസരിക്കാൻ നമ്മൾ ബാദ്ധ്യസ്ഥരാണ്, മാത്രമല്ല എനിക്ക് ഏറ്റവും സൗകര്യപ്രദമായിട്ടുള്ളതും ഞാൻ ചെയ്യാൻ ആഗ്രഹിച്ചതുമായ വഴിയാണ് ഞാൻ തെരഞ്ഞെടുത്തത്.

? ഫ്രാൻസിസ് ഇട്ടിക്കോര പ്രസിദ്ധീകരിച്ചശേഷം സാധാരണ വായനക്കാരിൽ നിന്ന് താങ്കൾക്ക് എന്ത് പ്രതികരണമാണ് ലഭിച്ചത്?

മാധ്യമം ആഴ്ചപ്പതിപ്പിലാണ് ഇട്ടിക്കോര ആദ്യമായ് സീരിയലൈസ് ചെയ്ത് വരുന്നത്. ഇത് എഴുതുന്ന സമയത്ത് സാധാരണ വായനക്കാരിൽ എത്തുമെന്ന പ്രതീക്ഷ എനിക്ക് ഉണ്ടായിരുന്നില്ല. ഇത് കൈകാര്യം ചെയ്യുന്ന വിഷയങ്ങൾ, സ്വീകരിച്ച അവതരണ ശൈലി, എല്ലാം ഒരു പുതിയ പാറ്റേൺ ആണ്. ചെറിയ ഒരു വിഭാഗം



വായനക്കാരിൽ മാത്രമേ ഇത് എത്തൂ എന്നാണ് ഞാ വിചാരിച്ചത്. എന്നാൽ എന്നെ അത്ഭുതപ്പെടുത്തിക്കൊ വായനക്കാരിൽ നിന്നും നല്ല പ്രതികരണ ലഭിക്കുക ഡി.സി.ബുക്സ് പുസ്തകമായി പ്രസിദ്ധീകരിക്കാ തീരുമാനിക്കുകയും ചെയ്തു. വളരെ സാധാര വായനക്കാർ പോലും ഈ കൃതിയെ അംഗീകരി തുടക്കത്തിൽ ഇട്ടിക്കോര വായനക്കാരന്റെ ഒരു ഫോ കോളുപോലും ഇല്ലാത്ത ദിവസം ഉണ്ടായിട്ടില്ല. പല ഒരു പാട് കാര്യങ്ങളിൽ യോജിക്കുകയും മറ്റു കാര്യങ്ങളിൽ വിയോജിക്കുകയും ചെയ്തിരുന്നു. വേദികളിലും ഈ കൃതിയെക്കുറിച്ചുള്ള ചർച്ചക നടന്നിരുന്നു.

? എന്തൊക്കെ വിമർശനങ്ങളാണ് ഈ കൃതി നേരിടേണ്ടിവന്നത്?

ഈ അടുത്ത കാലത്ത് ഏറ്റവും കൂടുതൽ വിമർശിക്കപ്പെട്ട നോവലാണ് ഇട്ടിക്കോര, സമൂഹത്തിനെ വഴിതെറ്റിക്കുന്നു എന്നും സെൻസർ ചെയ്യേണ്ടതാണ് എന്നുപോലും ആക്ഷേപങ്ങളുണ്ടായി. ഇതിനുള്ള കാരണം ഇത് സാഹിത്യരൂപം എന്ന നിലയിൽ മലയാളത്തിന്റെ അംഗീകരിക്കപ്പെട്ട ലിറ്ററി ഫോമിന്റെ പരിധിയിൽ നിൽക്കുന്നില്ല. സാൻമാർഗികമായി ബന്ധപ്പെട്ടും ഇത് വിമർശിക്കപ്പെട്ടിട്ടുണ്ട്. മുഖ്യമായും Canibolism തുടങ്ങിയ ആശയങ്ങളെയാണ് വിമർശിച്ചത്. വരികളുടെ ഇടയിലൂടെ വായിക്കാത്തതുകൊണ്ടാണ് ഇത്തരം വിമർശനങ്ങൾ ഉണ്ടായത് എന്നും അംഗീകരിക്കപ്പെടാത്ത വഴി തിരഞ്ഞെടുക്കുമ്പോൾ സ്വാഭാവികമായും വിമർശിക്കപ്പെടും, അതാണ് ഇട്ടിക്കോരയുടെ കാര്യത്തിൽ സംഭവിച്ചത്.

ഒരിക്കൽ ഡോ. ഖദീജ മുംതാസ് എന്ന ഒരു വ്യക്തി എന്നോട് പറഞ്ഞത് ഇട്ടിക്കോര വായിച്ച് കഴിഞ്ഞപ്പോൾ അവർക്ക് നോൺ വെജിറ്റേറിയൻ സാധനങ്ങളൊന്നും കഴിക്കാനേ വയ്യ എന്ന അവസ്ഥയായി പോയിരുന്നു. ഇത് പോലെ മറ്റൊരു സാഹചര്യത്തിൽ സ്വാമി സന്ദീപ് ചൈതന്യ പറഞ്ഞത് അദ്ദേഹം ഇട്ടിക്കോരയുടെ മൂന്ന്, നാല് അദ്ധ്യായങ്ങൾ വായിച്ച ശേഷം കുറച്ച് ഭഗവത്ഗീത വായിച്ചിട്ടേ വീണ്ടും അതിലേക്ക് കടക്കാറുള്ളൂ.

? എഴുതാനാഗ്രഹിക്കുന്ന പുതുതലമുറയോട് എന്താണ് പറയാനുള്ളത്?

എഴുതാൻ താൽപര്യമുണ്ടെങ്കിൽ ഏറ്റവും ആദ്യം വേണ്ടത് വായിക്കുക എന്നതാണ്.. വായനയിലൂടെ പരമാവധി അറിവ് നേടുക, എന്തറിവും നമുക്ക് ഒരു സമ്പാദ്യമാണ്, മറ്റൊരു കാര്യം, അംഗീകരിക്കപ്പെട്ട ശൈലിയിൽ തന്നെ എഴുതണമെന്നില്ല. ഏറ്റവും സൂക്ഷമമായിട്ട് നിങ്ങളുടെ ചുറ്റുമുള്ളതിനെ നിരീക്ഷിക്കുക. എന്നതാണ് ഒരെഴുത്തുകാരൻ അടിസ്ഥാനമായി ചെയ്യേണ്ടത്. ഏതൊരു കലാകാരനെയും നിരാക്ഷണം വളരെയധികം ഗുണം ചെയ്യും, പക്ഷേ എഴുത്തുകാരന് ഭാഷ വേണമെന്നു മാത്രമേയുള്ളൂ.

ഭാഷയുടെ ദൗത്യം വായനക്കാരിൽ പ്ലഷർ ഉണ്ടാക്കുക, അതിൽ നിന്നും ആശയത്തിലേക്കെത്തു, ആശയം അത്യന്തികമായിട്ടും ചിന്തയിലേക്കെത്തിക്കുക എന്നതാണ്. അതിന് അച്ചടിഭാഷയേക്കാൾ നല്ലത് സംസാരഭാഷയാണ്.

നമ്മൾ ഒരു ഇന്ത്യൻ പൗരനായിരിക്കുന്നതിനോടൊപ്പം ഒരു ഗ്ലോബൽ പൗരൻ കൂടിയായിരിക്കെ, "കൂപമണ്ഡൂക"മെന്ന അവസ്ഥയിൽ നിന്നും നമ്മുടെ ചിന്താധാര ലോകനിലവാരത്തിലേക്ക് ഉയരേണ്ടതാണ്. മാത്രമല്ല ശ്രേഷ്ഠഭാഷാ പദവി തന്നത് കൊണ്ടോ ഭരണഘടനാപരമായ സംരക്ഷണം നൽകിയത്കൊണ്ടോ ഒരു ഭാഷ വളരുകയോ വലുതാവുകയോ ചെയ്യില്ല.

തിരികെയുള്ളയാത്രയിൽ
തൃശ്ശൂരിലേക്ക് നേരിട്ടുള്ള ബസ്
ലഭിക്കാൻ, 2 മണിക്കൂറോളം
കാത്ത് നിൽക്കേണ്ടി വന്നു.
സമയം
നഷ്ടപ്പെടാതിരിക്കാനായി
ഞങ്ങൾ നടന്നു....
തൃശ്ശൂർ ജില്ലയിലെ ഏറ്റവും
നിഗൂഢമായ ഇയ്യാലിന്റെ മണ്ണിൽ....
ഗുല്യം ചെയ്യപ്പെടാത്ത
പാടശേഖരങ്ങളിലൂടെ
ആർക്കിയോളജിക്കൽ
സർവേ ഓഫ് ഇൻഡ്യ
സംരക്ഷിച്ചിരിക്കുന്ന,
നിശ്ചിത ചുറ്റളവിൽ
നിർമ്മാണ പ്രവർത്തനങ്ങൾ
നിരോധിച്ചിരിക്കുന്ന,
2500 വർഷം പഴക്കമുള്ള
ശിവക്ഷേത്രം സന്ദർശിക്കാൻ...
വർണ്ണ വിവേചനത്തിന്റെ
ഒടയാളങ്ങൾ ക്ഷേത്രത്തിന്
സമീപമുള്ള കുളത്തിന്റെ
ഭിത്തിയിൽ കോറിയിട്ടിരിക്കുന്നത്
വ്യസനത്തോടെ നോക്കിനിന്നു.

ആ ദുഷിച്ചമണം മൂക്കിലടിച്ചതിന്റെ പ്രതിപ്രവർത്തനമാണ് കണ്ണുകളെ തുറന്നത് തന്റെ ചുറ്റുമുള്ള ബിയർ കുപ്പികൾക്കോ സിഗരറ്റ് ബീഡികുറ്റികൾക്കോ പാക്കറ്റുകൾക്കോ ചിതറി കിടക്കുന്ന പുസ്തകങ്ങൾക്കോ കോലുതിരിഞ്ഞ ടേബിൾ ഫാനിനോ ബക്കറ്റിനോ ഇൻഹേലറിനോ മുഷിഞ്ഞ എൻ.സി. സി.സോക്സുകൾക്കുമോ ആ ദുഷിച്ച മണത്തിനുള്ള കാരണമറിയിക്കാനായില്ല.

താൻ കിടന്നിടത്തു നിന്നുതന്നെയാണ്, മറ്റേതോ വസ്തുവിൽ നിന്നാണ് ഈ നാറ്റമെന്ന് വൈകാതെ തിരിച്ചറിഞ്ഞു. അതിന്റെ മുകളിലും കൂടി ആയിട്ടാണ് കിടത്തം. പലവർണ്ണങ്ങളുള്ള ഏതോ ഒരു ദ്രാവകം.

അറപ്പോടെ എഴുന്നേറ്റു. "ഛെ...ആരാ ഇവിടെ വാളുവെച്ചത്."?

റൂം മേയ്റ്റ് മനുവിനെ മനസ്സുകൊണ്ട് ശപിച്ചു. "ഛെ ഇതിത്തിരി കൂടുതലാണ്. ഇതിന്നത്തോടെ നിറുത്തണം. റൂം എന്റേം കൂടിയാ.. ചരായ് ഉടുത്തിരിക്കുന്ന കാവിമുണ്ടിലും, താഴെകിടക്കുന്ന പുസ്തകത്തിലും ഒക്കെ ആയി ജിബ്രാനും ഓഷോയും ഷെൽഡനും വാളിൽ കുളിച്ചു.

മുഖത്ത് ആഞ്ഞൊരടി എന്നിട്ട് മതി പേച്ച്. ഛെ....അതിന് എവിടെപ്പോയി പരനാറി! തല്ലാൻ ഒത്തില്ലെങ്കിലും നാലുവർത്താനം പറയണം. വേണങ്കി വ്യത്തിയാക്കട്ടെ...എനിക്കൊന്നിനും വയ്യ.

പക്ഷേ മറ്റൊരു കാര്യമോർത്ത് ഒന്നു തരിച്ചു നിന്നു. അവനു എന്നേക്കാൾ ആരോഗ്യം ഉണ്ട് എന്നുള്ളതല്ല അതിനു കാരണമായ കാരണം, മറിച്ച് അവന്റെ സ്വഭാവസവിശേഷതകളെകുറിച്ചോർത്തതാണ്.

മനു, അവൻ ഒരു പാവം, കുടി വലി ഇങ്ങനെയാതൊരു ദുശ്ശീലവും ഇല്ലാത്തവൻ, അവൻ കുടിക്കുകയോ....അതും വാളുവയ്ക്കുമാറ് കുടിയ്ക്കാൻ കാരണം...!? പാവം, പുതിയ എന്തെങ്കിലും പ്രശ്നം വന്നുകാണും വല്യ പ്രാരാബ്ധക്കാരനാ..വീട്ടുകാരുടെ ബുദ്ധിമുട്ടുകളും മറ്റുപ്രശ്നങ്ങളും ഒക്കെ ചിന്തിച്ച് മനസ്സുമടുത്തുകാണും. ഛെ..എന്തോ ഒരു കുറ്റബോധം.

അതാ മനു വാതിൽക്കൽ മെല്ലെ വന്ന് തലകുനിച്ച് നിൽക്കുന്നു. ചെയ്ത മഹാപാതകത്തിന്റെ മനസ്ഥാപപ്രകടനമെന്നോണം ഒരു നിഴൽ അവന്റെ മുഖത്ത് മിന്നിയിരുന്നോ?

പോട്ടെടാ മോനേ..പൊന്നാ...സാരമില്ല. ഈ വാളും മണവും ഒക്കെ നമുക്ക് വ്യത്തിയാക്കാം...! അവനെ ആശ്വസിപ്പിച്ച് താങ്ങിനിർത്തേണ്ട ചുമതല തനിക്കുണ്ട്.

"എന്താഡോ താൻ ഇങ്ങനെ, എന്താ ഇന്നലെ പറ്റ്യേ, ഛെ മോശം....."

പക്ഷേ ഇങ്ങനെയൊക്കെ പറഞ്ഞത് ഞാനല്ല അവനാണ്!

എന്ത്...

ഇപ്പൊ ചിലതൊക്കെ മനസ്സിലായിതുടങ്ങി. ഒന്നും മിണ്ടാതെ മാറിനിന്നു. അവൻ യാതൊരു അറപ്പും പ്രകടിപ്പിക്കാതെ ഒരു തുണിയെടുത്ത് അത് വ്യത്തിയാക്കാൻ തുടങ്ങി. കുറ്റബോധം അഭിനയിക്കാൻ എനിക്കൊരിക്കലും അവസരം തരില്ലെന്ന് വാശിയുള്ളതു പോലെ മനു എന്റെ മുഖത്തേക്ക് നോക്കിയതേ ഇല്ല. അതുകൊണ്ടുതന്നെ യാതൊരു പ്രകടവികാരവും ഇല്ലാതെ കുറച്ചുനേരം ഇമ ചിമ്മി നോക്കി നിന്നു.

പിന്നെ വായിലെ ഭക്ഷണത്തരികൾ പുറത്തേയ്ക്ക തുപ്പി..ഒന്നു വായ കഴുകിയേക്കാം! പുറത്തേക്കിറങ്ങി. രണ്ടു ജൂനിയേഴ്സ് "ശുഭ മദ്യാനം" ആശംസിച്ചു നടന്നുപോയി. ഓ....മലയാളമാസത്തിൽ അങ്ങിനെയാണല്ലോ ആശംസിക്കേണ്ടത്, പക്ഷേ ഇന്നവരുടെ മുഖത്ത് ഒരു ആക്കിചിരി ഉണ്ടായിരുന്ന പോലെ.. മുഖം കഴുകി, റൂം വ്യത്തിയാക്കിത്തീരാൻ ഇനിയും സമയമെടുക്കും. അതിനുമുമ്പ് ചെന്നിട്ട് ഒന്നും ചെയ്യാനുമില്ല. നേരെ തട്ടിൻമുകളിൽ പോയി.

മുണ്ടിന്റെ കോന്തലയിൽ ഒടിഞ്ഞുനുറുങ്ങി കിടന്ന സിഗരറ്റ് എടുത്തു നിവർത്തി. ഒരു ദിവസം, കാജയിൽ തുടങ്ങാതെ ഗോൾഡിൽ തുടങ്ങാനൊത്തതിൽ കൃതാർത്ഥനായി, സ്ഥിരം വേദിയിൽ നിന്നും തീപ്പെട്ടീം തപ്പിയെടുത്ത് പുകച്ചു... ഭേഷ്..

അപ്പൊ ഇന്നലെ..

എന്താണ് അപ്പൊ അവളുടെ യഥാർത്ഥ പ്രശ്നം? അവളെ പണ്ടു തന്റെ ചേട്ടന്മാരിലൊരാൾ ഒരു മോശപ്പെട്ടവനെന്നു വിളിക്കപ്പെടുന്നവനെ പരിചയപ്പെടുത്തിയെന്നതോ! അതുമല്ലെങ്കിൽ പണ്ട് എന്റെ അപ്പൻ ജോലി ചെയ്ത കമ്പനിയിലെ ഗ്യാസുകുറ്റികൾ മറിച്ചുവിറ്റാണു കാശുകാരനായതെന്ന കഥയോ? ഭാവിയിൽ എനിക്കും അവൾക്കും കൂടി ഉണ്ടാവാൻ സാധ്യതയുള്ള കുട്ടിക്ക്, എന്റെ വീട്ടിൽ വളരുക യാണെങ്കിൽ ഇംഗ്ലീഷിൽ സംസാരിക്കാനും ഇംഗ്ലീഷിൽ കുളിക്കാനും ഇംഗ്ലീഷിൽ മലമൂത്ര വിസർജ്ജനത്തിനും യാതൊരു വിധ സാഹചര്യവും ഉണ്ടാവാനിടയില്ല എന്നുള്ള മഹാ കാരണമോ...ഇതൊക്കെ വിശദീകരിക്കുമ്പോഴും അവളുടെ ശബ്ദം നല്ല ശബ്ദമായിരുന്നു. എന്നിരുന്നാലും അവസാനം അവളുടെ തന്തയ്ക്കും താവഴിയ്ക്കും വിളിച്ച് ഫോൺ വച്ചതും, കുപ്പിയുടെ കഴുത്തു പൊട്ടിച്ചതും ഇന്നലെ കഴിഞ്ഞതു പോലെ തോന്നി, ശരിക്കും ഇന്നലെ തന്നെ ആണോ സംഭവിച്ചത്. ഇതിനുള്ളിൽ തന്നെ സിഗരറ്റു കുറ്റിയായി. എങ്കിലും വലിച്ചെറിയുന്നതിനു മുൻപ്, യുവതിയുടെ ആദ്യ ചുംബനത്തേക്കാൾ മാധുര്യമേറിയത് എന്ന് കരുതപ്പെടുന്ന അവസാനത്തെ പുകയും എടുത്തുവിട്ടു.

തിരികെ റൂമിലെത്തി, മനു റൂം വ്യത്തിയാക്കി കഴിഞ്ഞു. അവൻ പുറത്തിറക്കുന്നതിനു മുൻപ് മുഖത്ത് നോക്കാതെ പറഞ്ഞു. "ഇനി മേലിൽ മദ്യപിച്ച് എഴുതരുത്." എന്നു പറഞ്ഞു

"എന്ത്"?

അവൻ മേശപ്പുറത്ത് കിടന്ന ഒരു പേപ്പർ ചൂണ്ടിക്കാട്ടി...

ശരിയാണ്, എന്റെ കൈയക്ഷരം ഹൊ യൂണിയൻ ഭാരവാഹിയും പ്രാസംഗികനുമായ ഒരു മഹാന്റെയും, പാട്ടുകാരനും ചിത്രകാരനുമായ മറ്റൊരു മഹാന്റെയും നിർദ്ദേശം സ്വീകരിച്ച് ഞാനും എഴുതിയെന്നോ....ഛെ...മദ്യപാനത്തിന്റെ ദുഷ്യഫലം!

എന്നിരുന്നാലും ഞാൻ കടലാസ് എടുത്തു നിവർത്തി. അതിൽ എന്റെ കൈയക്ഷരത്തിൽ നീല മഷിയിൽ എഴുതപ്പെട്ടിരുന്നതെല്ലാം വാരിക്കൂട്ടി മാഗസിന്റെ ആർട്ടിക്കിൾസ് ബോക്സിൽ ഇടുമ്പോഴും ഞാൻ മനു അവസാനം പറഞ്ഞ കാര്യങ്ങളോട് പൂർണ്ണമായും യോജിച്ചിരുന്നു.

ജംഷീർ ടി.

ഞാൻ
ഒരു പ്രഹേളിക

മണലാരണ്യത്തിന്റെ നടുവിലുള്ള വടവൃക്ഷത്തിന്റെ തണലിൽ എല്ലാം നഷ്ടപ്പെട്ടവനെപോലെ ഞാനിരുന്നു. പൂടേറിയ മണൽക്കാറ്റ് എന്റെ ശരീരത്തെ നൊമ്പരപ്പെടുത്തുന്നത് ഞാൻ തെല്ലും അറിഞ്ഞില്ല. ദൂരെ മേഘപാളികൾക്കിടയിൽ സൂര്യൻ തെളിഞ്ഞും മറഞ്ഞും നിൽപുണ്ടായിരുന്നു. എന്റെ മനസ്സിൽ ആ ചോദ്യം വീണ്ടും കടന്നുവന്നു.

"ഞാൻ ആര് ?"

" മജ്ജയും മാംസവുമുള്ള ഒരു മൃഗത്തിനപ്പുറം ഞാൻ ആര് ?"

മൺകൂനകൾ തകരുകയും പുതിയവ ഉണ്ടാവുകയും ചെയ്തു. മോഹങ്ങളും അതുപോലെയാണല്ലോ. ആ വൃക്ഷത്തിനുചുറ്റും വെള്ളം നിറഞ്ഞു തുടങ്ങി. അധികം താമസിയാതെ അത് ഒരു കുളമായി രൂപാന്തരപ്പെട്ടു. അങ്ങിങ്ങ് ചെറിയ ചെടികൾ മുളച്ചുപൊന്തി. ദാഹം ശമിപ്പിക്കാൻ മൃഗങ്ങൾ ഓടിയണഞ്ഞു. മാനും മുയലും മയിലും എല്ലാം കണ്ണിനു കുളിർമ നൽകുന്നവ. ഞാൻ കുളത്തിനടുത്തേക്ക് നീങ്ങി കൈകുമ്പിളിൽ വെള്ളമെടുത്ത് മുഖത്തേക്ക് തെറുപ്പിച്ചു.

കണ്ണ് നീറുന്നുണ്ടായിരുന്നു. അവസാനത്തെ മണൽതരിയും കണ്ണീരിനൊപ്പം ഒഴുകുന്നതുവരെ ആ വേദന വിട്ടുപോയില്ല. ഞാൻ ചുറ്റും നോക്കി നോക്കെത്താ ദൂരത്തോളം മൺകൂനകൾ മാത്രം. എവിടെ വെള്ളം?

മണലാരണ്യത്തിന്റെ ഒരറ്റത്തായി കുശവന്റെ വീടുണ്ട്. അവിടെ അയാൾ മൺ ശില്പങ്ങൾ നിർമ്മിക്കുന്നു. ഞാൻ അവിടേക്കു നടന്നു. അവിടെ നാല് മൺപാത്രങ്ങൾ ഉണ്ടായിരുന്നു. അയാൾ ചക്രം കറക്കിക്കൊണ്ട് അഞ്ചാമത്തെ പാത്രം മെനയുന്നതിൽ വ്യാപൃതനാണ്. എന്റെ സാന്നിദ്ധ്യം അയാളെ തെല്ലും അസ്വസ്ഥനാക്കിയില്ല. മറിച്ച് അസ്വസ്ഥത എനിക്കാണുണ്ടായത്, എന്നെ അയാൾ ശ്രദ്ധിക്കുന്നുവോ ഇല്ലയോ എന്ന് ചിന്തിച്ച്. അയാൾ മൺപാത്രനിർമ്മാണം പൂർത്തീകരിച്ചു. അയാൾ കളിമണ്ണെടുത്ത് ഒരു ശില്പം മെനഞ്ഞുതുടങ്ങി. കാഴ്ചയിൽ ആ ശില്പം മനുഷ്യനെപോലിരുന്നു. അയാൾ ശില്പം ആ ഭൂമിയിൽ വച്ചു. പക്ഷേ അത് നിലംപതിച്ചു. അയാൾ താൻ മെനഞ്ഞ ശില്പത്തിൽ നിന്ന് കുറച്ച് കളിമണ്ണെടുത്ത് മറ്റൊരു ശില്പം കൂടി നിർമ്മിച്ചു. ആ ശില്പം അയാൾ ആദ്യ ശില്പത്തോട് ചേർത്തുവച്ചു. ആദ്യ ശില്പം നേരെ നിന്നു. ആ ശില്പങ്ങൾ പരസ്പരപൂരകങ്ങളായിരുന്നു. ഞാൻ കുശവനെ നോക്കി. ശില്പങ്ങൾ എണ്ണത്തിൽ കൂടിവന്നു.

ഞാൻ ചോദിച്ചു. " താങ്കൾ ആരാണ് ?"

അയാൾ എന്നെ നോക്കി പുഞ്ചിരിച്ചു. തന്റെ ചക്രം കറക്കിക്കൊണ്ട് തന്നെ അയാൾ പറഞ്ഞു

"ഞാൻ നീയാണ്"

അതു പറഞ്ഞുകൊണ്ടിരിക്കെ അയാൾ ഇല്ലായ്മയിലേക്ക് അലിഞ്ഞുപോയി. ആ ശില്പങ്ങൾ വീണ്ടും പൂഴിയായി മാറി. പൂഴി വലുതായി വലുതായി വന്നു. പൂഴി എന്റെ കഴുത്തറ്റം വരെ ആവരണം ചെയ്തു. ഞാൻ എന്റെ അവസാന ശ്വാസം വലിച്ചു.

ഞാൻ കണ്ണു തുറന്നപ്പോൾ, ആ ഗോളം എന്റെ കണ്ണിനു നേരെ പാഞ്ഞുവന്നു. ചുറ്റും പൂഴി നിറഞ്ഞ ഒരു ദ്വീപ്. ദ്വീപിനെ തൊട്ടു തലോടിക്കൊണ്ട് ദ്വീപിന്റെ ഒത്ത നടുവിലൂടെ ഒരരുവി കടന്നുപോകുന്നുണ്ടായിരുന്നു. അരുവിയിലെ തണുത്തവെള്ളം ഞാൻ മുഖത്തേക്ക് തെറിപ്പിച്ചു.

വെള്ളത്തിൽ ഒരു ജീവി. ആ ജീവിക്ക് ഒരു കണ്ണുണ്ടായിരുന്നു. ആ ജീവി രണ്ടു ജീവിയായി, രണ്ടാമത്തെ ജീവിക്ക് ആദ്യത്തേതിന്റെ ഇരട്ടി കണ്ണുകൾ ജീവിയുടെ എണ്ണം കൂടുംതോറും കണ്ണുകൾ ഇരട്ടിച്ചു. അതിൽ ചില ജീവികൾ ദ്വീപിലേക്ക് ചേക്കേറി.

ആ ദ്വീപിൽ ഇപ്പോൾ പച്ചപ്പു വന്നു തുടങ്ങിയിരിക്കുന്നു. ചേക്കേറിയ ജീവികൾ വീണ്ടും കൂടികൂടി വന്നു. ചില ജീവികൾ അല്പ നേരത്തേക്ക് സൂര്യനെ മറച്ചു, ചില ജീവികൾ വൃക്ഷത്തിൽ സ്വൈര്യവിഹാരം ചാടി നടന്നു. ഒരു ജീവി എന്റെ കണ്ണുകളിലേക്ക് നോക്കി. ഞാൻ ആ ജീവിയെ നോക്കി പല്ലിറുമ്മി. ആ ജീവി തിരിച്ചും

ഞാൻ ആ ജീവിയോട് ചോദിച്ചു. "നീ ആരാണ്?"

ആ ജീവി രൂക്ഷഭാവത്തോടെ എന്നെ നോക്കി ഉത്തരം നൽകി

" ഞാൻ നീയാണ് "

ഞാനും നീയും ഒന്നാണെങ്കിൽ എന്തുകൊണ്ട് നമ്മൾ പല രൂപത്തിൽ, എന്റെ മനസ്സിൽ പരിഭ്രാന്തി ഉളവായി. അരുവിയുടെ ഒഴുക്ക് ക്രമാതീതമായി വർദ്ധിച്ചു, തിരമാലകൾ അതിൽ നിന്നും രൂപംകൊണ്ടു ഒരു വലിയ തിരമാല എന്നേയും വഹിച്ചുകൊണ്ട് പോയി.

ആകാശവളയങ്ങൾ ഞാൻ ദർശിച്ചു

ചക്രവാളത്തിന്റെ ഭംഗി ആസ്വദിച്ചു;

തിരമാലകളുടെ ഉയർച്ചതാഴ്ചയിൽ ഞാൻ അനുഭവിച്ചു.

എന്റെ താടി രോമങ്ങൾ നനയുന്നുണ്ടായിരുന്നു, കണ്ണുതുറന്നു നോക്കിയപ്പോൾ ഞാൻ കടൽക്കരയിലായിരുന്നു. തിരമാലകൾ എന്നെ തഴുകുന്നുണ്ടായിരുന്നു. ഞാൻ അവിടെ മണിക്കൂറുകളോളം കിടന്നു അപ്പോഴും എന്റെ മനസ്സിൽ ഒരു ചോദ്യം മാത്രം.

ഒരു പിഞ്ചു ബാലൻ കരഞ്ഞുകൊണ്ട് എന്റെ ചുറ്റിലും ഓടി നടന്നു. അവൻ കടലിനെനോക്കി ഇടയ്ക്കിടയ്ക്ക് ആക്രോശിക്കുന്നുണ്ടായിരുന്നു. വയസ്സായ ഒരു കിഴവൻ കൈയ്യിൽ കയറി പിടിച്ചു. അവൻ കുതറി. അയാൾ അന്റെ കണ്ണുകളിലേക്ക് സൂക്ഷിച്ചുനോക്കി, അനുസരണയുള്ള ഓമനത്തമുള്ള ഒരു കുട്ടിയായി അവൻ മാറി.

ആ കിഴവൻ കൈപിടിച്ച് അവന്റെ കണ്ണെത്താ ദൂരത്തോളം കടൽക്കരയിലൂടെ നടന്നു. ഇടയ്ക്ക് അവൻ കുതറും പക്ഷേ കിഴവൻ അവന്റെ കൈ വിട്ടില്ല. ഞാൻ ഇതെല്ലാ നോക്കികൊണ്ട് ആ കടൽക്കരയിൽ തന്നെകിടക്കുകയായിരുന്നു. അവർ അകലെ അകലെയുള്ളൊരു പൊട്ടായി മാറി.

ആ പൊട്ടെടുത്ത് ഞാൻ എന്റെ നെറ്റിയിൽ ചാർത്തി.

ഫ്രാങ്ക്
മൂന്നാം വർഷ ബികോം

ഉത്തമഗീതം

"എന്റെ ഓമനേ, എന്റെ സുന്ദരീ
എഴുന്നേൽക്കുക, ഇറങ്ങിവരുക
ഇതാ ശിശിരം പോയ് മറഞ്ഞു
മഴമാറിക്കഴിഞ്ഞു
ഭൂമിയിൽ പുഷ്പങ്ങൾ വിരിഞ്ഞ് തുടങ്ങി
ഗാനാലാപത്തിന്റെ സമയമായി
അരിപ്രാവുകൾ കുറുകുന്നത്
നമ്മുടെ നാട്ടിൽ കേട്ടു തുടങ്ങി
അത്തിമരം കായ്ച്ചുതുടങ്ങി
മുന്തിരിവള്ളികൾ പൂത്തുലഞ്ഞ്
സുഗന്ധം പരത്തുന്നു
എന്റെ ഓമനേ, എന്റെ സുന്ദരീ
എഴുന്നേൽക്കുക, ഇറങ്ങിവരുക."

അവൻ ജോസ്.

ഇത്ര തീക്ഷ്ണമായ ഒരു തിരുവചനവും അവൻ ഇതുവരെ കേട്ടിട്ടില്ല. ജെയിംസച്ചൻ വചനം നിറുത്തിയപ്പോൾ അത് അവസാനിക്കരുതേ എന്ന് അവൻ ആദ്യമായി പ്രാർത്ഥിച്ചു. കുന്തിരിക്കത്തിന്റെ പുക അവനിലേക്ക് ആഴ്ന്നിറങ്ങി. അവൻ ഓർമ്മവച്ചനാൾ മുതൽ കാണുന്നതാണ് കുർബ്ബാന എങ്കിലും കുന്തിരക്കത്തിന്റെ ഗന്ധം ഇത്ര തീക്ഷ്ണമായി അവനിതുവരെ അനുഭവപ്പെട്ടിട്ടില്ല. അൾത്താരയിലെ റോസാപുഷ്പങ്ങൾ ഇത്ര മനോഹരമായി തോന്നിയിട്ടില്ല.

അവന്റെ തലക്കു മുകളിലൂടെ കുരിശുരൂപത്തിന്റെ കണ്ണുകൾക്ക് ഇത്ര ആർദ്രത അവൻ കണ്ടിട്ടില്ല. എങ്കിലും ജെയിംസച്ചൻ അപ്പവും കാസയും ഉയർത്തിയപ്പോൾ അവന്റെ കാസയുടെ വക്കത്ത് ഒരു തുള്ളി രക്തം വിയർത്തു. അവൻ പറഞ്ഞു. "ഇത് എന്റെയും രക്തമാകുന്നു". അവന്റെ മനസ്സ് സഞ്ചരിക്കുകയായിരുന്നു. ഭൂതകാലത്തിൽ, വർത്തമാനത്തിൽ അവന്റെ ഭാവിയിൽ.

ജോസിന്റെ മനസ്സ് വരണ്ടതായിരുന്നു. രണ്ടുമാസം വരൾച്ച. ഓഷോയുടേയും, യതിയുടേയും തത്വചിന്തകൾ അവന്റെ മനസ്സിനെ മറ്റൊരു ദിശയിലാക്കിയിരുന്നു. അവൻ പ്രവേശിച്ച മങ്ങാടിക്കുന്നിലെ കോളേജും വരണ്ടുണങ്ങി നിൽക്കുന്നതും അവൻ കണ്ടു.

പൂക്കാത്ത പാലകൾ,
പുകവമിക്കുന്ന പുകമരം

ജോസ് ഇപ്പോൾ വിഷാദത്തിലാണ്
എൺപതുകളിലെ കോളേജുകളെക്കുറിച്ചു പറയുന്നത് കേൾക്കുമ്പോൾ അവൻ എപ്പോഴും വിഷാദമാണ്. എങ്കിലും വൈദികൻ ആശിർവാദം നൽകിയപ്പോൾ അവനും ആശ്വാസം ലഭിച്ചു.

പിന്നീട് ജോസിന് പ്രണയത്തിന്റെ നാളുകളായിരുന്നു. കെമിസ്ട്രി ലാബിൽ നിന്നിറങ്ങുമ്പോഴാണ് അവൻ അവളെ ആദ്യമായി കാണുന്നത്. അവളുടെ കണ്ണിലെ തീക്ഷ്ണത ജോസ് ആദ്യമായി കണ്ടു. പിന്നെ ചീഞ്ഞ മുട്ടയുടെ മണമുള്ള ലാബിനെ അവൻ വെറുത്തില്ല. കുറച്ചുനേരം ആ മണം അവൻ അവന്റെ നാസികയിലേക്ക് വലിച്ചുകയറ്റി. അതിന് അത്തറിന്റെ ഗന്ധമുണ്ടെന്ന് അവന് തോന്നി.

പിന്നെ മങ്ങാടിക്കുന്നിലെ ഒരു മരവും പൂക്കാതെ പൊഴിച്ചില്ല.പാല പൂത്തു. പുകമരം വീണ്ടും വീണ്ടും പുകഞ്ഞെരിഞ്ഞു. ഈ കലാലയ ഭിത്തികളിൽ പലതിലും പല ചായങ്ങളും പടർന്നു. ജോസ് പ്രണയത്തിലായി. എന്തുകൊണ്ടോ അത് അവന്റെ പഠനത്തെ ബാധിച്ചു. പല വിഷയത്തിലും അവൻ തോറ്റു. പക്ഷേ കെമിസ്ടിയിൽ മാത്രം അവൻ ഒന്നാമനായി. എന്തുകൊണ്ടോ അവൻ കെമിസ്ടിയെ സ്നേഹിച്ചു. കെമിസ്ട്രിയിലെ തീക്ഷണ മായ കണ്ണുള്ള പെൺകുട്ടിയെ അവൻ സ്നേഹിച്ചു.

കുർബ്ബാന കഴിഞ്ഞ് ജോസ് പാടത്തിലൂടെയുള്ള വളഞ്ഞ പാതയിലൂടെ നടന്നു.

അവൻ പലപ്പോഴും ശ്രമിച്ചതാണ് അവന്റെ പ്രണയം

പറയാൻ, എങ്കിലും അവന് കഴിഞ്ഞില്ല. ഇടുങ്ങിയ മനസ്സ് ജോസിനെ അത് അനുവദിച്ചില്ല. എങ്കിലും പുറത്തെ പനയുടെ കുലയിലിരുന്ന് ഒരു കുയിൽ തന്റെ പ്രേമഗാനം പാടുന്നുണ്ടായിരുന്നു.

"എന്റെ മാടപ്പിറാവെ"

പാറയിടുക്കുകളിലും ചെങ്കുത്തായ മലയോരത്തിലെ പൊത്തുകളിലും ജീവിക്കുന്ന നിന്റെ മുഖം ഞാനൊന്നു കാണട്ടെ

ഞാൻ നിന്റെ സ്വരമൊന്നു കേൾക്കട്ടെ

നിന്റെ സ്വരം മധുരമാണ്

നിന്റെ മുഖം മനോഹരമാണ്".

ടാറിട്ട റോഡ് ഒരു ഭൂതകാലമായി അവന് തോന്നി. ജോസ് തന്റെ വീടു കണ്ടു. അവന്റെ സ്വപ്നത്തിനെ അത് തുളച്ചിടുന്നതുപോലെ തോന്നി. വീടിന്റെ തറയിലടി ച്ചിരിക്കുന്ന പെയിന്റ് പലയിടത്തും പോയെങ്കിലും അതിന് ഒരു ആർട്ടിസ്റ്റിക് ചന്തമുണ്ടെന്ന് അവൻ മനസ്സിൽ ആശ്വസിച്ചു. സ്വീകരണമുറിയുടെ മൂലയിലെ ടി.വിയിൽ 'തട്ടത്തിൻ മറയത്ത്' ഓടുന്നു. ജോസ് റിയലിസ്റ്റിക് സിനിമയുടെ ആളാണ്. ഭരതനെയും പത്മരാജനെയും അവൻ ആരാധിച്ചിരുന്നു. ജാപ്പനീസ് ചിത്രങ്ങളും ലാറ്റിനമേരിക്കൻ ചിത്രങ്ങൾ കണ്ടിരുന്ന ജോസ് മാറിയിരിക്കുന്നു.

ക്ലീഷേ ചിത്രങ്ങൾ അവൻ കാണുവാൻ തുടങ്ങി. അതിന്റെ ഹാങ്ങ് ഓവറാണെന്ന് തോന്നുന്നു. ഈ ജോസ് കെമിസ്ട്രിയിലെ തീക്ഷ്ണമായ കണ്ണുള്ള കുട്ടിയുടെ അടുത്ത് പോയി. തന്റെ ഇഷ്ടം പറയുവാൻ അവൻ തീരുമാനിച്ചു. അവന്

ഓഡിറ്റോറിയത്തിന്റെ മുന്നിലെ ആൽമരത്തണലിൽ അവളെ കണ്ടു. ജോസ് തന്റെ മനസ്സിൽ ആദ്യമായി ഉറച്ച തീരുമാനമെടുത്തു. പ്രകൃതി അതിനുള്ള അന്തരീക്ഷം സൃഷ്ടിച്ചു. കാറ്റ് അവൻ തൊട്ടുമുകളിലുള്ള മഞ്ഞപൂമരത്തെ ചലിപ്പിച്ചു. അത് പുഷ്പവൃഷ്ടിയായി.

അവൻ അവളുടെ അടുത്ത് ചെന്ന് വിറക്കുന്ന സ്വരത്തിൽ ജോസ് പറഞ്ഞു.

"ഞാൻ നിന്നെ സ്നേഹിക്കുന്നു."

അവൻ മനസ്സിലോർത്തു, ഈ കലാലയം ഈ വാക്കുകൾ എത്ര കേട്ടതാണ്. അവൾ ആദ്യമായി അവനെ നോക്കി ചിരിച്ചു. മഞ്ഞ പുഷ്പങ്ങളുടെ വർഷത്തിൽ അവളുടെ ചിരി കൂടുതൽ മനോഹരമായി ജോസിനു തോന്നി. എന്നിട്ടവൾ വളരെ ശാന്തമായി പറഞ്ഞു.

"നിനക്ക് സിക്സ്പായ്ക്ക് ഇല്ലല്ലോ"

ജോസ് ഒന്നും പറഞ്ഞില്ല. അവൻ തന്റെ തടിച്ച വയറിൽ കൈവച്ച് തന്റെ തടിയെ ശപിച്ച് അവൻ തിരിഞ്ഞു നടന്നു. ജോസ് ഓർത്തു

"ഇത് റിയലിസ്റ്റിക് സിനിമയുടെ അവസാനമാണോ? എനിക്കറിയില്ല. പക്ഷേ അന്ന് മങ്ങാടിക്കുന്നിലെ മരങ്ങൾക്ക് ശിശിരമായിരുന്നു. ''എന്റെ അഭിപ്രായത്തിൽ പിന്നെ ഇതുവരെ ഇവിടെ വസന്തം വന്നിട്ടില്ല.

അഡോൺ അഗസ്റ്റിൻ
രണ്ടാം വർഷ ഫിസിക്സ്

ബിംബങ്ങൾ മരിക്കുന്നു.

പൊടുന്നനെ, ബീഭത്സമായ ഒരു രൂപമായി അവൾ മാറി, ഊടുപാവുകളൊക്കെത്തന്നെ ഏതോ ഒരാലസ്യത്തിൽ ഊർന്നുപോയി. ഒരു കൊച്ചുകുട്ടിയോളം ഞാൻ ചെറുതായി ഒരു കൈകുഞ്ഞ്. ഇരു കൈകൾകൊണ്ടും കോരിയെടുത്ത് തന്റെ മടിയിൽ അവളെന്നെ കിടത്തി. ഞാൻ മറ്റൊരാളായി മാറി

കണ്ണിലേക്ക് ഒരു മഞ്ഞളിപ്പ് പരന്നു കൊണ്ടിരുന്നു. മഞ്ഞയിലേക്ക് പച്ച, വെള്ള, ചുവപ്പ്, നീല, വർണ്ണങ്ങൾ ലയിച്ചുകൊണ്ടേയിരുന്നു. എന്റെ ബാല്യം...വർണ ശബളമായ എന്റെ ബാല്യം... തെരുവിൽ കരിഞ്ഞ മറ്റ് ബാല്യങ്ങളെയോർത്ത് ഞാൻ വിലപിച്ചു. ഒരിക്കൽ ഒരു ദു:സ്വപ്നമായി എന്റെ വിലാപം പരിണമിച്ചു. അങ്ങിങ്ങായി പൊന്തിയ മൊട്ടക്കുന്നു കൾക്കിടയിൽ ഏകാന്തപഥികനായി ഞാൻ അലഞ്ഞു. ഒരു പൊട്ടകിണറ്റിൽ നിന്നും വലിയ സർപ്പം വന്ന് എന്നെ വിഴുങ്ങി. അകലെ എവിടെയോ ഉയർന്ന മുറവിളിയിൽ എന്റെ നിലവിളി അലിഞ്ഞില്ലാതെ, ആരും കേൾക്കാതെ പോയി.

വെളുത്ത്, വിശുദ്ധമായ പശ്ചാത്താപം

ആ വെളുപ്പിന്റെ രശ്മികൾക്ക് മൂർച്ച കൂടി വരുന്നു. കണ്ണുകൾ തുറക്കപ്പെടുകയാണ്. നിലക്കാത്ത മാതൃവിലാപം ഉള്ളിലെവിടെയോ മുഴങ്ങികേട്ടു. കരളലിയിച്ച ആ ദീനരോധനത്തിൽ ലയിച്ച, മൂർച്ചിച്ച രശ്മികൾക്ക് ഞാൻ കീഴടങ്ങി. എന്റെ കണ്ണുകൾ തുറക്കപ്പെട്ടു.

ഏഴു വർണ്ണങ്ങളും സംയോജിച്ച വെളുപ്പ്, അതിന്റെ പരിശുദ്ധി, ആകാശം...കൺമുന്നിൽ സമുദ്രം, അസ്തമയ സൂര്യൻ, ഞാനിതെവിടെയാണ്? സമുദ്രങ്ങൾക്കപ്പുറം സൂര്യൻ ഒരു നക്ഷത്രമായി എനിക്കനുഭവപ്പെട്ടു. മനസ്സിൽ ആ രക്തനക്ഷത്രത്തിന്റെ ആത്മാർത്ഥത.

ഞാനെപ്പോഴായിരുന്നിരിക്കണം ഇവിടെ വന്നത്...? ഏതായാലും ഉച്ചയുറക്കത്തിന്റെ ഒരു ചടവ് ഇപ്പോൾ അറിയുന്നു.

ആളുകൾ കണ്ണിൽ നിന്നും മാറി മറിഞ്ഞു കൊണ്ടിരുന്നു. എത്രയെത്ര മുഖങ്ങൾ, കൈകാലുകൾ, എത്രയെത്ര കുല-ജാതികൾ,

ലോകം നീണ്ടു നിവർന്നു നിൽക്കുന്ന വിശാലമായ ഒരു വലിയ കുളിമുറിയായിരുന്നെങ്കിൽ ജാതികൾ രണ്ടായികുറഞ്ഞേനെ..ആണും, പെണ്ണും.. സാർവ്വത്രിക

ഇനി എങ്ങോട്ടാണു പോകേണ്ടത്? നേരം ഇരുട്ടുന്നു. പ്രകൃതിക്കൊത്ത് മനുഷ്യരും മാറും, ഇതാ ഇതിലെ..ഓ നശിച്ച മറവി ഇനിയും വിട്ടു മാറിയിട്ടില്ല. ഇനിയും കിലോ മീറ്ററുകൾ താണ്ടി ചെല്ലേണ്ടതുണ്ട്. എല്ലാവരും എനിക്ക് വേണ്ടിയാണ് കാത്തിരിക്കുന്നത്. സക്രിപ്റ്റിനിയും പൂർത്തിയായിട്ടില്ല. നാളെ, ഷൂട്ടിങ്ങ്, ആദ്യ സംരംഭം. പാട്ടുകളില്ല, സ്റ്റണ്ടില്ല യാതൊരുവിധ കമേഷ്യൽ ചേരുവകളുമില്ല. ഇത്, ആളുകളെ തിക്കി കയറ്റാൻ വേണ്ടിയല്ലല്ലോ..എന്റെ ഒരു പൂർണ്ണ സംതൃപ്തി. എന്റെ വലിയ ഭ്രാന്ത്.

അല്ലെങ്കിലും ഓരോന്നാലോചിച്ച് നടന്നാൽ കാലുകൾക്ക് ദൂരങ്ങളെ മറക്കാനാകും. അവധി ദിവസമാണെങ്കിലും ഇന്നും സ്റ്റാൻഡിൽ തിരക്കുതന്നെ. ഞാനൊരു മണ്ടനാണ്, രാത്രിക്കെന്ത് അവധി. എങ്കിലും അത്രകണ്ട് ഇരുട്ടായിട്ടൊന്നുമില്ല. എന്ത് കാരണത്താലാണ്

ഫോൺ എടുക്കാത്തത്. ചിലപ്പോഴൊക്കെ സ്വകാര്യത നഷ്ടപ്പെടുത്തുമെങ്കിലും അതൊരാവശ്യവസ്തു തന്നെ.

ഞാൻ ചുറ്റുപാടും ഒന്നു നിരീക്ഷിച്ചു. നന്നെ മെലിച്ച ഒരു സ്ത്രീ കൈകുഞ്ഞുമായി തെണ്ടുന്നത് ശ്രദ്ധയിൽപ്പെട്ടു. ഇവരെയൊക്കെ പുനരധിവസിപ്പിക്കേ സമയം അതിക്രമിച്ചു. എല്ലാവരും അവരിൽ നിന ഒഴിഞ്ഞുമാറി. ചിലരുടെയൊക്കെ കണ്ണുകൾ സ്ത്രീയുടെ മേലാകെ പരതി. നേരം ഇരുട്ടുകയാണ ഇപ്പോഴൊക്കെ ഇരുട്ടണമെന്നും ഇല്ലാതായികഴിഞ്ഞു. സ്ത്രീ എന്റെ പക്കലേക്ക് അടുക്കുകയാ താമസിയാതെ അവർ ആവർത്തിച്ചു. അറിയാതെ, എ കൈ പോക്കറ്റിനെ മറച്ചു. കാലുകൾ പിന്നോട്ട് ഒ വെച്ചു. ഉയർന്നു താഴുന്ന അവരുടെ മാറിടത്തിലേ കണ്ണോടി. പക്ഷേ കാതുകളിലേക്ക് "മോനേ..." എ അവരുടെ ചിലമ്പിച്ച ശബ്ദം വന്നു വീണു. ഒ നിമിഷത്തേക്ക് എനിക്ക് സ്തംഭിച്ച് നിൽക്കേണ്ടി വന ഉള്ളിലെവിടെയോ ആ മാതൃവിലാപം പ്രതിധ്വനി ബോധം തിരിച്ചെടുക്കാനായപ്പോൾ അവർ എ മുൻപിലില്ല. കുറ്റബോധത്താൽ ഞാൻ വീർപ്പുമുട്ടി. ഞാ അവരേയും തേടി നടന്നു. അരണ്ട വെളിച്ചത്തി ഏതൊക്കെയോ ഇടനാഴികളിലൂടെ അലഞ്ഞു. അലച്ചിൽ അവസാനമില്ലാത്ത അലച്ചിൽ..എന്നാണു ഇ പ്രതിഭാസത്തിനു എന്റെ ജീവിതത്തിൽ മരണമുണ്ടാക്കു ഒരു പക്ഷേ മറ്റെല്ലാവരെയുംപോലെ അവരവരു നിഴലുകൾ അവസാനിക്കുന്നിടത്താകും

പെട്ടെന്ന്, ഒരു രൂപം എന്റെ കാഴ്ചയിലേക കയറി വന്നു. പയ്യെ പയ്യെ ആ ശരീരത്തിലങ്ങിങ്ങാ വീണ വെളിച്ചത്തിൽ നിന്നും അതൊരു സ്ത്രീയാണെന്ന മനസ്സിലാക്കി. അതേ കൂടാതെ കുഞ്ഞും മറ്റാരുമില്ലെന കണ്ടപ്പോൾ അതു ഞാനന്വേഷിച്ച സ്ത്രീയല്ല...ബോധ്യ

സ്ഥൂലം, ശരീരം, ചുണ്ടിൽ പത്രാസ ന്റേതല്ലാത്ത ചായം. തൊട്ടടുത്തു കണ്ട കെട്ടിടത്തിന ഓരത്തേക്ക് ഞാൻ നിന്നു. താമസിയാതെ അവരു അവിടേക്ക് കയറി നിന്നു. എ.ശാന്തകുമാറിന്റെ 'ഒറ്റ

രാത്രിയുടെ കാമുകിമാരെന്ന' നാടകം എന്റെ മനസ്സിൽ മിന്നിമറഞ്ഞു. ഓർമ്മകളെ തിരിച്ചുവിട്ടപ്പോൾ എന്റെ കണ്ണുകളുടെ വരാന്തയിൽ അവരെന്നെ കാത്തു നിൽക്കുകയായിരുന്നു.

യാചകിയായ ആ അമ്മക്കും കുഞ്ഞിനും പിന്നീട് കരുതിയ തുക ഞാൻ അവർക്കു നേരെ നീട്ടി.., അറിയാതെ തന്നെ അവരതു കൈക്കലാക്കി എങ്ങോ ഒളിപ്പിച്ചു. അലച്ചിലിന്റെ കാഠിന്യത്തിൽ വായിൽ നിന്നു വീണു, "വെള്ളം" പിന്നെ അവർ, കരുതിയിരുന്ന ബാഗിൽ നിന്നും എടുത്തു തന്നതും കുടിച്ചു തീർത്തതും ഇടിമിന്നലായി നിലകൊണ്ടു. ഞാനിപ്പോൾ എങ്ങോട്ടോ നടക്കുകയാണ്. ആ സ്ത്രീ എന്നെ എങ്ങോട്ടോ നയിക്കുന്നു. ബോധം മറയുന്നതുപോലെ. ചുറ്റിലും പരന്ന ഇരുട്ട് കണ്ണിലേക്കും പടർന്നു കയറി. വീണ്ടും ഇരുട്ട് അന്ധത ഞാൻ., ഞാൻ പിന്നോട്ടു നടക്കുകയാണോ?

ഇരുട്ടിന്റെ തടവറയിൽ നിന്നും എന്റെ കണ്ണുകൾ സ്വതന്ത്രമായി. മങ്ങിയ വെളിച്ചത്തിൽ ഞാൻ ഒരു നരച്ച മുറിയിൽ ആ സ്ത്രീ എന്റെ അടുത്ത് കിടക്കുകയാണ്. ഓരേ സമയം ബധിരനും മൂകനുമായി ഞാൻ. ആ ശരീരം എന്നിൽ മറ്റൊന്നും ഉണർത്തിയില്ല. എന്റെ മനസ്സിൽ അപ്പോഴും ആ അമ്മയും പെൺ കുഞ്ഞുമായിരുന്നു. എന്തിനോ അടിപ്പെട്ടുകൊണ്ട് എന്റെ മനസ്സ് എന്തോ പറഞ്ഞു.

തെല്ലിടനേരത്തെ മൗനത്തിനുശേഷം ഞാൻ ആ സ്ത്രീയെ നോക്കി. അവരുടെ കണ്ണുകൾ അന്ത്യശ്വാസം വലിച്ചു. പിന്നീട് ആ കൺതടങ്ങൾ തുളുമ്പി. അവരുടെ ചുണ്ടുകൾ വിറച്ച് കോടുന്നത് ഞാൻ കണ്ടു. പിന്നെ ഗാഢമായി എന്നെ ആശ്ലേഷിച്ചു. അവരുടെ മാറോട് ചേർത്തു പിടിച്ചു.

അവർക്കു നഷ്ടപ്പെടുന്ന കുറെ ഭാഗ്യങ്ങളെ അവരെന്നിലൂടെ നേടിയെടുക്കുന്നതുപോലെ തോന്നി. അവർ ഒരേ സമയം അമ്മയായി, ജേഷ്ഠത്തിയായി...ആ ഒരു ആശ്ലേഷത്താൽ പെണ്ണിന്റേതായ സകല വേദനകളെയും സൗഭാഗ്യങ്ങളെയും അവർ നിർമ്മിച്ചെടുത്തു.

പെട്ടെന്ന്, കുറെ കൈകൾ എന്നെ തട്ടയുണർത്തി കണ്ണ് തുറന്നതും വലിയ അമ്പരപ്പോടെ നിന്നു. എന്തൊക്കെയാണിവിടെ നടക്കുന്നത്. ചുറ്റും നിറഞ്ഞു നിന്ന സുഹൃത്തുക്കൾ ഓരോരുത്തരായി പറഞ്ഞു തുടങ്ങി. എന്നെ അന്വേഷിച്ചിറങ്ങിയത്, ബസ്സ് സ്റ്റാന്റിനടുത്തുള്ള ഏതോ ഒരു മദ്യശാലയിൽ നിന്നും കണ്ടുകിട്ടിയതും..

ഞാൻ മദ്യപിച്ചിരുന്നോ? ചിന്തകളെ സ്വതന്ത്രമാക്കി സ്വസ്ഥം പറത്തി വിടാൻ മദ്യപിച്ചിരുന്നിരിക്കണം.

ഇപ്പോൾ എനിക്ക് യാതൊരു ആകുലതയുമില്ല. എന്റെ മനസ്സിൽ പൂർണ്ണത കൈവരിക്കാതെ കിടന്ന തിരക്കഥ കെട്ടുറപ്പുള്ളതായി കഴിഞ്ഞു.

ജീവിക്കുന്നതിനേക്കാൾ എത്രകണ്ട് പ്രയാസകരമാണ് ഈ നിർമ്മിതി എന്നത് ഇപ്പോൾ തിരിച്ചറിയുന്നു.

"ജീവിക്കാൻ വളരെ എളുപ്പമാണ്, അങ്ങനെയൊരു ജീവിതത്തെ സൃഷ്ടിക്കുക എന്നത് അപ്രാപ്യം"

ആ അമ്മയും കുഞ്ഞും സ്ത്രീയുമൊക്കെ മിഥ്യയാണെങ്കിൽകൂടി അവരിൽ നിന്നും എന്തൊക്കെയോ മനസ്സിലാക്കുന്നു. ഒരു ശരീരത്തിനുമപ്പുറത്തേക്ക് സ്ത്രീ എന്റെ മനസ്സിൽ വളരുകയാണ്, എല്ലാം ഭൗതിക പദാർത്ഥങ്ങൾ

ശരീരം ഒരു വലിയ കള്ളമാണ്....

സിഗ്നൽദാസ്
മൂന്നാം വർഷ
മാത്തമാറ്റിക്സ്

പെണ്ണിനെ അവനെന്നും പേടിയായിരുന്നു. ഒരു മുഴുവൻ പെണ്ണിന്റെ മുന്നിൽ തലയുയർത്തി നിൽക്കാൻ ഇത്വരെ അവന് കഴിഞ്ഞിട്ടില്ല. അത്കൊണ്ട് തന്നെ ഒരു പെണ്ണ് എന്തിനെന്ന് അറിയില്ല അവൻ ഇക്കാര്യമറിയുന്നത് കൊണ്ട് തന്നെയാവാം, കടയിൽ വരുന്ന സ്ത്രീകൾ അവനെ ഒന്ന് നന്നായി നോക്കും. ഒരൊത്ത ആൺകുട്ടിയ ല്ലാത്തിട്ടാവണം അവർ അവനെ തൊടും, പിച്ചും, കണ്ണിറുക്കും. എപ്പോഴും അവന് തോന്നും, പെണ്ണ് ഒരു നിഗൂഢത തന്നെ ചുരുളഴിയാത്ത രഹസ്യം.

അവന്റെ ചിന്താമണ്ഡലം അത്രയ്ക്ക് വളർന്നിട്ടില്ല എന്ന് വേണം പറയാൻ. അത്കൊണ്ട് തന്നെ അവനെയല്ലാതെ മറ്റൊരാളെ അവിടെ നിർത്താൻ ഈ വെറ്റില ചവച്ച്കൊണ്ടിരിക്കുന്ന, സാവിത്രയമ്മ കുനിയാൻ കാത്തിരിക്കുന്ന- ഈ അമ്പത്തിയെട്ടുകാരൻ തയ്യാറായില്ല എന്നുറപ്പ്. ബുദ്ധികൂർമ്മതപോലം ബുദ്ധിമാന്ദ്യതയും ഒരു ജോലിക്ക് വേണ്ട യോഗ്യത തന്നെ.

സാവിത്രിയമ്മ ഇവിടെ മൂന്ന് വർഷമാകുന്നു. 'തയ്യൽ ശാസ്ത്രം' അറിവില്ലാത്തതിനാൽ അവരുടെ ജോലി അവന് അറിയില്ല. അവൻ കണ്ടിട്ടുളളതിൽവെച്ച്, അഴനറിയുന്നത് വെച്ച്, സാവിത്രിയമ്മ ഒരു പെണ്ണാണ്,

ബ്ലൗസ് തയ്ക്കാൻ വരുന്ന ചിലരുടെ മാറിന്റെ അളവെടുക്കുന്ന അവരെ അവൻ ശ്രദ്ധിച്ചിട്ടുണ്ട്. ആ സ്ത്രീയുടെ ചർമത്തിന്റെ നിറം കാണാൻ കൂർത്ത കണ്ണുകളുമായി ഇരിക്കുന്ന അമ്പത്തിയെട്ടുകാരനെയും, മനപൂർവ്വം സാവിത്രിയമ്മ അമ്പത്തിയെട്ടുകാരനെ സഹായിക്കുന്നു. അമ്പത്തിയെട്ടുകാരന്റെ മുഖം തെളിയുന്നു. അവന് മനസിലായില്ല.

അവന് ചരിത്രമില്ല, അച്ഛനോ, അമ്മയോ ഇല്ല (അതിൽ തെല്ലു വിഷമം ഇത് വരെ തോന്നിയിട്ടുമില്ല). അവന്റെ ജീവിതം ഓർമ്മ മുതൽ ആ കടയുടെ തെക്കിനി മുറിയിൽ, തൂന്നിവെച്ച ബ്ലൗസുകൾക്കും ചുരിദാറുകൾക്കു മൊപ്പം ചാവാതിരിക്കാനുള്ള ഭക്ഷണം അവന് ലഭിച്ചു. അരയ്ക്ക് താഴെ മറക്കണമെന്ന് പഠിച്ചു. ചോദ്യങ്ങൾ ചോദിക്കരുതെന്ന് അവൻ പഠിച്ചു. 'ഉറങ്ങാനും' അനുഭവിച്ചതൊക്കെ അവൻ പഠിച്ചു. പെണ്ണിനെ അവൻ പഠിച്ചില്ല. കാമത്തിന്റെ ഒരു കണിക പോലും അവനിൽ ഇല്ല. കാരണം അവനതെന്തെന്ന് അറിയില്ല. അതുഗ്രഹിക്കണമെന്നുപോലും.

'നമുക്ക് നിരസിക്കപ്പെടുന്നതെന്തോ, അത് നാം ഏറ്റവും ദാഹിക്കുന്നു.

യാഥാർത്ഥ്യം

രാത്രി 10 മണിയാവുമ്പോൾ അവൻ തന്റെ മുറിയിലേക്ക് വരും. തന്റെ പുരുഷനെ കാത്ത് തന്റെ വെപ്പാട്ടികൾ 'തുങ്ങിയാടുന്നതും' നോക്കി, ഒരു യോദ്ധാവായി, ഒരാണായി അവൻ കടന്നു വരും. ഒന്നിനും സമയം കളയാതെ അവൻ അവനെ പൂർണനഗ്നനാക്കും. തന്റെ പുരുഷത്വത്തെ കണ്ണിറുക്കിയും ഗോഷ്ഠികാണിച്ചും പരിഹസിച്ചവരെ അവൻ സൂക്ഷിച്ച് നോക്കും. അവർ മാപ്പ് ചോദിക്കും. ഒറ്റ ഒരുത്തിയെ ബാക്കി വെക്കാതെ, എല്ലാവരിലും അവൻ പ്രവേശിക്കും. പകൽ വഞ്ചിക്കപ്പെട്ട എല്ലാ പെണ്ണിനെയും നോക്കി രാത്രി അവൻ അട്ടഹസിക്കും. കൂട്ടത്തിൽ അവനെക്കുറിച്ച് തൊട്ട് മുമ്പ് തെറ്റായി വ്യാഖ്യാനിച്ച ഈ എഴുത്തുകാരനെയും!

അവന്റെ ശരീരത്തിൽ അവിടവിടയായി അവർ വിശ്രമിക്കും. അവൻ എല്ലാവർക്കും മാപ്പു നൽകും. അവർ വേദനിച്ച് പുളഞ്ഞിരിക്കും. സൂര്യൻ ചക്രവാളം കടന്നിരിക്കും...!!

തമാം മുബാരിഫ്
2-ാം വർഷ ജിയോളജി

മുബാരിഷ്
ജിയോളജി

കാലം തുപ്പലുതൊട്ട്
ചരിത്രത്തിന്റെ താളുകൾ
മറിച്ചുനോക്കികൊണ്ടിരിക്കെ
അവനു ചേരാത്ത കണ്ണട
എവിടെയോ വീണുടഞ്ഞു.
അപ്പോഴേക്കും തുപ്പലുപുരളാത്ത
കുറേതാളുകൾ വായിക്കപ്പെടാതെ
മറിഞ്ഞുപോയിരുന്നു.
ആ താളുകളിലാണ് നമ്മുടെ ചരിത്രം
എഴുതപ്പെട്ടിരുന്നത്.

BASKETBALL TEAM



HOCKEY TEAM

HOCKEY TEAM (WOMEN)

GYMNASTICS TEAM (MEN AND WOMEN)



VOLLEYBALL TEAM

FOOTBALL TEAM



ATHLETICS TEAM

VISHNU VALSAN
Javalin Gold,
Shotput Bronze

VISHNU IS
Best Physiq
Calicut Uty

VIMAL
Boxing Gold

JIJO JAMES
Hamour Throw Gold

SARATH BABU
Physiq Bronze

SHIJU C
10000 m. Gold
Half Marathon Gold

SHERIN VARGHESE
Silver Medal Boxing

ABDU SAMAD
10000 Silver
5000 m Bronze

JIBIN RAPHEL
Bronze
Boxing

JISHNU K.B
Interzone Archrery
അങ്ങനെ ഡിസംബർ 23 ഞായറാഴ്ച രാത്രി ഒൻപതര മണിക്ക് ഞങ്ങൾ തൃശൂർ റെയിൽവേ സ്റ്റേഷനിലെത്തി. പത്ത് മണിക്ക് ട്രയിൻ വന്നപ്പോൾ അതിൽ കയറിപ്പറ്റി അക്ഷരാർത്ഥത്തിൽ കാല് താഴെകുത്താൻ ജനറൽ കംപാർട്ട്മെന്റിൽ ഒരിടത്ത്പോലും സ്ഥലമുണ്ടായിരുന്നില്ല കിട്ടിയ ഭാഗങ്ങളിലെല്ലാം തൂങ്ങിക്കിടന്ന് ഞങ്ങൾ ആ യാത്ര ആരംഭിച്ചു. 25 മണിക്കൂർ ഇങ്ങനെ നിൽക്കണ മെന്നോർത്ത് എന്റെ നെഞ്ചിടിപ്പ് കൂടി. കൂടെയുള്ളവരെ ഓരോരുത്തരെയായി നോക്കി. ശരിക്കും ചിരിക്കാനാണ് തോന്നിയത്. വിനോദയാത്രയാണ് ആളുകൾ തിങ്ങി നിറഞ്ഞ് നിൽക്കുന്നു. ഒരാൾ കയ്യിൽ മുന്നാല് പരിപ്പുവടയുമായി വാതിൽക്കൽ തന്നെയുണ്ട്, നിൽക്കാൻ സ്ഥലമില്ല, രണ്ട് കയ്യുംകൊണ്ടാണ് അയാൾ ബാലൻസ് ചെയ്യുന്നത്. ഒപ്പം പരിപ്പുവടയും തിന്നുന്നു. ഒരു പരിപ്പുവട മുഴുവൻ വായിലിട്ട് ഒതുങ്ങാതെ, അത് ചവക്കുന്നത് നല്ല രസകരമായ കാഴ്ചയായിരുന്നു. 2 മണിക്കൂറായതോടെ ഞങ്ങളുടെ ആദ്യത്തെ ആവേശമൊക്കെ തീർന്നു.

ഇനി ഇരുപത്തിമൂന്നു മണിക്കൂറെ ഉള്ളൂ എന്ന് പറഞ്ഞവനെകടിച്ച് തിന്നാണ് എനിക്ക് തോന്നിയത് നമുക്ക് അവസാനിപ്പിച്ച് പോയാലോ എന്ന് വരെ ഓരോരുത്തർ പറയാൻ തുടങ്ങി. അറിയാവുന്ന മുറിഹിന്ദി ഉപയോഗിച്ചൊക്കെ കൂടെയുള്ളവരോട് സംസാരിച്ചു. ഞങ്ങളുടെ ദയനീയഅഴസ്ഥ കണ്ടിട്ടാവണം ഒരു മലയാളി സുഹൃത്ത് ഞങ്ങളോട് പോയി സ്ലീപ്പർക്ലീസിൽ കയറാൻ പറഞ്ഞു. അങ്ങനെ കേരളം വിടും മുൻപേ തന്നെ ഞങ്ങൾ ഗുരുദേവ് എക്സ്പ്രസിന്റെ സ്ലീപ്പർക്ലാസ്സിൽകയറി. സത്യത്തിൽ അതിനകത്ത് കയറിയപ്പോൾ ഉണ്ടായ വികാരം പട പേടിച്ച് പന്തളത്തു ചെന്നപ്പോൾ പന്തംകൊളുത്തിപ്പട കണ്ടവനുണ്ടായ അതേ വികാരം കണ്ണു നിറഞ്ഞുപോയി. ജനറൽ കംപാർട്ട്മെന്റിൽ നിന്നും തീരെ വ്യത്യസ്തമായിരുന്നില്ല ഇവിടുത്തെ അവസ്ഥയും. ഇനിയും എത്രയോ മണിക്കൂറുകൾ ഒരൊറ്റ മലയാളിപോലുമില്ല, കംപാർട്ട്മെന്റ് മുഴുവൻ പാൻ മസാലയുടെ മണം, ട്രയിന് ഉൾവശമുള്ള ടോയ്ലറ്റിന്റെ വാതിൽ പോലും ചാരി ഇരിക്കുന്ന ആളുകൾ..ഒരു രാത്രി എങ്ങനെ തീർന്നുവെന്നറിയില്ല..ഉറക്കമില്ലാത്ത ആ രാത്രിയിൽ എങ്ങനെയോ അടഞ്ഞകണ്ണ് തുറന്നപ്പോൾ കണ്ടത് താഴെ ആരെന്നോ ഏതെന്നോ അറിയാത്ത നാറുന്ന ബംഗാളി തൊഴിലാളിയുടെ തോളിൽ കിടക്കുന്നതാണ്. ഒരു ഓർമ്മക്കുവേണ്ടി ഞങ്ങൾ ആ

രംഗം ക്യാമറയിൽ പകർത്തി.

നേരം വെളുത്തപ്പോഴെക്കും ഞങ്ങൾ കേരളത്തിന്റെ അതിരുകൾ കടന്നിരുന്നു. ബംഗാളികളുടെ കാല് പിടിച്ച്, ചോദിച്ച ട്രെയിന്റെ ഡോറിന്റെ പടിയിൽ ഒരിരിപ്പിടം ഞങ്ങൾ സംഘടിപ്പിച്ചു. വെളുപ്പിന് കൊടും തണുപ്പ്, കുറച്ചായപ്പോൾ കൊടും ചൂട് മാറിമാറി നിന്നും ഇരുന്നും ഞങ്ങൾ സമയം തള്ളിനീക്കി. കേരളത്തിൽ നിരോധിച്ച പാൻ മസാലകൾ തുച്ഛമായ വിലക്ക് ഇന്ത്യൻ റെയിൽവേയിൽ കച്ചവടം നടത്തുന്നു. സമൂസ കച്ചവടക്കാർ, അണ്ടിപ്പരിപ്പ്, കപ്പലണ്ടി അങ്ങനെ പലതും..

കൗതുകം തോന്നി, എന്തെങ്കിലും വാങ്ങി കഴിക്കാനും, ആഗ്രഹമില്ലാതിരുന്നില്ല, തലേദിവസം പരിപ്പുവട തിന്നയാളുടെ അവസ്ഥ വരുന്നകാര്യം ആലോചിച്ച് വിശപ്പ് പരമാവധി അടക്കി വെക്കുകയായിരുന്നു

ഇതിനിടയിലാണ് കുറെ പെണ്ണുങ്ങൾകൂട്ടമായി ബഹളംവച്ച് കടന്നുവരുന്നത്. ആദ്യം അസ്വാഭാവികമായി ഒന്നും തോന്നിയില്ല. ഇവരുടെ തോണ്ടലും തലോടലും കണ്ടപ്പോഴാണ് ഏതോ സിനിമകളിലും കഥകളിലും മാത്രം പരിചയച്ചിട്ടുള്ള ഹിജഡകളാണ് അവരെന്ന് മനസിലായത്.

ബംഗാളികൾ അവർക്ക് പണം നൽകുകയും. ചിലർ അവരെ തുണിപൊക്കി കാണിക്കുകയും ചെയ്യുന്നുണ്ടായിരുന്നു. പൈസ കൊടുക്കാത്ത ചിലരുടെ രണ്ട് കവിളത്തും മാറിമാറി നല്ല തല്ലു കൊടുക്കുന്നതും വാപൊളിച്ചു നിന്ന് നോക്കുകയായിരുന്നു ഞങ്ങൾ. ഈ തിരക്കിനിടയിൽ ഇവരിങ്ങനെ എന്തക്രമമാണീ കാണിക്കുന്നതെന്ന് ഞാനാലോചിക്കാതിരുന്നില്ല. ജീവിക്കാൻ നെട്ടോട്ട മോടുന്ന മനുഷ്യജന്മങ്ങൾ തന്നെയാണല്ലോ ശിഖണ്ഡി കളും എന്നത് ഞാൻ ഓർത്തു. ഞങ്ങളിൽ അധികവും അവരെ ഭയപ്പെട്ടു. പക്ഷെ, ആ യാത്രയിൽ അവർ ഞങ്ങളെ യാതൊരു വിധേനെയും ദ്രോഹിച്ചില്ല എന്ന് മാത്രമല്ല ഞങ്ങളുടെ കൂട്ടത്തിലെ കുട്ടിത്തമുള്ള കൂട്ടുകാരന്റെ തലയിൽ കൈവച്ചു അനുഗ്രഹിക്കുകയും ചെയ്തു!!

ഉച്ചയായപ്പോഴേക്കും ആ ട്രയിനിലെ തിരക്കുമായി ഞങ്ങൾ പൊരുത്തപ്പെട്ടിരുന്നു. എങ്ങനെയൊക്കെയോ ഒരു നേരിയ ആശ്വാസം ഞങ്ങൾ കണ്ടെത്തിക്കഴിഞ്ഞു. ഏതവസ്ഥയുമായും പൊരുത്തപ്പെടാനുള്ള മനുഷ്യന്റെ കഴിവ് എത്ര അപാരം!!! ഒരു കാര്യം ഇതിനിടയിൽ വിട്ടുപോയി, ഈ യാത്രയിൽ തിങ്ങിഞ്ഞെരിഞ്ഞ് 25 മണിക്കൂർ നിന്നതിനെക്കാൾ ഞങ്ങൾക്ക് സങ്കടമുണ്ടാക്കിയത് ഇതായിരുന്നു. ടി.ടി.ഇ വരികയും 2700 രൂപ പിഴയായി ഈടാക്കുകയും ചെയ്തു. എന്ത് കൂടുതൽ പറയാൻ? ആ യാത്രയിൽ ഞങ്ങൾ പരിചയപ്പെട്ട ഒരു ബംഗാളി പയ്യനെക്കുറിച്ച് പറയാതിരുന്നാൽ, ഈ യാത്രയുടെ വിവരണം മുഴുവനാകില്ല പതിനഞ്ചു വയസ്സുപ്രായമുള്ള സണ്ണി. സ്നേഹത്തോടെ അവൻ ഞങ്ങളിലേക്ക് നീട്ടിയത് പാൻ മസാലയുടെ പാക്കറ്റായിരുന്നു. അത് നിരസിച്ചുകൊണ്ട് സണ്ണിയോട് സംഭാഷണത്തിലേർപ്പെട്ടു മനോഹരമായി ഇംഗ്ലീഷ് സംസാരിക്കുന്ന ആ പയ്യന്റെ മുന്നിൽ ഏറെ ചെറുതാകുകയായിരുന്നു . തൃശൂരിൽ, നാട്ടിൽ നിന്നു വന്ന അനേകം ബംഗാളികളുടെ കൂടെ ആശാരിപണി ചെയ്യുകയായിരുന്നു സണ്ണി. കുറെ ഹിന്ദിപാട്ടുകളും പാടി യാത്ര തുടരുന്നതിനിടയിൽ സണ്ണി അവന്റെ പ്രണയകഥ പറഞ്ഞു. ഒരു പെൺകുട്ടിയോട് അടുപ്പമുണ്ടായിരുന്നു. **അവൾക്കു വേണ്ടത് പൈസയാണെന്ന് ഒരിക്കൽ അവൻ മനസ്സിലാക്കി. അന്ന്, അവളിൽ നിന്ന് അവന് വേണ്ടിയിരുന്നത് അവനും എടുത്തു. സെക്സ്, ഒന്നല്ല, രണ്ട് തവണ.** കഥകേട്ട് വാ പൊളിച്ചിരുന്നു. ഇങ്ങനെ 25 മണിക്കൂർ തീർന്നു. മൊബൈൽ ഫോണിൽ ജി.പി.എസ് സംവിധാനം ഉപയോഗിച്ച് സമയവും ദൂരവും നോക്കി നോക്കി മടുത്തു.

വിശാഖപട്ടണം റെയിവേ സ്റ്റേഷനിലെത്താൻ അര മണിക്കൂർ ബാക്കി നിൽക്കേ, ബാഗും തോളിൽ തൂക്കി ഞങ്ങൾ തിരക്ക് കൂട്ടി. ഒടുക്കം 25 മണിക്കൂർ യാത്രക്ക് ശേഷം വിശാഖപട്ടണത്ത് ട്രെയിനിറങ്ങി. ട്രെയിനിറങ്ങു മുൻപേ, തെരുവിൽ അലഞ്ഞു നടക്കുന്ന പന്നികളു പട്ടികളും എന്റെ ശ്രദ്ധയിൽപെട്ടിരുന്നു. അത്യാധുനി സംവിധാനങ്ങൾ സജ്ജമാക്കിയിട്ടുള്ള റെയിവേ സ്റ്റേഷനുൾപ്പെടുന്ന ഭാരതത്തിലെ ഏറ്റവും വലി തുറമുഖപട്ടങ്ങളിൽ ഒന്നിന്റെ ഭാഗം തന്നെയാണ് ചവറ്റുകൂനയിൽ അലയുന്ന പന്നികളും നായ്ക്കളും അർദ്ധരാത്രയോടടുത്ത നേരം റെയിൽവേസ്റ്റേഷനിലെ ഒരു റസ്റ്റോറന്റിൽ നിന്ന് കനം കൂടിയ മസാലദോശയും കഴിച്ച് വിശാഖപട്ടണം എന്ന നഗരത്തിലൂടെ ഞങ്ങൾ നടന്നു.

ഈ നഗരത്തിൽ അല്ലെങ്കിൽ ആന്ധ്ര പ്രദേശിൽതന്നെ ഞങ്ങൾക്ക് ആരെയും പരിചയ മുണ്ടായിരുന്നില്ല. ഒരു സാഹപാഠിയുടെ രക്ഷിതാക്കളുടെ സഹായം പ്രതീക്ഷിച്ചിരുന്നു. എന്നാൽ ഒരു മരണവുമായി ബന്ധപ്പെട്ട്, ഞങ്ങൾ എത്തിചേരും മുൻപേ അവർ കേരളത്തിൽ എത്തിയിരുന്നു. രാഹുൽ സാറിന്റെ ഏതോ ഒരു പരിചയക്കാരൻ ഒരു മുറി ശരിയാക്കി തരാമെന്നേറ്റിരുന്നെങ്കിലും, തന്ന നമ്പറിൽ അദ്ദേഹത്തെ ബന്ധപ്പെടാൻ കഴിഞ്ഞില്ല. ഏതാണ്ട് അർദ്ധരാത്രിയോടെ വിശാഖപട്ടണത്ത്, ഞങ്ങൾക്ക് രണ്ട് മുറി ലഭിച്ചു. ഇതിന്റെ പകുതിയിൽ കുറവ് വാടകയ്ക്ക് കഴിഞ്ഞ വർഷം പൊളളാച്ചിയിൽ ഏറെ വിശാലമായ മുറിയിൽ കഴിഞ്ഞത് ഞങ്ങൾ അയവിറക്കി. ദീർഘദൂരം ഇഥ്രയധികമെന്നോ നിന്ന് യാത്ര ചെയ്തതിന്റെ ക്ഷീണത്താൽ പെട്ടെന്ന് ഉറങ്ങിപ്പോയി.

അടുത്ത ദിവസം രാവിലെ തന്നെ റെയിൽവേ സ്റ്റേഷനിലേക്ക് പോയി മലയാളിചുവയുള്ള മലയാളിയുടെ വൃത്തിയുള്ള എന്നാൽ മലയാളിയുടെതല്ലാത്ത റസ്റ്റോറന്റിൽ നിന്നും രുചികരമായ പ്രാതൽ കഴിച്ചു മുൻപെ അകത്താക്കിയിരുന്നു.

ക്രിസ്മസ് ദിനത്തിൽ തിരക്കുണ്ടാകില്ലെന്ന് കരുതിയ ഞങ്ങൾക്ക് വീണ്ടും തെറ്റി....ഇനിയും നിന്ന് യാത്ര ചെയ്യാൻ വയ്യ, എന്നുറച്ച് ഞങ്ങൾ ബസ്

സ്റ്റാന്റിലേക്ക് പോയി. Enquiry എന്ന ബോർഡിന് താഴെ, സഹായത്തിന് ചെന്നപ്പോൾ ഇംഗ്ലീഷറിയില്ലെന്ന് അയാൾ എങ്ങനെയോ അറിയിച്ചു. അപ്പോഴതാ ജീൻസും ടീഷർട്ടും ധരിച്ച് കൂളിംഗ് ഗ്ലാസും മുഖത്ത് സ്ഥാപിച്ച് കുറെ പെൺകൊടികൾ...ഐതായാലും കൂട്ടത്തിലെ പരിഷ്കാരി, അവരോട്, ബസ് എവിടെ കിട്ടുമെന്ന് ചോദിക്കാൻ പോയി... 'I don't know' എന്ന വ്യത്തികെട്ട ആംഗലേയത്തിൽ, അവളുടെ ഗോഷ്ടി കണ്ടപ്പോൾ , അൽപം വാചകമടിക്കാൻ എന്റെ പരിഷ്കാരി സുഹൃത്തിന് ചിന്തയുണ്ടായിരുന്നെങ്കിൽ കൂടി രണ്ട് തെറി പറയാനാണ് എനിക്ക് തോന്നിയത്. അവരുടെ ഭാഷ ഞങ്ങൾക്കും ഞങ്ങളുടെ ഭാഷ അവൾക്കും അറിയാത്തതിനാലും, പരിചയമില്ലാത്ത നാട്ടിൽ വെറുതെ പ്രശ്നങ്ങളുണ്ടാക്കേണ്ട എന്ന് തോന്നിയതിനാലും ഞാനൊരു വിഫലശ്രമത്തിന് മുതിർന്നില്ല 'ആർക്കു' എന്ന് എഴുതിയ ബോർഡ് (ഭാഷ തെലുങ്കാകാവണം) ഒരു പോലീസുകാരൻ കാണിച്ചു തന്നു. അതിലെ അക്ഷരങ്ങൾ നിർത്തിയിട്ട ഒരു ബസിലെ അക്ഷരങ്ങളുമായി താരതമ്യം ചെയ്ത് ഞങ്ങൾ ബസ്സിൽ കയറി.

അതിനകത്ത്, നേരത്തെ കണ്ട പരിഷ്കാരി പെണ്ണുങ്ങളെക്കണ്ടതോടെ എന്റെ കലി ഇരട്ടിക്കുകയായിരുന്നു...മനസിൽ ഒരു പച്ചതെറി പറയാനായിരുന്നു വിധി എന്ന് മാത്രം. ഉറക്കമുണർന്നപ്പോൾ ബസ്സ് ഓടുകയാണ്.... പിന്നീടാണറിഞ്ഞത് ആർക്കുവിൽ നിന്ന് അരക്കിലോമീറ്റർ കഴിഞ്ഞിരുന്നു എന്ന് ബസ് നിർത്ത് അരക്കിലോമീറ്റർ നടന്നു. ഇന്റർനെറ്റിൽ കണ്ട മനോഹരമായ ആർക്കു ഇതാണെന്ന് വിശ്വസിക്കാനായില്ല. ആർക്കു താഴ്വര മുഴുവൻ കാണിക്കാമെന്നേറ്റ ഒരു ഡ്രൈവർ സുഹൃത്തിനെക്കിട്ടി. മുറി ഇംഗ്ലീഷും ഹിന്ദിയും കൂട്ടി അയാൾ ഞങ്ങളോട് സംസാരിച്ചു. വിശാഖപട്ടണത്ത്, ആദ്യമായി ഒരു മാന്യനെ കണ്ടത് ഇയാളായിരുന്നു. അയാൾ ഞങ്ങളെ ആദ്യം കൊണ്ടുപോയത് ബോറ ഗുഹയിലേക്കായിരുന്നു. ബോറ ഗുഹ വളരെ വിശാലമായതും ഏറെ മനോഹരമായതുമായിരുന്നു. ഭയങ്കര തിരക്കായിരുന്നു എന്ന ഒറ്റ പ്രശ്നമേ ഉണ്ടായിരുന്നുള്ളൂ. ആ തിരക്കിൽനിന്ന് ഒരു വിധം കാഴ്ചകണ്ട് പുറത്തിറങ്ങി അവിടെ നിന്ന് താഴേക്ക് നോക്കിയപ്പോൾ കണ്ട ഒഴുകുന്ന അരുവി, ജീവിതത്തിലെ ഏറ്റവും മികച്ച കാഴ്ചകളിൽ ഒന്നായിരുന്നു.

പുറത്തിറങ്ങിയപ്പോൾ ഹൈദരാബാദിൽ നിന്നുള്ള ഒരു സംഘത്തിലെ മലയാളി അദ്ധ്യാപകനെ പരിചയപ്പെട്ടു. അരക്കു താഴ്വരയുടെ ബാക്കി ഭാഗങ്ങൾ വിരസമായിരുന്നു എന്ന് വേണം പറയാൻ, ടൂറിസ്റ്റുകളെകൊണ്ട് തിരക്കേറിയതായിരുന്നു ഓരോ ഭാഗമെങ്കിലും, നമ്മുടെ നാടിന്റെ ഭംഗി മറ്റൊരു ഭാഗത്തുമില്ല എന്ന് ഞാൻ ഉറച്ച് വിശ്വസിക്കുന്നു. തിരികെ ട്രെയിനിലായിരുന്നു വൈശാഖിലേക്ക് പോയത്. രാത്രി മുറിയിൽ പോയി അടുത്ത ദിവസത്തേക്കുള്ള പ്ലാനിങ്ങ് നടത്തി.

വിശാഖപട്ടണ നഗരത്തിനുചുറ്റും പ്രകൃതിയുടെയും അല്ലാത്തതുമായ ഒരുപാട് ദൃശ്യങ്ങൾ വീക്ഷിക്കാനുണ്ടായിരുന്നു. പക്ഷേ ഒരു ദിവസം മാത്രമായിരുന്നു ബാക്കി ഉണ്ടായിരുന്നത്. റെഡ് സാന്റ് ഹിൽസ് എന്ന മേഘലയിലേക്കായിരുന്നു അടുത്ത യാത്ര. ചുവന്ന മണൽകൂനകളിലൂടെ കയറി ഇറങ്ങി നടന്നു. കുറെകൂടി ഭംഗിയേറിയ സ്ഥലമായിരുന്നു അത്. കുന്നുകൾക്ക് മുകളിൽ ഓല മേഞ്ഞ കുടിലുകളുണ്ടായിരുന്നു. ഒരു ടൂറിസ്റ്റ് സ്പോട്ടായിട്ടുകൂടി വെറൊരു മനുഷ്യജീവി അവിടെയില്ല എന്നത് ഏറെ കൗതുകമുണർത്തി കണ്ണെത്താ ദൂരത്ത് പരന്നു കിടക്കുന്ന ചുവപ്പൻ കുന്നുകളിൽ ഏതാണ്ട് രണ്ട് മണിക്കൂർ ഞങ്ങൾ കറങ്ങി നടന്നു. പിന്നീട് തൊട്ടടുത്തുള്ള കടൽ. ബംഗാൾ ഉൾക്കടലിന്റെ ശാന്തമായും പരപ്പും മറ്റൊരത്ഭുതമായിരുന്നു. ഇത്രയും മനോഹരമായ കടലോരം, അറബിക്കടലിന്റെ തീരത്താണെങ്കിൽ ഇങ്ങനെ ശാന്തമായി കിടക്കില്ല, ഭൂപടത്തിൽ മാത്രം കണ്ട ഇന്ത്യയുടെ കിഴക്കൻ തീരം നോക്കി നിന്നപ്പോൾ എന്തോ ഒരു രസം തോന്നി. തിരികെ ബസിൽ കയറിയപ്പോഴാണ് മറ്റൊരു പ്രത്യേകത ശ്രദ്ധിച്ചത്. മലയിറങ്ങിയാൽ കടലിലെത്തുന്നു ഭൂമിശാസ്ത്രം കടലിന്റെ കരയിൽ സ്ത്രീകളടങ്ങിയ സംഘം മത്സ്യങ്ങളെ വേർതിരിച്ചെടുക്കുന്നു...കുറെ നല്ല കാഴ്ചകൾ...

തിരക്കേറിയ ഈ ടൂറിസ്റ്റ് സ്പോട്ടിൽ നിന്നും അൽപം മാറി പൂർണ നഗ്നനായി ഒരു കർഷകൻ മറ്റൊന്നും ശ്രദ്ധിക്കാതെ അദ്ധ്വാനിക്കുന്നത് കൂടെ കണ്ടെന്നു പറഞ്ഞാൻ എത്ര പേർ വിശ്വസിക്കും? രാത്രിയാകുംവരെ, വിശാഖപട്ടണ നഗരത്തിൽ അലഞ്ഞു നടന്നു. ക്ലാസ് കഴിഞ്ഞു വരുന്ന കുറെ സുന്ദരിയായ പെൺകുട്ടികളെ വായനോക്കി നിന്നത് അധികം വിവരിക്കേണ്ടതില്ലല്ലോ....

എട്ട് മണിയോടെ റൂം വെക്കേറ്റ് ചെയ്ത് റെയിൽവേസ്റ്റേഷനിലേക്ക്...

മണിക്കൂറുകൾ ബാക്കി.....

കാത്തുനിന്ന നേരം.....

അത് ഒരിക്കലും മടുപ്പുതോന്നിച്ചില്ല.

തിരിച്ചുവീട്ടിലെത്താനുള്ള പൈസമാത്രം പോക്കറ്റിൽവെച്ച് ഞങ്ങൾ ആറുപേരും തൃശൂർ റെയിൽവെ സ്റ്റേഷനിൽ ട്രെയിനിറങ്ങി.

രോഹിത് കെ.ബി.
രണ്ടാം വർഷ ജിയോളജി

ഭാഷയും

അധിനിവേശവും

മലയാള പരിസരത്തിൽ

അധികാരം കയ്യാളുന്നതിനും നിലനിർത്തുന്നതിനുമുള്ള ശക്തമായ ഒരു ഉപകരണമാണു ഭാഷ. അധിനിവേശശക്തികൾ തങ്ങളുടെ ബഹുമുഖമായ ലക്ഷ്യപ്രാപ്തിക്കുവേണ്ടി ഭാഷയെ ഉപയോഗിച്ചിരുന്നു. സംസ്കാരത്തിന്റെ വാഹിനിയെന്ന നിലയിൽ, ഭാഷ ചിലപ്പോൾ ദേശീയതയുടെ പ്രതീകമായും വരാറുണ്ട്.

നിറംകൊണ്ടും രക്തംകൊണ്ടും ഇന്ത്യക്കാരായവരെ അഭിരുചിയിലും അഭിപ്രായങ്ങളിലും സാന്മാർഗിക കാര്യങ്ങളിലും ബൗദ്ധികതയിലും ഇംഗ്ലീഷുകാരാക്കുകയായിരുന്നു. ഇന്ത്യയിലേക്കു വന്ന ബ്രിട്ടീഷ് കോളോണിയൽ ശക്തിയുടെ ലക്ഷ്യം എന്നു മെക്കാളയുടെ മിനിട്ട്സ് വ്യക്തമാക്കുന്നു. മിക്കവാറും മെക്കാളെയുടെ ബ്രിട്ടന്റെ അതേ ചിന്താഗതിതന്നെയാണ് ഇംഗ്ലീഷു സംസാരിച്ചിരുന്ന മറ്റൊരു രാജ്യമായ യുണൈറ്റഡ് സ്റ്റേറ്റ്സിനുമുണ്ടായിരുന്നത്. പ്യൂട്ടറിക്കയെ അമേരിക്കനൈസ് ചെയ്യുകയായിരുന്നു അവരുടെ ലക്ഷ്യം. ഫിലിപ്പീൻസിലും അമേരിക്കയ്ക്ക് ഇതേ നിലപാടുതന്നെയായിരുന്നു. കോളനീകരിക്കപ്പെട്ട ഇടങ്ങളിലെ ജനങ്ങളും അവരുടെ സംസ്കാരവും അപരിഷ്കൃതമാണെന്നും അവരെ സംസ്കരിക്കുകയാണ് തങ്ങളുടെ ധർമമെന്നും, കോളോണിയൽ ശക്തികൾ വിശ്വസിച്ചിരുന്നതായി ഇതിൽ നിന്നും മനസ്സിലാക്കാം.

അധിനിവേശ പ്രദേശങ്ങളിലെ ജനതയ്ക്ക് 'ശരിയായ അറിവ്' പകർന്നുകൊടുത്ത് അവരെ സംസ്കാരസമ്പന്നരാക്കി മാറ്റാൻ കൊളോണിയൽ ശക്തികൾ ഉപയോഗിച്ചതു സ്വന്തം ഭാഷയാണ്. ഈ 'ശരിയായ അറിവിൽ' നിന്നാണു കേരളത്തിലെ നായന്മാർക്കിടയിൽ നിലനിന്നിരുന്ന സംബന്ധം അസംബന്ധമാണ് മരുമക്കത്തായമല്ല മക്കത്തായമാണു ശരി എന്ന ബോധം ഉണ്ടായത്. ചന്തുമേനോന്റെ ഇന്ദുലേഖയിൽ ഇതിന്റെ തെളിവുകൾ കാണാം. ഇന്ത്യ എന്ന ദേശീയബോധവും കൊളോണിയൽ സൃഷ്ടി തന്നെയായിരുന്നു എന്നു പറയാം.

ഫ്രാൻസും സ്പെയിനും ബ്രിട്ടനും തങ്ങളുടെ കോളനികളിൽ ഫ്രഞ്ചും സ്പാനിഷും ഇംഗ്ലീഷും ബോധനോപാധിയാക്കിയിരുന്നു. ഇതു തദ്ദേശീയ സംസ്കാരത്തെ ബാധിച്ചതുപോലെ അവിടത്തെ ഭാഷകളെയും പ്രതികൂലമായി ബാധിച്ചു. ഇന്ത്യപോലെ വളരെയധികം വൈവിദ്ധ്യപൂർണമായ ഭാഷകൾകൊണ്ടു നിറഞ്ഞ ഒരു പ്രദേശം ആ വൈവിദ്ധ്യങ്ങൾ നിലനിറുത്തിക്കൊണ്ടു ഭരിക്കുക എന്നതു പ്രയാസമാണ് എന്നു മനസ്സിലാക്കിയ കൊളോണിയൽ ഭരണകർത്താക്കളും തുടർന്നെത്തിയവരും ഭാഷാവൈവിദ്ധ്യത്തെ തകർക്കുകയും അതിലൂടെ വർഗ-വംശഹത്യക്കു വഴിവെക്കുകയുമായിരുന്നു. തനിക്കുമാത്രം അറിയാവുന്ന ഭാഷയിൽ തന്റെ നിരപരാധിത്തം തെളിയിക്കാൻ അമേരിക്കൻ കോടതിയിൽ വ്യഥാശ്രമിക്കുന്ന ഒരു ആദിവാസിയെക്കുറിച്ച് ഒരു കഥയുണ്ട്.

ഹിന്ദിയടക്കമുള്ള പല 'വലിയ' ഭാഷകളും ധാരാളം സമാനഭാഷകളുടെ കൂട്ടായ്മയിൽ നിന്നു ഉരുവംകൊണ്ടതും ഏകനാമത്തിൽ അറിയപ്പെടുന്നതുമാണ്. 'ഞങ്ങളുടെ ഭാഷ ഹിന്ദിയല്ല, മൈഥിലിയാണ് എന്നു പറയുമ്പോൾ പ്രാദേശികസ്വത്വം തിരിച്ചറിയുന്ന ശബ്ദമാണു നാമിവിടെ കേൾക്കുന്നത്. ഭാഷകളെ ലയിപ്പിച്ച് ഒന്നാക്കി മാറ്റുമ്പോൾ ഭാഷകളെ കൊല്ലുകതന്നെയാണു ചെയ്യുന്നത്. (വലിയ ഭാഷയോടൊപ്പം ചെറിയ ഭാഷകൾ കൂട്ടിച്ചേർക്കപ്പെടുകയും വലിയ ഭാഷയുടെ പേരിൽ അത് അറിയപ്പെടുകയും ചെയ്യുന്നു. ആ വലിയ ഭാഷാസംസാരിക്കുന്നവർ ചെറിയ ഭാഷകൾക്കുമീതെയും ആ സംസ്കാരത്തിനു മീതെയും രാഷ്ട്രീയസംസ്കാരം അധികാരം നേടുകയും ചെറിയ ഭാഷയെ, ഒപ്പം സംസ്കാരത്തെ ഇല്ലാതാക്കുകയും ചെയ്യുന്നു. ഹിന്ദി ഉദാഹരണം). നമ്മുടെ വിദ്യാഭ്യാസത്തിലൂടെ സംഭവിച്ചു കൊണ്ടിരിക്കുന്നതും ഇതാണ്. ആദിവാസികളടക്കം സമൂഹത്തിന്റെ മുഖ്യധാരയിൽ നിന്ന് അകന്നു നിൽക്കുന്നവർക്കു മലയാളത്തിലൂടെയാണ് അറിവെല്ലാം പകർന്നു കൊടുക്കുന്നത്. അവർക്കു മലയാളത്തിൽ നിന്നു വ്യത്യസ്തമായി സ്വന്തമായൊരു ഭാഷയുണ്ടെന്ന ബോധം പോലും നമ്മുടെ ഭരണ നേതൃത്വം പലപ്പോഴും പുലർത്തുന്നില്ല.

കൊളോണിയൽ ശക്തികളിൽ നിന്നു രാഷ്ട്രീയസ്വാതന്ത്ര്യം നേടിയ രാജ്യങ്ങൾ തദ്ദേശീയമായ സംസ്കാര പരിസരത്തുനിന്ന് അകന്നു മാറുന്നു. അതിനാലാണു പലപ്പോഴും ഭാഷവൈവിദ്ധ്യത്തെ മുരടിപ്പിക്കുന്ന നിലപാടുകൾ സർക്കാരുകൾ എടുക്കുന്നതും. പല കാര്യങ്ങളിലും അവർ കൊളോണിയൽ മൂല്യബോധം തന്നെയാണു വെച്ചുപുലർത്തുന്നത് എന്നാണ് ഇതു കാണിക്കുന്നത്.

ഇന്നു ലോകത്ത് 5000-ൽ അധികം ഭാഷകളുണ്ട്. എന്നാൽ ദേശീയ വിദ്യാഭ്യാസ പദ്ധതികളിൽ ഉൾപ്പെട്ടിട്ടുള്ള ഭാഷകളുടെ എണ്ണം നൂറിനടുത്തു മാത്രമാണ്. തീർച്ചയായും ആ ഭാഷകൾ അവ പ്രയുക്തമാക്കുന്ന ദേശങ്ങളിലെ മറ്റു ഭാഷകൾക്കുമീതെ മേൽകൈനേടും. സ്കൂളിലും മറ്റും പഠിക്കാത്ത ഭാഷ കുറച്ചുകാലം നാട്ടിലും വീട്ടിലുമായി പരിമിതപ്പെട്ടു പിന്നെ ഇല്ലാതാകും. ന്യൂനപക്ഷ സംസ്കാരം മുഖ്യ സാംസ്കാരിക ധാരയിൽ ലയിക്കുകയോ ലയിപ്പിക്കപ്പെടുകയോ ചെയ്യുന്നതിന്റെ ഭാഗമാണ് ഈ മാറ്റം. കേരളത്തിൽ നിലനിന്നിരുന്ന വംശഭാഷകൾ പലതും ഓടന്മാരുടേയും പറയരുടേയും ഇത്തരത്തിൽ നശിച്ചുകൊണ്ടിരിക്കുന്നു.

കോളനീകരണത്തിന്റെ മലയാളപരിസരം

മലയാളത്തിൽ ശക്തമായി കാണുന്ന ഇംഗ്ലീഷിന്റേയും സംസ്കൃതത്തിന്റെയും സ്വാധീനങ്ങളിൽ ഇംഗ്ലീഷിന്റേതു കൊളോണിയൽ സ്വാധീനഫലമാണ് എന്നു നേരിട്ടു വായിക്കാവുന്നതാണ്. സംസ്കൃത സ്വാധീനവും അതിൽ നിന്നും ഏറെ വ്യത്യസ്തമല്ലാത്ത രീതിയിലുള്ള ഒരു അധിനിവേശത്തിന്റെ തുടർച്ചയാണ് പ്രാദേശിക സംസ്കാരത്തിനുമീതെ രാഷ്ട്രീയ-വംശീയ അധികാരം കോയ്മ നേടിയതിന്റെ ചരിത്രം അതിൽ നിന്നും വായിച്ചെടുക്കാൻ സാധിക്കും.

ഭാഷകളുടെ വ്യത്യസ്തതലങ്ങളിൽ മാറ്റം വരുത്തുന്നതിനും ഇത്തരം കോയ്മകൾ കാരണമാകും എന്നു മലയാളത്തെ ഉദാഹരിച്ചു ചൂണ്ടിക്കാട്ടാനാകും.

1. ഫാൻ, ഫാദർ എന്നീ പദങ്ങളിലെ 'ഫ' എന്ന ഉഭയോഷ്ഠ ഘർഷസ്വനം ഇംഗ്ലീഷിൽ നിന്നും പദങ്ങൾ കടംകൊണ്ടു തുടങ്ങിയതിനുശേഷം മാത്രം മലയാളത്തിൽ കടന്നുവന്നതും പ്രചാരത്തിൽ ഉറച്ചതുമായ ഒരു സ്വനമാണ്. ഓഷ്ഠ്യവർഗ മഹാപ്രാണത്തെക്കുറിക്കുന്ന ലിപിതന്നെയാണ് ഇതിന് ഉപയോഗിക്കുന്നത്. എന്നതിനാലും ഉച്ചാരപരമായ ഉദാസീനമൂലവും ഇന്നു പലപ്പോഴും ഓഷ്ഠ്യവർഗ മഹാപ്രചരണത്തിനു വ്യതിരിക്തമായ ഉച്ചാരണമില്ല.

2. മലയാളത്തിൽ ഇന്നു കാണുന്ന പൂരപ്രത്യയങ്ങൾ ദ്രാവിഡഭാഷകളുടെ സഹജസ്വഭാവമല്ലെന്നും ഇന്തോ-യൂറോപ്യൻ ഭാഷകളുടെ സ്വാധീനഫലമാണെന്നും നിരീക്ഷിക്കപ്പെട്ടിട്ടുണ്ട്.

3. മലയാളിയുടെ അടിസ്ഥാന പദാവലിയിലേക്കു ധാരാളം അന്യഭാഷാപദങ്ങൾ കുടിയേറിയിട്ടുണ്ട്. സാമാന്യവും വിശേഷവുമായ വ്യവഹാരവേളകളിൽ ഉപയുക്തമാക്കുന്ന അന്യഭാഷാപദങ്ങളെക്കുറിച്ചു ഡോ.പി.എം.ജോസഫ് വിശദീകരിക്കുന്നുണ്ട്.

4. ഇംഗ്ലീഷുമായുള്ള അടുപ്പം മലയാളവാക്യഘടനയേയും സ്വാധീനിച്ചിട്ടുണ്ട്. സാർവകാലികാർത്ഥത്തിൽ ഇപ്പോൾ ക്രിയക്കുമീതെ വർത്തമാനകാലപ്രത്യയം ഉപയുക്തമാക്കുന്നു. മുമ്പു ഭാവികാലമായിരുന്നു ഉപയോഗിച്ചിരുന്നത്. സൂര്യൻ കിഴക്ക് ഉദിക്കും. പാൽക്കാരി എട്ടു മണിക്കു വരും എന്നിങ്ങനെയുള്ള വാക്യങ്ങൾ ഇന്ന്, സൂര്യൻ കിഴക്ക് ഉദിക്കുന്നു. പാൽക്കാരി എട്ടു മണിക്കു വരുന്നു എന്നായി മാറി. സ്ഖ്യാവിശേഷണം ചേർന്നാൽ ക്ലീബനാമങ്ങൾക്കുമീതെ ബഹുവചനപ്രത്യയം വേണ്ട എന്നാണു വ്യാകരണവിധി. എന്നാൽ ഇന്ന് പത്ത് പേനകൾ, രണ്ടു പൂക്കൾ എന്നിങ്ങനെ ബഹുവചനപ്രത്യയസഹിതമായി പ്രയോഗിച്ചുകാണുന്നു.

5. ഭാഷയുടെ അർത്ഥതലത്തിലും അധിനിവേശം മൂലം മാറ്റം ഉണ്ടായിട്ടുണ്ട്. തന്ദനം ചുവന്നിരിക്കും താമരപ്പൂവുപോലെ നാറും (കൗടലീയം അർത്ഥശാസ്ത്രം 11.88), നാറിയ തുളസിനറുമലരണിയും നാരായണനഭി വാദ്യം ചെയ്തേ (ഭാരതമാല ശല്യപർവ്വം പാട്ട് 87) തുടങ്ങിയ പ്രയോഗങ്ങളിലെ നാറുക എന്ന ശബ്ദത്തിനു സുഗന്ധം വരിക്കുക, മണക്കുക എന്നൊക്കെയാണ് അർത്ഥം. എന്നാൽ ഇന്നതിന് ദുർഗന്ധം വമിക്കുക എന്ന് അർഥാപകർഷം സംഭവിച്ചിരിക്കുന്നു. ഗന്ധം എന്ന സംസ്കൃതപദം, അതേ അർത്ഥത്തിൽ, പ്രയോഗപ്രാചാര്യം വന്നതുമൂലമാണ് ഈ മാറ്റം ഉണ്ടായത് എന്നു പറയാം. ഇവിടേക്കു കടന്നുവന്നത് ആധിപത്യം നേടിയ സംസ്കാരം (ആര്യ സംസ്കാരം) മികച്ചതും ഇവിടെ ഉണ്ടായതിരുന്നത് (ദ്രാവിഡ സംസ്കാരം) ദുഷിച്ചതും എന്ന ബോധത്തിന്റെ പ്രവർത്തനഫലമാണ് ഈ പരിവർത്തനം മലയാളിയുടെ, തദ്ദേശീയസംസ്കാരത്തിന്റെ ബോധമണ്ഡലത്തെത്തന്നെ തങ്ങൾക്കനുകൂലമായി പുതുക്കിപണിയാൻ അധിനിവേശശക്തികൾക്കു കഴിഞ്ഞു എന്നാണ് ഇതു കാണിക്കുന്നത്. ഇങ്ങനെ ബോധമണ്ഡലത്തെ പുതുക്കിപണിയുന്നതിലൂടെ തങ്ങളുടെ സ്വന്തമായിരുന്നതു ദുഷിച്ചവയായും അന്യമായിരുന്നതു സ്വന്തമാക്കിമാറ്റുകയും അത് ഉദാത്തമെന്നു വിശ്വസിക്കുകയും ചെയ്യുന്ന അവസ്ഥ സംജാതമാകുന്നു. പൂർണമായും ആ അന്യമായി മാറുന്നതാണ് ഏറ്റവും വലിയ നേട്ടമെന്നു കരുതുകയും ചെയ്യുന്നു. ഗന്ധവും നാറ്റവും തമ്മിലുള്ള വ്യത്യാസം ആര്യ ദ്രാവിഡസംസ്കാരങ്ങൾ തമ്മിലുള്ള അന്തരത്തിൽ നിന്നും പിറന്നതാണെന്നു പറയാം.

ഭാഷാ പഠനരംഗവും ഒരു പ്രശ്നമേഖലയാണ്. ആശയവിനിമയത്തിനുള്ള ഉപാധി എന്ന നിലയിൽ ഭാഷ, അത് ഉപയുക്തമാക്കുന്ന സമൂഹത്തിന്റെ ഉല്പന്നമാണ്. സമൂഹത്തിന്റെ ഉല്പന്നം എന്നു പറയുമ്പോഴും ആ സമൂഹത്തിലെ ഘടകങ്ങളായ ഉപ വിഭാഗങ്ങളുടെയും വ്യക്തികളുടെയും ഉല്പന്നമാണത് എന്ന് വിശദീകരിക്കേണ്ടിയിരിക്കുന്നു. ഭാഷണം/ഭാഷ എന്ന ദ്വന്ദ്വത്തിലേക്ക് എത്തുന്ന വേളയിൽ മേൽപ്പറഞ്ഞ വിശദീകരണവും ചിലപ്പോൾ അപര്യാപ്തമാവും. ഭാഷണത്തെ നിയന്ത്രിക്കുന്ന സന്ദർഭം അവിടെ വളരെ പ്രസക്തമായി മാറും. അപ്പോൾ ഒരു ഭാഷ എന്നത് ഒരു ഭാഷണ സമൂഹത്തിലെ എല്ലാ വ്യവഹാരങ്ങളുടെയും ആകെത്തുകയാണ്. മുഹൂർത്തമായ ഭാഷണത്തിൽ നിന്നും അപഗ്രഥന സൗകര്യാർത്ഥം ഉണ്ടാക്കിയെടുക്കുന്ന ഒരു അമൂർത്തമായ ഏകകമാണു ഭാഷ എന്നു പറയുന്നതാണ് ഉചിതം.

ഭാഷാ പഠനമാണ് വ്യാകരണം. നിയമങ്ങൾ പറഞ്ഞ്, ശരി/തെറ്റ് എന്നു വേർതിരിച്ചു കാണിക്കുകയാണു പാരമ്പര്യ വ്യാകരണം ചെയ്യുന്നത്. വ്യത്യസ്തങ്ങളായ ഭാഷാപ്രയോഗങ്ങളിൽ ഒന്നിനെ ആധാരമാക്കിയാണു വ്യാകരണം ചമയ്ക്കുവാൻ സാധിക്കുക. അപ്പോൾ ഉയരുന്ന പ്രശ്നം ഏതു ഭാഷാപ്രയോഗത്തെയാണു വ്യാകരണരചനയ്ക്കുള്ള ഉപാത്തമായി സ്വീകരിക്കേണ്ടത് എന്നതാണ്. വളരെ നീണ്ട വ്യാകരണപാരമ്പര്യമുള്ള സംസ്കൃതഭാഷ വ്യാകരണം ചമച്ചിരുന്നതു മാനകഭാഷയ്ക്കാണ്. എങ്ങനെയാണ് ഒരു ഭാഷാ ഭേദം/ഭാഷണഭേദം മാനകമാകുന്നത് എന്നത് ഇവിടെ പ്രസക്തമായ ചോദ്യമാണ്. സംസ്കൃതത്തിലെ പഴയ നാടക ങ്ങളിലെയും മറ്റും ഭാഷാ പ്രയോഗം ഇക്കാര്യം വ്യക്തമാക്കുന്നുണ്ട്. ഉത്കൃഷ്ടകഥാപാത്രങ്ങളെല്ലാം

സംസാരിക്കുന്നതു സംസ്കൃതത്തിൽ അപേകൃഷ്ടർ പ്രകൃതത്തിലും (സ്ത്രീകൾ പ്രാകൃതത്തിലാണു സംസാരിക്കുന്നത്). അധികാരവുമായി നേരിട്ടു ബന്ധപ്പെടുന്നവരാണു പലപ്പോഴും ഉത്കൃഷ്ട കഥാപത്രങ്ങൾ. അധികാരമാണ് ഒരു ഭാഷാ/ഭാഷണത്തെ മാനകവും മാനകേതരവും ആക്കുന്നത് എന്ന് ഇതു വ്യക്തമാക്കുന്നു.

സവിശേഷമായ സാമൂഹ്യ-രാഷ്ട്രീയ സാഹചര്യത്തിൽ സംസ്കൃതഭാഷ ഇന്ത്യയിലെ മിക്കവാറും എല്ലാ ഭാഷകളിലും സ്വാധീനം ചെലുത്തിയിട്ടുണ്ട്. ഭാഷകളുടെ വ്യത്യസ്ത തലങ്ങളിൽ എന്ന പോലെ ഭാഷാ പഠനപദ്ധതിയുടെ കാര്യത്തിലും ഇതു വ്യകതമായി ദർശിക്കാൻ സാധിക്കും. ദക്ഷിണേന്ത്യൻ ഭാഷകളിൽ കലർപ്പ് ഏറെ കുറവുള്ള തമിഴിലും ഈ സ്വാധീനം ദർശനീയമാണ്. തമിഴിലെ ആദ്യത്തെ വ്യാകരണഗ്രന്ഥം എന്നു കരുതുന്ന തൊല്കാപ്പിയത്തിൽ, സംസ്കൃതവ്യാകരണത്തിൽ നിന്നും വ്യത്യസ്തമായി കാണുന്ന സവിശേഷത അതിൽ വ്യാകരണത്തിന് (എഴുത്തതികാരം, ചൊല്ലതികാരം) പുറമെയുള്ള കാവ്യസങ്കേതങ്ങളെകുറിച്ചുള്ള ചർച്ചയാണ് (പൊരുളതികാരം). ഒരു പക്ഷേ ഇന്ത്യൻ ഭാഷകളിൽ ഈ രീതി ആദ്യമായി കാണുന്നത് തൊല്കാപ്പിയത്തിലാകണം. 13-ാം ശതകത്തിലുണ്ടായ നന്നൂൽ തൊല്കാപ്പിയ പാരമ്പര്യമാണ് തുടരുന്നതെങ്കിലും കാവ്യസങ്കേത നിരൂപണം അവിടെ കാണുന്നില്ല. മലയാള വ്യാകരണത്തെകുറിച്ച് അല്പാമായെങ്കിലും ചർച്ച ചെയ്യുന്ന ആദ്യ ഗ്രന്ഥം ലീലാതിലകമാണ്. അതാകട്ടെ എഴുതിയത് സംസ്കൃതത്തിലും. മണിപ്രവാള ലക്ഷണ ഗ്രന്ഥമായ ലീലാതിലകത്തിൽ ഭാഷാവ്യാകരണ ത്തേക്കാൾ പ്രാധാന്യത്തോടെ കാവ്യസങ്കേത ങ്ങളെക്കുറിച്ച് പറഞ്ഞിരിക്കുന്നു. വ്യാകരണവും കാവ്യശാസ്ത്രവും ഒരുമിച്ചവതരിപ്പിക്കുക എന്നത് സംസ്കൃതരീതിയല്ല, തൊല്കാപ്പിയ രീതിയാണ്. എന്നാൽ ലീലതിലകത്തിൽ കാണുന്ന സൂത്രം, വൃത്തി എന്ന മട്ടിലുള്ള ഗതി സംസ്കൃതവ്യാകരണത്തിൽ സാമാന്യമായി കാണുന്നവ തന്നെയാണ്. സാങ്കേതികസംജ്ഞകൾ സംസ്കൃത വ്യാകരണത്തിൽ സാമാന്യമായി കാണുന്നവ തന്നെയാണ്.

ലീലാതിലകകാരനും ഭാഷ രണ്ടുതരമുണ്ട്.. ഉത്കൃഷ്ടവും അപകൃഷ്ടവും. അന്നത്തെ സമൂഹത്തിൽ അധികാരം കയ്യാളിയിരുന്ന, കോയ്മ നേടിയിരുന്ന ത്രൈവർണികർ ഉപയോഗിക്കുന്ന ഭാഷ ഉത്കൃഷ്ടം അല്ലാത്തത് അപകൃഷ്ടം എന്നാണ് വിശദീകരണം. ഉത്കൃഷ്ടഭാഷയാണ് കാവ്യരചനക്ക് ഉപയോഗിക്കേണ്ടത് എന്ന് ലീലാതിലകകാരൻ നിഷ്കർഷിക്കുന്നു.

ലീലാതിലകത്തിനു ശേഷം മലയാള വ്യാകരണചർച്ച തുടരുന്നത് നൂറ്റാണ്ടുകൾ കഴിഞ്ഞ് ഇവിടേക്കു വന്ന യൂറോപ്യൻമാരിലൂടെയാണ്. അവരെ സംബന്ധിച്ചു ഭാഷാപഠനത്തിനു രണ്ട് ലക്ഷ്യമാണ് ഉണ്ടായിരുന്നത്. 1. മതപ്രചരണം 2. കൊളോണിയൽ ഭരണ നിർവഹണം. അതായത് അവരുടെ ഭാഷാപഠനം തദ്ദേശീയരുടെ ആവശ്യർത്ഥമല്ല മറിച്ച് അവരും അവരുടെ പിൻഗാമികളുമടങ്ങുന്ന വിദേശീയർക്കു വേണ്ടിയായിരുന്നു, റോബർട്ട് ഡ്രമണ്ടിന്റെ Grammar of the Malabar Language (1799) ആണ് പാശ്ചാത്യർക്ക് മലയാള ഭാഷ പഠിക്കാൻ വേണ്ടി രചിക്കപ്പെട്ട ആദ്യഗ്രന്ഥം. പാശ്ചാത്യ വ്യാകരണ പദ്ധതിയനുസരിച്ചു വ്യാകരണം രചിക്കാൻ തുനിഞ്ഞ പിൻഗാമികളെയെല്ലാം സ്വാധീനിക്കാൻ ഡ്രമണ്ടിനു കഴിഞ്ഞു എന്നത് എടുത്തു പറയേണ്ട സംഗതിയാണ്.

ബ്രിട്ടീഷ് സിവിൽ ഉദ്യോഗസ്ഥൻമാർക്കു വേണ്ടിയും ഒരു മയാള ഗ്രന്ഥം രചിച്ചിട്ടുണ്ട്. Outline of a Grammar of the Malayalam Language as spoken in the provinces of North and South Malabar andthe kingdoms of Travancore and Cochin (1839) എഫ്.സ്പ്രിംഗ് ആണ് കർത്താവ് ഗ്രന്ഥനാമത്തിലെ എന്ന പ്രയോഗം ശ്രദ്ധാർഹമാണ്. ഭാരതത്തിലെ പരമ്പരാഗത വൈയാകരണ മാരിൽനിന്നും വ്യത്യസ്തമായി മാനകഭാഷയ്ക്കു സാമാന്യ ഭാഷാപ്രയോഗത്തിനാണ് യൂറോപ്യൻമാ വ്യാകരണം ചമച്ചത്. തങ്ങളുടെ മുന്നിലുള്ള ആവശ്യങ്ങളെ നിറവേറ്റുക (ഇവിടെ ഭരണ നിർവഹണം നടത്തുക എന്നതായിരുന്നു യൂറോപ്യൻമാരുടെ വ്യാകരണരചനയുടെ ലക്ഷ്യം).

വിദേശീയരുടെ വ്യാകരണസംഭാവനകളിൽ ഗണനീയമായ മറ്റൊരു കൃതി ജോസഫ് പീറ്റിന്റെ A grammar of the Malayalam language as spoken in the principalities of Travancore and Cochin and the Districts of North and South Malabar (1814) ആണ്. ശാസ്ത്രീയമായി നിർമിക്കപ്പെട്ട വ്യാകരണഗ്രന്ഥം ഗുണ്ടർട്ടിന്റെ മലയാള ഭാഷാവ്യാകരണമത്രേ (കെ.എൻ.എഴുത്തച്ചൻ) 1975:3 വാക്യവിചാരത്തിന് അദ്ദേഹം നൽകിയിരിക്കുന്ന പ്രാധാന്യമാണ് മലയാള വ്യാകരണങ്ങളിൽ ഗുണ്ടർട്ടിന്റെ ഗ്രന്ഥത്തെ മുന്നിൽ നിർത്തുന്ന ഒരു ഘടകം. ഭാരതീയ വ്യാകരണപദ്ധതികൾ സ്വന/സ്വനിമ/രൂപിമതലങ്ങളിൽ വ്യാപരിക്കുമ്പോൾ പാശ്ചാത്യ വ്യാകരണപദ്ധതികൾ വാക്യത്തെയാണ് ഭാഷയുടെ പ്രധാന ഏകകമായി കാണുന്നത്. കേരള പാണിനീയരചനയിൽ തനിക്ക് ഏറെ ഉപകാരപ്രദമായിത്തീർന്ന പുസ്തകമായി രാജരാജവർമ എടുത്തുപറയുന്നത് ഗുണ്ടർട്ടിന്റെ മലയാള ഭാഷാവ്യാകരണമാണ്. ഭാരതീയ പാരമ്പര്യത്തിൽ നിന്നും വ്യത്യസ്തമായി വിവരണാത്മകമായാണ് ഗ്രന്ഥം രചിച്ചിരിക്കുന്നത്. സംസ്കൃത സാങ്കേതിക ശബ്ദങ്ങൾ ഉപയോഗിക്കുന്നതു പോലെത്തന്നെ തമിഴ് ശബ്ദങ്ങളും (മുറ്റുവിന, പറ്റുവിന, പേരെച്ചം, വിനയെച്ചം, ചില്ല്.....) ഉപയുക്തമാക്കി എന്നത് ശ്രദ്ധേയമാണ്.

പാശ്ചാത്യർക്ക് ഇന്നും പ്രയോജനപ്പെടുന്ന അക്കാലത്തെ വ്യാകരണഗ്രന്ഥം പക്ഷേ, ഇതൊന്നുമല്ല 1889-ൽ ഫ്രോൺമെയർ രചിച്ച A progressive gram-

mar of the Malayalam language of Europeans ആണ് ആ ഗ്രന്ഥം. ഗുണ്ടർട്ടിനെ പിൻപറ്റിയാണ് വ്യാകരണം ചമച്ചിരിക്കുന്നതെങ്കിലും ദേശ്യഭാഷാ വ്യവഹാരങ്ങൾക്ക് ഫ്രോൺമെയർ കൂടുതൽ പ്രാധാന്യം കൊടുത്തിരിക്കുന്നു. ആദ്യം പ്രയോഗം പിന്നെ നിയമം ഇതാണ് രീതി. സാഹിത്യഭാഷ, കോടതി ഭാഷ, ഗ്രന്ഥഭാഷ, അങ്ങാടിഭാഷ, ജാതിഭാഷ, കളളുകുടിയന്റെ ഭാഷ, എന്നിങ്ങനെ വ്യത്യസ്ത ഭാഷവ്യവഹാരങ്ങൾ ഫ്രോൺമെയറിൽ കാണാം. Descriptive analysis must be based upon what people say എന്ന നൈഡയുടെ നിലപാടിന്റെ ആദിരൂപമാണിവിടെ നാം കാണുന്നത്.

ജോർജ്ജ് മാത്തന്റെ മലയാഴ്മയുടെ വ്യാകരണം (1863) ഗ്രന്ഥസംവിധാനത്തിന്റെ കാര്യത്തിൽ ചെന്തമിഴ് വ്യാകരണഗ്രന്ഥങ്ങളെയാണ് പ്രായേണ പിന്തുടർന്നിരിക്കുന്നത്. സ്വരങ്ങളെ ക്രമീകരിച്ചെഴുതുന്ന വേളയിൽ അദ്ദേഹത്തിലും പാശ്ചാത്യസ്വാധീനം വ്യക്തമാകുന്നുണ്ട്. പിൻമുൻ ക്രമത്തിൽ അ എ ഇ ഉ ഒ എന്നാണ് അദ്ദേഹത്തിന്റെ സ്വരക്രമം. എടുത്തുപറയേണ്ട മറ്റൊരു സവിശേഷത സാങ്കേതിക സംജ്ഞാരൂപീകരണമാണ്. ആശയാവസ്ഥ (Imperative mood) നിരാധാരനില (Aabsolute state) പരാധാരനില (Dependent state) എന്നീ സംജ്ഞകൾ അവയുടെ സാമാന്യ സ്വഭാവം മനസ്സിലാക്കാൻ ഉപകരിക്കും.

കലാശാലകളിൽ പഠിപ്പിക്കുന്നതിന് ഒരു വ്യാകരണഗ്രന്ഥമുണ്ടാക്കുക എന്ന ആശയമായിരുന്നു രാജരാജവർമക്ക് കേരളപാണിനീയരചനയ്ക്കു പിന്നിൽ ഉണ്ടായിരുന്നത്. വ്യാകരണനിർമ്മിതിയുടെ കാര്യത്തിൽ രാജരാജവർമയ്ക്കുണ്ടായിരുന്ന മൂല്യബോധം വിഭക്തചർച്ചക്കിടയിലെ ഒരു പരാമർശത്തിൽ വ്യക്തമാകുന്നുണ്ട്. 'ഇങ്ങനെ സംസ്കൃതത്തിന്റെ വാലിൽ തൂങ്ങിയിട്ട് എന്തു സാമ്രാജ്യമാണ് മലയാളത്തിന് കിട്ടാനുളളത്' (കേരള പാണിനീയം:169) എങ്കിലും സന്ധിപ്രചരണത്തിൽ വിനാമക്രിയ അവതരിപ്പിക്കുമ്പോൾ സംസ്കൃത വൈയാകരണൻമാരുടെ ധ്വനിമൂല്യകല്പന പിന്തുടരുകയാണ് അദ്ദേഹം ചെയ്യുന്നത്. അതുപോലെ വാക്യവിചാരം ചർച്ച ചെയ്യുന്ന ആകാംക്ഷാധികാരം താരതമ്യേന ശുഷ്കമായതും സംസ്കൃതവ്യാകരണപദ്ധതി പിന്തുടർന്നതുകൊണ്ടുതന്നെയാണ്. അതായത് കേരളപാണിനീയത്തിന്റെ രചനാഹേതുവും അതിന്റെ രീതിശാസ്ത്രവും കൊളോണിയൻ ഉല്പന്നങ്ങളാണെങ്കിലും സംസ്കൃതത്തോടുളള, സംസ്കൃതവ്യാകരണ പദ്ധതികളോടുളള വിധേയത്വം രാജരാജവർമ്മയിൽ നിറഞ്ഞുനിന്നിരുന്നു. ഗ്രന്ഥനാമം തന്നെ അക്കാര്യം വ്യക്തമാക്കുന്നു.

സംസ്കൃതവ്യാകരണം ഇന്ത്യയിലെ ബഹുവിധമായ മറ്റു ഭാഷകളുടെ വ്യാകരണനിർമിതിയിൽ രചനാപരമായ സ്വാധീനം ചെലുത്തുകയും തദ്വാര ഒരു സാർവഭാരതീയവ്യാകരണപ്രസ്ഥാനത്തിന് (Pan-Indian School of Grammar) കളമൊരുക്കുകയും ചെയ്തു. ഇന്നു ഭാഷാപഠനവും വ്യാകരണവും അതിന്റെ പരമ്പരാഗത രീതി കുറച്ചൊക്കെ കൈവെടുഞ്ഞു. സമന്വയത്തിലൂടെ പുതിയൊരു പാതവെട്ടാൻ ശ്രമിക്കുന്ന കാഴ്ചയാണ് കാണാൻ സാധിക്കുന്നത്.

കുറിപ്പുകൾ

1. 'We must at present do our best to form a class who may be interpreters between us and the millions whom. we govern a class of persons indians in blood and colour, but English in the taste, in opinions in morals and in intellect' (Selections from Educational Records. Part 1 Calcutta 1920:16)

2. If the schools become American and the teachers and students were guided by American spirit, then the island would be essentially American in sympathies, openions and attitudes towards government'. ".....to educate the Filipinos and uplift and civilize and Christnise them to fit the people for the duties of citizenship....."Cited in Braj B. Kaachru-The ALchamy of English. The routledge Language and Cultural Theory Reader, Routledge, London.2000)

5. ദ്രാവിഡഭാഷകൻ.ആന്ദ്രോനോവ്, കേരളഭാഷ ഇൻസ്റ്റിറ്റ്യൂട്ട് തിരുവനന്തപുരം.

6. പി.എഫ്.ജോസഫ്, മലയാളത്തിലെ പരകീയപദങ്ങൾ, കേരള ഭാഷ ഇൻസ്റ്റിറ്റ്യൂട്ട് തിരുവനന്തപുരം

7. Nida, E.A, 1946 Morphology, Ann Arbor: The University of Michigan Press.

സഹായഗ്രന്ഥങ്ങൾ

1. ഗിരീഷ്. പി.എം.2001, അധികാരവും ഭാഷയും, പാപ്പിയോൺ കോഴിക്കോട്.

2. രാമകൃഷ്ണൻ ഇ.വി. 2001, ദേശീയതകളും സാഹിത്യവും, ഡി.സി.ബുക്സ്, കോട്ടയം

3. Jacques Maurais and Michel A, Morris. Ed 2003 Languages in a Globlising World, Cambridge University Press, London.

4. Lucy Burke, Tony Crowley and Alan Girvin. 2000. The Routledge Language and Cultural Theory Reader, Routledge, London.

5. UNESCO., WOrld communication and information Report 2000.

Reports on World's Languages 2001.

സി.വി.സുധീർ
മലയാളവിഭാഗം

ചിലന്തിവല

ആയിരത്തിതൊള്ളായിരത്തി തൊണ്ണൂറ്റി രണ്ടിലാണെന്നാണ് എന്റെ ഓർമ്മ. ഞാനന്ന് വിയ്യൂർ സെൻട്രൽ ജയിലിലെ ചാപ്ലിനായും ജോലി നോക്കിയിരുന്നു. പൊട്ടിപൊളിഞ്ഞ് വളരെ ശോചനീയാവസ്ഥയിലുള്ള ഒരു ഹോളായിരുന്നു ജയിൽ മതിൽക്കെട്ടിനകത്തെ പ്രാർത്ഥനാലയം. അമ്പലമായും. പള്ളിയായും, മോസ്കായും ഒക്കെ ഉപയോഗിച്ചിരുന്നത് ഈ ഹാളിന്റെ തട്ടികൊണ്ടു തിരിച്ച വിവിധ ഭാഗങ്ങളാണ്. ക്രിസ്ത്യൻ ആരാധനാശുശ്രൂഷമാത്രമെ അന്ന് കൃത്യമായി അവിടെ നടന്നിരുന്നുള്ളു. പ്രാർത്ഥനാലയത്തിന്റെ ഈ ശോച്യാവസ്ഥ നേരിൽകണ്ട് മനസ്സിലാക്കിയ അഭിവന്ദ്യ ഒണ്ടൂക്കുളം തിരുമേനി വ്യത്യസ്ഥ മതവിഭാഗങ്ങളിൽപ്പെട്ടവർക്ക് ആരാധന നടത്താൻ അടുത്തടുത്ത് മൂന്ന് ചെറിയ പ്രാർത്ഥനാലയങ്ങൾ പണിയാൻ പണം സംഭാവന ചെയ്തു. പണിയ്ക്ക് ആവശ്യമായ അനുവാദം സർക്കാരിൽ നിന്നും കിട്ടുകയും ചെയ്തു. ആരാധനാശുശ്രൂഷകൾക്കുവേണ്ടി പതിവായന്ന് ജയിലിൽ പോയിരുന്ന ഏക വ്യക്തി ഞാനായിരുന്നതു കൊണ്ടായിരിക്കണം ഈ പ്രാർത്ഥനാലയങ്ങളുടെ പണിയുടെ മേൽനോട്ടം വഹിക്കാൻ നിയോഗിക്കപ്പെട്ടത്. അതുകൊണ്ട് കുറച്ചുനാൾ പകൽസമയം മുഴുവൻ ജയിൽ മതിൽക്കെട്ടിനകത്ത് ചിലവഴിക്കേണ്ടിവന്നു. സ്വാഭാവികമായും അതിനകത്തെ ചെയ്തികൾ നിരീക്ഷിക്കാൻ എനിക്ക് അവസരം കിട്ടി. ദുഃഖകരമായ പല സംഭവങ്ങൾ അന്ന് നേരിൽ കാണാനും കഴിഞ്ഞു. ആ അനുഭവങ്ങളുടെ ഓർമ്മ ഇന്നും എന്റെ മനസ്സിനെ അസ്വസ്ഥമാക്കുന്നു.

ഒരു ദിവസം, സമയം ഉച്ചകഴിഞ്ഞു കാണും. ജയിലിലെ അടഞ്ഞുകിടക്കുന്ന വലിയ ഇരുമ്പു വാതിലിന്റെ നടുവിലുള്ള കൊട്ടു വാതിലിലൂടെ നല്ല പോലെ കുനിഞ്ഞ് ഞാൻ പുറത്തേക്ക് കടന്നു. പുറത്ത് കടന്ന് തലയുയർത്തി നോക്കിയപ്പോൾ കണ്ടത് എഴുപത്തിയഞ്ച് വയസ്സെങ്കിലും തോന്നിക്കുന്ന ക്ഷീണിച്ചവശനായ ഓരാളെ അയാളുടെ കൈത്തണ്ടയിൽ താങ്ങിപ്പിടിച്ച് ചെറുപ്പക്കാരായ രണ്ട് പോലീസുകാരൻ ജയിലിനകത്തേക്ക് കൊണ്ടുവരുന്നതാണ്. വെളുത്ത് മെലിഞ്ഞ് ആറടിയെങ്കിലും ഉയരമുള്ള വളഞ്ഞ ശരീരം. നെറ്റിയിലെ ചന്ദനക്കുറി പകുതി മാഞ്ഞിരിക്കുന്നു. ജീവനുള്ള ക്രൂശിതരൂപത്തിന്റേതുപോലെ വിളറിയ മുഖം, പോലീസുകാരുടെ സഹായത്തോടെ ജയിൽ വാതിലിനടുത്തേക്ക് അയാൾ വേച്ച് വേച്ച് നടന്നടുക്കുകയാണ്. ഈ കാഴ്ച അക്ഷരാർത്ഥത്തിൽ എന്നെ തളർത്തിക്കളഞ്ഞു. ആ വലിയ ഇരുമ്പുവാതിലിനു മുന്നിൽ ഒരു നിമിഷം ഞാൻ തരിച്ചു നിന്നു. മനഃസാന്നിദ്ധ്യം തിരിച്ചുകിട്ടിയപ്പോൾ ആരോടെന്നില്ലാതെ ഞാൻ ചോദിച്ചു, "എന്തിനാണീ മഹാപാപം"? പാലിൽ വെള്ളം ചേർത്ത് വിറ്റ കേസാ, ഭക്ഷണസാധനങ്ങളിൽ മായം ചേർത്ത് വിൽക്കുന്നത് ജാമ്യമില്ലാത്ത കുറ്റമാ, സബ്ബ് ജയിലിലാ ഇടേണ്ടത്. അവിടെ ആശുപത്രി സൗകര്യമില്ല. അവിടെക്കിടന്നു തട്ടിപ്പോയാൽ ഞങ്ങളുടെ കയ്യിൽ പെടും, പോലീസ് മർദ്ദനംകൊണ്ടാണ് മരിച്ചതെന്ന് പറഞ്ഞ് നാട്ടുകാർ ബഹളമുണ്ടാക്കും. അതൊഴിവാക്കാനാണ് ഇവിടേക്ക് കൊണ്ടുവന്നത്. ഇതിനകത്താണെങ്കിൽ പേരിനെങ്കിലും ഒരു ആശുപത്രിയുണ്ടല്ലോ? വല്ലപ്പോഴും വരുന്ന ഒരു ഡോക്ടറും....'' പോലീസുകാരിൽ ഒരാൾ വളരെ ലാഘവത്തോടെ പറഞ്ഞു. നീതി പുലരുന്ന രാമരാജ്യം അവിടെ ഒരു കയ്യിൽ തുലാസും മറുകയ്യിൽ ശിക്ഷാദണ്ഡുമായി കണ്ണുംകെട്ടി നിൽക്കുന്ന നീതി ദേവത! ഞാൻ എന്നോടു തന്നെ മന്ത്രിച്ചു. "ആണോ" എനിക്ക് വീണ്ടുവിചാരമുണ്ടായി! സ്വഭാവികമായും ഞാൻ അന്വേഷിച്ചു. നാട്ടിലെ നീതിന്യായവ്യവസ്ഥിതിയെക്കുറിച്ച്, പാലിൽ വെള്ളം മായമായി ചേർത്ത ആ കേസിനെകുറിച്ച്, ആ കേസിൽ അറസ്റ്റിലായ 75 കാരനെകുറിച്ച്. ആകണ്ടെത്തൽ നിങ്ങളുടെ അറിവിനും പരിചിന്തനത്തിനും വേണ്ടി ഞാനിവിടെ കുറിക്കുകയാണ്. നിങ്ങൾ തന്നെ വിധിയെഴുതുക.

പണ്ട്, സാമാന്യം സുഖമായി ജീവിച്ചിരുന്ന നല്ല തറവാട്ടിൽപ്പെട്ട വ്യക്തിയാണ് ആ വയസ്സൻ, ഇപ്പോൾ വലിയ പ്രാരാബ്ധക്കാരനും,ഞെങ്ങിഞെരുങ്ങി ജീവിക്കുന്ന ഒരു കുടുംബത്തിന്റെ ഏക ആശ്രയം. രണ്ട് ആൺമക്കളുണ്ടായിരുന്നു, അതിലൊരാൾ മരിച്ചു. അയാളുടെ ഭാര്യയും കെട്ടുപ്രായമായി നിൽക്കുന്ന മകളും കാരണവരെ ആശ്രയിച്ചു ജീവിക്കുന്നു. മറ്റെ മകൻ നാട്ടിലില്ല, എവിടെയാണെന്നറിയില്ല വീടുമായി ബന്ധമൊന്നും പുലർത്തുന്നുമില്ല. കാരണവരുടെ രോഗിയായ ഭാര്യയും വീട്ടിലുണ്ട്. തൃശ്ശൂർ പട്ടണത്തിനപുറത്ത് നാട്ടിൻ പുറത്ത് 20 സെന്റ് പുരയിടമുണ്ട്. അതിലെ കാറ്റുവീഴ്ചബാധിച്ച 22 തെങ്ങിൽ നിന്നുമുള്ള തേങ്ങയും ഒരു ചാവാലിപശുവിൽ നിന്നു കിട്ടുന്ന 1 $\frac{1}{2}$ ലിറ്റർ പാലുമാണ് കാരണവരുടെ കുടുംബത്തിനു കിട്ടുന്ന വരുമാനം. ഈ പാലിൽ പകുതി ഒരു അയൽപ്പക്കക്കാരന് വിറ്റാണ് ഭാര്യയ്ക്ക് മരുന്നു വാങ്ങാൻ വേണ്ടി വരുന്ന പണത്തിന്റെ ഒരു ഭാഗം അയാൾ ഉണ്ടാക്കിയിരുന്നത്. ജീവിതമങ്ങനെ ഇഴഞ്ഞു നീങ്ങുമ്പോഴ്ഴാണ് ഹരിശ്ചന്ദ്രൻമാരുടെ ഈ രാമരാജ്യത്തിലെ നിയമം അയാളെ പിടികൂടുന്നതും കൽതുറുങ്കിലടക്കുന്നതും! ഒരു ദിവസം അയൽപ്പക്കത്തെ വീട്ടിലേക്ക് പാലുംകൊണ്ട് പോയിരുന്ന പയ്യനെ ഫുഡ് ഇൻസ്പെക്ടർമാർ തടഞ്ഞുനിർത്തി അവനിൽ നിന്നും

പാലിന്റെ സാമ്പിൾ കൊണ്ടുപോവുകയാണുണ്ടായത്. അതിനെ തുടർന്നാണ് വാറണ്ടുമായി പോലീസ് എത്തിയതും കാരണവരെ അറസ്റ്റ് ചെയ്ത്കൊണ്ടുപോയതും. ജാമ്യമില്ലാത്ത കേസ് ഒതുക്കിതീർക്കാൻ പണമോ ഉന്നതൻമാരുടെ സ്വാധീനശക്തിയോ ആ പാവപ്പെട്ട മനുഷ്യന് പിൻബലമായി ഉണ്ടായിരുന്നില്ല. അതുകൊണ്ട് നിസ്സഹായനായി ഇന്ത്യൻ ശിക്ഷാനിയമത്തിനയൾ അടിപ്പെടേണ്ടി വന്നു.

പാലുൾപ്പെടെയുള്ള ഭക്ഷണസാധനങ്ങളിൽ മായം ചേർക്കുന്നത് തെറ്റാണ്, തെറ്റു ചെയ്യുന്നവർ ശിക്ഷിക്കപ്പെടുകയും വേണം. എന്നാൽ ശിക്ഷിക്കുന്നതിനു മുമ്പ് നീതി ദേവത ഒരു കണ്ണൊന്നുതുറന്ന് കുറ്റം ചെയ്തേണ്ടിവരുന്ന ചുറ്റുപാടൊന്ന് നോക്കി കാണുന്നതു നല്ലതായിരിക്കുമെന്ന് തോന്നുന്നു.

നീതിദേവതയെ വധിക്കുന്നതിൽ അർത്ഥമില്ല, കാരണം നമ്മുടേത് നീതിന്യായ സംവിധാനമല്ല നിയമ സംവിധാനമാണ്. നമ്മുടെ കോടതികൾ നീതിന്യായ കോടതികളല്ല നിയമ കോടതികളാണ്.

നിയമലംഘനം തിരിച്ചറിഞ്ഞാൽ ശിക്ഷിക്കുകയല്ലാതെ മറ്റൊന്നും ചെയ്യാൻ നമ്മുടെ ന്യായാധിപർക്ക് കഴിയില്ല. നിയമം ന്യായാനുസരമാണോ എന്ന് അന്വേഷിക്കാനുള്ള അവകാശവും ന്യായാപകർക്ക് ഇല്ല എന്നതാണ് സത്യം. ആത്യന്തികവിശകലനത്തിൽ നിയമമാണ് ശരിയും തെറ്റും, നീതിയും അനീതിയും നിശ്ചയിക്കുന്നത്. നിയമത്തിന്റെ ന്യായനന്യായങ്ങൾ നിശ്ചയിക്കാൻ ആർക്കെങ്കിലും അവകാശമുണ്ടെങ്കിൽ അത് കയ്യൂക്കുള്ളവർക്ക് മാത്രമാണ്. അവരാണല്ലോ അത് മെനഞ്ഞെടുക്കുന്നതും.

നിയമം ഒരു ചിലന്തിവലപോലെയാണ്. ശക്തന്മാർ നിഷ്പ്രയാസം തകർത്തുകളയുകയും ദുർബലരെ പീഡിപ്പിച്ച് കൊന്നുകളയുകയും ചെയ്യുന്ന ചിലന്തിവല! പാലിൽ വെള്ളം ചേർത്ത് വിറ്റ കാരണവരുടെ സംഭവകഥ പഠിപ്പിച്ച പാഠം അതാണ്.

കാരണവർ പാലിൽ വെള്ളം ചേർത്ത് വിറ്റ കേസിൽ പിടിക്കപ്പെട്ടകാലത്ത് ഭക്ഷണത്തിൽ മായം ചേർക്കൽ ഒരു ഒറ്റപ്പെട്ട സംഭവമൊന്നും ആയിരുന്നില്ല. "ഒട്ടകത്തെ വിഴുങ്ങുകയും കൊതുകുകളെ അരിച്ചുമാറ്റുകയും ചെയ്യുന്ന ഹിപ്പോക്രാറ്റിക്കൽ" സമൂഹത്തിന്റെ ഒരു ക്രൂരവിനോദം മാത്രമായിരുന്നു കാരണവരുടെ അറസ്റ്റും ജയിൽ ശിക്ഷയും. ആ ദാരുണ സംഭവം നടക്കുന്നകാലത്ത് സർക്കാരിന്റെ നിയന്ത്രണത്തിലുള്ള വലിയൊരു പാൽ കമ്പനിവിതരണം ചെയ്തിരുന്ന പാലിൽ-അത് എഴുപ്പം കേടുവരാതിരിക്കാനായിരിക്കണം-ചെറിയതോതിൽ ചേർത്തിരുന്നത് "ഫോർമാൽഡിഹൈഡ്" എന്ന വിഷദ്രാവകമാണെന്നു നേരിട്ടുള്ള അന്വേഷണത്തിൽ മനസ്സിലാക്കിയിട്ടുണ്ട് മെഡിക്കൽ കോളേജുകളിൽ ശവശരീരങ്ങൾ കേടുവരാതിരിക്കാൻ അവ സൂക്ഷിക്കുന്ന ടാങ്കുകളിൽ നിറയ്ക്കുന്ന വിഷദ്രാവകമാണ് ഫോർമാൽ ഡിഹൈഡ് എന്നോർക്കണം. പാലിൽ വെള്ളം മായമായി ചേർത്ത 75കാരൻ ശിക്ഷാർഹനാണെന്നു കണ്ടെത്തിയ ഇൻസ്പെക്ടർമാർ സർക്കാർ വിതരണം ചെയ്യുന്ന പാലിലെ ഫോർമാൽ ഡിഹൈഡ് കണ്ടെത്താത്തതും ബന്ധപ്പെട്ടവരെ ശിക്ഷിക്കാത്തതും വിചിത്രമായി തോന്നാം. വലിയ തോതിൽ സംഭരിക്കുന്ന പാൽ പെട്ടെന്ന് കേടുവരാതിരിക്കാൻ ഫോർമാൽ ഡിഹൈഡിനെ ഉപദ്രവം കുറഞ്ഞ ഹൈഡ്രജൻ പെറോക്സൈഡ് ചേർത്തുകൂടെ എന്നു ചോദിക്കാനുള്ള ധൈര്യം പോലും നിയമം പാലിക്കുന്ന ഫുഡ് ഇൻസ്പെക്ടർമാർക്ക് അന്നുണ്ടായിരുന്നില്ല. അതുപോലെ തന്നെ പാലിൽ നിന്നു കൊഴുപ്പുമാറ്റി പൊതുജനങ്ങൾക്കു വിതരണം ചെയ്യുന്ന സർക്കാർ ഏജൻസി ചെയ്യുന്നതും നല്ല പാൽ വാങ്ങിക്കുടിക്കാനുള്ള ഉപഭോക്താവിന്റെ അവകാശ ലംഘനമാണെന്ന് നിയമപാലകർ കണ്ടെത്താ ത്തതും വിചിത്രമായി തോന്നുന്നു.

മേൽപറഞ്ഞതരം ന്യൂനതകൾ ഉള്ളതു കൊണ്ടും ഫോർമാൽ ഡിഹൈഡ് പോലുള്ള വിഷവസ്തുക്കൾ ചേർത്തിട്ടുള്ളതുകൊണ്ടുമൊക്കെ തന്നെയാണ് കാരണവരുടെ വീട്ടിൽ നിന്നും അയൽക്കാർ പാലുവാങ്ങിയിരുന്നതെന്നതാണ് വിചിത്രസത്യം. "ശക്തന്മാർ നിഷ്പ്രയാസം തകർത്ത് കളയുകയും ദുർബ്ബലരെ വലയ്ക്കുകയും ചെയ്യുന്ന ഒരു ചിലന്തി വലയാണ് നിയമം" എന്നതാണ് ഈ സംഭവകഥ നമ്മെ പഠിപ്പിക്കുന്ന ഗുണപാഠം.

നിയമത്തിനുമുന്നിൽ എല്ലാവരും സമന്മാരാണെന്നും പറയുന്നത് മിഥ്യയാണ് എന്നതാണ് മറ്റൊരു ഗുണപാഠം.

ഫാ. ഐസക് ആലപ്പാട്ട്
സി.എം.ഐ

ഒരു മുത്തശ്ശിക്കഥ

പണ്ട് പണ്ട് ഇവിടെയൊരു ഗ്രാമമുണ്ടായിരുന്നു
അവിടെ ഒരു മരമുണ്ടായിരുന്നു
സ്നേഹതണൽ വിരിയിച്ച നന്മയുടെ മരം
അഹിംസയുടെ മണ്ണിൽ വേരുന്നി
കാലങ്ങളുടെ മഴയും വെയിലുമേറ്റ്
കരമകാണടങ്ങളിലൂടെ പടർന്നു പന്തലിച്ച
ആ വട വൃക്ഷത്തിന് ഏതു
കൊടുംകാറ്റിലുമിളകാതെ നില്ക്കാനുള്ള
കരുത്തുണ്ടായിരുന്നു
മണ്ണിന്റെ ഉടമസ്ഥതയെ ചോദ്യം ചെയ്തു
അതിന്റെ വേരുകൾ ഭൂമിയിലാഴ്ന്നിറങ്ങി
അനന്തമായ ആകാശത്തേയ്ക്ക്
വിശാലമായ തന്റെ ശാഖകളുയർത്തി
ധീരതയോടെ തലയുയർത്തി നിന്നു
ഒരു യോഗീവരനെപ്പോലെ
പണ്ട് ആ ഇന്ത്യ മുഴുവൻ
ഹിന്ദുവെന്നോ മുസ്ലിമെന്നോ ഭേദമില്ലാതെ
അതിന്റെ ചുവട്ടില്
ഒരിത്തിരി തണലിനു വേണ്ടി
തടിച്ചുകൂടി നിന്നിരുന്നു.
കാഠിന്യത്തിന്റെ വെയില്മാഞ്ഞുപോകും തോറും
മരച്ചുവടും അന്യമായികൊണ്ടിരുന്നു
ഒരു നാൾ കൂപ്പിയകൈമൊട്ടുകളിലൊളിപ്പിച്ച
ആയുധവുമായി ഒരു മരം വെട്ടുകാരനും വന്നു
വെട്ടിയവനെ ശപിക്കാതെ മരം വീണു
കാലങ്ങൾക്കു ശേഷം ഇന്നും ആ പഴയ
മരക്കുറ്റി മാത്രം അവിടെ ശേഷിക്കുന്നു.

നിഷ പി.കെ.
ഒന്നാം വർഷ ഫിസിക്സ്

മൃതഗാത്ര

മുണ്ഡനം ചെയ്ത ശിരസ്സുണ്ട്,
കൺകളിൽ അശ്രുവിലുപ്പിൻ കനപ്പുണ്ട്
തെളിനീർകൊതിച്ചു വരണ്ടു മരവിച്ചൊ-
രധരങ്ങളുണ്ടതിന്നോരത്തൊ-
രുയിരറ്റ ജിഹ്വയുണ്ട്
നഗ്നമാം മാറിടം പരതി, വിതുമ്പി,
മുലക്കണ്ണുനുണയുന്ന പിഞ്ചുകിടാവുണ്ട്,
മേലെ, വിരഹതാപത്തിനാൽ കത്തുന്ന സൂര്യനുണ്ട്.
ധരണിയാണവൾ, ശതകോടി മർത്ത്യർക്കു ജനനി-
യവൾ തന്റെ വനജന്ധാസാന്ദ്രതയിൽ
മതിമറന്നുന്മത്തരായവർ ബാല്യം കഴിച്ചതും
അബ്ദശതങ്ങളീയൂഴിയിൽ പഥികരായ്
മർത്ത്യതതേടിയലഞ്ഞതും
പുത്രലാഭത്തിൽ അവൾ വാർത്തൊഴുക്കിയ
ഹൃദ്യാശ്രുധാരകൾ നദികളായ് പ്രവഹി-
ച്ചവയുടെ തടങ്ങളിൽ സംസ്കൃതി പടുത്തതും
കാമ്പിൽ കിനിഞ്ഞ സുധാരസമാം ജലം
ദുഗ്ധമായ് ഏകിയവൾ പോറ്റിയ കിടാങ്ങൾ
അതിൽ വെറിപൂണ്ടു മാതിന്റെ മാറിടം
ഭേദിച്ചതിൽ കിനിയുമുതിരം നുകർന്നു.
അവർ പണ്ടു ക്രീഡിച്ചു മേഞ്ഞ
നിബിഢ വനജന്ധയെയും കണ്ടിച്ചു താണ്ഡവം ചെയ്തു
മുണ്ഡിതശിരസ്കയായ്,
കൺകളിൽ ഉപ്പിൻ കനപ്പുമായ്
ഉയിരറ്റമേനിയുമായ് ഇന്നവൾ കിടക്കെ,
അഗ്രജർ ആർത്തിയാലൂറ്റിയെടുത്തൊരാ
നിർമല ദുഗ്ധം കുടിപ്പാൻ-
ഇനിയും ജനനിയെ പുൽകിയുറങ്ങുവാൻ,
ഭാവി തൻ വിത്തുകൾ പാകാൻ
കൊതിയോടെയുറ്റുനോക്കി,പ്പരതി,
മുലയുണ്ണുവാൻ വെമ്പി പൈതൽ.
പെറ്റിട്ട ജനനിയുടെ മൃതഗാത്രമേറി,
മുലയീമ്പിക്കുടിക്കുന്നു മർത്ത്യൻ.
ഇന്നവൾക്കേകാൻ ഉയിരില്ല;
നീരില്ല, കാമ്പിൽ കിനിയും സുധയുമില്ല.
ആകെയീമേനിയു,ണ്ടാണ്ടുകളായ്
വലംവയ്ക്കുമാദിത്യന്റെ ചൂടുമുണ്ട്...
ആകെയീ മേനിയുണ്ടാണ്ടുകളായ്
വലം വയ്ക്കുമാദിത്യന്റെ ചൂടുമുണ്ട്...

അനഘ ജയൻ ഇ.
രണ്ടാംവർഷ ഫങ്ഷണൽ ഇംഗ്ലീഷ്



മലാല ഒരു മാലാഖ

പാകിസ്ഥാനിലെ ആൽഫ്രാങ്ക്-മലാല യൂസഫ്സായ് അള്ളാഹുവിന്റെ പടയാളികൾ എന്ന സ്വയം വിശേഷിപ്പിക്കുന്ന താലിബാനെതിരെ പ്രചാരണം നടത്തിയതിന്റെ പേരിൽ ബലിയാടായ 14 വയസ്സുകാരിയായ പാകിസ്താനി പെൺകുട്ടി പെൺകുട്ടികൾക്ക് വിദ്യാഭ്യാസത്തിന് അവകാശമില്ല എന്നാൾ അവൾക്ക് നേരം നിറയൊഴിക്കുമ്പോൾ താലിബാൻ ഭീകരൻ നൽകിയ സന്ദേശം, "ഇതൊരു പാഠമാണ്", എന്നാണ് താലിബാൻ വക്താവ് പ്രഖ്യാപിച്ചത്. അതെ, ഇതൊരു പാഠം തന്നെയായിരുന്നു. പാകിസ്ഥാനിലെ പെൺകുട്ടികൾക്കു മാത്രമല്ല, ലോകമെമ്പാടുമുള്ള എല്ലാ പെൺകുട്ടികൾക്കും. 'ഞങ്ങൾ മലാല' യാണെന്ന് ഉറക്കെ പ്രഖ്യാപിച്ചുകൊണ്ട് മലാലയുടെ പ്രചോദനത്തിൽ കൂടുതൽ പെൺകുട്ടികൾ പാകിസ്ഥാനിൽ സ്കൂളിലെത്തി വിദ്യാഭ്യാസം നിഷേധിക്കപ്പെടുന്ന പെൺകുട്ടികളുടെ ആത്മാഭിമാന ത്തിന്റെ പരായി മലാല.

ജൂലൈ 13 'മലാല'ദിനത്തിൽ കൂടുതൽ ശക്തമായി മലാല തന്റെ പ്രവർത്തനങ്ങളിലേക്ക് തിരിച്ചു വന്നു. "വെടിയുണ്ടകൾക്ക് എന്നെ നിശ്ശബ്ദയാക്കാനാ വില്ല" എന്നവൾ ഉറക്കെ പ്രഖ്യാപിച്ചു. അന്ന് അവളുടെ മിഴികളിൽ ഭയമായിരുന്നില്ല. മറിച്ച് പ്രായത്തെ വെല്ലുന്ന പക്വതയും ദൃഢവിശ്വാസവുമായിരുന്നു. "ലോകത്തെ മാറ്റിമറിക്കാൻ വിദ്യാർത്ഥിക്കും, അധ്യാപകനും, പേനയ്ക്കും,

പുസ്തകത്തിനും," കഴിയുമെന്ന് അവൾ ആഹ്വാനം ചെയ്തു. സ്വാതിലെ ഈ പെൺകുട്ടി പാകിസ്ഥാനെ പുനർ നിർവചിക്കുന്നത് ലോകം നോക്കി കണ്ടു.

പേനയ്ക്ക് വാളിനേക്കാൾ മൂർച്ചയു ണ്ടെന്ന് തിരിച്ചറിഞ്ഞ മലാല താലിബാൻ ഭീകരർക്കതിരെ തന്റെ പ്രവർത്തനങ്ങൾ ആരംഭിക്കുന്നത് 11 വയസ്സിലാണ്. താലിബാൻ ഭരണത്തിനു കീഴിലെ തങ്ങളുടെ ജീവിത ത്തെകുറിച്ചും, നിറം മങ്ങിയ യൂണിഫോമു കളെകുറിച്ചും അവൾ ബി.ബി.സിക്കുവേണ്ടി ബ്ലോഗ് എഴുതി. സുരക്ഷയുടെ പേരിൽ 'ഗുൽമകായ്' എന്ന തൂലികാനാമത്തിലാണ് അവൾ തന്റെ എഴുത്ത് ആരംഭിച്ചത്. മലാലയുടെ വ്യക്തിത്വം രൂപപ്പെടുന്നതിൽ പ്രധാന പങ്ക് വഹിച്ചത് അവളുടെ പിതാവായ സിയാവുദ്ദീൻ യൂസഫ് സായിയുടെ വ്യക്തിത്വമാണ്. വിദ്യാഭ്യാസം തന്റെ മൗലീകാവവകാശമാണ്. അത് നിഷേധിക്കാൻ താലിബാന് എന്ത് അധികാരമാണുള്ളത് എന്ന് അവൾ ചോദിക്കുന്നു. സ്വാത് താഴ്വരയിലെ യുദ്ധത്തിന്റെ നാളുകളെ കുറിച്ചും, താനടങ്ങുന്ന വിദ്യാർത്ഥി സമൂഹത്തിന്റെ മാനസികാവസ്ഥ യെക്കുറിച്ചും, വിദ്യാഭ്യാസ സ്ഥാപനങ്ങൾക്കു നേരെയുണ്ടായ ആക്രമണങ്ങളെ കുറിച്ചും അവൾ തുറന്നെഴുതി. ഒടുവിൽ തന്റെ ഗ്രാമം വിട്ട് പോകാൻ നിർബന്ധിതയായ അവൾ ബ്ലോഗിൽ ഇങ്ങനെ എഴുതി- ജനങ്ങൾ സ്വന്തം ഇഷ്ടപ്രകാരം അവരുടെ ജന്മദേശം വിട്ടു പോവുകയില്ല. ദാരിദ്ര്യവും, പ്രണയവും മാത്രമെ ഒരാളെ അങ്ങനെ ചെയ്യാൻ നിർബന്ധിതനാക്കൂ.

മലാല എന്ന പെൺകുട്ടിയുടെ പ്രവർത്തന ങ്ങൾക്ക് ഇന്നത്തെ പരിഷ്കൃത കേരളസമൂഹ ത്തിലും ഏറെ പ്രാധാന്യമുണ്ട്. വിദ്യാഭ്യാസം കൊണ്ടും ആവിഷ്കാര സ്വാതന്ത്ര്യം കൊണ്ടും സമ്പന്നമാണെ ങ്കിലും നമ്മുടെ സമൂഗം ഇന്ന് സാംസ്കാരികമായ മൂല്യച്യുതി നേരിടുന്നു. അടിച്ചമർത്തപ്പെടുന്ന ബാല്യവും തച്ചുടയ്ക്കപ്പെടുന്ന സ്ത്രീ ജീവിതവും മലയാളിയുടെ മുഖം മൂടിയെ വലിച്ചുകീറുന്നു. മാതാ, പിതാ, ഗുരു ഏതൊരു പീഡനകഥയ്ക്കു പിന്നിലും ഇവർ ആരാച്ചാ മാരാകുന്നു. നിറപകിട്ടാർന്ന പുസ്തകങ്ങളിലെ അക്ഷരമുത്തുകളിൽ വളരേണ കുരുന്നു ബാല്യങ്ങൾ ഇന്ന് തെരുവിൽ വിൽക്കപ്പെടുന്നു എണ്ണിപഠിക്കേണ്ട കുഞ്ഞുകൈ വിരലുകൾ ചുട്ടുപഴുത്ത മണലിൽ ഇരയാവുന്നു. കുഞ്ഞുശരീരങ്ങൾ മനുഷ്യന്റെ കാമഭ്രാന്തിൽ കെട്ടടങ്ങുന്നു. ഇത് വിദ്യാ സമ്പന്നമായ മലയാളി സമൂഹ ത്തിന്റെ നേർക്കാഴ്ച സ്ത്രീകൾ സദാചാര പോലീസിനും സവി ശേഷ ഡ്രസേസ് കോസിങ്ങിനും വിധേയമാകുന്ന കേരളത്തിലെ സമകാലീന സാഹചര്യത്തിൽ മലാല ഏറെ പ്രാധാന്യം അർഹിക്കുന്നു.

വന്ദന സുരേന്ദ്രൻ
രണ്ടാം വർഷ എക്കണോമിക്സ്

Best compliments from
The
INSIDE OUTSIDE
Home gallery

K.C.Menon Commercial Centre
Tana, Irinjalakuda
Tele/Fax : 0480 - 2820882
mOB : 09446430882
E mail : insideoutside.menon@gmail.com

ആശംസകളോടെ...

KSCB നീതി
മൈക്രോഫിൽട്ടർ ചെയ്ത അഗ്മാർക്ക് വെളിച്ചെണ്ണ

100% Pure

A Quality Product from:
കാറളം സർവ്വീസ് സഹകരണ ബാങ്ക്
കിഴുത്താണി, താണിശ്ശേരി പി.ഒ
ഇരിങ്ങാലക്കുട, തൃശ്ശൂർ
ഫോൺ: 0480 28780254, 2831344
സെക്രട്ടറി വി.എസ്.ആശ
പ്രസിഡണ്ട് കെ.എസ്. ബാബു

നാളികേരം കേരകർഷകരിൽ നിന്ന് നേരിട്ട് സംഭരിച്ച് വെളിച്ചെണ്ണയാക്കുന്ന സഹകരണ സ്ഥാപനം

KSB KALPASREE AGMARK COCONUT OIL

BEST COMPLIMENTS FROM

ഗ്രാമശ്രീ വിളക്കെണ്ണ
ഒരു സഹകരണ ഉൽപ്പന്നം

Manufactured by :
Kallamkunnu Service Co-operative Bank Ltd.No.R.314
H.O.Kallamkunnu,P.O. Nadavaramba,Irinjalakuda, Thrissur, Kerala
Ph : 2834453, 2827947, 2834452 (Factory), Fax : 0480-2827947
www.ksbcoconut.com, email : kscbr314@gmail.com
(Class 1 Bank) Branch : Kolothumpady, Ph : 2821147

A.T. SASI
President

C. K. GANESH
Secretary-In-Charge

www.facebook.com/SmartClicK.IT
Off : 9645 9000 90

Exclusive
Laptop & Tablet
Service Center

Shamlas K S
7736 7000 70

Smart ClicK

Complete IT Solutions
IRINJALAKUDA

Website Designing, Software Development, CCTV, Home & Office Security, Networking

Best compliments from

POLYTEK
makes bag with style

Aikkarakunnu, Nadavarambu P.O.,
Irinjalakuda-680661, Thrissur, Kerala,
E-mail: polytek_aikkarakunnu@yahoo.com

MFRS.OF COLOURS FLEXO PRINTED POLYETHYLENE BAGS AND ALL TYPES OF PACKING MATERIALS


ആദ്യ ചുംബനം പുരുഷൻ കട്ടെടുക്കുന്നു
അവസാനത്തേതിനായി സ്ത്രീ യാചിക്കുന്നു.

ചിലർ പ്രതീക്ഷ വച്ചിരുന്നു അതെ,
അവിടെ നിന്നും തുടങ്ങുകയാണ്.....
പൂർവ്വികർതന്ന ഊർജ്ജത്തിൽനിന്ന്.... ക്ഷീണം ബാധിച്ചിട്ടുണ്ട് പക്ഷേ
തളർന്ന് പിൻമാറാൻ ഞങ്ങൾ തയ്യാറല്ല...
ഭാഗ്യത്തെ പ്രതീക്ഷിക്കാതെയല്ല. ഞങ്ങൾ ഇവിടെ ശബ്ദിച്ചുതീർത്തത്.
ഞങ്ങളുടെ സ്വരം പ്രതിഷേധത്തിന്റേതാണ്,
ആ സ്വരം നിലനിൽക്കുകതന്നെ ചെയ്യും.
ആരൊക്കെ ചെവിമൂടിക്കെട്ടിയാലും കണ്ണുകളടച്ചുകളഞ്ഞാലും
ഞങ്ങൾ പിൻമാറില്ല... കാരണം
വിലയർഹിക്കാത്ത നിയമങ്ങളും നിബന്ധനകളും
വന്നനാൾ മുതൽ ഞങ്ങൾ ചുവപ്പിനെ പ്രണയിച്ചു തുടങ്ങിയിരിക്കുന്നു.
ഇനി നന്ദിമാത്രം ബാക്കി...
ആയിരം നന്ദിയുണ്ട്...
സ്റ്റാഫ് എഡിറ്റർമാർക്ക് യൂണിയൻ അഡ്വൈസർക്ക്, തെക്കനേച്ചനും,
ജോയച്ചനും, എല്ലാ സഖാക്കൾക്കും, യൂണിയൻ അംഗങ്ങൾക്കും ജീവേട്ടനും
അനീഷേട്ടനും വിഷ്ണുവേട്ടനും, തമാമിനും, ആസിഫിനും, അരുണിനും,
അംജതയ്ക്കും, ദീപക്കിനും, നീതുവിനും, ലിബ്സ്, രഞ്ചിത്ത് ജയദേവൻ,
മുദ്രയിൽ ഉറങ്ങാതെ പണിയെടുത്ത ജീവനക്കാരായ സുജീഷിനും
ഷിമിചേച്ചിയ്ക്കും മാഗസിൻ വിജയമാക്കാൻ ആഗ്രഹിച്ച ഈ
കലാലയത്തിലെ എല്ലാ നല്ലമനസ്സിനും.....

എഡിറ്റോറിയൽ ബോർഡ്

Editorial Board



Gokul K.S. Arya P Raj, Vandana Surendran, Vishnu Velayudhan, Vijith.P.B, Sikhil Das, Thamam Mubarish, Asif Iqbal Kakkassery, Aiswarya .T.R., Anand

Speak English the Western way...

British & American English

ഇംഗ്ലീഷിന്റെ സുവർണ്ണ ലോകവുമായി...

ഇരിങ്ങാലക്കുടയിൽ റാണാ ജംഗ്ഷനിൽ

9349031102

Communicative English

Personality Development

English Academy

A/C



- Teachers Training
- Intensive Training
- IELTS
- Gulf Course
- Six Hours Crash Course
- Interview Preparation
- Public Speaking

നിങ്ങളുടെ സൗകര്യാർത്ഥം വ്യത്യസ്ത ബാച്ചുകൾ...

7.30 a.m. | 9.00 a.m. | 10.30 a.m. | 11.30 a.m. | 2.00 p.m. | 4.00 p.m.

ENGLISH FLUENCY TRAINING

B.Ed., TTC, Nursing, Engineering, BBA, MBA, BCA, MCA & Degree കഴിഞ്ഞവർക്ക്

Thomson Chiriyankandath

International Programme Co-ordinator and Trainer

Faculties :

English Academy

Tana Junction, City Tower,

Near Paappoos Opticals, Trinjalakuda



Dixon Doyal

Corporate Trainer